IV. നിയമനിർമ്മാണ കാര്യം.

(1) 2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ.

സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, 2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചു കൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, 2013-ലെ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ 2-ാം വകുപ്പ്, 18-ാം വകുപ്പ്, 80 (എ) വകുപ്പ് എന്നിവ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ. ഇതുസംബന്ധിച്ച് 2013-ലെ കേരള സഹകരണ സംഘം 3-ാം ഭേദഗതി ഓർഡിനൻസ് 2013 നവംബർ 22-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2013

നവംബർ 23–ാം തീയതിയിലെ 3293–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ. ആക്ടിലെ 2–ാം വകുപ്പിൽ ജില്ലാ സഹകരണബാങ്കിന്റെ നിർവ്വചനത്തിൽ 'നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗങ്ങൾ ഉള്ളതുമായ ഒരു കേന്ദ്രസംഘം' എന്ന ഭേദഗതി വരുത്തിയിട്ടുണ്ട്. ഈ ഭേദഗതി മൂലം 'ഒരു ജില്ലാ സഹകരണ ബാങ്കിന് അതിന്റെ പ്രവർത്തന പരിധിയിൽ താമസിക്കുന്ന ഏതൊരു വ്യക്തിഗത നിക്ഷേപകനെയോ ഏതൊരു വായ്പക്കാരനെയോ അതിന്റെ നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗമായി ചേർക്കാവുന്നതാണ്'. ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന ജില്ലാ സഹകരണ ബാങ്ക് 30–06–2013–ൽ 4 ശതമാനവും 31–03–2015–നകം 7 ശതമാനവും മൂലധന പര്യാപ്തത കൈവരിക്കണമെന്ന ഭാരതീയ റിസർവ് ബാങ്കിന്റെ നിർദ്ദേശം നിലവിലുണ്ട്. മൂലധന പര്യാപ്തത കൈവരിക്കാത്തപക്ഷം ബാങ്കുകളുടെ ബാങ്കിംഗ് ലൈസൻസ് നഷ്ടപ്പെടുന്നതാണ്. ഈ സാഹചര്യത്തിൽ വ്യക്തിഗത അംഗങ്ങളിൽനിന്നും പരമാവധി നിക്ഷേപം സ്വരൂപിക്കണമെന്ന ലക്ഷ്യം മുൻനിർത്തിയാണ് മേൽപ്പറഞ്ഞ പ്രകാരം വ്യക്തിഗത നിക്ഷേപകനെയോ വായ്പക്കാരനെയോ ജില്ലാ സഹകരണ ബാങ്കുകളിലെ നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗമായി ചേർക്കുന്നതിന് 2–ാം വകുപ്പിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചിട്ടുള്ളത്. ജില്ലാ സഹകരണ ബാങ്കിൽ നിലവിൽ ആ ജില്ലയിലെ പ്രാഥമിക സഹകരണ സംഘങ്ങൾക്കുമാത്രമെ അംഗത്വം

നൽകാൻ വ്യവസ്ഥയുള്ളൂ. എന്നാൽ സംഘങ്ങൾക്കും വ്യക്തികൾക്കും ജില്ലാ സഹകരണ ബാങ്കുകൾ വായ്പ നൽകുന്നുണ്ട്. ഈ സാഹചര്യത്തിൽ ജില്ലാ സഹകരണ ബാങ്കുകളിൽ ഇടപാടുകൾ നടത്തുന്നവർക്കുകൂടി നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗത്വം നൽകുന്നത് ഉദ്ദേശിച്ചു കൊണ്ടാണ് വകുപ്പ് 18–ൽ ഭേദഗതി വരുത്തുന്നത്. ഇതുവഴി ബാങ്കുകൾക്ക് പരമാവധി മൂലധനം സമാഹരിക്കുന്നതിന് കഴിയുന്നതാണ്. വകുപ്പ് 80 എ–യിൽ സഹകരണ പെൻഷൻ സ്കീം എന്താണെന്നും ആയതിൽ അംഗങ്ങൾ ആരാണെന്നും പ്രതിപാദിച്ചിട്ടുണ്ട്. നിലവിലെ സഹകരണ സംഘ ങ്ങളിലെ ജീവനക്കാരെ മാത്രമാണ് പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തിയിരി ക്കുന്നത്. വകുപ്പ് 80 (എ)–യിൽ ഭേദഗതി വരുത്തിയതിലൂടെ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കൊപ്പം സഹകരണ വകുപ്പിന്റെ നിയന്ത്രണ ത്തിൽ എല്ലാ ബോർഡുകളിലെയും ജീവനക്കാർക്കും സഹകരണ പെൻഷൻ സ്കീമിൽ അംഗമാക്കുന്നതിൽ നിന്നും സ്കീമിന്റെ ആനുകൂല്യം ലഭിക്കുന്നതിനുള്ള അവസരം കൈവരുന്നതാണ്. ജില്ലാ സഹകരണ ബാങ്കുകളുടെ സുസ്ഥിരമായ നിലനിൽപ്പും പുരോഗതിയും ബോർഡുകളിലെ ജീവനക്കാരുടെ ക്ഷേമം ഉറപ്പുവരുത്തുന്ന ഭേദഗതികളാണ് ഈ ബില്ലിൽ നിർദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, 2013–ലെ കേരള സഹകരണസംഘ (മൂന്നാം ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്. ഈ ബിൽ പിൻവലിക്കുന്നതാണ് നല്ലത്. ഇതിലെ ഓർഡിനൻസ് തന്നെ ശരിയല്ല. ഗ്രാമീണ കൃഷിക്കാരെ

ദ്രോഹിക്കാനും അതിൽക്കൂടി വാണിജ്യ ബാങ്കുകളെയും സ്വകാര്യ ബാങ്കുകളെയും സഹായിക്കാനും കരുതിക്കൂട്ടിയുള്ള ഒരു തീരുമാനത്തിന്റെ ഭാഗമാണ് ഈ ഓർഡിനൻസ്. 1602-ഓളം വരുന്ന പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളെ ഇല്ലാതാക്കാനും അതിലൂടെ 14 ജില്ലാ സഹകരണ ബാങ്കുകളെ പിടിച്ചെടുക്കാനും ലക്ഷ്യംവച്ചുകൊണ്ടുള്ളതാണ് ഈ ഓർഡിനൻസ്. അതുകൊണ്ടാണ് ഈ ഓർഡിനൻസ് പിൻവലിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിച്ചത്. ഈ ബില്ലിൽ തന്നെ ചെറിയ മിസ്റ്റേക്കുകളുണ്ട്. സെക്ഷൻ 2 (ia) - മൂല നിയമത്തിൽ ഉണ്ടായിരുന്ന മൂന്നാം വരിയിലെ 'district, having' എന്നീ വാക്കുകൾക്ക് ഇടയിൽ ഉണ്ടായിരുന്ന 'and' എടുത്തുകളഞ്ഞു. അത് എടുത്തുകളയേണ്ട കാര്യമില്ല. അതിലെ അഞ്ചാം വരിയിൽ 'Such district' എന്നിവയ്ക്കിടയിൽ 'revenue' കൂടി ചേർത്താൽ നന്നായിരുന്നു. സെക്ഷൻ 3-ന്റെ രണ്ടാം വരിയിൽ 'third' എന്നുപറയുന്നത് ശരിയല്ല. കാരണം ഇതിലെ Proviso രണ്ടെണ്ണം പോയിരിക്കുന്നു. 11-02.2012 മുതലുള്ളത് സർക്കാരിന്റെ 23.07.2012-ലെ 1558-ാം ഗസ്സറ്റ് വിജ്ഞാപന പ്രകാരം എടുത്തുകളഞ്ഞു. ഇപ്പോൾ ഒരു Proviso മാത്രമെയുള്ളൂ. അതുകൊണ്ട് after the fist proviso എന്നാക്കുന്നതാണ് നല്ലത്. അതിൽ three എന്നെഴുതിയിട്ടുണ്ട്. സെക്ഷൻ 80A-യിൽ ഒരു പ്രത്യേക സ്കീമും റൂൾസും വേണം. ഓരോ സംഘത്തിനും ഓരോ പെൻഷൻ സ്കീമുണ്ട്. അതിന് റൂൾസും ഉണ്ടാക്കിയിട്ടുണ്ട്. ജീവനക്കാർക്കായി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പെൻഷൻ സ്കീമിൽ ബോർഡുകളിലെയും ജീവനക്കാരെക്കൂടി ഉൾപ്പെടുത്തണമെന്നാണ്

പറയുന്നത്. ഓരോ ബോർഡിനും അതിന് പ്രത്യേകമായുള്ള സ്കീമും റൂൾസും ഉണ്ടാക്കേണ്ടതാണ്. അതുമാത്രമെ അതിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളൂ. ജില്ലാ സഹകരണ ബാങ്കിൽ നിന്ന് വായ്പ എടുക്കുന്നവരിൽ നിന്നും നിക്ഷേപം നടത്തുന്നവരിൽ നിന്നും 2 ശതമാനം ഓഹരിത്തുകയായി പിരിച്ചെടുക്കുന്നതിന് നിയമ പ്രാബല്യം നൽകുന്നതിനുള്ളതാണ് ഈ ബിൽ. അതിൽ കുഴപ്പമില്ല. ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും അവരുടെ മൊത്തം ആസ്തിയുടെ കുറഞ്ഞത് 4 ശതമാനം ഓഹരി മൂലധനമായി ഉറപ്പുവരുത്തണമെന്ന ആർ.ബി.ഐ. നിർദ്ദേശമനുസരിച്ചാണ് അത് വന്നത്. അതിന് ഈ ബില്ലിൽ ഒരു കള്ളം കാണിച്ചിട്ടുണ്ട്. 2013 ജൂൺ 30 വരെ 4 ശതമാനമെന്നാണ് ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ 2013 ജൂൺ 30 വരെ 4 ശതമാനവും 2015-ൽ 7 ശതമാനവും 2017-ൽ 9 ശതമാനവും 2019- ൽ 12 ശതമാനവുമാണ് ആർ.ബി.ഐ. നിർദ്ദേശിച്ചിട്ടുള്ളത്. പക്ഷേ അത് ഒളിച്ചുവച്ചുകൊണ്ട് 2013-ൽ 4 ശതമാനം എന്നുമാത്രമെ ബില്ലിൽ വന്നിട്ടുള്ളൂ. മേൽപ്പറഞ്ഞ രീതിയിൽ മൂലധനം വർദ്ധിക്കുന്നതിന് വായ്പ എടുക്കുന്നവരുടെയും നിക്ഷേപിക്കുന്നവരുടെയും ഓഹരിയിലേയ്ക്ക് 2 ശതമാനം പിഴിയുന്നതിനാണ് ജില്ലാ ബാങ്കുകളിൽ ഇവർക്ക് അസോസിയേറ്റഡ് അംഗങ്ങൾ നൽകുന്നതിനായി ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇതിൽ രണ്ട് ഉദ്ദേശ്യങ്ങളുണ്ട്. ഒന്ന്, ഈ ഡെപ്പോസിറ്റുകാരെ നിർബന്ധമായി ഇതിൽ വയ്ക്കുമ്പോൾ സഹകരണ മേഖലയിലെ ഡെപ്പോസിറ്റ് എന്നുപറയുന്നത് 85,000 കോടി രൂപയാണ്. ഈ 85,000 കോടി രൂപയാണ് റിസർവ്വ് ബാങ്കിന്റേയും നബാർഡിന്റെയും

കേന്ദ്രഗവൺമെന്റിന്റേയും ലക്ഷ്യം. കേരളത്തിലെ സഹകരണ സ്ഥാപന ങ്ങളെ തകർത്ത് ഈ നിക്ഷേപം വാണിജ്യ ബാങ്കുകൾക്കും പ്രൈവറ്റ് ബാങ്കുകൾക്കും എങ്ങനെ കൈമാറാം എന്നുള്ളതാണ് ഒരു ലക്ഷ്യം. ഈ മുഴുവൻ ആളുകൾക്കും മെമ്പർഷിപ്പ് കൊടുത്തുകൊണ്ട് ജില്ലാ ബാങ്കുകളെ എങ്ങനെ പിടിച്ചെടുക്കാം എന്നതാണ് മറ്റൊരു ലക്ഷ്യം. ഇങ്ങനെ രണ്ട് ലക്ഷ്യങ്ങൾ വച്ചുകൊണ്ടുള്ള ഒരു പരിപാടിയാണിത്. ഡി.സി.ബി. യുടെ ആർ.ബി.ഐ. ലൈസൻസ് നിലനിർത്തണമെങ്കിൽ 300–ഉം 400–ഉം കോടി രൂപയുടെ അധിക ഓഹരിയുണ്ടായിരിക്കണം എന്നതാണ് ഡി.സി.ബി.യുടെ ഇപ്പോഴത്തെ വ്യവസ്ഥ. ഇത്രയും തുകയുടെ ഓഹരിയുണ്ടാക്കുന്നത് ഗ്രാമീണ കൃഷിക്കാരന്റെ ഡെപ്പോസിറ്റിൽ നിന്നും വായ്പ എടുക്കുന്ന തുകയിൽ നിന്നുമാണ്. വായ്പ എടുക്കുന്നവരിൽ നിന്നാണ് 2 ശതമാനം ഓഹരി എടുക്കുന്നത്. അപ്പോൾ കൃഷിക്കാരന്റെ മുകളിലാണ് ഇത് ചെന്നുവീഴുന്നത്. ഈ ഓഹരി ഡി.സി.ബി.യിലാണ് നിക്ഷേപിച്ചിരുന്നത്. ഇപ്പോൾ അങ്ങനെ നിക്ഷേപിക്കാൻ കഴിയില്ല. അതൊക്കെ പിൻവലിച്ചു കൊണ്ട് സ്വകാര്യ ബാങ്കുകളെ സഹായിക്കാനുള്ള ഒരു അവസരമാണ് വരുന്നത്. സഹകരണ മേഖലയിലുള്ള ഡെപ്പോസിറ്റുകൾ പിൻവലിച്ച് മറ്റ് സ്വകാര്യ ബാങ്കുകളിലേയ്ക്കും വാണിജ്യ ബാങ്കുകളിലേയ്ക്കും പോകണമെന്നുതന്നെയാണ് ആർ.ബി.ഐ. യുടെ ഈ സർക്കുലറിന്റെ ഉദ്ദേശം.

)

<u>ശ്രീ. എം. ഹംസ</u>: ഈ ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നാല് ശതമാന മെങ്കിലും സി.ആർ.എ.ആർ വേണമെന്നാണ് ആർ.ബി.ഐ. പറഞ്ഞിരിക്കു

ന്നത്. അതുകൊണ്ട് സി.ആർ.എ.ആർ നാലുശതമാനമെങ്കിലും ഉണ്ടാക്കാൻ വേണ്ടിയാണ് ഈ അമെന്റ്മെന്റ് കൊണ്ടുവന്നിരിക്കുന്നത്. പക്ഷേ, ഈ അമെന്റ്മെന്റിൽ സി.ആർ.എ.ആർ. വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ഒന്നും പറഞ്ഞിട്ടില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രണ്ടാമതായി കിസാൻ ക്രഡിറ്റ് കാർഡ് ഉള്ളവർക്കു മാത്രമേ ഇനി കൃഷിക്കാരന്റെ ആനുകൂല്യങ്ങൾ കൊടുക്കാൻ സാധിക്കുകയുള്ളൂ, എ.ടി.എം. ഉണ്ടെങ്കിൽ മാത്രമേ കിസാൻ ക്രെഡിറ്റ് കാർഡ് കൊടുക്കാൻ സാധിക്കുകയുള്ളൂ, എ.ടി.എം. വേണമെങ്കിൽ നാല് ശതമാനം സി.ആർ.എ.ആർ. വേണം. നാല് ശതമാനം സി.ആർ.എ.ആർ സംസ്ഥാന സഹകരണ ബാങ്കിനുപോലും ഇല്ലാതിരിക്കെ കൃഷിക്കാർക്ക് വായ്പ കൊടുക്കാൻ പറ്റാത്ത രീതിയിൽ സഹകരണ ബാങ്കുകൾ മാറുമെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ;

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ഇതുതന്നെയാണ് ഞാൻ പറഞ്ഞത്. The Reserve Bank of India directed the Government of Kerala to issue instructions to ensure a minimum of 4% Capital to Risk-Weighted Asset Ratio (CRAR) by all District Co-operative Banks and Kerala State Co-operative Bank before 30th June, 2013. In order to achieve a minimum of 4% Capital to Risk-Weighted Asset Ratio (CRAR) and to attract more investors, necessary amendments are to be made in the clause (ia) of Section 2, which defines the term “District Co-operative Bank” and Section 18 of the Kerala Co-operative Societies Act, 1969 (21 of 1969). ഇവിടെ പറയുന്ന സി.ആർ.എ.ആർ. ഫണ്ട് സർക്കാ

രിൽ നിന്ന് കൊടുക്കേണ്ടതാണ്. ഗ്രാമീണ കൃഷിക്കാരിൽ നിന്നും പിടിക്കേണ്ട തല്ല. അങ്ങനെ ഗവൺമെന്റ് കൊടുക്കുന്നതിനുപകരം പാവപ്പെട്ട കൃഷിക്കാരിൽ നിന്നും ഈ തുക പിടിക്കുകയാണ് ചെയ്യുന്നത്. നിങ്ങൾ പറയുന്നതു പോലെ തന്നെ കിസാൻ ക്രെഡിറ്റ് കാർഡും ആധാർ–ബാങ്ക് ലിങ്കേജുമൊക്കെ ചെയ്യാവുന്നതേയുള്ളൂ. സർക്കാർ വിചാരിച്ചാൽ ചെയ്യാൻ പറ്റാത്ത യാതൊരു കാര്യവുമില്ല. സർക്കാർ ഈ പണം കൊടുക്കണമെന്നു മാത്രമേയുള്ളൂ. സി. ആർ. എ. ആർ. നാല് ശതമാനം വേണമെന്ന് റിസർവ് ബാങ്ക് പറഞ്ഞിട്ടുണ്ടെങ്കിൽ അങ്ങനെ വയ്ക്കുന്നതിൽ യാതൊരു കുഴപ്പവുമില്ല. പക്ഷേ അത് ഗവൺമെന്റ് കൊടുക്കണമെന്നു മാത്രമേയുള്ളൂ. പാവപ്പെട്ട കൃഷിക്കാരനിൽ നിന്ന് ഞെക്കിപിഴയരുതെന്നാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം. നബാർഡിന്റെ കാര്യവും അതുപോലെതന്നെയാണ്. പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളെ സഹായിക്കാൻ വേണ്ടിയുള്ളതാണ് നബാർഡ്. നബാർഡ് എന്നുപറഞ്ഞാൽ എന്താണ്? നാഷണൽ ബാങ്ക് ഫോർ അഗ്രിക്കൾച്ചർ ആന്റ് റൂറൽ ഡെവലപ്മെന്റ് എന്നാണ്. ഇത് ഭരണഘടനാതത്വമായിട്ടുള്ള ഒരു സ്ഥാപനമല്ല. റിസർവ്വ് ബാങ്ക് ഭരണഘടനാതത്വമായിട്ടുള്ളതാണ്. നബാർഡ് എന്നുപറയുമ്പോൾ ഇന്ത്യാഗവൺമെന്റ് ഗ്രാമീണ കൃഷിക്കാരെയും സഹകരണമേഖലയെയും ചേർത്ത് സഹായിക്കാൻ വേണ്ടി രൂപീകരിച്ചൊരു സ്ഥാപനമാണ്. ആ നബാർഡ് ആണ് ഇപ്പോൾ ആകെ കുഴപ്പത്തിൽ നിൽക്കുന്നത്. പ്രകാശ് ബക്ഷിയെയാണ് നബാർഡിന്റെ ഇപ്പോഴത്തെ ചെയർമാനായി നിയമിച്ചിരിക്കുന്നത്. ഇതിനായി ഒരുപാട് കമ്മീഷനുകൾ വച്ചല്ലോ. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട്, പ്രകാശ് ബക്ഷി റിപ്പോർട്ട് ഇങ്ങനെ ഒരുപാട് കമ്മീഷൻ വച്ചിട്ട് രണ്ടാളുകളാണ് ഈ ഗ്രാമീണ കൃഷിക്കാരനെ

തകർക്കാൻവേണ്ടിയുള്ള റിപ്പോർട്ട് എഴുതിക്കൊടുത്തത്. 85,000 കോടി രൂപ ഈ മേഖലയിൽ ഡെപ്പോസിറ്റുണ്ട്. അതിനെ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. ആ തുക സഹകരണ മേഖലയിൽ നിന്ന് പിൻവലിപ്പിച്ച് അത് വാണിജ്യബാങ്കുകളിലേയ്ക്കും സ്വകാര്യ ബാങ്കുകളിലേയ്ക്കും പോകണമെന്നുള്ളതാണ് ഇതിന്റെ പ്രധാനപ്പെട്ട സംഗതി. പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളെപ്പറ്റി പറയുകയാണെങ്കിൽ ആയിരത്തി അറുന്നൂറിൽപ്പരം സർവ്വീസ് സഹകരണ ബാങ്കുകൾ ഇപ്പോൾ നിലവിലുണ്ട്. എങ്ങനെയാണ് ഈ ബാങ്കുകൾ ആരംഭിച്ചത്. ഗ്രാമീണ കൃഷിക്കാരന് കടം കൊടുക്കുന്നതിനും വാങ്ങുന്നതിനും വേണ്ടിയുള്ള പരസ്പര സഹായ സംഘങ്ങൾ എന്ന നിലയിലാണ് സർവ്വീസ് സഹകരണ ബാങ്കുകൾ രൂപീകരിച്ചത്. ഇത്തരത്തിൽ അവർ ഉണ്ടാക്കിയെടുത്ത ബാങ്ക് വികസിപ്പിച്ച് അതിപ്പോൾ വിവിധോദ്ദേശ്യ സഹകരണ സംഘങ്ങളായി മാറി. ആ വിവിധോദ്ദേശ്യ സഹകരണ സംഘങ്ങൾ കാലക്രമേണ വളർന്നുവികസിച്ച് സർവ്വീസ് സഹകരണ സംഘങ്ങളായി മാറി. മാത്രമല്ല, കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇവർക്കുകിട്ടുന്ന കാശ് നിക്ഷേപിക്കാനും പിൻവലിക്കാനുമുള്ള ബാങ്കിംഗ് സമ്പ്രദായംകൂടി കൊടുത്താൽ സഹായമാകുമെന്ന് കരുതിയാണ് ഗവൺമെന്റ് ഇത്തരം സ്ഥാപനങ്ങളെ സർവ്വീസ് സഹകരണ ബാങ്കുകളാക്കി മാറ്റിയത്.

ശ്രീ. കെ. വി. വിജയദാസ്: പ്രാഥമിക സഹകരണ ബാങ്കുകൾക്ക് മാത്രം അഫിലിയേഷനുള്ള ജില്ലാ സഹകരണ ബാങ്കുകളിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതോടുകൂടി എല്ലാ കടലാസ് സംഘങ്ങൾക്കും അഫിലിയേഷൻ കൊടുത്ത് ജില്ലാ ബാങ്കുകളെ അട്ടിമറിച്ച് ഭരണാധികാരം പിടിച്ചെടുത്തത് ഈ സഹകരണ മേഖലയിൽ പുത്തൻ

പരിഷ്കാരം നടത്തി സ്വകാര്യ ബാങ്കുകളെ സഹായിക്കാനാണോ എന്നുള്ള വിവരം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ജില്ലാ സഹകരണ ബാങ്ക് എന്നുപറഞ്ഞാൽ കൃഷിക്കാരന്റെ അപ്പെക്സ് ബാങ്ക് ആണ്. കൃഷിക്കാരന് ആകെയുള്ള സ്വത്ത് എന്നു പറയുന്നത് പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളാണ്. അതിന്റെ അപ്പെക്സാണ് ജില്ലാ സഹകരണബാങ്ക്, അതിന്റെയും അപ്പെക്സാണ് സംസ്ഥാന സഹകരണ ബാങ്ക്. ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേഷൻ കൊടുക്കുന്ന വോട്ടവകാശമുള്ളത് പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾക്കായിരുന്നു. കൃഷിക്കാരന്റെ ഒരു ഭരണമാണവിടെ നടക്കുന്നത്. വോട്ടവകാശം അവർക്കേയുള്ളൂ. ഇപ്പോൾ വന്നിരിക്കുന്നത് ഏത് സംഘമാണെങ്കിലും ശരി രജിസ്റ്റർ ചെയ്താൽ ഇവിടെ അഫിലിയേഷൻ കൊടുക്കണം. 'കാലിത്തട്ട്' സഹകരണസംഘം എന്നുപറഞ്ഞാൽ അതുണ്ടെങ്കിൽ അതിനും കൊടുക്കാം. പലതരത്തിലുള്ള എത്രമാത്രം സംഘങ്ങളാണുള്ളത്; അങ്ങനെ എന്തിനാണ് കൊടുത്തത്? അങ്ങനെ കൊടുക്കാൻ പാടില്ലാത്തതാണ്. ഓരോന്നിനും പ്രത്യേകം പ്രത്യേകം അപ്പെക്സ് ബാങ്കുകളുണ്ട്. കൈത്തറിക്ക് ഹാന്റക്സ്, കയറിന് കയർഫെഡ്, ഹൗസിംഗിന് ഹൗസിംഗ് ഫെഡറേഷൻ – ഇങ്ങനെ ഓരോ വിഭാഗം ബാങ്കുകൾക്കും അപ്പെക്സ് ബാങ്കുകളുണ്ട്. കൃഷിക്കാരന്റെ ബാങ്ക് പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളാണ്, ആ ബാങ്കുകളുടെ അപ്പെക്സ് ബാങ്കാണ് യഥാർത്ഥത്തിൽ ജില്ലാ സഹകരണബാങ്ക്. ആ ജില്ലാ സഹകരണബാങ്ക് അവന്റെ കൈയിൽനിന്നും കവർന്നെടുക്കാൻ കിട്ടിയ ഒരായുധമാണ്, എല്ലാവർക്കും

മെമ്പർഷിപ്പ് കൊടുക്കാം. ഓർഡറുകളും നിയമങ്ങളുമെല്ലാം ഭേദഗതി ചെയ്തത് ഈ ബാങ്കുകളെ പിടിച്ചെടുക്കാൻ വേണ്ടിമാത്രമാണ്. ഈ സർവ്വീസ് സഹകരണബാങ്കുകൾ കൊടുത്തതുതന്നെ ഇവർക്ക് പണമിടപാടിനുവേണ്ടിയാണ്. പണമിടപാടുനടത്തിവന്നപ്പോൾ കേരളത്തിലെ സർവ്വീസ് സഹകരണ ബാങ്കുകൾ വളർന്ന് വളർന്ന് പന്തലിച്ച് വലുതായിപ്പോയി. മറ്റുള്ള സംസ്ഥാനങ്ങളിൽ ഇങ്ങനെയില്ല. അങ്ങനെ വന്നപ്പോൾ പ്രൈമറി ബാങ്കുകളുടെയും ജില്ലാ ബാങ്കുകളുടെയും ഡെപ്പോസിറ്റ് വർദ്ധിച്ചു. അതായത് ജനങ്ങൾക്ക് ബാങ്കിലുള്ള വിശ്വാസം വർദ്ധിച്ചു. വിശ്വാസ്യത വർദ്ധിച്ചപ്പോൾ അവിടത്തെ ഡെപ്പോസിറ്റ് വർദ്ധിച്ചു. ആ ഡെപ്പോസിറ്റ് വർദ്ധനയെ തകർക്കാൻ, അത് ഇല്ലാതാക്കാൻ ചെയ്തതാണ് വൈദ്യനാഥൻ കമ്മിറ്റിയിലെ റിപ്പോർട്ട്. കേന്ദ്ര ഗവൺമെന്റ് വൈദ്യനാഥൻ കമ്മീഷനെ വച്ചു. വൈദ്യനാഥൻ കമ്മീഷൻ വന്നു. ഇവിടെയുള്ള ആരെയും വിളിച്ചുചോദിച്ചില്ല. പ്രൈമറി ബാങ്ക് - ജില്ലാബാങ്ക് - സംസ്ഥാനബാങ്ക് ഇതിന്റെയൊക്കെ ഭരണത്തിൽ ഞാൻ ഇരുന്നിട്ടുണ്ട്. കാർഷിക വികസന ബാങ്കിന്റെ താഴെതലം മുതൽ മുകൾ അറ്റം വരെ ഞാൻ പ്രവർത്തിച്ചിട്ടുണ്ട്. അങ്ങനെ ഒരു വൈദ്യനാഥൻ വന്ന് ഒരുത്തനേയും വിളിച്ച് ചോദിച്ചതായി നമുക്കറിയില്ല. കേരളത്തിലെ കൃഷിക്കാരെ വിളിച്ച് ചോദിക്കണ്ടേ; ബാങ്കിംഗ് മേഖലയിലെ സഹകാരികളോട് ചോദിക്കണ്ടേ? ചോദിച്ചില്ല. അവർ എന്താണ് പറഞ്ഞതെന്നറിയാമോ? കേരളത്തിലെ സർവ്വീസ് സഹകരണ ബാങ്കുകൾ ബാങ്കല്ല. ബാങ്കെന്ന് പറയരുത്. ചെക്കെഴുതാൻ പാടില്ല. ചെക്കെന്നോ ബാങ്കെന്നോ പറയാൻ പാടില്ലായെന്ന് വൈദ്യനാഥൻ എഴുതിവിട്ടു. 2005-ൽ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടുവന്നപ്പോൾ, അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയാണ്.

അദ്ദേഹം പറഞ്ഞു, കേരളത്തിൽ വൈദ്യനാഥനൊന്നും വേണ്ട, ആ കമ്മിറ്റി റിപ്പോർട്ടും വേണ്ട. ഇപ്പോൾ നമുക്ക് പോകാം. അതിന് അംഗീകാരം കൊടുത്തില്ല. അങ്ങനെ ഇന്ത്യ ഒട്ടാകെ എടുത്തുനോക്കിയപ്പോൾ രണ്ട് സംസ്ഥാനങ്ങൾ, കേരളവും ഹരിയാനയും മാത്രമാണ് കൊടുക്കാതിരുന്നത്. ബാക്കി എല്ലാവരും കൊടുത്തു. എന്താണ് കാര്യമെന്നോ ഇത് അംഗീകരിച്ചുകഴിഞ്ഞാൽ, എം.ഒ.യു. ഒപ്പിട്ടുകൊടുത്താൽ കുറച്ച് പണം കിട്ടും. അങ്ങനെ പണം കിട്ടാനുള്ളവർക്കെല്ലാം വാങ്ങിക്കൊടുത്തു. ഞാൻ എങ്ങനെയാണ് ഇക്കാര്യം അറിഞ്ഞതെന്നറിയാമോ? എൽ.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ ശ്രീ. ജി. സുധാകരൻ മന്ത്രിയായി. അദ്ദേഹം റിപ്പോർട്ട് പഠിച്ചശേഷം സംസ്ഥാനത്ത് ഇത് നടപ്പാക്കാൻ സാധിക്കില്ലെന്നുതന്നെ പറഞ്ഞു. മാത്രമല്ല ഇതിനെക്കുറിച്ച് പഠിക്കാനായി കർണ്ണാടകയിൽ പോയി. ഞാനും കൂടെയുണ്ടായിരുന്നു. അവിടത്തെ സ്ഥിതിയെന്താണെന്നുവച്ചാൽ, തിരുവനന്തപുരം ജില്ലാസഹകരണ ബാങ്കിന്റെ ഓഹരിയോ മൂലധനമോ മെമ്പർഷിപ്പോ അവിടത്തെ സംസ്ഥാന സഹകരണബാങ്കിനില്ല. അവിടത്തെ എല്ലാ രംഗവും സഹരണസംഘത്തിൽ നിന്ന് വളരെ മോശമാണ്. അവർ എം.ഒ.യു ഒപ്പിട്ടവരാണ്. അവർ പറഞ്ഞു, എങ്ങനെയെങ്കിലും തിരിച്ചുവരാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്, പക്ഷേ പറ്റുന്നില്ല. അങ്ങനെ ഒപ്പിട്ടവർ തിരിച്ചുവരാൻ നോക്കി. അതിൽ വീഴുന്നില്ല. വീഴുന്നില്ലായെന്ന് വന്നപ്പോൾ അടുത്ത വെടിവന്നു. അടുത്ത വെടിയാണ് പ്രകാശ്ബക്ഷി. നബാർഡിന്റെ ചെയർമാനായിരുന്ന ആളാണ് പ്രകാശ്. അയാൾക്കെല്ലാമറിയാം. നബാർഡ്, റിസർവ്വ് ബാങ്ക് എന്നൊക്കെ പറഞ്ഞാൽ പ്രൈവറ്റ് ബാങ്കുകളേയും വാണിജ്യബാങ്കുകളേയും സഹായിക്കാനായി കച്ചകെട്ടിയിരിക്കുന്നവരാണ്. പ്രകാശ്ബക്ഷി ഒരുപടികൂടി മുമ്പോട്ടു പോയി. വായ്പ കൊടുക്കാൻ ഈ സംഘങ്ങൾക്ക് അധികാരമി

ല്ലെന്ന് ഇവിടെ പറഞ്ഞു. ആ രീതിയിൽ പലരെക്കൊണ്ടും പലരീതിയിൽ പറയിപ്പിച്ച് പ്രാഥമിക സർവ്വീസ് സഹകരണബാങ്കുകളെ തകർക്കാനുള്ള പരിപാടിയാണ് ഇട്ടിട്ടുള്ളത്. കേരളത്തിൽ ഈ സഹകരണമേഖല എവിടെയെല്ലാം പോയിട്ടുണ്ട്, ഏതെല്ലാം ഭാഗത്ത് പോയിട്ടുണ്ട്. അവിടെയൊക്കെ നല്ല രീതിയിലല്ലേ നിൽക്കുന്നത്? ഡെപ്പോസിറ്റ് രംഗത്തുമാത്രമല്ല എല്ലാ രംഗങ്ങളിലും സഹകരണമേഖല പടർന്ന് പന്തലിച്ച് നിൽക്കുകയാണ്. എല്ലാവരേയും സഹായിക്കാൻ കഴിയുന്നത് സഹകരണമേഖലയ്ക്കാണ്. പക്ഷേ ഇപ്പോൾ അത് മിസ്‌യൂസ് ചെയ്യുന്നു. ബഹുമാനപ്പെട്ട മുൻ മന്ത്രി ഇവിടെ ഇരിക്കുന്നതുകൊണ്ട് പറയുന്നതല്ല, 2009-ൽ ഒരു വലിയ വിലക്കയറ്റം വന്നു. വിലക്കയറ്റം വരുമ്പോൾ എന്താണ് വേണ്ടത്? എല്ലാവരും നോക്കിനിന്നപ്പോൾ സഹകരണവകുപ്പുമന്ത്രിയും സിവിൽസപ്ലൈസ് മന്ത്രിയും ചാടിയിറങ്ങിയിട്ട് ജില്ലാപ്രസിഡന്റുമാരേയും ഞങ്ങളെയുമൊക്കെ വിളിച്ചുകൂട്ടി എന്താണ് മാർഗ്ഗമെന്നുചോദിച്ചു. അപ്പോൾ, ഒരു കൺസോർഷ്യമുണ്ടാക്കി ആവശ്യമുള്ള കാശ് കടമായി തരാമെന്ന് ഞങ്ങൾ പറഞ്ഞു, അതിന് കൺസ്യൂമർഫെഡ് മുന്നോട്ട് വരണം. കൺസ്യൂമർഫെഡ് മുമ്പോട്ടുവന്നു. അപ്പോൾത്തന്നെ 3000 ഔട്ട്‌ലെറ്റുകൾ തുടങ്ങി. ആവശ്യമുള്ള കാശുമായി ആന്ധ്രയിലും തമിഴ്നാട്ടിലും അവിടെയുമിവിടെയുമൊക്കെ ഉദ്യോഗസ്ഥൻമാർതന്നെ നേരിട്ട് പോയി സാധനങ്ങൾ വാങ്ങിക്കൊണ്ടുവന്നു. രണ്ട് ആഴ്ച കഴിഞ്ഞപ്പോൾ ഈ വിലക്കയറ്റം പിടിച്ചുനിർത്തിയില്ലേ? അതിനൊക്കെ അവർക്ക് കഴിയും. വിദ്യാഭ്യാസരംഗത്തും സഹകരണ മേഖലയിറങ്ങി. അവർ പറഞ്ഞു, ഞങ്ങൾക്ക് ക്യാപ്പിറ്റേഷൻ ഫീസും മറ്റ് ഫീസൊന്നും വേണ്ട, ഞങ്ങൾക്ക് സർക്കാരിന്റെ ഫീസ് മതി. അങ്ങനെ എല്ലാമേഖലയിലും ആ രീതിയിൽ കേരളത്തിലെ സഹകരണപ്രസ്ഥാനം മുമ്പോട്ട് കുതിച്ചുപൊയ്ക്കൊണ്ടിരിക്കുമ്പോഴാണ് ഇങ്ങനെയുള്ള

വെടിപൊട്ടിപ്പുകൾ നടന്നത്. ഈ മേഖലയെ തകർക്കാനുള്ള വെടിയാണ്. ഇപ്പോൾ എന്തെല്ലാം നടക്കുന്നു. ഇപ്പോൾ പിടിച്ചെടുക്കാനുള്ള പരിപാടിയാണ് നടക്കുന്നത്. പിടിച്ചെടുക്കുക, പിടിച്ചെടുക്കുക എന്നുള്ളതല്ലാതെ വേറൊരു പരിപാടിയുമില്ല. എങ്ങനെയാണ് പിടിച്ചെടുക്കുക? പ്രാഥമികമായിട്ടുതന്നെ പിടിച്ചെടുക്കാം. പ്രാഥമിക ബാങ്കുകളുടെ തെരഞ്ഞെടുപ്പ് കമ്മീഷനുണ്ട്. തെരഞ്ഞെടുപ്പ് കമ്മീഷനെന്ന് പറഞ്ഞിട്ട് കാര്യമില്ല. തെരഞ്ഞെടുപ്പ് ഒരു ബാങ്കിൽ നോട്ടിഫൈ ചെയ്യുന്നു. നോട്ടിഫൈ ചെയ്ത് തെരഞ്ഞെടുപ്പിന്റെ ഭാഗം വരുമ്പോൾ അവിടെ പോലീസിനെ കൂട്ടിവന്ന് ഒരു വിഭാഗം വോട്ട് ചെയ്യാൻ സമ്മതിക്കില്ല. അങ്ങനെ പിടിച്ചെടുക്കുന്നു. മറ്റൊരു ബാങ്കിൽ നോമിനേഷൻ പേപ്പർ സ്വീകരിച്ച് നോട്ടിഫിക്കേഷൻ കിട്ടി വന്നപ്പോൾ 13 സീറ്റിൽ 7 സീറ്റിൽ എതിരില്ല. 6 സീറ്റിൽ മത്സരം. 7 സീറ്റിൽ എതിരില്ലാതെ വന്നവർ അവിടെ നിൽക്കട്ടെ, മറ്റവർ കൊണ്ടുപോയി സഹകരണ ഇലക്ഷൻ കമ്മീഷന് ഒരു പെറ്റീഷൻ കൊടുത്തു. ആ ഇലക്ഷൻ മാറ്റിവച്ചുകളഞ്ഞു. അത് നടത്തിയില്ല. ഇപ്പോഴും കേസ് നടക്കുകയാണ്. തകർക്കുന്നു എന്നുപറയുന്നത് ഇതാണ്. തിരുവനന്തപുരം ജില്ലയിലെ ആര്യനാട് സർവ്വീസ് സഹകരണ ബാങ്കിൽ എല്ലാ പരിപാടികളും പൂർത്തിയാക്കി. നോമിനേഷൻ ഫയൽ ചെയ്തു. സൂക്ഷ്മ പരിശോധന നടന്നു. സൂക്ഷ്മ പരിശോധന നടന്നപ്പോൾ എൽ.ഡി.എഫ്.-ന് 7 സീറ്റിൽ എതിരില്ല.

സർ, നിയമമനുസരിച്ച് ആറ് സീറ്റിൽ മൽസം നടക്കണ്ടേ? ആ മൽസരം നടത്തുന്നതിന് പകരം യു.ഡി.എഫ്.-കാർ പെറ്റീഷൻ കൊടുത്ത് ഇലക്ഷൻ റദ്ദാക്കി. അത് എന്താണെന്ന് അന്വേഷിക്കണ്ടേ? ഞാൻ ഒരിക്കലും മന്ത്രിയെ കുറ്റം പറയുകയില്ല. കാരണം സഹകരണം എന്താണെന്ന് അദ്ദേഹ

ത്തിന് അറിയാം, ആത്മാർത്ഥതയുമുണ്ട്. പക്ഷേ മന്ത്രി വിചാരിച്ചിട്ട് ഒന്നും നടക്കുന്നില്ല. നടക്കണ്ടേ? ഒരു വകുപ്പിന്റെ തലപ്പത്തിരിക്കുന്ന മന്ത്രി....... അല്ലെങ്കിൽ ഇപ്പോൾ ആര്യനാട് ഇങ്ങനെ നടക്കുമോ? മന്ത്രിയുടെ സ്വഭാവമനുസരിച്ച് നടക്കുകയില്ല. അതുപോലെ ആനാട് എന്നുപറയുന്ന സംഘത്തിൽ ഇതുപോലെ ഇലക്ഷന് നോട്ടിഫിക്കേഷൻ വന്നു, നോമിനേഷൻസ് വന്നു, വാങ്ങിച്ചു. ഇലക്ഷൻ മാറ്റിവച്ചിരിക്കുന്നുവെന്ന് അവിടെ ഉടൻതന്നെ ഇലക്ഷൻ കമ്മീഷൻ ഓർഡർ കൊടുത്തു. എന്താണ് കാര്യം പറഞ്ഞത്? വോട്ടേഴ്സ് ലിസ്റ്റ് ശരിയല്ല. നിയമം അറിയാമല്ലോ. റിട്ടേണിംഗ് ഓഫീസറെ നിയമിക്കുന്നതിന് മുമ്പുതന്നെ സംഘത്തിൽനിന്ന് വോട്ടേഴ്സ് ലിസ്റ്റിടും. അതിനുശേഷം ഒബ്ജക്ഷൻസ് കോൾ ഫോർ ചെയ്യും. ഒബ്ജക്ഷനുണ്ടെങ്കിൽ അത് പോസ്റ്റു ചെയ്യുന്നത് റിട്ടേണിംഗ് ഓഫീസറാണ്. അതുകഴിഞ്ഞ് ഫൈനൽ ലിസ്റ്റിട്ടാൽ പ്രശ്നമില്ല. അതിനുശേഷമാണ് നോമിനേഷൻ വരുന്നത്. നോമിനേഷൻ വന്നു, സ്ക്രൂട്ടിനിയും കഴിഞ്ഞു. അപ്പോഴാണ് വോട്ടേഴ്സ് ലിസ്റ്റ് ശരിയല്ലാത്തതുകൊണ്ട് ഇലക്ഷൻ മാറ്റിവച്ചിരിക്കുന്നുവെന്ന് ഇലക്ഷൻ കമ്മീഷൻ പറയുന്നത്. അവർ കേസ്സിന് പോയപ്പോൾ ന്യായമാണെന്ന് പറഞ്ഞുവെങ്കിലും രണ്ട് ബോർഡ് മെമ്പർമാരും ഒരു ഉദ്യോഗസ്ഥനും അടങ്ങുന്ന കമ്മിറ്റി.........

<u>മി. ചെയർമാൻ</u>: ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, പ്രസംഗം ചുരുക്കണം. അരമണിക്കൂർ കഴിഞ്ഞു.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>: സർ, വളരെ ചുരുക്കിയാണ് പറയുന്നത്. കൂട്ടണമെങ്കിൽ കൂട്ടാമെന്നേയുള്ളൂ. കുറയ്ക്കാൻ ഒക്കുകയില്ല. അവിടെ ഈ പറഞ്ഞതുപോലെ ആ കമ്മിറ്റി പരിശോധിക്കാൻ പറഞ്ഞുവിട്ടു. റാന്നി-പഴവങ്ങാടി..... അവിടെയും സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കാണ്. തെരഞ്ഞെടുപ്പ് വിജ്ഞാപനം നടത്തിയത് എങ്ങനെയാണ്?

ഓരോന്നും ഓരോ കളിയാണ്. രഹസ്യമായിട്ടാണ്, ആരുമറിയാതെ....... രണ്ട് പത്രത്തിൽ വിജ്ഞാപനം ചെയ്യണമെന്നാണ് പറയുന്നത്. അവിടെയൊന്നും ആരും വായിക്കാത്ത, അവിടെയെങ്ങുമില്ലാത്ത, എവിടെയൊക്കെയോ ഉള്ള രണ്ട് പത്രത്തിൽ പരസ്യം കൊടുത്തു. ആരും അറിഞ്ഞില്ല. അതിന് ഉദ്യോഗസ്ഥൻമാർ കൂട്ടുനിന്നുകൊണ്ടാണ്...... അമേരിക്കൻ മലയാളിയായ ഒരു സ്ത്രീയുടെ കള്ളയൊപ്പിട്ട് പണം തട്ടിയെടുത്ത ആരോപണത്തിന്റെ പേരിൽ റാന്നി കോടതിയിൽ സർവീസ് സഹകരണ ബാങ്ക് ജീവനക്കാർക്കും ഭരണസമിതിക്കുമെതിരെ കേസുണ്ട്. ജനരോഷം ഭയന്നാണ് ഇവർ രഹസ്യമാക്കിയത്. ആ ഭരണം കയ്യിലില്ലെങ്കിൽ കേസെടുക്കും. നോമിനേഷൻ പിൻവലിക്കേണ്ട സമയത്താണ് ആളുകളൊക്കെ ഇത് അറിഞ്ഞത്. നോട്ടീസ് ബോർഡിൽ ഇത് ഇട്ടില്ല. അന്വേഷിച്ചാൽ അറിയാമല്ലോ. നിയമസഭയിൽ പറഞ്ഞതല്ലേ. അന്വേഷണ കമ്മീഷനെ വച്ച് അന്വേഷിക്കാൻ നോക്കണം. ഇങ്ങനെ കേട്ടുകേൾവി പോലുമില്ലാത്ത രീതിയിലുള്ള പരിപാടികളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഒരിടത്ത് പോലീസിനെ വച്ച് ആളുകളെ വോട്ട് ചെയ്യാൻ സമ്മതിക്കുന്നില്ല. ഞാൻ നാലുകാര്യങ്ങൾ പറഞ്ഞു. വോട്ട് ചെയ്യാൻ സമ്മതിക്കാത്ത ഒരു സ്ഥലം, സ്ഥാനാർത്ഥിക്ക് ഭൂരിപക്ഷം കിട്ടിയത്, നോമിനേഷൻ കിട്ടിയിട്ടും തെരഞ്ഞെടുപ്പ് റദ്ദാക്കുന്ന നടപടി, മറ്റൊരിടത്ത് മാറ്റിവയ്ക്കുന്ന പരിപാടി, ഇവിടെയുണ്ടല്ലോ ആരുമറിയാതെ ഇലക്ഷൻ നടത്താനുള്ള പരിപാടി. ഇങ്ങനെ തെരഞ്ഞെടുപ്പിൽക്കൂടി എല്ലാ രീതികളിലുള്ള പരിപാടികളും നടന്നു. ഇതിനൊക്കെ എന്താണ് വേണ്ടത്? യഥാർത്ഥത്തിൽ ഈ നിയമഭേദഗതിയെന്ന് പറയുന്നത് വലിയൊരു കാര്യമൊന്നുമല്ല. ഈ ഭേദഗതിയെന്ന് പറയുന്നത് ഡെപ്പോസിറ്റ് കൊണ്ടുവരണം, നാലുശതമാനം ഇപ്പോഴത്തേത് കിട്ടണം, മറ്റുള്ള ബോർഡിലെ ജീവനക്കാർക്കുകൂടി പെൻഷൻ

കിട്ടണം എന്നൊക്കെയാണ്. അത് ഞാൻ നേരത്തെ പറഞ്ഞു. അത് വലിയ കാര്യമുള്ളതല്ല. പക്ഷേ ഈ രംഗത്ത് നടമാടുന്ന അഴിമതികളും ഒരുപാട് കാര്യങ്ങളും...... എന്ത് പറഞ്ഞാലും ശരി, ചോദ്യമില്ലാത്ത രീതിയിൽ, ചോദിക്കാൻ ആളില്ലാത്ത രീതിയിലാണ് മുന്നോട്ടുപോകുന്നത്. അല്ലെങ്കിൽ ഇതൊക്കെ ഇവിടെ നടക്കുമോ? ഇവിടെയുള്ള കാര്യമല്ലേ. ഇന്ത്യയിൽ എവിടെപ്പോയാലും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെപ്പറ്റി വലിയ മതിപ്പാണ്. ആ മതിപ്പുള്ള കേരളത്തിലെ സഹകരണ പ്രസ്ഥാനം ഇന്ന് എവിടെച്ചെന്ന് നിൽക്കുന്നുവെന്ന് ചോദിച്ചാൽ പറയാൻ വയ്യാത്ത, അറയ്ക്കുന്ന രീതിയിലേയ്ക്ക് തരംതാണപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ജില്ലാ സഹകരണ ബാങ്കുകളെയും പ്രൈമറി സംഘങ്ങളെയും പിടിച്ചെടുക്കാൻ ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു ഓർഡിനൻസാണ് ഇത്. ഞാൻ കൂടുതലൊന്നും പറയാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. എം. ഹംസ: സർ, സഹകരണ മേഖല നിലനിൽക്കുന്നത് ജനങ്ങളുടെ വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തിയാണെന്നാണ് അങ്ങ് പറഞ്ഞത്. ജനങ്ങളുടെ വിശ്വാസത്തെ കളങ്കപ്പെടുത്താതിരിക്കാൻവേണ്ടിയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ സഹകരണ വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ ഒരു വിജിലൻസ് സംവിധാനം സഹകരണ മേഖലയിൽ ഏർപ്പെടുത്തിയത്. അവിടെ 43 ജീവനക്കാരെയും ഒരു ഡി.ജി.പി.-യെയും നിയമിച്ചു. എന്നാൽ ഇപ്പോൾ ഡി.ജി.പി. ഉൾപ്പെടെയുള്ള സംവിധാനമില്ലായെന്നും 43 ജീവനക്കാർക്ക് ശമ്പളംപോലും കിട്ടാൻ ബുദ്ധിമുട്ടാണെന്നുമുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? സഹകരണ മേഖലയിലെ അഴിമതി

തടയാനുള്ള നല്ല മെക്കാനിസം ഇവിടെ പരാജയപ്പെട്ടിരിക്കുന്നുവെന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, സഹകരണ രംഗത്തെ അഴിമതികൾ ഇല്ലാതാക്കാനും അന്വേഷിച്ച് പോംവഴികൾ കണ്ടെത്താനുമാണ് യഥാർത്ഥത്തിൽ സഹകരണ വിജിലൻസ് കൊണ്ടുവന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അത് നല്ല രീതിയിൽ പ്രവർത്തിച്ചുവരികയായിരുന്നു. ഇപ്പോൾ ആ വിജിലൻസിന്റെ പ്രവർത്തനമേയില്ല. ഉദ്യോഗസ്ഥന്മാരില്ല, അതിന്റെ പ്രവർത്തനവുമില്ലാത്ത രീതിയിലാണ് ഇപ്പോൾ നിൽക്കുന്നത്. ഈ ഗവൺമെന്റ് കാര്യങ്ങളിൽ ഇടപെടുന്നില്ലായെന്ന് പറഞ്ഞത്......... സംസ്ഥാന സഹകരണ ബാങ്കിന്റെ കീഴിൽ സീ–മാറ്റ് എന്ന സ്ഥാപനം തുടങ്ങി. സീ–മാറ്റ് ഒരു എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷനാണ്. വിദ്യാഭ്യാസ രംഗത്ത് ഇടപെടണമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ ബാങ്ക് കോ–ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മാനേജ്മെന്റ് ട്രെയിനിംഗ് (സീ–മാറ്റ്) എന്ന സ്ഥാപനം തുടങ്ങി. അവിടെ എം.ബി.എ. കോഴ്സ് തുടങ്ങി. അതിന് ഏഴെട്ട് കോടി രൂപ ചെലവാക്കി കെട്ടിടം കെട്ടി. അതിനുള്ള സംവിധാനങ്ങൾ വന്നു. സ്റ്റേറ്റിലുള്ള ഏറ്റവും നല്ല റിസൾട്ട് അവിടെയാണ്. രണ്ട് കോഴ്സ് പൂർത്തിയാക്കി. മൂന്നാമത്തെ തവണ വരുമ്പോൾ അത് നടത്താൻ പാടില്ലായെന്ന് പറഞ്ഞു. അവിടെ എല്ലാ രീതിയിലും വ്യവസ്ഥാപിതമായി അദ്ധ്യാപകരെ വച്ചാണ്...... അതൊക്കെ താൽക്കാലിക നിയമനങ്ങളായിരുന്നു. അതിൽ കുഴപ്പമൊന്നുമില്ല. പക്ഷേ സ്ഥിരം ജീവനക്കാർ ഏഴെട്ട് പേരുണ്ട്. അവർ ആപ്ലിക്കേഷൻ ക്ഷണിച്ചു. റാന്നിയിൽ കാണിച്ച കണക്കല്ല. മലയാള മനോരമയിലും കേരള കൗമുദിയിലുമൊക്കെ പരസ്യം കൊടുത്താണ് എടുത്തത്. റിട്ടൺ ടെസ്റ്റും നടത്തി. അവരെ

ഇന്റർവ്യൂവിന് വിളിച്ചു. അതിൽവന്ന എട്ട് പേരെ പല കാറ്റഗറിയിലായി തിരിച്ചു. സാധാരണ ഗതിയിൽ ഒരു വർഷം കഴിഞ്ഞാൽ പ്രൊബേഷൻ പിരീഡ് ഡിക്ലയർ ചെയ്യാം. പക്ഷേ അപ്പോൾ അവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തില്ല. ഒരു വർഷവും 9 മാസവും കഴിഞ്ഞതിനുശേഷം അവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് സ്ഥിരപ്പെടുത്തി. ഇപ്പോൾ ആ സ്ഥാപനം പൂട്ടാൻ പോകുന്നു. അതിന് പല പല കാരണങ്ങളുണ്ട്. ആ കാരണ ങ്ങളൊക്കെ............

<u>ശ്രീ. ജി. സുധാകരൻ</u> : സർ, സീ-മാറ്റിന്റെ കാര്യമടക്കം കേരളത്തിലെ സഹകരണമേഖലയുടെ പ്രത്യേകതകളെപ്പറ്റി അങ്ങ് പറഞ്ഞു. നമുക്കെല്ലാം അഭിമാനമുണ്ട്. 2005-ൽ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി മുഖ്യമന്ത്രിയാ യിരുന്നപ്പോൾ വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട് കേരളത്തോട് ചർച്ച ചെയ്യാ തെയും ഞങ്ങളുടെ സവിശേഷമായ നേട്ടങ്ങൾ കണക്കിലെടുത്ത് എക്സംപ്ഷൻ തരാതെയും പാസാക്കരുതെന്ന് പറഞ്ഞ് അയച്ച ഒരു ഡി. ഒ. ലെറ്റർ ഉണ്ട്. അത് കഴിഞ്ഞ ഇടതുപക്ഷ ഭരണകാലത്ത് പലതവണ ഞാൻ അസംബ്ലിയിൽ അവതരിപ്പിച്ചിട്ടുണ്ട്. അദ്ദേഹം മെഡിക്കൽ കോളേജു കളെക്കുറിച്ചും പ്രൊഫഷണൽ കോളേജുകളെക്കുറിച്ചും എടുത്തുപറ ഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ കച്ചവടത്തിന്റെ ഭാഗമായി ആ സ്ഥാപനങ്ങളെ ഒന്നൊന്നായി സഹകരണ മേഖലയിൽ നിന്ന് കൈയൊഴിയാനും, വിദ്യാഭ്യാസ മേഖലയിൽ സഹകരണമേഖല ആവശ്യമില്ലാത്ത ഒരു കാര്യമാണെന്ന് കാണി ക്കാനുമുള്ള ഒരു പ്രവണത ഇവിടെ ശക്തിപ്പെട്ടിരിക്കുകയാണ്. അതിന്റെ ഭാഗ മായാണ് സീ-മാറ്റിനെയും കൈയൊഴിയുന്നത്. സീ-മാറ്റിനെ മാത്രമല്ല, ഇന്ത്യയിൽ രണ്ട് കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജുകളുള്ളത് കേരള

ത്തിൽ മാത്രമാണ്. ഒന്ന് പരിയാരത്തും മറ്റൊന്ന് കൊച്ചിയിലുമാണ്. പരിയാരം മെഡിക്കൽ കോളേജ് തിരുവനന്തപുരത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജിനെക്കാൾ മികച്ചതാണെന്ന് വകുപ്പിന്റെ ചുമതല വഹിച്ചിരുന്നപ്പോഴുളള എന്റെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് പറഞ്ഞത്. അത്ര മികച്ച മെഡിക്കൽ കോളേജാണത്. അത് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ പ്രൊഫസർമാർക്കും മറ്റും അസൂയയുണ്ടാക്കും. അത് ശ്രീ. എം. വി. രാഘവൻ രാഷ്ട്രീയമായി എതിർത്തതുകൊണ്ട്, ഘടകകക്ഷിയായതുകൊണ്ട് എടുക്കുന്നില്ല. കൊച്ചി സഹകരണ മെഡിക്കൽ കോളേജ് അനാഥമാണ്. കൊച്ചിയിൽ തന്നെ കുറേ വിദ്വാന്മാർ ആ മെഡിക്കൽ കോളേജിനെതിരെ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഞാൻ മിനിസ്റ്റർ ആയിരുന്നപ്പോൾ വലിയതരത്തിലുളള സമരങ്ങളാണ് നടന്നത്. അതിന് ചുറ്റുപാടും കുറേ ആന്റീ സോഷ്യലിസ്റ്റുകളുണ്ട്. പലർ അതിൽ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. പക്ഷേ ആലപ്പുഴ മെഡിക്കൽ കോളേജിലെ ചില ദുരന്ത അനുഭവങ്ങൾ ഞാൻ സഭയിൽ പറഞ്ഞു. അങ്ങനെയൊന്നും കൊച്ചി മെഡിക്കൽ കോളേജിൽ ഉണ്ടായിട്ടില്ല. സർക്കാർ ഏറ്റെടുക്കുന്നതോടുകൂടി എന്തോ വലിയ ഒരു സംഭവം ഉണ്ടാകുന്നുവെന്നാണ് ചിന്തിക്കുന്നത്. ഒരു സമാന്തര സർക്കാർ സംവിധാനമായി കോ-ഓപ്പറേറ്റീവ്സിനെ മാറ്റി എന്നു പറയുന്ന വാദം ജസ്റ്റിസ് വി. കെ. കൃഷ്ണയ്യർ അല്ല ചീഫ് ജസ്റ്റിസ് ഓഫ് ഇന്ത്യ പറഞ്ഞാലും അംഗീകരിക്കാൻ കഴിയില്ല. പരസ്യപ്രതികരണം നടത്താത്തത് അത് കൂടിക്കുഴഞ്ഞുകിടക്കുന്നതുകൊണ്ടാണ്. ഞാൻ ശ്രീ. സി. എൻ. ബാലകൃഷ്ണൻ അവർകളെ കുറ്റപ്പെടുത്തുന്നില്ല. ചിന്തിക്കേണ്ട കാര്യമാണ്. നമ്മൾ എടുത്തുകൊടുത്ത പത്ത് പൈസ അതിനകത്ത് ഈ വാദിച്ചവർ ചെലവഴിച്ചി

ട്ടുണ്ടോ? സർക്കാർ 60 ഏക്കർ ഭൂമി ശ്രീ. എസ്. ശർമ്മയുടെ കാലത്ത് കൊടുത്തു. ബാക്കിയെല്ലാം നമ്മൾ കെട്ടിപ്പടുത്തതല്ലേ? അതിന് നിയമങ്ങളില്ലേ? എടുത്ത് ഗവൺമെന്റിന്റെ കയ്യിൽ കൊടുത്തുകഴിഞ്ഞാൽ സഹകരണ മേഖലയെ സഹായിക്കാതെ ശ്വാസംമുട്ടിച്ചുകൊന്നുകൊണ്ട് വാസ്തവത്തിൽ വെടക്കാക്കി തനിക്കാക്കില്ലേ? അങ്ങ് ഇത് സംബന്ധിച്ച് ഇവിടെ വിശദമായി പ്രതിപാദിക്കണമെന്ന് ഞാൻ പറയുകയാണ്. അങ്ങ് സമയം എടുത്ത് നിറുത്തിയാൽ മതി. സ്പീക്കർക്ക് ഇങ്ങനെ ധൃതിയുണ്ടാകും. ധൃതിപ്പെട്ടിട്ട് കാര്യമില്ല. ഇത് ഗൗരവമുള്ള പ്രശ്നമാണ്. ആ സ്ഥാപനം ഇപ്പോൾ കൊടുക്കുകയാണ്. അങ്ങനെ കൊടുക്കുമ്പോൾ സഹകരണമേഖലയിൽ പ്രൊഫഷണൽ കോളേജ് തുടങ്ങണ്ട എന്ന മെസേജല്ലേ നൽകുന്നത്? ചില എം.എൽ.എ.-മാർ അതിന് കൂട്ടുനിന്നുവെന്ന് പറയുന്നു. ഞാൻ ഒന്നും  എതിർക്കുകയല്ല. ഞാൻ എതിർത്തൊന്നും പറഞ്ഞില്ലല്ലോ? ഇപ്പോൾ ഞാൻ പറയുകയാണ് ഇതൊന്നും ശരിയല്ല. അതൊരു മഹത്തായ സ്ഥാപനമായിരുന്നു. വെറും 20 കോടി രൂപ ഒരു വർഷം ഗ്രാന്റ് ചോദിച്ചിട്ട് തന്നിട്ടില്ല. ഇപ്പോഴും തരുന്നില്ല. ധനകാര്യ വകുപ്പ് തരുന്നില്ല. അവിടെ ഒരു വർഷം 20 കോടി രൂപയുടെ വ്യത്യാസമേയുള്ളു. 20 കോടി രൂപയുണ്ടെങ്കിൽ കുറഞ്ഞ ചെലവിൽ വിദ്യാഭ്യാസം നടത്തുന്നതിന് സാധിക്കും. ഗവൺമെന്റിന്റേത് ഫ്രീ എന്നു പറഞ്ഞാൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ ഫ്രീ ഒന്നും ഇല്ല. വലിയ പൈസ കൊടുക്കണം. വെറുതെ പറയുകയാണ് ഫ്രീ ആണെന്ന്. അതൊക്കെ പണ്ടത്തെ കാലം. 20 കോടി രൂപ ഇവിടെയും 25 കോടി രൂപ പരിയാരത്തും തന്നാൽ ഒരു ലാഭനഷ്ടവും ഇല്ല. അങ്ങനെ സഹായിക്കുന്നതിനുപകരം അതങ്ങ് ഏറ്റെടുക്കുകയാണ്. ഏറ്റെടുത്തോ; അനുഭവിച്ചോ. സഹകരണമേഖ

ലയുടെ പ്രൊഫഷണലിസത്തിന്റെ കടയ്ക്കൽ കത്തിവച്ചുകഴിഞ്ഞു. റിസർവ്വ് ബാങ്ക് കൈയടക്കുകയാണ്. അങ്ങ് കുറേക്കൂടി വ്യക്തമായി പറയണം. ശക്തമായി പറയണം. ഇത് ഇവിടെ ആവർത്തിക്കാൻ പാടില്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ എനിക്ക് നേരിട്ട് അനുഭവമുള്ള ഒരു കാര്യമുണ്ട്. കുറച്ചുനാൾ ഞാൻ പരിയാരം മെഡിക്കൽ കോളേജിന്റെ ബോർഡ് മെമ്പർ ആയിരുന്നു. അപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ മെഡിക്കൽ മിഷൻ അവിടെ വന്ന് ഒരു അഭിപ്രായം പറഞ്ഞു. പറഞ്ഞത് വേറെയൊന്നുമല്ല. രണ്ട് മെഡിക്കൽ കോളേജുകൾ സഹകരണമേഖലയിൽ കേരളത്തിലുണ്ട്. രണ്ടും മികച്ചതാണ്. മാത്രമല്ല പരിയാരം മെഡിക്കൽ കോളേജിനെ സംബന്ധിച്ച് സർട്ടിഫിക്കറ്റ് എഴുതിയിട്ടിട്ടാണ് പോയത്. കൊച്ചി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നു. ഇതെടുക്കാൻ നോട്ടമിട്ടിരിക്കുന്നു. സർക്കാരിനെക്കൊണ്ട് കഴിയില്ലായെന്നും അതുകൊണ്ട് ഇത് സ്വാശ്രയ മേഖലയ്ക്ക് കൊടുക്കണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വന്നപ്പോൾ സഹകരണമേഖല അവിടെ ചാടിയെത്തിയതാണ്. എല്ലാ മേഖലയിലും പോകുന്നതുപോലെ ഇതും പോയി. സഹകരണരംഗത്ത് നടത്തുന്ന ഒരു കോളേജിലും അഴിമതിയോ അല്ലെങ്കിൽ മറ്റ് രീതിയിലുള്ള പ്രവർത്തനങ്ങളോ ഇല്ല. മറ്റ് സ്വാശ്രയ കോളേജുകൾ നടത്തുന്നതുപോലെ ഒരു സംഗതിയും ഇല്ല. അതിനെ വേർതിരിച്ചു കാണാനും ഇതിന് പ്രാമുഖ്യം കൊടുക്കാനും പ്രാധാന്യം കൊടുക്കാനും എന്തുകൊണ്ടാണ് ഈ ഗവൺമെന്റ് തയ്യാറാകാത്തത്? പറഞ്ഞല്ലോ? എന്തെല്ലാം, എവിടെയെല്ലാം നടക്കുന്നു. അതുകൊണ്ട് ഞാൻ വേറൊന്നും പറയുകയല്ല. ഞാൻ പറഞ്ഞുകൊണ്ടുവന്നത് സീ–മാറ്റിന്റെ കാര്യമാണ്. മെഡിക്കൽ കോളേജും സീ–മാറ്റും പ്രൊഫഷണലാണ്. പ്രൊഫഷണൽ രംഗത്ത്

നമുക്ക് കൂടുതൽ പ്രൊഡക്ഷൻ ഉണ്ടാക്കിയെടുക്കാനും വളർത്തിയെടുക്കാനും വേണ്ടിയിട്ടുള്ള ഒരു പരിശ്രമത്തിന്റെ ഭാഗമാണ്. എന്തുകൊണ്ടാണ് ഇങ്ങനെ കാണിക്കുന്നത്? ഒരു കാര്യവുമില്ല. നിറുത്തേണ്ട. ഞാൻ പറഞ്ഞല്ലോ. എട്ടുപേർക്ക് ശമ്പളം പോലും കൊടുക്കുന്നില്ല. ശമ്പളം കൊടുക്കുന്നില്ലായെന്ന് ഞാൻ മന്ത്രിക്ക് എഴുതിക്കൊടുത്തു. കൊടുക്കാമെന്ന് മന്ത്രി സമ്മതിച്ചു. മന്ത്രി  എല്ലാം സമ്മതിക്കും. കുഴപ്പമില്ല. അവരെ പിരിച്ചുവിടാൻ സാധിക്കില്ല. ഈ എട്ടുപേരും അവിടെ സ്ഥിരജീവനക്കാരാണ്. ഇപ്പോൾ നാല് പേരെ ഇവിടെ എടുക്കുകയാണ്. എവിടെ?

<u>ശ്രീ. വർക്കല കഹാർ</u> : സഹകരണ രംഗത്തെ ഒരു രാക്ഷസനായിട്ടാണ് അങ്ങയെ എല്ലാവരും കാണുന്നത്. രാക്ഷസൻ എന്നുള്ളത് സഹകരണത്തിൽ പ്രയോഗിക്കുമ്പോൾ ഒരു മോശപ്പെട്ട പ്രയോഗമല്ല. ബഹുമാനപ്പെട്ട മന്ത്രി പല കാര്യങ്ങളിലും അങ്ങയുടെ കൂടി ഉപദേശം തേടിയാണ് ഇതൊക്കെ ചെയ്യുന്നതെന്നാണ് ഞങ്ങളുടെ ഇടയിലുള്ള ഒരു സംസാരം. അപ്പോൾ അത് തെറ്റാണോ?

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : ഇപ്പോൾ ഞാനാണോ രാക്ഷസൻ, കഹാറാണോ രാക്ഷസൻ എന്ന് ആളുകൾ തീരുമാനിക്കും. എല്ലാം നിങ്ങളുടെ ഇടയിൽ തീരുമാനിക്കും. നിങ്ങളുടെ എം.എൽ.എ. മാരുടെ ഇടയിൽ വോട്ടെടുപ്പ് നടക്കുമ്പോൾ ആരാണ് രാക്ഷസനെന്ന് തീരുമാനിക്കും. രാക്ഷസന്റെ ക്രൈറ്റീരിയ ഒക്കെ വേറെയാണ്. ഞാൻ അതിനെപ്പറ്റി ഒന്നും പറയുന്നില്ല. രാക്ഷസൻ എന്നുള്ള പ്രയോഗം പാർലമെന്ററി ആണോ അല്ലെയോ എന്ന് ഞാൻ പറയുന്നില്ല. എന്താണെങ്കിലും കഹാറിന് എന്നെ നേരിട്ടറിയാം. ഞാൻ മന്ത്രിയെ ഉപദേശിക്കാൻ ശക്തനല്ല. അണ്ടൂർക്കോണത്തെ സഹകരണ ബാങ്കിനെ എങ്ങനെയാണ് പിടിച്ചെടുത്തത്? അവിടെ

ഞാൻ വന്നില്ലല്ലോ. മുമ്പേയിരിക്കുന്ന എം. എ. വാഹീദിനോട് ചോദിച്ചു നോക്കൂ. ആരുടെ ഉപദേശം. ................ വാഹീദ് ഒന്നും പറഞ്ഞില്ല.

ശ്രീ. എം. എ. വാഹീദ്: യഥാർത്ഥത്തിൽ അവിടെ ജനാധിപത്യപരമായ തെരഞ്ഞെടുപ്പാണ് നടന്നത്. വളരെ കാലേക്കൂട്ടി പരസ്യം കൊടുത്ത് ഐഡന്റിറ്റി കാർഡ് കൊടുത്ത് വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽ തെരഞ്ഞെടുപ്പ് നടന്നു, നിങ്ങളുടെ പാർട്ടി ആയിരത്തോളം വോട്ടിന് തോറ്റു. അതാണ് അവിടെ സംഭവിച്ചത്. തോറ്റപ്പോൾ പിന്നെ എല്ലാം കുഴപ്പമാണെന്ന് പറയുകയാണ്. യഥാർത്ഥ സഹകരണ ജനാധിപത്യം നടന്നത് അണ്ടൂർകോണത്താണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ശ്രീ. എം. എ. വാഹീദും ഞാനും തമ്മിൽ ഒരു വാദപ്രതിവാദം അതിനകത്ത് വേണ്ട. അണ്ടൂർകോണത്തെക്കുറിച്ച് എനിക്കറിയാമെന്ന് വാഹീദിന് അറിയാമല്ലോ. ഞാൻ അങ്ങോട്ടു വന്നില്ല. വരാത്ത കാര്യം ഇങ്ങനെയുള്ള കാര്യങ്ങളിൽ ഇടപെടേണ്ട എന്നു വിചാരിച്ചിട്ടാണ്. എത്ര കാർഡുകൾ കൊടുത്താലും പരസ്യപ്പെടുത്തിയാലും ആളുകളെ പോലീസിനെ ഉപയോഗിച്ച് വോട്ട് ചെയ്യാൻ സമ്മതിക്കാതിരുന്നാൽ എങ്ങനെയാണ് വോട്ട് ചെയ്യുന്നത്. ഞാൻ ആദ്യം പേരു പോലും പറഞ്ഞില്ല. ഈ സംഘത്തിന്റെ കാര്യമാണ്. അണ്ടൂർകോണം തൊട്ടിട്ടില്ല, ആര്യനാട്, ആനാട്, റാന്നി – പഴവങ്ങാടി പറഞ്ഞു. അണ്ടൂർകോണത്തിന്റെ കാര്യം പറയാത്തത് ശ്രീ. വാഹീദുമായി അങ്ങനെയൊരു വാദപ്രതിവാദം വേണ്ട എന്നു വച്ചാണ്. എനിക്കറിയാം, അണ്ടൂർകോണത്ത് ഒരാളെ വോട്ട് ചെയ്യാൻ സമ്മതിച്ചിട്ടില്ല. അതാണ് ഇപ്പോഴത്തെ സംവിധാനം. എന്താണെങ്കിലും ശരി. ഞാനാണ് സഹകരണ വകുപ്പുമന്ത്രിയെ നിയന്ത്രിച്ചിരുന്നതെങ്കിൽ പല കാര്യങ്ങളും ഇവിടെ നന്നായി നടന്നുപോകുമായിരുന്നു. തീർച്ചയായും പലതും നടന്നുപോയേനേ. പക്ഷേ, നിയന്ത്രിക്കുന്ന ആളുകൾ

വേറെയുണ്ട്. ഞാൻ അതിനകത്ത് കൂടുതലൊന്നും പറയുന്നില്ല. അതൊന്ന് നേരെയാക്കിയാൽ കൊള്ളാം. സംസ്ഥാന സഹകരണ ബാങ്കിന്റെ കാര്യമാണ് ഞാൻ പറയുന്നത്. സംസ്ഥാന സഹകരണ ബാങ്കിൽ... അവിടെയെങ്കിലും ട്രാൻസ്ഫർ ചെയ്തു കൊടുക്കേണ്ടതല്ലേ. അതൊക്കെ മന്ത്രി വിചാരിച്ചാൽ നടക്കുന്ന കാര്യമാണ്. അതുകൊണ്ട് ആ കോഴ്സ് നിലനിറുത്താൻ നോക്കണം. എട്ടു-പത്തു കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് അവിടെയുണ്ട്. എന്തിനാണ് അത് കളയുന്നത്. ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതിരിക്കുകയാണ്. മുൻ ഗവൺമെന്റ് ന്യായമായി പറഞ്ഞത് കാർഷിക വികസന ബാങ്കുകൾ താലൂക്കടിസ്ഥാനത്തിൽ വേണമെന്നാണ്. ആ ഗവൺമെന്റ് പോയി. താലൂക്കിൽ നിങ്ങൾക്ക് രജിസ്റ്റർ ചെയ്യാം, കുഴപ്പമില്ല. ഞങ്ങൾ അപേക്ഷ കൊടുത്താലും അത് കണക്കാക്കാതെ നിങ്ങൾക്ക് രജിസ്റ്റർ ചെയ്യാം. പക്ഷേ, ഇപ്പോൾ ചെയ്തിരിക്കുന്നത് എന്താണ്? ആസ്തിബാധ്യതകൾ തിട്ടപ്പെടുത്താ നെന്ന് പറഞ്ഞ് അഡ്മിനിസ്ട്രേറ്ററെ വച്ച് ആ ബാങ്കുകൾ പിടിച്ചെടുക്കാനുള്ള പരിപാടിയല്ലേ ചെയ്തിരിക്കുന്നത്. രാജ്യത്തൊട്ടാകെയുള്ള സഹകരണ മേഖ ലയിൽ ഇതൊക്കെ നടക്കാൻ പാടില്ലാത്ത കാര്യങ്ങളല്ലേ. ഏതാണെങ്കിലും ശരി ഈ രീതിയിലാണ് കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഭരണരംഗത്തു വന്നിരിക്കുന്ന ഈ രീതിയിലുള്ള വൈകല്യങ്ങൾ തിരുത്താൻ ശ്രമിച്ചാൽ നല്ലത്. ഇൻഡ്യയിൽ എവിടെച്ചെന്നാലും ശരി സഹകരണത്തെ സംബന്ധിച്ച് അഭിമാനത്തോടെ നമുക്ക് നിൽക്കാൻ കഴിയും. എല്ലായിടത്തും നമ്മൾ പോകുന്നതല്ലേ, മീറ്റിംഗിന് പോകുമ്പോൾ പല സംസ്ഥാനങ്ങളിൽ നിന്നും ഐ.എ.എസ്.കാരാണ് വരുന്നത്. ശ്രീ. കെ. ശിവദാസൻ നായർക്കറിയാം, അദ്ദേഹം ഇല്ല, അല്ലെങ്കിൽ പറയുമായിരുന്നു. അദ്ദേഹം ശ്രീ. വർക്കല കഹാറിനെപ്പൊലെയും ശ്രീ. എം. എ. വാഹീദിനെപ്പോലെയുമുള്ള

ആളല്ല, കുറച്ചുകൂടി ഭേദപ്പെട്ട ആളാണെന്ന് തോന്നുന്നു. ഇങ്ങനെയൊന്നും കയറി പറയില്ല. ശിവദാസൻ നായരുണ്ടെങ്കിൽ നിങ്ങളുടെ കഴുത്തിന് പിടിച്ചേനേ, ഞാനും അയാളും നായരായതുകൊണ്ടല്ല, സഹകരണത്തിന്റെ കാര്യമായതുകൊണ്ട്. ഞാൻ പറഞ്ഞുവന്നത്, ഈ രീതിയിൽ ഇൻഡ്യയ്ക്ക് അഭിമാനമായ കേരളത്തിലെ സഹകരണ പ്രസ്ഥാനം നല്ല രീതിയിൽ കൊണ്ടു പോകുന്നതിന് മന്ത്രി തീരുമാനിക്കണം, ഉറച്ച തീരുമാനമെടുക്കണം. സഹകരണ വകുപ്പുമന്ത്രിക്ക് ഈ ഡിപ്പാർട്ട്മെന്റ് ഭരിക്കാനുള്ള ശേഷിയൊക്കെയുണ്ട്, എനിക്കറിയാം. പക്ഷേ, എന്തിനാ വെറുതെ വഴക്കുണ്ടാക്കുന്നത് എന്ന് വിചാരിച്ച് വേണ്ടാ എന്നു വയ്ക്കുന്നതാണ്. അത് മാറ്റി ഞാനിരിക്കുന്നയിടത്തോളം കാലം ഈ രംഗം ശരിയായി നിലനിറുത്തും എന്നു പറഞ്ഞ് മുമ്പോട്ടു പോയാൽ ഞങ്ങളുടെയൊക്കെ സഹകരണമുണ്ടാകും. അതാണ് സഹകരണ വകുപ്പിന് നല്ലത്. ഞാൻ ഈ ഓർഡിനൻസിനെ നിരാകരിക്കുന്നു.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ഞാൻ ഈ നിരാകരണ പ്രമേയത്തെ പിന്താങ്ങുകയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം കോലിയക്കോട് എൻ. കൃഷ്ണൻ നായർ വളരെ വിശദമായിത്തന്നെ ഈ ഭേദഗതി സംബന്ധിച്ച വിശദാംശങ്ങളിലേയ്ക്ക് പോയിട്ടുണ്ട്. യഥാർത്ഥത്തിൽ 110 വർഷത്തെ പാരമ്പര്യമുള്ള നമ്മുടെ രാജ്യത്തെ സഹകരണ പ്രസ്ഥാനത്തെ കേന്ദ്ര ഗവൺമെന്റും തദനുസൃതമായി സംസ്ഥാന ഗവൺമെന്റും പൂർണ്ണമായും ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം പല ഭേദഗതികളും കൊണ്ടുവന്നു. കഴിഞ്ഞ ഭേദഗതിയുടെ ഘട്ടത്തിൽ ഈ സഭയ്ക്കകത്തുള്ള വികാരം ഏറെക്കുറെ ഏകകണ്ഠമായിരുന്നു എന്നു

പറഞ്ഞാൽ തെറ്റില്ല. ആ ഭേദഗതി അവതരിപ്പിച്ച ബഹുമാന്യനായ സഹകരണ വകുപ്പുമന്ത്രിക്ക് പോലും താൻ പൈലറ്റ് ചെയ്യുന്ന ഭേദഗതിയുടെ ഉള്ളടക്കം സംബന്ധിച്ച് ആശങ്കയുണ്ടായിരുന്നു. അത് സഹകരണ മേഖലയ്ക്ക് എത്രത്തോളം ദോഷം ചെയ്യും എന്നുള്ളതിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വ്യക്തിപരമായ ആശങ്കപോലും പ്രകടിപ്പിക്കുന്ന വിധത്തിലാണ് അദ്ദേഹം കാര്യങ്ങൾ അവതരിപ്പിച്ചത്. പക്ഷേ, ദൗർഭാഗ്യവശാൽ അദ്ദേഹത്തിന് വേറെ നിർവ്വാഹമില്ല. സഹകരണ പ്രസ്ഥാനത്തോട് വളരെ മമതയുള്ള ഒരാളായിട്ടാണ് ഈ കേരളം സഹകരണ വകുപ്പുമന്ത്രിയെ കാണുന്നത്. പക്ഷേ, ഈ ഗവൺമെന്റ് അദ്ദേഹത്തിന് കൊടുത്തിട്ടുള്ള ഉത്തരവാദിത്തം യഥാർത്ഥത്തിൽ കാലി മേയ്ക്കുന്ന ആളെ കശാപ്പുകാരനാക്കുന്നതുപോലെയാണ്. അദ്ദേഹം ഒരുപാട് കാലം സഹകരണ പ്രസ്ഥാനത്തെ മേയ്ച്ചിട്ടുണ്ട്. അതിന് നല്ല അവസ്ഥ സൃഷ്ടിച്ചിട്ടുണ്ട്. ഇപ്പോഴും അദ്ദേഹം ചുമതലയെടുത്ത് പ്രവർത്തിച്ച തൃശ്ശൂരിലെ സഹകരണ പ്രസ്ഥാനത്തിന്റെ നല്ല ഫലങ്ങൾ ജനങ്ങൾക്ക് അനുഭവിക്കാൻ അവസരം വന്നിട്ടുണ്ട്. പക്ഷേ, അതെല്ലാം ചെയ്ത ബഹുമാന്യനായ സഹകരണ വകുപ്പുമന്ത്രിയെ ഈ അവസരത്തിൽ സഹകരണ പ്രസ്ഥാനത്തെ കുഴിച്ചുമൂടുന്നതിനുള്ള ചുമതല ഏൽപ്പിച്ചിരിക്കുകയാണ്. വളരെ ചെറിയ ഒരു ഭേദഗതി എന്നാണ് ഇപ്പോൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ഭേദഗതയെക്കുറിച്ച് സാമാന്യേന തോന്നുന്നത്. സഖാവ് കോലിയക്കോട് എൻ. കൃഷ്ണൻ നായർ സൂചിപ്പിച്ചതാണ്. സഹകരണ മേഖലയുടെയും സഹകരണ പ്രസ്ഥാനത്തിന്റെയും നന്മയ്ക്കുവേണ്ടി, അതിന്റെ സ്റ്റെബിലിറ്റിക്കുവേണ്ടി നാല് ശതമാനം ഓഹരിമൂലധനത്തിലേയ്ക്ക് മുതൽക്കൂട്ടണം. പടിപടിയായി 2019 ആകുമ്പോഴേയ്ക്കും 12 ശതമാനമായി ഓഹരി മൂലധനത്തെ മാറ്റിത്തീർക്കണമെന്നാണ്

റിസർവ്വ് ബാങ്ക് നിർദ്ദേശിക്കുന്നത്. യഥാർത്ഥത്തിൽ ഈ ഓഹരി മൂലധന ത്തിന്റെ പടിപടിയായിട്ടുള്ള വർദ്ധനവ് ഗവൺമെന്റ് കൊടുക്കാൻ തയ്യാറാ കുമോ? എവിടെനിന്നും ഇത് സമാഹരിക്കണമെന്നാണ് ഇപ്പോൾ ഗവൺമെന്റിന് നിർദ്ദേശിക്കാനുള്ളത്; വേറെ വഴിയൊന്നുമില്ല. ഇവിടെ സൂചി പ്പിച്ചതുപോലെ നിക്ഷേപത്തിൽ നിന്നും വായ്പയിൽ നിന്നും അത് സമാഹരി ക്കണം. അങ്ങനെ സമാഹരിക്കാൻ പുറപ്പെട്ടാൽ സ്വഭാവികമായും സഹകരണ മേഖലയിൽ ഒരു തുക ഡെപ്പോസിറ്റ് ചെയ്യാൻ വരുന്ന ആൾക്ക് അവിടെ ഷെയറെടുക്കേണ്ടിവരും. ഒരു തുക ഫിക്സഡ് ഡെപ്പോസിറ്റ് ഇടുന്ന സമയത്ത് അതിൽ നിന്നും നിശ്ചിത ശതമാനം ഷെയറെടുക്കണമെന്ന നിബന്ധനയുണ്ടായാൽ, ആ നിബന്ധന അംഗീകരിച്ചുകൊണ്ട് പലിശരഹിത മായ ഷെയറിലേയ്ക്ക് ഒരു നിശ്ചിതശതമാനം തന്റെ ഡെപ്പോസിറ്റ് വകയി രുത്തി അവശേഷിക്കുന്ന തുകയ്ക്ക് മാത്രം പലിശ ലഭിക്കുന്നു എന്ന അവസ്ഥ വന്നാൽ എങ്ങനെയാണ് ഇന്നത്തെ കാലത്ത് സഹകരണ മേഖല യിലേയ്ക്ക് നിക്ഷേപത്തെ ആകർഷിക്കാൻ സാധിക്കുന്നത്. ഒരു ലക്ഷം കോടിയോളം രൂപ യഥാർത്ഥത്തിൽ ഇന്ന് കേരളത്തിലെ സഹകരണ മേഖ ലയ്ക്ക് മുതൽക്കൂട്ടായിട്ടുണ്ട്. ഈ തീരുമാനം പ്രാവർത്തികമായി നിർദ്ദിഷ്ട 2019 ആകുന്നതോടുകൂടി സഹകരണ മേഖലയിലെ നിക്ഷേപം ഏറെക്കുറെ പൂർണ്ണമായും ഇല്ലാതാകും. സഹകരണ മേഖലയിലെ നിക്ഷേപമില്ലാതെയാ കുന്നു എന്നു പറഞ്ഞാൽ രണ്ടു ഫലമാണുണ്ടാകുന്നത്. ഈ നിക്ഷേപമെല്ലാം സ്വകാര്യമേഖലയിലേയ്ക്ക് പോകും, പ്രത്യേകിച്ച് ന്യൂജനറേഷൻ ബാങ്കുകളി ലേയ്ക്ക്. അവയുടെ സംവിധാനമെന്താണ്. ഇരിക്കുന്നിടത്ത് ഇരുന്നുകൊണ്ട് നിങ്ങൾക്ക് എല്ലാ ബാങ്കിംഗ് സംവിധാനവും നിർവ്വഹിക്കാൻ സാധിക്കും.

ഇ–ബാങ്കിംഗ് ഉണ്ട്, മൊബൈൽ ബാങ്കിംഗ് ഉണ്ട്. ഏറ്റവും പുതിയ സാങ്കേതിക സംവിധാനങ്ങളാണ് ന്യൂജനറേഷൻ ബാങ്കുകൾ ഏർപ്പെടുത്തുന്നത്. സ്വാഭാവികമായും ന്യൂജനറേഷൻ ബാങ്കുകളിലേയ്ക്ക് പോകുന്ന ഈ വലിയ നിക്ഷേപം ആർക്കാണ് ദോഷം ചെയ്യുന്നത്. ന്യൂജനറേഷൻ ബാങ്കുകളിലേയ്ക്ക് പോകുന്നതിൽ ഒരു നയാപൈസയെങ്കിലും കേരളത്തിന്റെ പൊതുസമൂഹത്തിന് പ്രയോജനപ്പെടത്തക്കവിധത്തിൽ ഉപയോഗിക്കുമെന്നുള്ളതിന് നാളിതുവരെയുള്ള അനുഭവം നമ്മുടെ മുമ്പിലില്ല. ഭാവിയിലൊട്ട് ഉണ്ടാകാനും പോകുന്നില്ല. അതിന്റെ ഫലമെന്നത്,  യഥാർത്ഥത്തിൽ നമ്മുടെ വിവിധ ആവശ്യങ്ങൾക്കുവേണ്ടി. ഈ ഗവൺമെന്റും കഴിഞ്ഞ ഗവൺമെന്റും എന്തെല്ലാം പദ്ധതികൾ പ്രഖ്യാപിച്ചു. പലിശരഹിത വായ്പ, കടാശ്വാസം തുടങ്ങി എന്തൊക്കെ കാര്യങ്ങളാണ് പ്രഖ്യാപിക്കുന്നത്. ഇതെല്ലാം പ്രഖ്യാപിക്കുന്നതിനനുസരിച്ച് ബഡ്ജറ്റ് സപ്പോർട്ടുണ്ടോ, അതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തി സഹകരണ സ്ഥാപനങ്ങൾക്ക് കൊടുക്കുന്നുണ്ടോ; കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തായാലും ഈ ഗവൺമെന്റിന്റെ കാലത്തായാലും നിങ്ങൾ ഈ ചുമതല ജനങ്ങൾക്കുവേണ്ടി നിർവ്വഹിക്കണമെന്ന് സഹകരണ പ്രസ്ഥാനത്തോട് അഭ്യർത്ഥിക്കുകയാണ്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി നന്നായി നമ്മുടെ സഹകരണ പ്രസ്ഥാനങ്ങൾ ഇടപെട്ടിട്ടുണ്ട്. അതിന്റെ ഭാഗമായി അവർക്കൊരുപാട് സാമ്പത്തിക നഷ്ടമുണ്ടായിട്ടുണ്ട്. കൊപ്ര സംഭരിക്കാൻ പറയുമ്പോൾ കൊപ്ര സംഭരിക്കും. കശുവണ്ടിയും നെല്ലും സംഭരിക്കാൻ പറയുമ്പോൾ അതൊക്കെ സംഭരിക്കും. ഈ സംഭരണത്തിന്റെയെല്ലാം ഭാഗമായി സഹകരണ പ്രസ്ഥാനം വകയിരുത്തേണ്ടിവരുന്ന ചെലവ് അതാത് സമയത്ത് സർക്കാരിന് കൊടുക്കാൻ സാധിക്കുന്നുണ്ടോ; ഇല്ല, കൊടുക്കുന്നില്ല, അതുകൊണ്ട് ആ സഹകരണ മേഖല

ഗവൺമെന്റിന്റെ താല്പര്യത്തോട് മുഖംതിരിഞ്ഞുനിൽക്കുകയല്ല ചെയ്യുന്നത്. ജനങ്ങൾക്കുവേണ്ടിയാണ് ഈ കാര്യങ്ങളൊക്കെ ചെയ്യുന്നതെന്ന നല്ല ബോദ്ധ്യത്തോടെയാണ് വലിയ സാമ്പത്തിക നഷ്ടം സഹിച്ചുകൊണ്ട് സഹകരണ പ്രസ്ഥാനം ഉത്തരവാദിത്തങ്ങളെല്ലാം ഏറ്റെടുക്കുന്നത്. നമ്മുടെ സഹകരണ പ്രസ്ഥാനങ്ങൾ വിശേഷിച്ച് പ്രാഥമിക സഹകരണ സ്ഥാപനങ്ങൾ വലിയൊരു ശതമാനം നഷ്ടത്തിലാണെന്ന് അങ്ങേയ്ക്കറിയുന്നതാണ്. അവയെ നഷ്ടത്തിൽ നിന്ന് രക്ഷപ്പെടുത്താൻ സാധിക്കുന്ന എന്തെങ്കിലു മൊരു മാർഗ്ഗനിർദ്ദേശംകൂടി ഈ ഭേദഗതികളെല്ലാം അവതരിപ്പിക്കുന്ന ഘട്ട ത്തിൽ പറഞ്ഞിരുന്നുവെങ്കിൽ അത് ജനങ്ങൾക്ക് ബോദ്ധ്യമാകുമായിരുന്നു. നേരെമറിച്ച് അവർക്ക് ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന നിക്ഷേപം പോലും കിട്ടാത്ത നടപടിക്കാണ് ഇപ്പോൾ മുതിരുന്നത്.

അതുപോലെ നാളെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്കും നെൽകൃഷിക്കാർക്കും കശുവണ്ടി കൃഷിക്കാർക്കും നാളികേര കൃഷിക്കാർക്കും ഏതെങ്കിലും ഒരു കാർഷിക ഉല്പന്നത്തിന്റെ സംഭരണത്തി ന്റെയോ സംസ്കരണത്തിന്റെയോ ഭാഗമായി പത്തു രൂപ നീക്കി വക്കാൻ ഐ.സി.ഐ.സി.ഐ. ബാങ്കിനോട് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെ ടുമോ? എച്ച്.ഡി.എഫ്.സി. ബാങ്കിനോട് ഈ ഗവൺമെന്റിന് ആവശ്യപ്പെടാൻ സാധിക്കുമോ? ആക്സിസ് ബാങ്കിനോട് ഇത്തരമൊരു നിർദ്ദേശം മുന്നോട്ടു വയ്ക്കാൻ ഈ ഗവൺമെന്റിന് സാധിക്കുമോ? ആർക്കും സാധിക്കില്ല. അവ രൊന്നും ഇക്കാര്യം ചെവിക്കൊള്ളില്ല. യഥാർത്ഥത്തിൽ കേരളത്തിലെ സഹകരണ മേഖലയെ കൊന്നു കുഴിച്ചുമൂടി ന്യൂജെനറേഷൻ ബാങ്കുകളുടെ തൃപ്പാദങ്ങളിൽ കൊണ്ടുപോയി സമർപ്പിക്കുന്നതിനുള്ള ഭേദഗതികളാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം അടിക്കടി മുന്നോട്ട് വച്ചുകൊണ്ടിരിക്കുന്നത്.

സഹകരണ മേഖലയുടെ പല്ലും നഖവും പറിച്ചെടുത്ത് അവസാനം രോമവും തൊലിയും ഉരിഞ്ഞ് കെട്ടിത്തൂക്കി കശാപ്പു ചെയ്തു സഹകരണ പ്രസ്ഥാനത്തെ ലേലത്തിൽ വിൽക്കുകയാണ് ചെയ്യുന്നത്. ബാങ്കെന്ന പേര് ഉപയോഗിച്ചുകൂടാ. ഓരോ ഭേദഗതിയും വരുമ്പോൾ പ്രത്യക്ഷത്തിൽ വളരെ വളരെ സ്വീകാര്യമെന്ന് തോന്നുന്ന വിധത്തിലാണ് അവതരിപ്പിക്കപ്പെടുന്നത്. ഭരണഘടനാ ഭേദഗതിയിലൂടെ സംഘങ്ങൾ രൂപീകരിക്കാനുള്ള അവകാശം പൗരന്റെ മൗലികാവകാശമാക്കി മാറ്റി.

ശ്രീ. എം. ഹംസ : സർ, അങ്ങ് ഈ സഹകരണ മേഖലയിലെ നിയമനിർമ്മാണത്തിന്റെ പരിമിതയെക്കുറിച്ചാണ് സംസാരിച്ചത്. ഇപ്പോൾ സഹകരണ സ്ഥാപനങ്ങളെല്ലാം കമ്പ്യൂട്ടറൈസ് ചെയ്യുകയും ഹൈടെക്നോളജിയിലേക്ക് വരികയും ചെയ്തു. ഇപ്പോഴും നമ്മുടെ ഓഡിറ്റിംഗ് നടക്കുന്നത് പ്രാകൃത രീതിയിലാണ്. ഇൻഫർമേഷൻ സിസ്റ്റം ഓഡിറ്റിംഗിലേക്ക് പോയിട്ടില്ല. അതിനെക്കുറിച്ചൊന്നും അഡ്രസ്സ് ചെയ്യാത്ത രീതിയിലാണ് ഇപ്പോഴും നിയമനിർമ്മാണങ്ങൾ നടക്കുന്നത്. ഇപ്പോൾ സഹകരണ രംഗത്ത് മൂന്നാമത്തെ ഭേദഗതിയാണ് ഇവിടെ അവതരിപ്പിക്കുന്നത്. മൂന്നാമത്തെ ഭേദഗതി അവതരിപ്പിച്ചിട്ടും ഇൻഫർമേഷൻ സിസ്റ്റത്തെയും ഓഡിറ്റിംഗിനെയുംകുറിച്ച് പറയാതെ ഇത് കുറ്റമറ്റ രീതിയിലാക്കുന്നതിനെക്കുറിച്ച് പറയാതെ പോകുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജെയിംസ് മാത്യു : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യത്തിൽ രണ്ടു വശമുണ്ട്. ഒന്ന്, ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താത്തതുകൊണ്ട് ഓഡിറ്റ് രണ്ടും മൂന്നും നാലും വർഷത്തേത് പെന്റിംഗിലാകുന്നു എന്നുള്ളത് വസ്തുതയാണ്. എന്നാൽ ആഗോളതലത്തിൽ പ്രശസ്തരായ ചില ഓഡിറ്റർമാർ ഓഡിറ്റ് ചുമതല ഏൽപ്പിച്ച

ഓഡിറ്റിംഗ് കമ്പനിയായ സത്യം കമ്പ്യൂട്ടേഴ്സ് തകർന്നു തരിപ്പണമായി ക്കഴിഞ്ഞപ്പോഴാണ് കൂപ്പേഴ്സ് എന്നു പറയുന്ന അന്താരാഷ്ട്ര പ്രശസ്തമായി ട്ടുള്ള ഒരു കമ്പനി നടത്തിയ ഓഡിറ്റിന് യാതൊരു വിലയും ഫലവുമുണ്ടായി രുന്നില്ല എന്ന് ലോകം കണ്ടത്. യഥാർത്ഥത്തിൽ അതിന്റെ അനുഭവപാഠം വച്ചു നോക്കുമ്പോൾ നമ്മുടെ പാവപ്പെട്ട സാധാരണ സഹകരണ ഡിപ്പാർട്ടു മെന്റിലെ ഓഡിറ്റർമാർപോലും പോയി ഇരുന്ന് പേജ് കണക്കിന് കടലാസ് മറിച്ച് ഓരോ കണക്കും നോക്കി കുറിച്ചു വയ്ക്കുകയും കൃത്യമായ പ്രവൃത്തി അവർ ചെയ്യുകയും ചെയ്തു. യഥാർത്ഥത്തിൽ സാങ്കേതിക വൈദഗ്ദ്ധ്യം ഉപ യോഗപ്പെടുത്തണ്ട എന്നുള്ള അർത്ഥത്തിലല്ല പറയുന്നത്, സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ പേരിൽ ഇതുകൂടി പ്രൈവറ്റൈസ് ചെയ്യാൻ പുറപ്പെടരുത് എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. കാരണം ജനന മരണ രജിസ്റ്ററു കളുൾപ്പെടെ നാം കൊടുത്തുകൊണ്ടിരിക്കുകയാണ്. ന്യായങ്ങളെല്ലാം ഇന്നലെ നമ്മൾ ഈ സഭയിൽ കേട്ടതാണ്. പക്ഷേ, ഇതുപോലെ സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ പേരിലാണ് പ്രൈവറ്റൈസ് ചെയ്യുന്നതെങ്കിൽ ഒരു സംശ യവും വേണ്ട............ഏറ്റവും വലിയ കമ്പ്യൂട്ടർ കമ്പനിയാണ് സത്യം കമ്പ്യൂ ട്ടേഴ്സ്, അത് തകർന്നുപോയി. ആർക്കും കണ്ടുപിടിക്കാനോ മുൻകൂട്ടി മനസ്സിലാക്കാനോ സാധിച്ചില്ല. ഓഡിറ്റെല്ലാം കൃത്യമായി നടന്നിട്ടുണ്ട്. വലിയ പ്രശസ്തമായ കമ്പനിയാണ് ഓഡിറ്റ് നടത്തിയത്. ഞാൻ പറഞ്ഞു വരുന്നത് ഇതൊരു ചരിത്ര ദൗത്യമാണ്. ഇതിനെ കുറ്റപ്പെടുത്തുന്നില്ല. യു.പി.എ. ഗവൺമെന്റിന്റ് കേരളം ഭരിക്കുന്ന കോൺഗ്രസ്സിന്റെ നേതൃത്വത്തി ലുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ മുകളിൽ ഏൽപ്പിക്കപ്പെട്ടിട്ടുള്ള ഒരു ചരിത്ര ദൗത്യമാണ്. അത് വേറൊന്നുമല്ല, ആഗോളവത്ക്കരണത്തിന്റെയും ഉദാരവത്ക്കരണത്തിന്റെയും സ്വകാര്യവത്ക്കരണത്തിന്റെയും പിൻപറ്റി ഈ

രാജ്യവും ജനങ്ങളും അനുഭവിച്ചുകൊണ്ടരിക്കുന്ന എല്ലാ നന്മകളും തകർത്ത് തരിപ്പണമാക്കും. അത് ചെയ്തു കൊണ്ടിരിക്കുകയാണ്. എല്ലാ അർത്ഥത്തിലും പുത്തൻ സമ്പദ്വ്യവസ്ഥയുടെ ഭാഗമായി മുന്നോട്ടുവച്ച ഏതൊക്കെ മേഖലകളിലാണ് കടന്നു കയറി ശരിപ്പെടുത്തേണ്ടത് ആഗോളവത്ക്കരണത്തിന്റെ ഭാഗമായിട്ടുള്ള മൂലധന കുത്തൊഴുക്ക്, അങ്ങനെയുള്ള വിദേശ മൂലധന കുത്തൊഴുക്കിന് എവിടെയെങ്കിലും ഒരു തടസ്സം ഉണ്ടോ? ആ തടസ്സം എത്രയും വേഗത്തിൽ നീക്കം ചെയ്തു കൊടുക്കണം. എല്ലാ തെരഞ്ഞെടുപ്പുകളിലും ഇടതുപക്ഷ ജനാധിപത്യമുന്നണിയെ വളരെ ശക്തമായി എതിർക്കുന്ന കേരളത്തിലെ ഒരു വിഭാഗമാണ് നമ്മുടെ കച്ചവടക്കാരുടെ മേഖലയിലുള്ള ഒരു പ്രധാനപ്പെട്ട സംഘടന. അവർ എല്ലാകാലത്തും തെരഞ്ഞെടുപ്പ് വരുമ്പോൾ നഖശിഖാന്തം എതിർക്കും ഇടതുപക്ഷ ജനാധിപത്യമുന്നണിക്കെതിരെ അവർ നിലപാട് സ്വീകരിക്കും. പക്ഷേ, ഈ അടുത്ത നാളിൽ ആ സംഘടനയുടെ പ്രധാനപ്പെട്ട ഭാരവാഹികൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രവർത്തകരോടൊപ്പം വേദി പങ്കിട്ട് പരസ്യമായി പറഞ്ഞു ഞങ്ങൾക്ക് തെറ്റുപറ്റി എന്ന്. എന്തു കാര്യത്തിലാണ് അവർ പറഞ്ഞത്? വിദേശ മൂലധന നിക്ഷേപം ചെറുകിട വ്യാപാര രംഗത്തേയ്ക്ക് കടന്നു വരുന്നതിനുണ്ടായിരുന്ന എല്ലാ നിയന്ത്രണവും കേന്ദ്ര ഗവൺമെന്റ് എടുത്തുകളഞ്ഞ് നിയമ ഭേദഗതി വരുത്തി. അനുഭവിക്കാൻ പോകുകയാണ്. റിലയൻസ് കമ്പനിയുടെയോ അതെല്ലങ്കിൽ വാൾ മാർട്ടിന്റെയോ രണ്ടോ മൂന്നോ മാളുകൾക്കു നേരെ കല്ലെറിഞ്ഞതുകൊണ്ട് അവസാനിപ്പിക്കാൻ സാധിക്കുമോ? ബഹുമാനപ്പെട്ട ചെയറിനുതന്നെ ഇക്കാര്യത്തിൽ സത്യസന്ധവും സ്വതന്ത്രവും വ്യക്തിപരവുമായ ഒരു അഭിപ്രായം പ്രകടിപ്പിക്കുവാൻ സാധിച്ചാൽ തീർച്ചയായിട്ടും ആ അഭിപ്രായം എന്തായിരിക്കും എന്ന്

ഊഹിക്കാൻ കഴിയുന്നവരാണ് ഞങ്ങളെല്ലാവരും. പക്ഷേ ഈ ചരിത്ര ദൗത്യത്തിൽ നിന്ന് കോൺഗ്രസ് അംഗങ്ങളായിട്ടുള്ള ആളുകൾക്കും ജനപ്രതിനിധികൾക്കും മന്ത്രിമാർക്കും ഒരു മോചനവുമില്ല. പാവപ്പെട്ട നമ്മുടെ സഹകരണ വകുപ്പുമന്ത്രി, പലപ്പോഴും അദേഹത്തോട് വ്യക്തിപരമായി സംസാരിക്കുമ്പോൾ അദ്ദേഹം ഈ സഹകരണ പ്രസ്ഥാനത്തോടെല്ലാം കാണിക്കുന്ന ഒരു താൽപര്യം കാണുമ്പോൾ എന്തൊരു പ്രയാസമാണ് അദ്ദേഹം അനുഭവിച്ചു കൊണ്ടിരിക്കുന്നതെന്ന് ഊഹിക്കാൻ സാധിക്കും. ഒരു സഹകരണ സ്ഥാപനത്തിന്റെ ബുദ്ധിമുട്ട് അദ്ദേഹത്തോട് പറഞ്ഞാൽ വളരെ ശ്രദ്ധാപൂർവ്വം അദ്ദേഹം കേൾക്കും, നിങ്ങൾക്ക് എന്തെങ്കിലും പ്രയാസമുണ്ടെങ്കിൽ പറഞ്ഞാൽ മതി ഞാനത് ചെയ്തു തരാമെന്ന് പറയും. ഒരു സഹകരണ സംഘത്തിന്റെയോ 9 സഹകരണ സംഘത്തിന്റെയോ പ്രയാസം അദ്ദേഹത്തോട് പറയുകയും ചെയ്യാം. പക്ഷേ, എല്ലാ സഹകരണ സംഘങ്ങളും കുഴിച്ചുമൂടുകയാണ്. അതിന്റെ തൂമ്പയെടുത്ത് കെളയ്ക്കാനുള്ള പണി അദ്ദേഹത്തെ തന്നെ ഏൽപ്പിച്ചിരിക്കുകയാണ്. ഇത് എന്തൊരു ദുർഗതിയാണ്. ഇതുപോലെയുള്ള ഒരവസ്ഥ ആർക്കും ഈ സഭയ്ക്കകത്ത് ഉണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. നമ്മുടെ 10–20 മന്ത്രിമാരിൽ വേറെ ആർക്കും തങ്ങളുടെ മാനസികമായ താല്പര്യത്തിനും വ്യക്തിപരമായ കാഴ്ചപ്പാടിനും ഘടക വിരുദ്ധമായിട്ട് ഇങ്ങനെ പ്രവർത്തിക്കേണ്ട ഒരു ദുരവസ്ഥ ഉണ്ടെന്ന് തോന്നുന്നില്ല. കാരണം അവരെല്ലാവരും അതിനോട് പൊരുത്തപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അവരൊക്കെ ചെയ്യുന്ന പ്രവർത്തിയോട് ഏറെക്കുറെ നീതി പുലർത്തി ഇതുതന്നെയാണ് ഞങ്ങൾ ചെയ്യേണ്ടതെന്ന ധാരണയോടു കൂടി ചെയ്തു കൊണ്ടിരിക്കുന്നവരാണ്. അവർക്കൊന്നും ഒരു മനക്ളേശവും

ഉണ്ടാകാൻ ഇടയില്ല. പക്ഷേ, അദ്ദേഹത്തെ സംബന്ധിച്ച് അങ്ങനെയാണെന്ന് പറയാൻ.........ഞാൻ ഇത് മുമ്പും ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. സഹകരണ മേഖലയിൽ ഏറ്റവും കൂടുതൽ പ്രവർത്തനങ്ങൾ നടക്കുന്ന ഒരു ജില്ലയാണ് എന്റെ ജില്ല. ആ ജില്ലയ്ക്കകത്ത് സഹകരണ പ്രസ്ഥാനത്തിന്റെ ഏതെങ്കിലും ഒരു പുതിയ പ്രവർത്തനമോ പരിപാടിയോ വന്നാൽ രണ്ടാമതൊന്നു ആലോ ചിക്കാറില്ല. ഞങ്ങൾ സഹകരണ വകുപ്പുമന്ത്രിയെ ക്ഷണിക്കാറുണ്ട്. അദ്ദേഹം കഴിയുമെങ്കിൽ ആ ദിവസം അവിടെ വരികയും ഏത് സഹകരണ പ്രസ്ഥാന ത്തിന്റെ ഭാഗമായിട്ടുള്ള കാര്യത്തിലാണോ അദ്ദേഹം ഉദ്ഘാടകനായിട്ട് അവിടെ എത്തുന്നത് അതെക്കുറിച്ച് നന്നായി പഠിച്ച് അതേക്കുറിച്ച് നല്ല അഭി പ്രായം പറഞ്ഞ് എന്തു ബുദ്ധിമുട്ടാണോ നിങ്ങൾക്കുള്ളത് ആ ബുദ്ധിമുട്ട് പരി ഹരിക്കാൻ ഞാൻ വേണ്ടത് ചെയ്യാം എന്ന് വാഗ്ദത്തം ചെയ്താണ് തിരിച്ചു പോകുന്നത്. പക്ഷേ, എന്തു ചെയ്യാനാണ്? ആ സ്ഥാപനത്തെ മാത്രമായി രക്ഷിക്കാൻ വേറെ വകുപ്പൊന്നുമില്ല കയ്യിൽ? അങ്ങനെ ഉണ്ടായിരുന്നെങ്കിൽ എന്തെങ്കിലും അമന്റ്മെന്റ് വരുത്തിയാലും തരക്കേടില്ലായിരുന്നു. ഏതെ ങ്കിലും പ്രത്യേക സഹകരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഉയർന്നുവരുന്ന പ്രശ്നങ്ങളിൽ സഹകരണ വകുപ്പുമന്ത്രിക്ക് പ്രത്യേക തീരുമാനമെടുത്ത് സ്പെഷ്യൽ ഓർഡർ കൊടുക്കാം. സത്യം പറഞ്ഞാൽ അങ്ങനെയൊരു ഭേദ ഗതികൂടി ഈ സഹകരണ നിയമത്തിൽ ഉണ്ടാകേണ്ടതാണ്. എന്തെല്ലാം തീരു മാനങ്ങൾ സഭ എടുത്തിരുന്നാലും സഹകരണ വകുപ്പു മന്ത്രിക്ക് സ്പെഷ്യൽ ഓർഡർ കൊടുത്തുകൊണ്ട് അതിനെയെല്ലാം ഓവർറൂൾ ചെയ്യാം എന്ന ഒരു ഭേദഗതി കൂടി ഈ സഹകരണ നിയമ ഭേദഗതിക്ക് കൊണ്ടുവന്നിരുന്നെങ്കിൽ ഒരു സംശയവുമില്ല ആ ഭേദഗതിയെ ഞങ്ങളെല്ലാവരും സർവാത്മനാ പിന്തു ണയ്ക്കുമായിരുന്നു. തീർച്ചയായും അദ്ദേഹം അത്തരത്തിലുള്ള അധികാര

വിനിയോഗത്തിന് അവസരം കിട്ടിയാൽ ഈ സഹകരണ പ്രസ്ഥാനത്തെ തകർക്കുന്നതിനുവേണ്ടി അത് ഉപയോഗിക്കുമെന്നുള്ള അഭിപ്രായവും എനിക്കില്ല.

ശ്രീ. എം. ഹംസ: സർ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പറഞ്ഞതനുസരിച്ചാണ് ഇപ്പോൾ സഹകരണ മേഖല പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.. സംസ്ഥാന ഗവൺമെന്റിന്റെ അധികാരങ്ങളിൽ ഇടപെടുകയും സ്റ്റേറ്റ് പവറിലുണ്ടായിരുന്ന സഹകരണ വകുപ്പിനെ കേന്ദ്രാധികാരത്തിൽ ഏറ്റെടുക്കുകയും ചെയ്തതിന്റെ ഭാഗമായി ഇന്ന് സഹകരണ പ്രസ്ഥാനം വല്ലാത്ത പ്രതിസന്ധിയിലാണ്. ഭരണഘടനാ ഭേദഗതിയിലൂടെ സ്റ്റേറ്റിന്റെ അധികാരം കേന്ദ്രം എടുത്തിരിക്കുകയാണ്. അങ്ങനെ കേന്ദ്രം സഹകരണ പ്രസ്ഥാനത്തെയാകെ കശാപ്പുചെയ്യാൻ പോകുമ്പോൾ ഈ സഹകരണ മന്ത്രി മാത്രം വിചാരിച്ചാൽ രക്ഷിക്കാൻ കഴിയുമോ; ആഗോളവൽക്കരണ സാമ്പത്തിക നയത്തിന്റെ ഭാഗമായി കേരളത്തിലെ സഹകരണ പ്രസ്ഥാനത്തേയും ഇന്ത്യയിലെ സഹകരണപ്രസ്ഥാനത്തേയും തകർക്കാൻ ശ്രമിക്കുമ്പോൾ ഇദ്ദേഹത്തിന് തടയാൻ കഴിയുമോ?

ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ): സർ, സഹകരണ പ്രസ്ഥാനത്തെ തകർക്കപ്പെടുന്ന നിയമമാണ് കേന്ദ്ര ഗവൺമെന്റ് നടത്തിയതെന്ന് എല്ലാവർക്കുമറിയാം. സഹകരണ പ്രസ്ഥാനത്തെ രക്ഷിക്കുന്നതിനുവേണ്ടി അന്ന് കേരള ഗവൺമെന്റ് കിട്ടുന്ന സഹകാരികളെയെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ട് പ്രത്യേകിച്ച് സഹകരണ വകുപ്പുമന്ത്രി ഒരു നല്ല ഇടപെടൽ നടത്തിയ കാര്യം താങ്കൾക്കും കേരളത്തിലെ സഹകാരികൾക്കും അറിയാവുന്ന കാര്യമാണ്. പക്ഷെ ആ കാര്യം പാർലമെന്റിൽ വന്നപ്പോൾ, കേരളത്തിലെ എം.പി.-മാരെയെല്ലാം സഹകരണ വകുപ്പുമന്ത്രി വിളിച്ചുകൂട്ടി. കേരളത്തിലെ

സഹകരണ ബാങ്കുകളുടെ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഇടപെടണമെന്ന് പറഞ്ഞപ്പോൾ കാസർകോഡ് എം.പി. ശ്രീ. പി. കരുണാകരൻ മാത്രമാണ് പാർലമെന്റിൽ ഇതിനുവേണ്ടി സംസാരിച്ചത് എന്നും അതിന് പിന്തുണ കൊടുത്തുകൊണ്ട് കേരളത്തിലെ ഒറ്റ കോൺഗ്രസ് എം.പി.-മാരും സംസാരിച്ചിട്ടില്ല എന്ന കാര്യം ശ്രീ.ജെയിംസ് മാത്യുവിന് അറിയാമോ?

ശ്രീ. ജെയിംസ് മാത്യു: സർ, അത് മനസ്സിലാക്കിയിട്ടുണ്ട് എന്നുമാത്രമല്ല, നമ്മുടെ സഹകരണ മേഖലയിലെ ആളുകൾക്ക് അതിൽ വലിയ അമർഷവുമുണ്ട്. ഇത്രയേറെ പാർലമെന്റ് അംഗങ്ങൾ അവിടെയുണ്ടായിരുന്നിട്ട് ഫലപ്രദമായ ഒരെതിർപ്പ് പ്രകടിപ്പിക്കാൻപോലും സാധിച്ചില്ല എന്ന വിമർശനം സഹകരണ മേഖലയിലെ ആളുകൾക്കിടയിലുണ്ട്. ബഹുമാനപ്പെട്ട അംഗം എം. ഹംസ ഒരു ചോദ്യം ചോദിച്ചിരുന്നു. സഹകരണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട എന്തെങ്കിലും കാര്യമുണ്ടെങ്കിൽ കേന്ദ്രത്തിൽ കൃഷി വകുപ്പായിരുന്നു മുമ്പ് അത് കൈകാര്യം ചെയ്തിരുന്നത് എന്നുപറഞ്ഞാൽ സഹകരണ മേഖലയ്ക്ക് ഒരു വകുപ്പും മന്ത്രിയുമൊന്നും ഉണ്ടായിരുന്നില്ല. അതിന്റെ ആവശ്യമുണ്ടായിരുന്നില്ല. ഇത് സ്റ്റേറ്റ് ലിസ്റ്റിൽപ്പെട്ട ഒരു കാര്യമാണ്. ഇപ്പോൾ ഭരണഘടനാ ഭേദഗതിയിലൂടെ, ബാങ്കിംഗ് നിയമ ഭേദഗതിയിലൂടെ ഇക്കാര്യങ്ങളെല്ലാം പൂർണ്ണമായും കേന്ദ്രം കൈപ്പിടിയിലൊതുക്കിയിരിക്കുകയാണ്. യഥാർത്ഥത്തിൽ റിസർവ് ബാങ്കിന്റെ അധികാരം ഒന്നൊന്നായി സഹകരണ പ്രസ്ഥാനത്തിന്റെ മേൽ കൂടുതൽ കൂടുതൽ കേന്ദ്രീകരിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിനും സഹകരണ ഡിപ്പാർട്ടുമെന്റിനും സഹകരണ രജിസ്ട്രാർക്കുപോലും എന്തെങ്കിലും ഒരു കാര്യം എക്സർസൈസ് ചെയ്യാൻ കഴിയാത്തവിധം റിസർവ് ബാങ്കിന്റെ നോംസ് വരികയാണ്. അവർ പറയുന്നതിനനുസരിച്ച് കാര്യങ്ങൾ ചെയ്തില്ലെങ്കിൽ

ഒരു കാരണവശാലും അതിന്റെ ലൈസൻസ് തുടരുന്ന നിലയില്ല. ഇതുപോലൊരവസ്ഥയിൽ ബഹുമാന്യനായ സഹകരണ വകുപ്പുമന്ത്രി ഈ ഒരു ദുർഗതി അനുഭവിക്കുന്നതിലും നല്ലത് ആ ചുമതല ഒഴിഞ്ഞ് ഞങ്ങളെല്ലാം പ്രകടിപ്പിക്കുന്ന അഭിപ്രായത്തോടൊപ്പം പങ്കുചേർന്ന് ഞങ്ങളുടെ പക്ഷത്തു നിന്നാൽ ഈ സഹകരണ പ്രസ്ഥാനത്തോടുള്ള അങ്ങയുടെ അദമ്യമായ താൽപര്യവും ആഗ്രഹവും സംരക്ഷിക്കാൻ അത്രയുമെങ്കിലും ചെയ്തല്ലോ എന്ന കൃതാർത്ഥത അങ്ങേയ്ക്കുണ്ടാകും. ഒരു മന്ത്രിയാകുന്നതിനേക്കാളും എത്രയോ വലുതാണ് രാജ്യത്തിനും ജനങ്ങൾക്കും സഹകരണ പ്രസ്ഥാനങ്ങൾക്കുംവേണ്ടി ഞാനെന്റെ ജീവിതം മാറ്റിവച്ചു എന്നെങ്കിലും പറയാൻ സാധിക്കുന്നത്. തീർച്ചയായും ഈ ഭേദഗതികളെല്ലാം അവതരിപ്പിക്കുന്ന അവസരത്തിൽ അങ്ങയുടെ മനസ്സിൽ അങ്ങനെയൊരു ചിന്തയെങ്കിലും ഉണ്ടാകട്ടെ എന്നാണ് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ജി. സുധാകരൻ: സർ, ആഗോളവത്ക്കരണത്തിന്റെ കാലമാണെങ്കിലും ലോകജനത അതിന് കീഴടങ്ങുകയല്ല ചെയ്തുകൊണ്ടിരിക്കുന്നത്. ആഗോളവത്ക്കരണമായതുകൊണ്ട് അതെല്ലാം അനുഭവിച്ചുകൊണ്ടിരിക്കണമെന്നുള്ളതല്ല അതിനെതിരായുള്ള പോരാട്ടമാണ് ലോകത്ത് നടന്നുകൊണ്ടിരിക്കുന്നത്. അതിന് സഹകരണ മേഖലയെ എങ്ങനെ പ്രയോഗിക്കാം എന്നുള്ളതാണ് കഴിഞ്ഞ ഗവൺമെന്റ് കാണിച്ചുതന്നത്. ആര് അതിനെക്കുറിച്ച് മിണ്ടാതിരുന്നാലും ഇവിടത്തെ ജനങ്ങൾക്കറിയാം. നമുക്ക് കിട്ടിയ അധികാരത്തെ ആഗോളവത്ക്കരണത്തിനെതിരെയും വിലക്കയറ്റം തടയുന്നതിനും മറ്റും എങ്ങനെ ഉപയോഗിക്കാമെന്ന് ഞങ്ങൾ ഇവിടെ കാണിച്ചുതന്നിരുന്നു. അത് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ് നിങ്ങൾക്കും അത് ചെയ്യാമായിരുന്നു. ചെയ്യാൻ ശ്രമിച്ചു. പക്ഷെ അതിന്റെ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും

ഞാൻ കടക്കുന്നില്ല. അത് വളരെ വിവാദപരമായ കാര്യങ്ങളാണ്. ആഗോള വത്ക്കരണത്തെ ഭരണഘടനാ ഭേദഗതി വന്നാലും ചെറുക്കാം. ഭരണഘടനാ ഭേദഗതിക്കെതിരായി അങ്ങ് പറഞ്ഞതുപോലെ അപമാനകരമായ നിശ്ശബ്ദത യാണ് കേരളത്തിലെ ജനപ്രതിനിധികളിൽ ഭൂരിപക്ഷവും പാർലമെന്റിൽ കാണിച്ചത്. ആരാണെന്ന് പറഞ്ഞിട്ട് കാര്യമില്ല. ആ സമയത്ത് ഉറങ്ങുകയാ യിരുന്നോ; അവരുടെ ജോലി എന്താണ്; ആ വിഷയത്തിലേയ്ക്കൊന്നും ഞാനിപ്പോൾ കടക്കുന്നില്ല. എനിക്ക് മറ്റ് ജനപ്രതിനിധികളെ ആക്ഷേപി ക്കേണ്ട കാര്യമില്ല. പക്ഷെ ആ ജോലി നിർവ്വഹിക്കേണ്ടതായിരുന്നു. മറ്റ് സ്റ്റേറ്റുകളിൽ പ്രശ്നമേയില്ല. കാരണം കർണ്ണാടകയിലെ ഒരു സംസ്ഥാന കോ-ഓപ്പറേറ്റീവ് ബാങ്കിലെ നിക്ഷേപം ആകെ 50 കോടി രൂപയാണ്. ഇവിടെ കേരളത്തിൽ 600 കോടി രൂയുടെ നിക്ഷേപമാണ് പേരൂർക്കട സഹ കരണ ബാങ്കിലുള്ളത്. ഇപ്പോൾ സി.എം..പി.-യുടെ ബാക്കി സ്ഥാപനങ്ങളെ ല്ലാം പൂട്ടിപ്പോയെങ്കിലും കോഴിക്കോടുള്ള സഹകരണ ബാങ്ക് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. മറ്റൊരു കാര്യം ഭരണഘടനാ ഭേദഗതി ആകസ്മിക മായി വന്നതല്ല. കേരളത്തെ നിയന്ത്രിക്കാൻ വേണ്ടിമാത്രം കൊണ്ടുവന്ന ഭേദഗതിയാണ്. അതേക്കുറിച്ച് അങ്ങ് പ്രതികരിക്കണമെന്ന് ഞാൻ അഭ്യർത്ഥി ക്കുകയാണ്. കാരണം ഇവിടെ വിലക്കയറ്റ വിരുദ്ധ ചന്ത, പലിശ രഹിത വായ്പ കൊടുക്കുന്നു അങ്ങനെ സഹകരണ മേഖല ധാരാളം കാര്യങ്ങൾ ഇവിടെ ചെയ്യുന്നുണ്ട്. അതിന്റെ ഫലമായി കേരളത്തിൽ റിലയൻസ് കൊണ്ടുവന്ന പല കടകളും പൂട്ടിപ്പോയി. ഈ അവസരത്തിലാണ് ഇത് റിസർവ് ബാങ്കിനെ ഏൽപ്പിച്ചത്. അവർ കുറച്ചുകാലമായി നോക്കിയിരിക്കു കയായിരുന്നു. വാസ്തവത്തിൽ കോൺട്രാക്ടർമാരേയും അഴിമതിക്കാരായ

രാഷ്ട്രീയക്കാരേയും പിന്തുണയ്ക്കുന്ന പ്രസ്ഥാനമായി മാറിയിരിക്കുകയാണ് നബാർഡ്. ഇപ്പോൾ കൃഷിക്കാർക്കുവേണ്ടി നബാർഡ് ഒന്നും ചെയ്യുന്നില്ല. നബാർഡിന്റെ ഇപ്പോഴുള്ള നേതൃത്വവും റിസർവ് ബാങ്കും ചേർന്നുണ്ടാക്കിയ ഒരു കെണിയുടെ ഫലമായിട്ട് വന്ന വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട്. കേരളത്തെ തകർക്കാനുള്ളതാണ്. അതുകൊണ്ടുതന്നെ ഈ ഭേദഗതി ബിൽ പിൻവലിക്കണമെന്ന് ഇനിയും കേരളത്തിലെ ഗവൺമെന്റ് ആവശ്യപ്പെടണ്ടേ? അതൊരു പ്രധാനപ്പെട്ട കാര്യമല്ലേ? അത് അദ്ദേഹത്തിന് ചെയ്യാൻ കഴിയുന്ന കാര്യമല്ലേ; അതിനെക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, അങ്ങ് പറഞ്ഞത് നൂറുശതമാനം ശരിയാണ്. ഇന്ത്യയിൽ ഒരു സംഘം മാത്രമാണ് ഇതിനെതിരായിട്ടുള്ള കേസ് ഫയൽ ചെയ്തിട്ടുള്ളത്. ഒരു സംസ്ഥാന ഹൈക്കോടതി അക്കാര്യത്തിൽ സ്റ്റേ അനുവദിച്ചിട്ടുണ്ട്. ആ സംസ്ഥാനത്തിനകത്ത് ഈ ഭേദഗതിയൊന്നും വന്നിട്ടില്ല. അങ്ങ് അക്കാര്യം മനസ്സിലാക്കിയിട്ടുണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇന്ത്യയിൽ ഒരൊറ്റ സംഘം മാത്രമാണ് കോടതിയെ സമീപിച്ചത് ഇതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി ഇക്കാര്യത്തിൽ സ്റ്റേ അനുവദിച്ചിട്ടുണ്ട്. ഭരണഘടനാ ഭേദഗതിക്കെതിരെയായിട്ടുള്ള ഹൈക്കോടതിയുടെ അത്തരമൊരു സ്റ്റേ നിയമപരമായി നിലനിൽക്കുമോ ഇല്ലയോ എന്നുള്ളതൊക്കെ രണ്ടാമത്തെ പ്രശ്നം. പക്ഷെ അങ്ങനെ ചെയ്യുന്നതിനെങ്കിലും ഈ രാജ്യത്തെ നിയമവ്യവസ്ഥയുടെ ഭാഗമായിട്ടുള്ള ഒരു സംവിധാനമുണ്ടായല്ലോ. അതുപോലും സ്വീകരിക്കാൻ നമ്മൾ തയ്യാറാകാതെ മുട്ടിൽ നിൽക്കണം എന്നുപറയുമ്പോൾ നിലത്തിഴയേണ്ട കാര്യമെന്താണ്; നമ്മുടെ സഹകരണ പ്രസ്ഥാനത്തിന് നട്ടെല്ലോടുകൂടി തലയുയർത്തിപ്പിടിച്ചുനിൽക്കാനുള്ള സാഹചര്യം കേരളത്തിലില്ലേ; ഭരണ–പ്രതിപക്ഷ വ്യത്യാസമില്ലാതെ

കേരളത്തിലെ മുഴുവൻ ജനങ്ങളുടേയും പിന്തുണ ആർജ്ജിക്കാൻ സാധിക്കില്ലേ. റിസർവ് ബാങ്കാകട്ടെ, ഭരണഘടനാ ഭേദഗതിയിലൂടെ കേന്ദ്രഗവൺമെന്റാകട്ടെ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ മുച്ചൂടും മുടിക്കുന്ന നിലപാട് സ്വീകരിച്ചാൽ അതിനെതിരായിട്ട് ജനകീയ പങ്കാളിത്തത്തോടുകൂടി ജനങ്ങളെ അണിനിരത്തി അതിനെ പ്രതിരോധിക്കാനുള്ള ശേഷിയില്ലേ; ഒരു സംസ്ഥാനത്ത് ഒരു സഹകരണ പ്രസ്ഥാനം കോടതിയെ സമീപിച്ചപ്പോൾ സ്റ്റേ കിട്ടിയെങ്കിൽ തീർച്ചയായിട്ടും അതുൾപ്പെടെയുള്ള നാനാവശങ്ങൾ പരിശോധിക്കാൻ നമുക്ക് കഴിയണ്ടേ; അത്തരത്തിലൊന്നും ചെയ്യാതെ ഈ ഭേദഗതികളോരോന്നായി അവതരിപ്പിക്കുകയാണ്. ഭേദഗതി മാത്രമാണോ, ജീവനക്കാർക്ക് ശമ്പളം കാടുക്കുന്നതിനുവേണ്ടി പലിശയിൽനിന്ന്, മുതലിൽനിന്ന് യാതൊരു കാരണവശാലും എടുത്തുകൂടാ എന്നുള്ള സർക്കുലർ. ന്യായമാണ്. പലിശയും മുതലുമെടുത്താൽ വിത്ത് കുത്തി തിന്നുന്നതിന് തുല്യമാകില്ലേ എന്ന് ചോദിക്കാം. പക്ഷെ ഇങ്ങനെ ഒരു നിർദ്ദേശം വരുന്നതിന്റെ പിറകിലുള്ള താൽപര്യമെന്താണ്; നമ്മുടെ പല സഹകരണ സ്ഥാപനങ്ങളും നിലനിന്നുപോകുന്നത് നാമമാത്രമായ വരുമാനം കൊണ്ടാണ്. പലപ്പോഴും അവിടെ പ്രവർത്തിക്കുന്ന ആളുകൾക്ക് കൃത്യമായി ശമ്പളം കൊടുക്കാൻപോലും കഴിയുന്നില്ല. അങ്ങനെ ഒരവസരത്തിൽ അവരുടെയെല്ലാം ശമ്പളമടക്കം കിട്ടാതെ വരികയും ആ സ്ഥാപനം പൂട്ടിപ്പോകുകയും ചെയ്യണന്നെമുള്ളതാണോ നമ്മളെടുക്കേണ്ട നിലപാട്. അത്തരം സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്വീകരിച്ച നിലപാടുണ്ടല്ലോ; സഹകരണ മേഖലയിൽ കൺസോർഷ്യം രൂപീകരിച്ചു. ആ കൺസോർഷ്യത്തിന്റെ ഭാഗമായി രൂപീകരിച്ച ഫണ്ടിൽനിന്ന് പ്രയാസമനുഭവിക്കുന്ന സംഘങ്ങൾക്ക് പണം

കൊടുക്കാൻ തീരുമാനിച്ചു. അത് ശമ്പളം കൊടുക്കാനുള്ള തീരുമാനമല്ല, മറിച്ച് ഏതെല്ലാം കാരണങ്ങൾകൊണ്ടാണോ ഒരു സഹകരണ സ്ഥാപനം വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുന്നത് അത്തരം സഹകരണ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് സംരക്ഷണ നിലപാട് സ്വീകരിച്ച ഒരനുഭവം നമ്മുടെ കേരളത്തിൽ ഇല്ലേ; ആ അനുഭവമെല്ലാമുള്ള കേരളത്തിൽ അതെല്ലാം വിസ്മരിച്ചുകൊണ്ട് ഇനി നിങ്ങൾ ജീവനക്കാർ ശമ്പളമെടുക്കണ്ട, ഇനി ബാങ്കെന്നുള്ള പേരുപയോഗിക്കണ്ട, ഇതുരണ്ടും പറയുമ്പോൾ അപ്പുറത്തുനിന്നും ഇൻകം ടാക്സ് കൊടുക്കണം എന്നുള്ള നിർദ്ദേശം വരികയാണ്. ഈ സഹകരണ പ്രസ്ഥാനത്തെ നശിപ്പിക്കുന്നതിന് ഏതെല്ലാം ഭാഗത്തുനിന്നാണ് നീക്കങ്ങൾ ഉണ്ടാകുന്നത്.

മി. ചെയർമാൻ: ശ്രീ. ജെയിംസ് മാത്യൂ....

ശ്രീ. ജെയിംസ് മാത്യു: സർ, ഞാൻ ചുരുക്കുകയാണ്. കൂടുതലൊന്നും പറയുന്നില്ല. പറയുന്നതിനുമുമ്പ് മനസ്സിലാകുന്ന കാര്യമാണ്. മനസ്സിലാകാത്തവർക്ക് എത്രപറഞ്ഞാലും മനസ്സിലാകുകയുമില്ല, മനസ്സിലാകേണ്ട ആളുകൾക്ക് അത് നേരത്തെ മനസ്സിലാകുകയും ചെയ്യും. ഇത്തരത്തിലുള്ള ഭേദഗതികൾ കൊണ്ടുവന്ന് യഥാർത്ഥത്തിൽ സഹകരണ മേഖലയ്ക്ക് എന്തോ നന്മ ചെയ്യുകയാണ് എന്നുവരുത്തിത്തീർക്കാൻകൂടി ശ്രമിക്കരുത്. കോൺഗ്രസ്സാണ് രാജ്യം ഭരിക്കുന്നത്, ഞങ്ങളും കോൺഗ്രസ്സാണ്, ഞങ്ങളാണ് ഈ സംസ്ഥാനം ഭരിക്കുന്നത് അതുകൊണ്ട് കേന്ദ്രം പറയുന്നതുപോലെ ഇച്ഛയ്ക്കനുസരിച്ച് നിൽക്കുകയേ തരമുള്ളൂ എന്ന് നിസ്സഹായതയോടെ പറഞ്ഞോളൂ, ഞങ്ങൾക്കത് ബോദ്ധ്യമാകും. ഇവിടെ ഗവൺമെന്റും ഭരണവും ഒക്കെ ഭൂരിപക്ഷത്തിന്റേയും ന്യൂനപക്ഷത്തിന്റേയും അടിസ്ഥാനത്തിലാണല്ലോ. സ്വാഭാവികമായും അത് മനസ്സിലാകും. എന്നാൽ ഓരോ

ഭേദഗതി അവതരിപ്പിക്കുമ്പോഴും അത് സഹകരണമേഖലയെ രക്ഷിക്കുന്നതിനുവേണ്ടിയാണ്, അതിനാണ് ഈ ഭേദഗതി എന്നുകൂടി സ്ഥാപിക്കാൻ ശ്രമിക്കരുത്. ആടിനെ പട്ടിയാക്കാം പട്ടിയെ പേപ്പട്ടികൂടി ആക്കരുത്. അതുകൊണ്ട് ഒരു കാരണവശാലും ഇത്തരത്തിലുള്ള ഒരു ഭേദഗതി ഈ കേരളത്തിലെ.....

ശ്രീ. റ്റി. വി. രാജേഷ്: സർ, തന്റെ പ്രാണനേക്കാൾ സ്നേഹിച്ച മകനെ കാട്ടിലേയ്ക്കയയ്ക്കേണ്ടിവന്നതിൽ ഹൃദയം തകർന്ന ദശരഥ മഹാരാജാവിനെപ്പോലെ തന്റെ സഹപ്രവർത്തകരെല്ലാംകൂടിച്ചേർന്ന് താൻ ഏറ്റവും കൂടുതൽ സ്നേഹിക്കുന്ന തന്റെ സ്വന്തം കുഞ്ഞിനെ കഴുത്ത് ഞെരിച്ച് കൊല്ലുമ്പോൾ ദശരഥ മഹാരാജാവിനെപ്പോലെ ഹൃദയം തകർന്ന ഒരവസ്ഥയിലാണ് സഹകരണ വകുപ്പുമന്ത്രി എന്ന അഭിപ്രായത്തോട് അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീ. ജെയിംസ് മാത്യു: സർ, ആ അഭിപ്രായമാണ് ഞാൻ ഉടനീളം പ്രകടിപ്പിച്ചത്. അതിന്റെ അവസാനത്തിലാണ് നമ്മളോടൊപ്പം അദ്ദേഹത്തിന്റെ മാനസികാവസ്ഥ പങ്കിടാൻ ക്ഷണിച്ചത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ ഭേദഗതിയെ നിരാകരിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ പൂർണ്ണമായും ശക്തമായും പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പാലോട് രവി: സർ, 2013-ലെ കേരള സഹകരണസംഘ (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-07-2014 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിൽ മഹാനായ ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് ഒരിക്കൽ ഒരു അഭിപ്രായം പറയുകയുണ്ടായി. അത് കേരളത്തിലെ ഒരു പ്രമുഖ ദിനപ്പത്ര

ത്തെക്കുറിച്ചായിരുന്നു. 'എന്നെക്കുറിച്ച് പുകഴ്ത്തിയെഴുതിയാൽ എനിക്ക് എന്തോ കുഴപ്പമുണ്ടെന്ന് ഞാൻ തിരിച്ചറിയുമായിരുന്നു' എന്നാണ്. എന്ന് പറയുന്നതുപോലെ, അപ്പുറത്തിരുന്നവരെല്ലാം ഇന്ന് ഭേദഗതിയൊക്കെ മാറ്റി വച്ച് ഇപ്പുറത്തിരിക്കുന്ന സഹകരണ വകുപ്പു മന്ത്രിയെക്കുറിച്ച് മത്സരിച്ച് പുകഴ്ത്തുകയായിരുന്നു. എനിക്ക് സഹകരണ വകുപ്പു മന്ത്രിയോട് പറയാനു ള്ളത് ഇ.എം.എസ്. പറഞ്ഞത് തന്നെയാണ്. എന്തോ കുഴപ്പമുണ്ട് എന്ന് അങ്ങ് അറിഞ്ഞുകൊള്ളണം എന്ന് ഞാൻ അങ്ങയോട് വിനീതമായി ഓർമ്മിപ്പിക്കുക യാണ്. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ മുതൽ ശ്രീ. രാജേഷ് വരെ അങ്ങയെ പുകഴ്ത്തുകയായിരുന്നു. എന്തോ കുഴപ്പം അങ്ങേയ്ക്ക് വരാൻ പോകുന്നു, അങ്ങ് അത് സൂക്ഷിച്ചുകൊള്ളണം എന്ന് ഞാൻ അങ്ങ യോട് പറയാൻ ആഗ്രഹിക്കുകയാണ്.

മി. ചെയർമാൻ: പ്രസംഗം ആരംഭിച്ചതേയുള്ളൂ.

ശ്രീ. പാലോട് രവി: സർ, സഹകരണ മേഖലയിൽ...........

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, എന്തോ കുഴപ്പമുണ്ട് എന്ന് ശ്രീ. പാലോട് രവി പറഞ്ഞു. സഹകരണ വകുപ്പു മന്ത്രിക്ക് കുഴപ്പമുണ്ടെന്നാണോ പറഞ്ഞത്?.

ശ്രീ. പാലോട് രവി: സർ, എന്തുവേണമെങ്കിലും വ്യാഖ്യാനിക്കാം. അവസാനത്തെ സഹകരണ വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ വരെ സഹകരണ മേഖലയ്ക്ക് വലിയയൊരു മാതൃകയായിരുന്നുവെന്ന് ഞാൻ പറയേണ്ടതില്ലല്ലോ; കുറേയൊക്കെ നക്ഷത്രങ്ങൾ ഈ രംഗത്ത് ഉണ്ടെന്ന് ഞങ്ങൾ സമ്മതിക്കുന്ന കാര്യമാണ്. പക്ഷെ എല്ലാ രംഗത്തും സഹകരണം കുറയുകയാണ്. രാഷ്ട്രീയ, സാമൂഹിക രംഗത്ത് സഹകരണം കുറഞ്ഞു

വരികയാണ്. ആഗോളവത്ക്കരണത്തെക്കുറിച്ച് പറഞ്ഞു, ആ മൂല്യങ്ങളിലേ യ്ക്കൊന്നും കടന്നുപോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കേരളത്തെ നടുക്കിയ ഒരു രാഷ്ട്രീയ കൊലപാതകത്തിൽ പങ്കെടുത്തവരും, ഗൂഢാലോച നയിൽ പങ്കെടുത്തവരും നിയമത്തിന്റെ മുന്നിൽ വരുമെന്ന് നീതിന്യായ കോടതി വിധിച്ച ഒരു ദിവസമാണ് ഇന്ന്. സാമൂഹിക, രാഷ്ട്രീയ രംഗത്ത് നമുക്ക് ഉണ്ടായിരുന്ന എല്ലാ സഹകരണവും നഷ്ടപ്പെട്ടുപോയതുകൊണ്ടാണ്. ഇങ്ങനെ സംഭവിച്ചത്. സഹകരണത്തെക്കുറിച്ച് ചർച്ച ചെയ്യുന്ന ദിവസം തന്നെ....... പ്രതിപക്ഷ നേതാവിനെ നടുക്കിയ ഒരു രാഷ്ട്രീയ കൊലപാ തകത്തിൽ പങ്കെടുത്തവരെയും, ഗൂഢാലോചന നടത്തിയവരെയും ഇത് സഹ കരണമല്ല, ഇത് രാഷ്ട്രീയ രംഗത്ത് പാടില്ലായെന്ന് പറഞ്ഞുകൊണ്ട് ഒരു വിധി വന്ന ദിവസമാണ്. ഞാൻ സൂചിപ്പിച്ചത്, സഹകരണത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ അത് സൂചിപ്പിക്കാതെ കടന്നുപോകുന്നത് ശരിയല്ല. കേരള ത്തിൽ, സഹകരണ സംഘങ്ങൾ എന്നും സാമൂഹ്യമാറ്റത്തിനുള്ള ഉപകരണം എന്ന പ്രാധാന്യം നേടിക്കഴിഞ്ഞിട്ട് എത്രയോ പതിറ്റാണ്ടുകളായി. കേരള ത്തിലെ സഹകരണ പ്രസ്ഥാനം വളർച്ചയുടെ ഒരു പ്രത്യേക കാലഘട്ടത്തിൽ വന്നുനിൽക്കുന്നൂവെന്നാണ് ബഹുമാന്യനായ ജി. സുധാകരൻ പറഞ്ഞത്. സി.ആർ.എ.ആർ.-ന്റെ കാര്യത്തിൽ, ആഡിറ്റ് നിർബന്ധമാക്കിയ കാര്യത്തിൽ നിങ്ങളാരും അതിനെ ചൂണ്ടിക്കാണിച്ചില്ല. കേരളത്തിലെ ഏതെങ്കിലും സഹക രണ സംഘത്തിൽ ആഡിറ്റ് നടത്തിയിട്ടുണ്ടോ? ഏതെങ്കിലും സംഘത്തിൽ എന്തും ചെയ്യാമായിരുന്നില്ലേ? കേരളത്തിൽ കൊണ്ടുവന്ന ഏറ്റവും വലിയ വിപ്ലവകരമായ മാറ്റമെന്ന് പറയുന്നത് സഹകരണ സംഘത്തിൽ ആഡിറ്റ് നടത്തണം. 25 വർഷം ആഡിറ്റ് നടത്താത്ത വലുതും ചെറുതുമായ സംഘ

ങ്ങൾ ഇവിടെ ഉണ്ടായിരുന്നില്ലേ?. സഹകരണ സംഘത്തിൽ ആഡിറ്റ് നടത്തണം. ആഡിറ്റ് മാത്രം നടത്തിയാൽ പോര, 6 മാസം കഴിയുമ്പോൾ ജനറൽ ബോഡി യോഗം വിളിച്ചുകൂട്ടി ആ ആഡിറ്റിന് അവിടെവച്ച് അംഗീകാരമുണ്ടാക്കണം. സഹകരണ സംഘത്തിൽ നിക്ഷേപിച്ചിരിക്കുന്നവരുടെ പണം, അതിൽ നിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കുന്ന പണം, ഇത് സുതാര്യമായി കൈകാര്യം ചെയ്യണമെന്ന് കണ്ടുകൊണ്ട് ഇന്ത്യയ്ക്ക് ആകെ മാതൃകയായി ആഡിറ്റ് സമ്പ്രദായം ഫലപ്രദമായി കേരളത്തിൽ നടപ്പാക്കിയില്ലേ? അപ്പുറത്ത് നിന്ന് ഇതിനെ നിരാകരിക്കണമെന്ന് സംസാരിച്ച ഈ രംഗത്തെ പരിണിതപ്രജ്ഞനായ ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അടക്കം ആഡിറ്റിനെക്കുറിച്ച് എന്തുകൊണ്ടാണ് ഒരക്ഷരം പറയാത്തത്. സുതാര്യതയെക്കുറിച്ച് പറയുന്നവരല്ലേ അപ്പുറത്തിരിക്കുന്നത്. ഒരക്ഷരം പോലും ആരും ആഡിറ്റിനെക്കുറിച്ച് പറഞ്ഞിലല്ലോ. അത് പറയേണ്ടതല്ലേ. നിശ്ചയമായും പറയണമായിരുന്നു. മാർക്സിസ്റ്റ് പാർട്ടി കോർ ബാങ്കിംഗിനെ എതിർക്കുകയാണോ? ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ കോർ ബാങ്കിംഗ് സംവിധാനത്തെ എതിർക്കുന്നില്ല. ഇന്ന് ജില്ലാ സഹകരണ ബാങ്കുകൾ ഒരു കോർ ബാങ്കിംഗ് സംവിധാനത്തിലേയ്ക്ക് കടന്നുവന്നിരിക്കുന്നു. ഞാൻ ഭേദഗതികളിലേയ്ക്ക് പോകുന്നതിനുമുമ്പ്, പൊതുവായി യോജിപ്പുള്ള ഒന്നുരണ്ട് കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. നബാർഡ് എങ്ങോട്ടാണ് പോകുന്നത്? ഇന്ത്യയിലെ കർഷകരെ സഹായിക്കാൻ, പാവപ്പെട്ട കർഷകർക്ക് വായ്പ കൊടുക്കാൻ രൂപീകരിച്ച സംഘടനയാണ് നബാർഡ്. ഇപ്പോൾ, ഇന്ത്യയിലെ റോഡ് ഉണ്ടാക്കാൻ, വ്യവസായികളെ സഹായിക്കാൻ, വ്യാവസായിക സ്ഥാപനങ്ങളെ സഹായിക്കാൻ

നബാർഡ് സഹായം നൽകുന്നുണ്ട്.. ഇത് കേരളം പോലുള്ള ഒരു സ്റ്റേറ്റ്..... .....നമുക്ക് ഏതിനും സമരം ചെയ്യാം. നബാർഡിന്റെ സഞ്ചാരപദത്തിലുള്ള മാറ്റം, കൃഷിക്കാർക്കുവേണ്ടി രൂപീകൃതമായ സംഘടന, കൃഷിക്കാരെ അവഗ ണിച്ചുകൊണ്ട് വേറൊരു മേഖലയിലേയ്ക്ക് കടന്നുപോകുന്നത് മൂക്കുകയറിട ണമെന്ന് മാത്രമല്ല, തെറ്റായ പോക്കിനെതിരെ അതിശക്തമായ മുന്നേറ്റം നമ്മുടെ സംസ്ഥാനത്ത് നിന്ന് ആരംഭിക്കണമെന്നാണ് എനിക്ക് ചൂണ്ടിക്കാണി ക്കാനുള്ളത്. 2012-ാം വർഷത്തെ അന്തർ ദേശീയ സഹകരണ വർഷമായി നാം ആചരിച്ചു. ആഗോളവൽക്കരണത്തെക്കുറിച്ച് അപ്പുറത്തുനിന്നും ചൂണ്ടി ക്കാണിച്ച, ചില കാര്യങ്ങളോട് അഭിപ്രായവ്യത്യാസമുണ്ട്. നവലോക .സഹക രണ പ്രസ്ഥാനത്തിന്റെ പ്രാധാന്യം അംഗീകരിക്കുന്ന ചില കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട് മുന്നോട്ടു നീങ്ങുന്ന ഒരു കാലഘട്ടമാണ് ഇത്. ഇതി നെയെല്ലാം ആഗോളവത്ക്കരണം എന്നു പറയുന്ന ഒരു ഇരുമ്പുമറ കൊണ്ട് മൂടാൻ പറ്റുമോ? നമുക്ക് ഇരുമ്പുമറ കൊണ്ട് മൂടാൻ പറ്റില്ല. അതിനനുസൃത മായി, അതിനെ അതിജീവിക്കത്തക്കതരത്തിൽ ചെറുക്കേണ്ട കാര്യങ്ങളെ ചെറുത്തുകൊണ്ട്, അതിശക്തമായ ജനമുന്നേറ്റമുണ്ടാക്കികൊണ്ട് ഈ കാല ഘട്ടത്തിനാവശ്യമായ കർമ്മ പരിപാടികൾ നമുക്ക് ഉണ്ടാക്കാൻ കഴിയണ്ടേ. ഈ ഗവൺമെന്റ് ചെയ്യുന്നത് അതാണ്. ഈ ഗവൺമെന്റ് തെറ്റായ കാര്യങ്ങൾ നടപ്പിലാക്കില്ലായെന്ന് പറഞ്ഞു. കേരളത്തിന്റെ മുഖ്യമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും തെറ്റായ കാര്യങ്ങൾ നടപ്പിലാക്കില്ലായെന്നാണ് പറഞ്ഞത്. എന്തായാലും ചന്തയന്വേഷിച്ച് പോകുമോ? ചൈനയ്ക്കും ചന്തമതി. എല്ലാ വരും മാർക്കറ്റിനുവേണ്ടി ഓടിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ കുറ ച്ചൊക്കെ മൂല്യങ്ങൾ നിലനിൽക്കണമെന്നുണ്ടെങ്കിൽ, നിശ്ചയമായും ഈ

ബദൽ സാമ്പത്തിക സംവിധാനം ഇന്ത്യയിൽ ശക്തിപ്പെട്ടേ മതിയാവുകയുള്ളു വെന്ന് വിശ്വസിക്കുന്ന ഒരു ഗവൺമെന്റും അതിനെ പിന്തുണ കൊടുക്കുന്നൊരു പ്രസ്ഥാനവുമാണ് ഇന്ന് കേരളത്തിലുള്ളത്. സഹകരണ പ്രസ്ഥാനവും ഞങ്ങളുടെ പ്രസ്ഥാനവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഒന്നും ഞാൻ ഇവിടെ കൂടതൽ പറയാൻ ആഗ്രഹിക്കുന്നില്ല. ശ്രീ. സി.എൻ. ബാലകൃഷ്ണൻ അടക്കം സ്വാതന്ത്ര്യസമരത്തിന്റെ മൂല്യങ്ങളിൽ നിന്ന് ആർജ്ജവം ഉൾക്കൊണ്ടുകൊണ്ട് വന്ന ജനനായകന്മാരാണ് കേരളത്തിൽ സഹകരണ പ്രസ്ഥാനത്തിന് അടിത്തറയിട്ടത്.

ആശ്വാസ്, ഉണർവ് എന്നീ പ്രചരണ പരിപാടികൾ സഹകരണ പ്രസ്ഥാനത്തിന് സാമ്പത്തിക അടിത്തറ നൽകാൻ ശക്തി പകർന്നിട്ടുണ്ട്. തൃശ്ശൂരിൽനിന്ന് ആരംഭിച്ച് 2011-ലും 2012-ലും നടപ്പിലാക്കിയ ഈ ക്യാമ്പയിനിൽ എന്തുകൊണ്ട് നമ്മൾ കാണുന്നില്ല.? ഏഴാം സഹകരണ കോൺഗ്രസിനോടനുബന്ധിച്ച് നവംബർ 1 മുതൽ 25 വരെ സഹകരണ എക്സ്പോ നടന്നു. ആഗോളവൽക്കരണത്തെ എതിർക്കുമ്പോൾ അപ്പുറത്തിരിക്കുന്ന ധാരാളം വായിക്കുകയും പുസ്തകങ്ങൾ എഴുതുകയും ചെയ്യുന്ന മുൻസഹകരണ വകുപ്പുമന്ത്രി ആൽബർട്ട് ബ്ലേക്കിന്റെ മനോഹരമായ കവിതാശകലം വായിച്ചിട്ടുണ്ടാകും. അതിൽപ്പറയുന്നത്

'കാണുക മണൽത്തരിയിൽ ഈ വിശ്വം

വിണ്ണിനെ നാമൊരു കാട്ടുപൂവിലും

തളച്ചിടുക കൈവെള്ളയിൽ അനന്തതയെ

ഒരു നാഴികയിൽ നാം അനശ്വരതയെ' എന്നാണ്. മണൽത്തരിയിൽ ഈ വിശ്വത്തെയും കാട്ടുപൂവിൽ ഈ ആകാശത്തെയും കാണണമെന്ന് ബ്ലേക്ക് പറഞ്ഞത് ഏകദേശം നൂറ്റാണ്ടുകൾക്കുമുമ്പാണ്. ഇന്ന് ലോകം ആ കാലഘട്ട ത്തിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുമ്പോൾ നമ്മുടെ നാട്ടിൽ അതിനനുസൃത മായ രാഷ്ട്രീയ നയവ്യതിയാനങ്ങൾ വരുത്താൻ, സഹകരണപ്രസ്ഥാനം ശക്തിപ്പെടുത്താൻ ഇതൊരു രാഷ്ട്രീയവേദിയാക്കി മാറ്റാതെ യോജിച്ചുനിന്നു കൊണ്ട് ഒരു ബദൽ സാമ്പത്തിക സംവിധാനമെന്നുള്ള നിലയിൽ സഹകരണ പ്രസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോകാം എന്നതുസംബന്ധിച്ച് ചില നിർദ്ദേശങ്ങൾ മാത്രം ഞാൻ അവതരിപ്പിക്കുകയാണ്. റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ ഓഹരി മൂലധന പര്യാപ്തതയാണ് ഈ ഭേദഗതി. ഓഹരി മൂലധന പര്യാപ്തത 4 ശതമാനമായി നിശ്ചയിച്ചപ്പോൾ കോട്ടയം, തൃശ്ശൂർ തുടങ്ങി 8 ജില്ലാ സഹകരണ ബാങ്കുകളുടെ ലൈസൻസ് നഷ്ടപ്പെട്ടു. ഗവൺമെന്റ് സഹായിക്കാൻ വന്നു. ഗവൺമെന്റ് സഹായിച്ചിരുന്നില്ലെങ്കിൽ 4 ശതമാനമെന്നത് കേരളത്തിലെ 8 പ്രധാനപ്പെട്ട ബാങ്കുകളുടെ നിലനിൽപ്പിനെ ചോദ്യം ചെയ്യുമായിരുന്നു. അതുപോലെ ഇന്ത്യയിലെ വാണിജ്യ ബാങ്കുകൾക്കും സർക്കാർ നിയന്ത്രണത്തിലുള്ള ഇതര ബാങ്കുകൾക്കും ഈ പ്രതിസന്ധി മറികടക്കുന്നതിന് കേന്ദ്രഗവൺമെന്റ് വിവിധ തരത്തിലുള്ള സഹായങ്ങൾ നൽകുന്നു. ഈ പ്രതിസന്ധി മറികടക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് പ്രൊഫഷണൽ ബാങ്കുകളെയും സഹായിക്കുന്നുണ്ട്. ഒരു അത്യാവശ്യമുണ്ടായാൽ കേരളത്തിലെ ജനങ്ങളെ സഹായിക്കാൻ കഴിയുന്ന

ഈ സമാന്തര സമ്പദ് വ്യവസ്ഥ തകർന്നുപോകാതിരിക്കാനായി നമുക്ക് എന്ത് സഹായം ചെയ്യാൻ കഴിയും. ഓഹരി മൂലധന പര്യാപ്തത 4 ശതമാനമെന്നത് 7 ശതമാനമോ 9 ശതമാനമോ 15 ശതമാനമോ ആകുമ്പോഴുള്ള അവസ്ഥയെന്തായിരിക്കും. കോർ ബാങ്കിംഗ് സംവിധാനം നിലനിൽക്കണമെന്ന് ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ളവർ ആഗ്രഹിക്കുന്ന ഈ കാലഘട്ടത്തിൽ സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കും ഈ പ്രതിസന്ധി മറികടക്കുന്നതിന് സഹായം നൽകിയേ മതിയാകുകയുള്ളൂ. എല്ലാ സഹായവും ചെയ്യണമെന്നല്ല പറയുന്നത്. നബാർഡിന്റെ വായ്പയിലുള്ള ടാർഗറ്റ് പൂർണ്ണമായും നേടുന്നതിന് സഹകരണ ബാങ്കുകൾക്ക് കഴിയാത്ത സാഹചര്യത്തിൽ തുടർന്നുവരുന്ന വർഷങ്ങളിലും ഗവൺമെന്റിന്റെ സഹായം ആവശ്യമാണ്. അല്ലാത്ത പക്ഷം ബാങ്കിന്റെ നെറ്റ് വർത്ത് കുറയുകയും നബാർഡ് നിഷ്കർഷിക്കുന്ന തരത്തിൽ കഴിയാത്ത സാഹചര്യവുമുണ്ടാകുന്നു. മുൻകാലങ്ങളിൽ സി.ആർ. എ.ആർ, നെറ്റ് വർത്ത് എന്നിവ അനിവാര്യമായിരുന്നു. ഞാനിത് ചൂണ്ടിക്കാണിച്ചത് സർക്കാരിൽനിന്നും സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ- സബ്സിഡി, കേന്ദ്രസർക്കാരിന്റെ ഫണ്ടുകൾ, സർക്കാർ നിയന്ത്രണത്തിലുള്ള ബോർഡ്, കോർപ്പറേഷനുകൾ തുടങ്ങിയ സ്ഥാപനങ്ങൾ എന്നിവയുടെ ഇടപാടുകൾ പൂർണ്ണമായും സംസ്ഥാനത്ത് വാണിജ്യ ബാങ്കുകളിൽക്കൂടിയാണ് നടക്കുന്നത്. കോർബാങ്കിങ് വന്നപ്പോൾ വാണിജ്യ ബാങ്കുകളും സഹകരണ സ്ഥാപനങ്ങളും തമ്മിലുള്ള വ്യത്യാസമെന്താണ്? ബാങ്കുകളെല്ലാം കോർബാങ്കിംഗായതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ വരുന്ന പണം മറ്റ് ബാങ്കുകൾക്കാണ് പോകുന്നത്.

സംസ്ഥാന ഗവൺമെന്റിന്റേയോ കേന്ദ്ര ഗവൺമെന്റിന്റെയോ സഹായ പദ്ധതികളൊന്നും സഹകരണ ബാങ്കുകളിലേയ്ക്ക് വരുന്നില്ല. സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾ കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയ തിനാൽ ഇതര ബാങ്കുകൾക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും, ഈ പ്രതിസന്ധി അതിജീവിക്കുന്നതിനായി, സഹകരണ ബാങ്കുകൾക്കും ലഭ്യമാക്കുന്നതിന് മുഖ്യമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും അടിയന്തരമായി നടപടി സ്വീകരിക്കണം. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ മറ്റ് ബാങ്കുകൾക്ക് നൽകുന്നതുപോലെ സഹകരണ സംവിധാനം നിലനിർത്തുന്നതിന് ത്രിതല സംവിധാനങ്ങളും മറ്റ് സ്ഥാപനങ്ങളുമെല്ലാം അവരുടെ പണം സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സഹകരണ സ്ഥാപനങ്ങളായ മിൽമ, മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങൾ ഇടപാട് നടത്തുന്നത് വാണിജ്യബാങ്കുകൾ മുഖേനയാണ്. ഇത് സഹകരണ ബാങ്കുകൾ മുഖേന ചെയ്തുകൂടെ? സർക്കാർ, അർദ്ധസർക്കാർ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങി റിസർവ് ബാങ്ക് നിയന്ത്രണത്തി ലുള്ള സ്ഥാപനങ്ങളുടെ പണമിടപാടുകൾ സഹകരണ ബാങ്കുകൾ വഴി നടത്തുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കണം.

ശ്രീ. സാജു പോൾ: സർ, കേരളത്തിലെ ഏറ്റവും വിപുലമായ സഹകരണ സ്ഥാപനങ്ങളെ സംരക്ഷിക്കണമെന്നാണ് ബഹുമാന്യനായ ശ്രീ. പാലോട് രവി പറഞ്ഞുവരുന്നത്. അതിനായി സഹകരണ ബാങ്കുകൾ എന്ന നിലയിൽ പ്രവർത്തിക്കുന്നതിന് തടസ്സമുണ്ടാക്കുന്നത് റിസർവ് ബാങ്കാണ്. റിസർവ് ബാങ്കിന്റെ പുതിയ ഗവർണ്ണറായ ശ്രീ. രഘുറാം ഗോവിന്ദ് രാജൻ അമേരിക്കൻ പൗരത്വമുള്ളയാളാണ്. 200 വർഷത്തെ ബ്രിട്ടീഷ് ആധിപത്യ

ത്തിൽനിന്ന് മോചിതമായ നമ്മുടെ നാട്ടിലെ സാമ്പത്തിക സ്ഥാപനങ്ങൾ അമേരിക്കൻ പൗരത്വമുള്ള ഒരു റിസർവ് ബാങ്ക് ഗവർണറുടെ ആധിപത്യത്തിലാണ്. അവരിപ്പോൾ കോർപ്പറേറ്റ് ബാങ്കുകൾ സൃഷ്ടിക്കാൻ പോവുകയാണ്. നമ്മുടെ നാട്ടിൽ ഷെഡ്യൂൾഡ് ബാങ്കുകൾ, ദേശസാൽകൃത ബാങ്കുകൾ, കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, പ്രൈവറ്റ് ബാങ്കുകൾ, ന്യൂ ജനറേഷൻ ബാങ്കുകൾ ഇങ്ങനെയുള്ള ശൃംഖലകളിലേയ്ക്ക് കോർപ്പറേറ്റ് ബാങ്കുകൾ വരാൻപോകുകയാണ്. അമേരിക്കൻ പൗരത്വമുള്ള റിസർവ് ബാങ്ക് ഗവർണറും അമേരിക്കയെ അനുകൂലിക്കുന്ന, ആണവക്കരാറിൽ ഒപ്പിട്ടതാണ് ഏറ്റവും വലിയ നേട്ടമെന്ന് പറയുന്ന ഡോ. മൻമോഹൻ സിംഗും സഹകരണ സ്ഥാപനങ്ങളെ രക്ഷപ്പെടുത്തുമെന്ന് അങ്ങ് കരുതുന്നുണ്ടോ?

<u>ശ്രീ. പാലോട് രവി:</u> സർ, നമ്മൾ ഇത് പതിറ്റാണ്ടുകളായി പ്രസംഗിച്ച് നടക്കുന്നതാണ്. രഘുറാമോ സാം പിട്രോഡയോ ഇക്കാര്യങ്ങളിൽ ഒന്നുമല്ല. ജനാധിപത്യസംവിധാനത്തിൽ ജനങ്ങളുടെ പിന്തുണയുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ജനങ്ങൾക്കുവേണ്ടി പോളിസി തയ്യാറാക്കും. അല്ലെങ്കിൽ ആ പ്രസ്ഥാനങ്ങളുടെ അവസ്ഥയെന്താകുമെന്ന് ചില തെരഞ്ഞെടുപ്പുകളിൽ നമ്മൾ കണ്ടതാണ്. രഘുറാം, സാം പിട്രോഡ, അമേരിക്ക എന്നൊക്കെ എത്രനാൾ പറഞ്ഞുനടക്കാൻ കഴിയും. ജനങ്ങൾ പോളിംഗ് ബൂത്തിൽ പോയി വോട്ട് ചെയ്താണ് ഈ രാജ്യത്തെ ഭരണകൂടങ്ങളുണ്ടാക്കുന്നത്. ഈ രാജ്യത്തെ ജനങ്ങളുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായി ഏതെങ്കിലുമൊരു ഗവൺമെന്റിനോ രാഷ്ട്രീയ പ്രസ്ഥാനത്തിനോ ഇത്തരത്തിൽ ആളുകളെ ഉമ്മാക്കി കാണിച്ച് മുന്നോട്ട് പോകാൻ കഴിയുമോ? ഇന്ദിരാ ഗാന്ധി ഇന്ത്യയിലെ വൻകിട ബാങ്കുകൾ നാഷണലൈസ് ചെയ്യുകയും രാജീവ് ഗാന്ധി പഞ്ചായത്തുകൾക്ക് അധികാരം മുഴുവൻ നൽകുകയും ചെയ്തിട്ട്

എന്തെങ്കിലുമുണ്ടോയോ? ഇന്ത്യയിലെ എല്ലാ പഞ്ചായത്തുകളിലും വീട്ടിലിരിക്കുന്ന സ്ത്രീകളോട് പഞ്ചായത്താഫീസിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് വാങ്ങി തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യാൻ പറഞ്ഞു, രാജ്യം അപകടത്തിലായോ? ഇന്ത്യയിലെ ഏകദേശം 30 കോടി യോളം അമ്മമാരെ മുന്നിൽക്കണ്ടുകൊണ്ട് പഞ്ചായത്താഫീസുകളിൽ പേര് രജിസ്റ്റർ ചെയ്താൽ റേഷൻ വാങ്ങാനുള്ള കാശ് ഗവൺമെന്റ് തരുമെന്ന് പറഞ്ഞ് തൊഴിലുറപ്പ് പദ്ധതി ഇന്ത്യയിൽ നടക്കുകയല്ലേ. വലിയ വിപ്ലവമല്ലേ രാജ്യത്ത് നടക്കുന്നത്. ഇതിന് മാറ്റമുണ്ടാകും. ആഗോളവൽക്കരണത്തിനെതി രായി മാർക്സിസ്റ്റ് പാർട്ടി കേരളത്തിൽ എത്ര സമരം ചെയ്തു? സരിതാ നായർക്കുവേണ്ടി നിങ്ങൾ ഒരു വർഷം സമരം ചെയ്തില്ലേ? നിങ്ങൾ ആഗോളവൽക്കരണത്തെക്കുറിച്ച് നിയമസഭയിൽ പ്രസംഗിച്ചാൽ മതിയോ. കേരളത്തിൽ ആഗോളവൽക്കരണത്തിനെതിരായി കഴിഞ്ഞ ഒരു വർഷക്കാല മായി മാർക്സിസ്റ്റ് പാർട്ടി ഒരു സമരമെങ്കിലും നടത്തിയിട്ടുണ്ടോ? അതുകൊണ്ട് ജനങ്ങളെ സംബന്ധിച്ചിടത്തോളം ജനങ്ങൾക്കിത് നന്നായി തിരിച്ചറിയാം.

<u>ശ്രീ. എം. ഹംസ</u>: സർ, ആഗോളവൽക്കരണത്തിനെതിരായി ഒരു സമരവും നടത്തിയിട്ടില്ലെന്ന് ശ്രീ. പാലോട് രവി പറയുകയുണ്ടായി. കേന്ദ്ര ട്രേഡ് യൂണിയനുകളെല്ലാമൊരുമിച്ച് നടത്തിയിട്ടുള്ള സമരം അങ്ങേയ്ക്ക് ഓർമ്മയുണ്ടല്ലോ. അങ്ങ് ട്രേഡ് യൂണിയൻ നേതാവ് കൂടിയാണല്ലോ നാൽപ്പത്തിയെട്ട് മണിക്കൂർ നീണ്ടുനിന്ന പണിമുടക്ക്, പാർലമെന്റിന് മുന്നിലെ മാർച്ച്, ഐ.എൻ.ടി.യു.സി.-യും സി.ഐ.ടി.യു.-വും ചേർന്ന്,

കേരളത്തിലെ ജനങ്ങൾ ഒരുമിച്ചുനിന്ന് നടത്തിയ സമരം അങ്ങേയ്ക്ക് ഓർമ്മയുണ്ടല്ലോ. അത് ആഗോളവൽക്കരണത്തിന് എതിരല്ലേ?

ശ്രീ. പാലോട് രവി. സർ, അവിടെയാണ്, അവിടെയാണ് ആ ചോദ്യം ചോദിക്കരുതെന്ന് ഞാൻ പറഞ്ഞത്. കാരണം, ആഗോളവൽക്കരണത്തിനെതിരായി ഇന്ത്യയിലെ തൊഴിലാളിവർഗ്ഗം ഒന്നിക്കണമെന്ന് പറഞ്ഞപ്പോൾ ഐ.എൻ.ടി.യു.സി.-യുടെ കേന്ദ്ര ഓഫീസിൽ കൊടിയുടെ നിറം നോക്കാതെ സി.ഐ.ടി.യു.-വും എ.ഐ.ടി.യു.സി.-യും എച്ച്.എം.എസ്-ഉം എല്ലാംകൂടി ഒരുമിച്ച് ഇന്ത്യയിലെ തൊഴിലാളി വർഗ്ഗത്തിന്റെ താൽപ്പര്യം സംരക്ഷിക്കുവാൻ പൊതുവേദിയുണ്ടാക്കിയവരാണ് ഞങ്ങൾ. സാം പിട്രോഡ എന്നുപറഞ്ഞോ രഘുറാം എന്നുപറഞ്ഞോ ഒമേഗാ എന്നുപറഞ്ഞോ ഒഴിഞ്ഞുമാറിയില്ല. ആഗോളവൽക്കരണത്തിനെതിരായി തൊഴിലാളികളുടെ ചെറുത്തുനിൽപ്പ് ഉണ്ടാകണം, ഈ രാജ്യത്ത് അടിസ്ഥാനവർഗ്ഗത്തിന്റെ ചെറുത്ത്നിൽപ്പുണ്ടാകണം, ഞങ്ങളും തയ്യാറാണ്, ഞങ്ങളും സമരം ചെയ്യുന്നവരാണ് എന്നാണ് പറഞ്ഞത്.

ശ്രീ. എം. ഹംസ: സർ, ആഗോളവൽക്കരണത്തിനെതിരായ പോരാട്ടത്തെ അങ്ങ് അനുകൂലിച്ചതിന് നന്ദി. ആഗോളവൽക്കരണത്തിന്റെ ഭാഗമായ ന്യൂ ഇക്കണോമിക് പോളിസിയുടെ ഭാഗമായി സംസ്ഥാനത്തിന്റെ അധികാരത്തിലുണ്ടായ സഹകരണ പ്രസ്ഥാനം കേന്ദ്രത്തിന്റെ കൺകറന്റ് ലിസ്റ്റിലേക്ക് വന്നത്. അത്തരത്തിലൊരു ഭരണഘടനാ ഭേദഗതി വരുത്തി സഹകരണ പ്രസ്ഥാനത്തെ കശാപ്പുചെയ്യാൻ കേന്ദ്രം കൊണ്ടുവന്ന നിയമത്തെ അങ്ങ് എതിർക്കുന്നുണ്ടോ?

ശ്രീ. പാലോട് രവി: സർ, ഒരുതരത്തിലും അങ്ങനെ പ്രസംഗിച്ച് പ്രചരിപ്പിക്കരുത്. ഈ രാജ്യത്ത് നമ്മൾ ഏതെല്ലാം കാര്യങ്ങളിൽ

ഒരുമിച്ചുനിന്ന് എതിർത്തു. ഞാൻ നേരത്തേ ചോദിച്ചല്ലോ, നമ്മുടെ സഹകരണ ബാങ്കുകളിൽ ആഡിറ്റുവേണ്ടേ; എന്നാണ് ആഡിറ്റ് തുടങ്ങിയത്; ആഡിറ്റ് തുടങ്ങിയിട്ട് ഒരു വർഷമേ ആയിട്ടുള്ളൂ. ഈ രാജ്യത്ത് കോർ ബാങ്കിംഗ് വേണ്ടേ, ഞങ്ങൾ കോർ ബാങ്കിംഗിനെ സപ്പോർട്ട് ചെയ്യുന്നുവെന്ന് ശ്രീ. ജി. സുധാകരൻ പറഞ്ഞു. റിസർവ്വ് ബാങ്കിന്റെ നിയന്ത്രണങ്ങൾ വരുമ്പോൾ ഈ രാജ്യത്ത് ഒരു ഫൈനാൻഷ്യൽ ഡിസിപ്ലിൻ വരും, ജന ങ്ങൾക്ക് വിശ്വാസം കൂടും, ജനങ്ങൾക്ക് വിശ്വാസമുണ്ടാകുമ്പോൾ നിക്ഷേപം വർദ്ധിക്കും. നിക്ഷേപം വർദ്ധിക്കുക മാത്രമല്ല, ലോണിന്റെ സീലിംഗ് റേഷ്യോയും വർദ്ധിക്കും. അതെല്ലാം ഈ സംസ്ഥാനത്തുണ്ടാകും. അവിടെ തടസ്സമായി നിൽക്കുന്ന കാര്യങ്ങൾ അതാണ് ഇവിടെ മന്ത്രി ആമുഖത്തിൽ ഒരു വരിയായി പറഞ്ഞത്. അതിന് തടസ്സമായി നിൽക്കുന്ന കാര്യങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പരിപാടികൾ കണ്ടെത്തുന്നതിന് കേരളത്തിലെ ഐക്യമുന്നണി സംവിധാനമോ കേരളത്തിന്റെ മുഖ്യമന്ത്രിയോ കേരളത്തിന്റെ സഹകരണ വകുപ്പുമന്ത്രിയോ എതിരായി നിന്നിട്ടുണ്ടോ? ഇത് കേരളത്തിലെ സഹകരണ മേഖലയിലെ നമ്മുടെ ജീവനാഡിയെന്നുള്ള നിലയിൽ 1604 സംഘങ്ങളാണുള്ളത്. ഞാൻ ഒരു ഉദാഹരണം പറയട്ടെ, ആനാട് സർവ്വീസ് സഹകരണ ബാങ്കിലെ ഇലക്ഷന്റെ കാര്യം ഇവിടെ പറഞ്ഞു. ഞാനിവിടെ വളരെ ആധികാരികമായി പറയുകയാണ്. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. ഒരു പരാതി കൊണ്ടുകൊടുത്തു. എന്താണ് പരാതി; വോട്ടേഴ്സ് ലിസ്റ്റിൽ 5200 പേർ മരിച്ചവരുണ്ട്. സംഘമുണ്ടായ അന്നുമുതൽ ഇന്നുവരെ മരിച്ചവരെ അംഗങ്ങളുടെ പട്ടികയിൽ നിന്നും മാറ്റിയിട്ടില്ല. ഇവിടെ പരാതി കൊടുത്തു. പരാതി അന്വേഷിച്ചു. ശരിയായിരുന്നു. ഞാൻ ചോദിക്കട്ടെ, എന്തിനാണ്

ഈ 5000 പേരെ, ഒരു ബാങ്കിൽ മരിച്ച 5000 പേരുടെ പേര് മാറ്റാത്തത്, 500 പേരെ ഉൾപ്പെടുത്തുന്നതുതന്നെ ആക്ഷേപമല്ലേ? അത് സഹകരണ ജനാധിപത്യമാണോ. 5000 പേർ ഉൾപ്പെടുന്ന ഒരു വോട്ടർപ്പട്ടിക എന്നു പറഞ്ഞാൽ, കേരളത്തിലെ സഹകരണ തെരഞ്ഞെടുപ്പുകളിൽ ഐഡന്റിറ്റി കാർഡുകൾ എങ്ങനെ പറക്കുന്നുവെന്നും എങ്ങനെ പോകുന്നുവെന്നും എങ്ങനെ പിടിച്ചെടുക്കുന്നുവെന്നും നമുക്ക് നന്നായി അറിയാം. പക്ഷെ ഈ മരിച്ച 5000 പേർ സഹകരണ സ്ഥാപനങ്ങളിൽപോയി വോട്ട് ചെയ്യണമോ. ആനാട് സർവ്വീസ് സഹകരണ ബാങ്കിലെ ഇലക്ഷൻ മാറ്റിവച്ചത് മരിച്ചുപോയ 5000 പേർ ആ ലിസ്റ്റിലുണ്ടെന്ന് ഇലക്ഷൻ കമ്മീഷനും ഗവൺമെന്റിനും ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ്. സർക്കാർ ഉദ്യോഗസ്ഥരും ആ ബോർഡിലുള്ള രണ്ടുപേരെയും ഉൾപ്പെടുത്തിയുള്ള കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്. ഗവൺമെന്റ് ചെയ്തത് തെറ്റാണോ? ഇലക്ഷൻ നടത്താൻ പറഞ്ഞു. ഇലക്ഷൻ തടസ്സപ്പെടുത്തിയില്ല. അവരെ മാറ്റാൻ പറഞ്ഞു. നിങ്ങൾ ലിസ്റ്റ് പരിശോധിച്ച് മരിച്ചുപോയ ആളുകളെ മാറ്റിയതിനുശേഷം തെരഞ്ഞെടുപ്പ് നടത്തിയാൽ മതി എന്നാണ് പറഞ്ഞത്. അതിവിടെ വന്ന് വളരെ ആക്ഷേപമായി......, ഞാൻ ചോദിക്കട്ടെ, 54 സംഘങ്ങളെ 2010–ൽ വന്ന ഗവൺമെന്റ് പിരിച്ചുവിട്ടിട്ടുണ്ട് എന്റെ കയ്യിൽ ലിസ്റ്റുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഏഴ് സംഘങ്ങളെ ശ്രീ. ജി. സുധാകരന്റെ കാലത്ത് പിരിച്ചുവിട്ടു. ശ്രീ. സി. എൻ. ബാലകൃഷ്ണനും യു.ഡി.എഫ്. ഗവൺമെന്റും വന്നതിനുശേഷം അങ്ങനെ ഏതെങ്കിലുമൊരു സംഘത്തെ പിരിച്ചുവിട്ടിട്ടുണ്ടോ?

ശ്രീ. എം. ഹംസ: സർ, അങ്ങ് സഹകരണ രംഗത്തെ നന്മകളെക്കുറിച്ചാണ് പറയുന്നത്. പക്ഷെ ഈ ഗവൺമെന്റ് വന്നതിനുശേഷം 14

മാസക്കാലം ജില്ലാ ബാങ്കുകൾ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിന്റെ കീഴിലാകുകയും കേരള സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും നീണ്ട കാലം ഉദ്യോഗസ്ഥ ഭരണമുണ്ടാവുകയും ചെയ്ത കാലമാണ് ഈ കാലമെന്ന് അങ്ങേയ്ക്കറിയാമോ; രണ്ടാമതൊന്നുകൂടി അങ്ങയോട് ചോദിക്കട്ടെ, കേരളത്തിലെ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് ഡി.ജി.പി.-യുടെ നേതൃത്വത്തിൽ ഒരു വിജിലൻസ് സംവിധാനം ഏർപ്പെടുത്തി. എന്തുകൊണ്ടാണ് ആ വിജിലൻസ് സംവിധാനത്തിൽ ഇപ്പോൾ ഡി.ജി.പി. ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാരെ വയ്ക്കാത്തത്?

ശ്രീ. പാലോട് രവി: സർ, ആഡിറ്റ് വന്നതുകൊണ്ട്. നിങ്ങളുടെ കാലത്ത് ആഡിറ്റില്ലായിരുന്നു. ഇപ്പോൾ ആഡിറ്റ് വന്നു. ഒരു ക്രമക്കേടും അവിടെ നടക്കുന്നില്ല. ഇത് ഉത്തരം പറഞ്ഞേ പറ്റുകയുള്ളൂ. നിങ്ങളുടെ കാലത്ത് 15-20 വർഷം ആഡിറ്റില്ലാതിരുന്നതുകൊണ്ട് പണം എങ്ങനെ ദുർവിനിയോഗം ചെയ്യാം, എന്നിട്ട് നിങ്ങൾക്ക് ഇഷ്ടമില്ലാതിരുന്ന ബാങ്കുകളിൽ പോലീസ് പോയി ആളിനെ പിടിക്കും. അങ്ങനെയാണ് 54 സംഘങ്ങളെ പിരിച്ചുവിട്ടത്. രാഷ്ട്രീയവിരോധം കാണിക്കാനാണ് അത് ചെയ്തത്. തെളിവുവേണോ? ഇവിടെ പിരിച്ചുവിട്ട സംഘങ്ങളുടെ കണക്ക് കാണണോ? അതിനായിരുന്നു അന്ന് അതേർപ്പെടുത്തിയിരുന്നത്. അന്ന് നിങ്ങൾ പറഞ്ഞാൽ കേൾക്കുന്ന പോലീസ് ഉദ്യോഗസ്ഥന്മാർ...., ഇന്ന് അതൊന്നും വേണ്ടല്ലോ. ഈ ഗവൺമെന്റ് വന്ന് എന്തുചെയ്തു; ആഡിറ്റ് സംവിധാനം കൊണ്ടുവന്നു. ഇപ്പോൾ ബാങ്കുകളിൽ തിരിമറി നടക്കില്ല, പിടിച്ചുപറി നടക്കുകയില്ല. അത് ചെയ്താൽ ജയിലിൽപ്പോകും. നന്നായി കണക്കുകൾ വന്നു, അംഗങ്ങളെയും ഡയറക്ടർ ബോർഡ് മെമ്പർമാരെയും ബോധ്യപ്പെടുത്തണം.

ശ്രീ. സാജു പോൾ: സർ, ബാങ്കിംഗ് രംഗത്തും സഹകരണ മേഖലയിലും ആഗോളവൽക്കരണത്തിന്റെയും അതുപോലെതന്നെ ശ്രീ. രഘുറാം ഗോവിന്ദ് രാജനെപ്പോലെയുള്ളവർ റിസർവ്വ് ബാങ്കിന്റെ തലപ്പത്ത് വന്നതിന്റെയും പ്രതിഫലനങ്ങളില്ലെന്ന് അങ്ങ് ഇതുപോലെ ചെറുതാക്കി കാണിക്കരുത്. ഇപ്പോൾ ഇവിടെ വ്യാപാര മേഖലയിൽ എഫ്.ഡി.ഐ., ബഹുമാന്യനായ രമേശ് ചെന്നിത്തലയാണ് പ്രമേയം അവതരിപ്പിച്ചത്. നമ്മൾ ശക്തിയായി കേന്ദ്രത്തോട് ആവശ്യപ്പെട്ടു. അതുപോലെതന്നെ ബൾക്ക് പർച്ചേസർ എന്നുപറഞ്ഞ് കെ.എസ്.ആർ.ടി.സി.–ക്ക് നൽകിയിരുന്ന ഡീസലിന്റെ വില കൂട്ടിയ സംഭവത്തിൽ എതിർത്തു. അതുപോലെതന്നെ ഗ്യാസിന്റെ വിഷയം വന്നു. ഇപ്പോൾ ബാങ്കുകളിൽ എസ്.എം.എസ്. അലേർട്ട് ഫീസ് ഏർപ്പെടുത്താൻ പോകുകയാണ്. അതുപോലെതന്നെ എ.ടി. എം. സേവനത്തിന് ഫീസ് വരാൻ പോകുകയാണ്. ഫെഡറൽ ബാങ്ക്, ധനലക്ഷ്മി ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നിവിടങ്ങളിലെല്ലാം കോർപ്പറേറ്റ് സ്ഥാപനങ്ങൾ കൂടുതൽ ഷെയർ എടുത്തുകൊണ്ടിരിക്കുക യാണ്. പെൻഷൻ ഫണ്ട് മാനേജർമാരെ വച്ചിരിക്കുകയാണ്. സ്റ്റാറ്റ്യൂട്ടറി കോൺട്രിബ്യൂട്ടറിയായതുപോലെ, എ.പി.എൽ.–ബി.പി.എൽ. വേർതിരിവ് വന്നതുപോലെ പ്രൊവൈഡർ സ്ഥാനത്തുനിന്ന് ഫെസിലിറ്റേറ്റർ പദവിയിലേക്ക് ഗവൺമെന്റ് പോകുകയാണ്. ഇത് സഹകരണ മേഖലയെയും ബാങ്കിംഗ് രംഗത്തെയും ഗുരുതരമായി ബാധിക്കും.

ശ്രീ. പാലോട് രവി: സർ, ശ്രീ. സാജു പോൾ സഹകാരിയാണോ എന്നെനിക്ക് അറിയില്ല. യഥാർത്ഥ സഹകാരിയാണെങ്കിൽ, ശ്രീ. ജി. സുധാകരൻ പോലും ഇന്ന് കേരളത്തിൽ സഹകരണ രംഗത്ത് നടന്നുകൊണ്ടി രിക്കുന്ന..., വേണ്ടെന്ന് പറഞ്ഞില്ലേ. ഇപ്പോൾ കസ്തൂരി രംഗൻ റിപ്പോർട്ട്

വന്നു ഗവൺമെന്റ് അത് വേണ്ടെന്ന് പറഞ്ഞില്ലേ. എന്നുപറഞ്ഞതുപോലെ ഏതെല്ലാം റിപ്പോർട്ടുകൾ കേന്ദ്ര ഗവൺമെന്റ് ഇവിടേക്ക് അടിച്ചേൽപ്പിക്കാൻ, വേണ്ട ഞങ്ങൾ അതിന് തയ്യാറല്ല. കാരണം ഇന്ന് കേരളത്തിലെ ഏറ്റവും ശക്തമായ ഒരു മേഖല സഹകരണ മേഖലയാണ്. ഒന്നുരണ്ട് കാര്യങ്ങൾ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയാണ്. ഇൻകം ടാക്സിന്റെ കാര്യം എന്താണ് പറയാത്തത്? ഇൻകം ടാക്സ് ഇതുവരെയുണ്ടാകാത്ത കാര്യമാണ്. നിങ്ങൾ എന്താണ് പറയാത്തതെന്ന് ചോദിച്ചാൽ ഇൻകം ടാക്സ് പാർലമെന്റിൽ പാസ്സാക്കുന്നത് നിങ്ങളുടെ കാലത്താണ്. നിങ്ങൾ അറിഞ്ഞുമില്ല, പ്രതിഷേധിച്ചുമില്ല. 2010-ലാണ് ഇൻകം ടാക്സ് പാസ്സാക്കുന്നത്. എത്രയാണ് പരിധി; രണ്ട് ലക്ഷം. അഞ്ച് ലക്ഷമാക്കണമെന്ന് ഗവൺമെന്റ് പറയുന്നു. എന്റെ അഭിപ്രായം, ഈ ഇൻകം ടാക്സ് ഉദ്യോഗസ്ഥന്മാർ സർവ്വീസ് സഹകരണ ബാങ്കിൽ കയറി നിക്ഷേപകരുടെ എണ്ണം പരിശോധിക്കുകയും നിക്ഷേപകരുടെ കണക്കെടുക്കുകയും ചെയ്താൽ അതോടുകൂടി ഈ സംഘങ്ങൾ പൊളിയും. കേരളത്തിൽ കഴിഞ്ഞ 60 വർഷക്കാലമായി നിലനിൽക്കുന്ന സഹകരണ പ്രസ്ഥാനമെന്നു പറയുന്നത് കള്ളപ്പണമാണെന്ന് ഏതെങ്കിലുമൊരു ഇൻകം ടാക്സ് കമ്മീഷണർക്കോ ഏതെങ്കിലും ഇൻകം ടാക്സ് ഉദ്യോഗസ്ഥനോ ബോധ്യം വന്നാൽ ഇതുവരെ നാം പടുത്തുയർത്തിക്കൊണ്ടുവന്ന ഈ സഹകരണ പ്രസ്ഥാനം നാമാവശേഷമാകും. അവിടെയാണ് മുഖ്യമന്ത്രിയും ഒരു ഗവൺമെന്റും പ്രതിപക്ഷവും വളരെ ഗൗരവത്തോടെ ഇടപെടേണ്ടത്. ഇൻകം ടാക്സ് കൊടുക്കരുതെന്ന് പറയുന്നില്ല. ഇൻകം ടാക്സ് കൊടുക്കണം. അതിന്റെ പരിധി 10-15 ലക്ഷം രൂപയെങ്കിലുമാക്കണം.

ഏറ്റവും കുറഞ്ഞത് 10 ലക്ഷം രൂപയെങ്കിലുമാക്കണം. കാരണം, സഹകരണ സ്ഥാപനത്തിലെ ഈ പണം എന്തിനുള്ളതാണ്; പാവപ്പെട്ട കൃഷിക്കാരന് വളരെ കുറഞ്ഞ പലിശയ്ക്ക് ലോൺ കൊടുക്കാനുള്ളതാണ്. കുറഞ്ഞ പലിശയ്ക്ക് ലോൺ കൊടുക്കുന്ന പാവപ്പെട്ടവരെ സഹായിക്കുന്ന പണമെന്നുള്ള നിലയിൽ അതിന് ഇൻകം ടാക്സ് കൂടി കൊടുക്കണമെന്ന് പററയുന്നത്....., ഈ പണമെടുത്താണ് ലോൺ കൊടുക്കുന്നത്. ഇവർ നിക്ഷേപിച്ചില്ലെങ്കിൽ കൃഷിക്കാർക്ക് പണം കൊടുക്കാൻ നമ്മുടെ കയ്യിലില്ല.

പതിനായിരക്കണക്കിന് കോടി രൂപ ബാങ്കുകളിൽ നിക്ഷേപിച്ച ഈ പണമെടുത്താണ് നമ്മൾ ലോൺ കൊടുക്കുന്നത്. അതുകൊണ്ട് മന്ത്രിയോട് വിനീതമായി പറയുവാനുള്ളത് ഇൻകംടാക്സിനെ സംബന്ധിച്ചിടത്തോളം ഒരു ന്യായമായ തീരുമാനമുണ്ടാകണമെന്നതാണ്. സംസ്ഥാന മുഖ്യമന്ത്രിയും അങ്ങും ഈ ആക്ടിൽ വന്നിരിക്കുന്ന ഭേദഗതിയെ വളരെ ഗൗരവ ത്തോടെ കാണണം. മറ്റൊന്ന് സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷനാ ണ്. ശ്രീ. ജി. സുധാകരൻ മന്ത്രിയായിരുന്ന കാലത്താണ് സഹകരണ ബാങ്കു കളുടെ ക്ലാസിഫിക്കേഷൻ നടന്നത്. ജില്ലാ സഹകരണ ബാങ്കുകളുടെ ക്ലാസി ഫിക്കേഷൻ കാരണമെന്തുണ്ടാകുമെന്നറിയാമോ? നൂറുകണക്കിന് ജീവനക്കാർക്ക് ജോലിയില്ലാതാകും. ജില്ലാ സഹകരണ ബാങ്കിന്റെ കീഴിൽ വരുന്ന ഒരു ബ്രാഞ്ചിനെ യൂണിറ്റായി എടുത്തുകൊണ്ട് നിങ്ങൾ ക്ലാസിഫിക്കേ ഷനിലേയ്ക്കുപോയി. ഇന്നലെവരെ ഈ ബാങ്ക് പടുത്തുയർത്തുന്നതിന്, ഇന്ന് കേരളത്തിന് മാതൃകയാക്കി ജില്ലാ സഹകരണ പ്രസ്ഥാനത്തെ വളർത്തി ക്കൊണ്ടുവരുന്നതിന് ഏറ്റവും ആത്മാർത്ഥമായി സഹായിച്ച ജീവനക്കാരെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവതരമായ ഒരവസ്ഥയിലേയ്ക്ക് ഈ

ക്ലാസിഫിക്കേഷൻ വന്നുനിൽക്കുകയാണ്. അത് റിക്കൺസിഡർ ചെയ്യുന്നതിനുവേണ്ടി മന്ത്രി ഒരു മീറ്റിംഗ് വിളിച്ചു. വളരെ ഗൗരവത്തോടെ അത് റിക്കൺസിഡർ ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ തന്നെയാണ് ജീവനക്കാരുടെ പ്രശ്നങ്ങൾ. കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന പ്രീ–റിവൈസ്ഡ് നിരക്കിലുള്ള ക്ഷാമബത്ത, 6 ശതമാനം ശമ്പളവർദ്ധനവ് അംഗീകരിക്കാനാവില്ലെന്ന നിലപാടിൽ യൂണിയനുകൾ ഉറച്ചുനിന്നപ്പോൾ 6 ശതമാനം ശമ്പളവർദ്ധനവും പ്രീ–റിവൈസ്ഡ് നിരക്കിലുള്ള ക്ഷാമബത്തയും അനുവദിച്ച് ധാരണയായി. എന്നിട്ട് ശമ്പളപരിഷ്ക്കരണത്തിന്റെ ഉത്തരവ് അതിന്റെ കാലാവധി കഴിയുംമുമ്പുതന്നെ ഏകപക്ഷീയമായി സർക്കാർ ഡി.എ.യിൽ കുറവുവരുത്തി. എന്താണ് ഈ കാണിക്കുന്നത്; ആരാണ് ഈ സ്ഥാപനം നിലനിറുത്തിയിരിക്കുന്നത്? ഈ സ്ഥാപനം നിലനിറുത്തിയിരിക്കുന്നതും ഇവിടെ ഡെപ്പോസിറ്റ് മൊബിലൈസ് ചെയ്യുന്നതും ഈ സ്ഥാപനത്തിന് വിശ്വാസ്യതയുണ്ടാക്കുന്നതും സഹകരണ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന ആയിരക്കണക്കിന് ജീവനക്കാരാണ്. ഒരു ധാരണയിലെത്തിയതിനുശേഷം അവർക്കു കൊടുത്തിരുന്ന ഡി.എ.യിൽ കുറവു വരുത്തിയെന്നുപറയുന്നത് ജീവനക്കാരുടെ ഇടയിൽ വളരെയേറെ അസ്വസ്ഥതയുണ്ടാക്കിയതിനാൽ മന്ത്രി ഒരു മീറ്റിംഗ് വിളിച്ചുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് പുനഃപരിശോധിക്കണമെന്ന് ഞാൻ ബഹുമാന്യനായ മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. പെൻഷൻ സ്കീമിനെക്കുറിച്ച് പറയുകയാണെങ്കിൽ ഇപ്പോൾതന്നെ ജില്ലാ സഹകരണ ബാങ്കുകളിൽ നടത്തിയിരിക്കുന്ന പെൻഷൻ സ്കീമിനെക്കുറിച്ച് വ്യാപകമായ അഭിപ്രായവ്യത്യാസമുണ്ട്. അത് അങ്ങേയ്ക്കും അറിയാവുന്ന കാര്യമാണ്. ചർച്ചനടത്തി മിനിട്ട്സുണ്ടാക്കിയ

താണ്. ചില കാര്യങ്ങൾ ഡൽഹിയിൽ ചെയ്യേണ്ടതായിട്ടുണ്ട്. ചില കാര്യങ്ങൾ ഇവിടെ ചെയ്യേണ്ടതായിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുൾപ്പെടെ യുള്ള സ്ഥാപനങ്ങൾ നടപ്പിലാക്കിയിരിക്കുന്ന പെൻഷൻ പദ്ധതിയെ സംബന്ധിച്ച് അതിന്റെ അപാകതകൾ പരിഹരിച്ച് മിൽമപോലുള്ള സ്ഥാപനങ്ങളിലും സഹകരണ മേഖലയിലുള്ള മറ്റ് സ്ഥാപനങ്ങളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ശക്തമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. സഹകരണ മേഖലയുടെ ചുമതല ഒരു സഹകാരിയെത്തന്നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഈ മേഖലയെ നശിപ്പിക്കാതെ സമ്പന്നമായി മുമ്പോട്ടു പോകുകയാണെങ്കിൽ നാളെ വരാൻ പോകുന്ന സാമ്പത്തിക പ്രതിസന്ധിയിൽ കേരളത്തെ രക്ഷിക്കുവാൻ പോകുന്ന ഏറ്റവും വലിയ ഒരു സമാന്തര സമ്പദ് വ്യവസ്ഥയായിരിക്കും സഹകരണ പ്രസ്ഥാനം. അത് ശക്തിപ്പെടുത്തുവാൻ ഈ ഗവൺമെന്റ് മുന്തിയ പരിഗണന നൽകണമെന്ന് പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ: സർ, 2013-ലെ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണ മെന്ന 2 'ബി' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിൽ പൊതുമേഖലയെക്കാൾ സമ്പന്നമാണ് സഹകരണ പ്രസ്ഥാനം ഈ സഹകരണ പ്രസ്ഥാനം എല്ലാ മേഖലകളിലും വളർത്തിയെ ടുക്കുന്നതിനുവേണ്ടി അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും വളരെയേറെ പങ്കുവഹിച്ചിട്ടുണ്ട്. അതിൽ ആരുടേയും പങ്ക് കുറച്ചുകാണാൻ

കഴിയില്ല. രാഷ്ട്രീയമായ അതിപ്രസരങ്ങൾ ചില സന്ദർഭങ്ങളിൽ സഹകരണ പ്രസ്ഥാനത്തെ ദുർബലപ്പെടുത്തിയിട്ടുണ്ടെങ്കിലും ജനാധിപത്യപരമായ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഇന്നും അത് ശക്തമായി നിൽക്കുകയാണ്. അഖിലേന്ത്യാ തലത്തിൽ 1990–നുമുമ്പ് പൊതു മേഖലയേയും സഹകരണ മേഖലയേയും ശക്തിപ്പെടുത്തുന്ന നയസമീപനം തന്നെയാണ് കേന്ദ്ര ഗവൺമെന്റുമെടുത്തിരുന്നത്. പക്ഷേ 1991– നുശേഷം പൊതുമേഖലയെ സ്വകാര്യവത്ക്കരിക്കുന്നതിനും സഹകരണ പ്രസ്ഥാനത്തെ തകർത്ത് സ്വകാര്യമേഖലയെ ശക്തിപ്പെടുത്തുന്നതിനും വേണ്ടിയുള്ള നയസമീപനങ്ങൾ ഇന്ത്യാ ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയുണ്ടായി. 1990–കൾക്കുമുമ്പ് എടുത്ത സമീപനങ്ങളൊക്കെ പരിശോധിക്കുമ്പോൾ അതെല്ലാംതന്നെ നമ്മുടെ പൊതുമേഖലയേയും സഹകരണ മേഖലയേയും ശക്തിപ്പെടുത്താനായിരുന്നു. എന്നാൽ ഗവൺമെന്റ് ആഗോളവത്ക്കരണ, ഉദാരവത്ക്കരണ നയങ്ങൾ അംഗീകരിച്ചതോടുകൂടി പിന്നീടുവന്ന പ്രവർത്തനങ്ങളെല്ലാം ഈ രണ്ടു മേഖലകൾക്കും എതിരായിരുന്നുവെന്നുള്ള കാര്യം പൊതുവേ അംഗീകരിക്കപ്പെടുന്നതാണ്. ശ്രീ. പാലോട് രവി ഇവിടെ പറഞ്ഞ പല കാര്യങ്ങളോടും ഞങ്ങൾ യോജിക്കുന്നു. കാരണം അദ്ദേഹം പല കാര്യങ്ങളിലും ഈ കേന്ദ്രനയത്തിനെതിരായിട്ടുള്ള ഒരു സമീപനം തന്നെയാണ് എടുത്തത്. അദ്ദേഹം ഐ.എൻ.ടി.യു.സി.–യുടെ നേതാവായിക്കൊണ്ട് 2011 സെപ്തംബർ മാസം 7–ാം തീയതിയിലെ പൊതു പണിമുടക്കു മുതൽ ഈ നയങ്ങൾക്കെതിരായിട്ടുള്ള മൂന്നു പണിമുടക്കുകളിലും രാജ്യത്തെ എല്ലാ ട്രേഡ് യൂണിയനുകളേയും യോജിപ്പിച്ച് അണിനിരത്തുന്നതിൽ ഞങ്ങളോടൊപ്പംതന്നെ പ്രധാന

പ്പെട്ട പങ്കുവഹിച്ചയാളാണ്. അതുകൊണ്ട് അദ്ദേഹത്തിന് സഹകരണ രംഗത്തും പൊതുമേഖലാ രംഗത്തും കേന്ദ്രഗവൺമെന്റ് എടുക്കുന്ന നയങ്ങളെ അംഗീകരിച്ചുകൊണ്ട് മുന്നോട്ട് പോകാൻ കഴിയില്ല. മറ്റുപല കോൺഗ്രസ് നേതാക്കന്മാരും ഇതൊക്കെ അംഗീകരിച്ച് പിന്തുണകൊടുക്കുമെങ്കിലും തൊഴിലാളി രംഗത്ത് പ്രവർത്തിക്കുന്ന കോൺഗ്രസ് നേതാക്കന്മാർക്ക് ഇതിനോട് യോജിക്കാൻ കഴിയില്ലെന്നാണ് എന്റെ വിശ്വാസം. 1990-ന് ശേഷം വന്ന കമ്മിറ്റികളുണ്ട്. അതിൽ ബ്രഹ്മപ്രകാശ് കമ്മിറ്റി റിപ്പോർട്ടുണ്ട്. സഹകരണ മേഖലയ്ക്ക് എതിരായി വന്ന റിപ്പോർട്ടാണത്. ഗഫൂർ കമ്മിറ്റി റിപ്പോർട്ടുണ്ട്, അതിനുശേഷം വന്ന വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടുണ്ട്, പിന്നെ 97-ാം ഭരണഘടനാ ഭേദഗതിയുണ്ട്, 111-ാം ഭരണഘടനാ ഭേദഗതിയുണ്ട്, പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടുണ്ട്. ഇതൊക്കെ 1990-ന് ശേഷം വന്ന റിപ്പോർട്ടുകളാണ്. ഇതൊന്നുപോലും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനോ ബലപ്പെടുത്തുന്നതിനോ മറ്റ് മേഖലകളിലേയ്ക്ക് സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനോ, ജനങ്ങൾക്ക് ആഗോളവത്ക്കരണ നയങ്ങളിൽ നിന്ന് സംരക്ഷണം കൊടുക്കുന്നതിനോ ഉള്ള ഒരു നിർദ്ദേശവും ഈ കമ്മിറ്റികളിൽ നിന്നുണ്ടായിട്ടില്ല. മാത്രമല്ല അതിനെ ദുർബലപ്പെടുത്തുന്നതിനുവേണ്ടിയുള്ള സമീപനങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഇപ്പോൾ ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റേയും മൂലധന പര്യാപ്തതാ അനുപാതം റിസർവ്വ് ബാങ്ക് വർദ്ധിപ്പിച്ചത് നടപ്പിലാക്കാൻ വേണ്ടിയാണല്ലോ ഈ ഭേദഗതി തന്നെ ആവശ്യമായി വന്നത്. അല്ലാതെ ഇവിടത്തെ സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ വേണ്ടിയല്ലല്ലോ.

ഇവിടത്തെ സഹകരണ പ്രസ്ഥാനത്തെ ഇല്ലാതാക്കുന്നതിനുവേണ്ടി, റിസർവ്വ് ബാങ്ക് നിർദ്ദേശിച്ച ഒരു നയം നടപ്പിലാക്കുന്നതിനുവേണ്ടിയാണ് കേരള നിയമസഭ ഈ ഭേദഗതി ചർച്ച ചെയ്യുന്നത്. അതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ഇവിടെ ഈ ഭേദഗതി അവതരിപ്പിച്ചത്. അല്ലാതെ ഗവൺമെന്റിന്റെ നയസമീപനത്തിനല്ല, റിസർവ്വ് ബാങ്കിന്റെ നയം ഇവിടെ നടപ്പിലാക്കാനാണ്. 4 ശതമാനം മൂലധന പര്യാപ്തത നടപ്പിലാക്കാൻ കേരള സംസ്ഥാനത്തിലെ 6 ജില്ലാ ബാങ്കുകൾക്ക് കഴിഞ്ഞിട്ടില്ല. അങ്ങനെ 6 ജില്ലാ ബാങ്കുകൾക്ക് കഴിയാതെ വന്നപ്പോൾ 200 കോടി രൂപയോളം സർക്കാർ നൽകുകയാണ് ചെയ്തത്. അങ്ങനെയാണ് അവരെ റിസർവ്വ് ബാങ്കിന്റെ 4 ശതമാനത്തിന്റെ സമീപനത്തിൽ ഈ സർക്കാർ നിലനിറുത്തിയത്. ഇനിയിപ്പോൾ 2015 മാർച്ച് 31–നകം 7 ശതമാനമാക്കി അത് വർദ്ധിപ്പിക്കണം. അതുകഴിഞ്ഞാൽ 2017 –ൽ 9 ശതമാനമാക്കി അത് വർദ്ധിപ്പിക്കണം. 2018–ൽ 12 ശതമാനമാക്കി അത് ഉയർത്തണം. ആ കാര്യം അങ്ങിവിടെ പറഞ്ഞില്ല. അങ്ങ് ബിൽ അവതരിപ്പിച്ചുകൊണ്ടു നടത്തിയ പ്രസംഗത്തിലും പറഞ്ഞില്ല. 2018 ആകുമ്പോൾ 12 ശതമാനത്തിലേയ്ക്ക് മൂലധന പര്യാപ്തതാ അനുപാതം ഉയർത്തണമെങ്കിൽ നമ്മുടെ സംസ്ഥാനത്തിലെ 14 ജില്ലാ ബാങ്കുകൾക്ക് എത്ര കോടി രൂപ ഈ സർക്കാർ സഹായിക്കേണ്ടി വരും. അതിനെപ്പറ്റി അങ്ങ് ഒന്നും പറഞ്ഞില്ല. അങ്ങയുടെ ഈ ഭേദഗതി നിരുപദ്രവമല്ല. ഈ ഭേദഗതി ജില്ലാ ബാങ്കുകളുടെ അന്തകനാണ്. അതിൽ നിന്ന് ജില്ലാ ബാങ്കുകളെ രക്ഷിക്കണമെങ്കിൽ ഒന്നുകിൽ കടം വാങ്ങുന്ന കൃഷിക്കാരെ

കുത്തുപാള എടുപ്പിക്കും. അല്ലെങ്കിൽ ഇതിന്റെ ഡെപ്പോസിറ്റർമാരിൽ നിന്ന് 2 ശതമാനം ഷെയർ പിരിക്കണം. അങ്ങനെ ഷെയർ പിരിച്ചാൽ ആരെങ്കിലും ഡെപ്പോസിറ്റ് ചെയ്യുമോ? ഏറ്റവും കൂടുതൽ പലിശ കിട്ടുന്നിടത്തല്ലേ ഡെപ്പോസിറ്റർ ഡെപ്പോസിറ്റ് ചെയ്യൂ. കാനറ ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്താൽ 2 ശതമാനം ഷെയർ കൊടുക്കണ്ട എന്നുവന്നാൽ ജില്ലാ ബാങ്കിൽ ആരെങ്കിലും ഡെപ്പോസിറ്റ് ചെയ്യുമോ? സുരക്ഷിതമായി കണക്കാക്കുന്നത് പൊതുമേഖലാ ബാങ്കുകളെയല്ലേ. അപ്പോൾ പൊതുമേഖലാ ബാങ്കുകൾ സുരക്ഷിതമായി അപ്പുറത്തുണ്ടാകുമ്പോൾ രണ്ടു ശതമാനം ഷെയർ പിരിച്ചാൽ ഡെപ്പോസിറ്റില്ലാതെ പിന്നെ ജില്ലാ ബാങ്ക് എങ്ങനെയാണ് പ്രവർത്തിക്കുന്നത്.

ഇതിൽ നിർദ്ദേശിക്കുന്ന മറ്റൊരു കാര്യം, പര്യാപ്തതാ അനുപാതത്തിലെത്തിക്കാൻ പ്രൈമറി സഹകരണ സംഘങ്ങൾ കൃഷിക്കാർക്ക് ലോൺ കൊടുക്കുമ്പോൾ രണ്ടുശതമാനം ഷെയർ അധികം പിരിക്കണം എന്നാണ്. ലോണെടുക്കുന്ന കൃഷിക്കാരുടെ പുറത്തല്ലേ ഇത് വച്ചുകെട്ടുന്നത്? കേരള സംസ്ഥാനത്തിലെ തകർന്ന് കുത്തുപാളയെടുത്തുകൊണ്ടിരിക്കുന്ന കൃഷിക്കാർ അൽപ്പസ്വൽപ്പം കടം വാങ്ങുമ്പോൾ അവരുടെ പലിശയിൽ വർദ്ധനവുണ്ടാകുന്നു എന്നുമാത്രമല്ല ഈ രണ്ടുശതമാനം ഷെയറിന് അവർക്ക് ഡിവിഡന്റോ ലാഭവിഹിതമോ കിട്ടാൻ പോകുന്നുമില്ല. എത്ര പണം കടം വാങ്ങിയാലും രണ്ടുശതമാനം ഷെയർ പിടിച്ചതിനുശേഷമേ കൊടുക്കൂ. ഈ നിബന്ധന എല്ലാ ബാങ്കിനും എല്ലാ കൃഷിക്കാരനും ബാധകമല്ലേ; അത് സംബന്ധിച്ച് സർക്കാരിന്റെ നിലപാടെന്താണ്; ഇതിനെ ശക്തമായി

എതിർക്കേണ്ടതല്ലേ? ഈ ഭേദഗതി കൊണ്ടുവരാനേ പാടില്ലായിരുന്നു. ശ്രീ. പാലോട് രവി ഭേദഗതിയെ അനുകൂലിച്ചുകൊണ്ട് ഇവിടെ കുറേ കാര്യങ്ങൾ പറഞ്ഞു. പക്ഷെ ഇതിന്റെ ഉള്ളടക്കത്തിലേക്ക് അദ്ദേഹം കടന്നില്ല. ഉള്ള ടക്കം സംബന്ധിച്ച് പരിശോധിച്ചില്ല.

ശ്രീ. സാജു പോൾ: സർ, ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് വിടണമെന്നുള്ള ഭേദഗതിയാണല്ലോ ശ്രീ. എം. ചന്ദ്രൻ ഇവിടെ അവതരിപ്പിക്കുന്നത്. ഗവൺമെന്റിന്റെ ഇത്തരം നടപടികൾക്കെതിരെ കോൺഗ്രസ് അനുകൂല ജീവനക്കാരുടെ സംഘടനകളായ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ടും കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയനുമടക്കം നിയമസഭയിലേക്ക് മാർച്ച് നടത്തിയതാണ്. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുന്ന, കേരളത്തിന് വളരെ ദോഷകരമായ ഇത്തരത്തിലുള്ള പല പരിഷ്ക്കാരങ്ങളും നീട്ടിവയ്ക്കുന്ന സമീപനമെടുത്തശേഷം പിന്നീടത് നിർബന്ധപൂർവ്വം നടപ്പാക്കാൻ ഇടയാക്കുന്ന വിധത്തിലുള്ള സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ കെ.എസ്.ഇ.ബി.-യുടെ കാര്യത്തിൽത്തന്നെ അങ്ങനെയാണല്ലോ സംഭവിച്ചത്. ബഹുമാന്യനായ മന്ത്രി സ്വർണ്ണ നിറമുള്ള, പവിഴ മനസ്സുള്ള ഒരാളാണെങ്കിൽപ്പോലും യഥാർത്ഥത്തിൽ അദ്ദേഹം പിലാത്തോസിനെപ്പോലെ കൈ കഴുകാൻവേണ്ടിയാണ് നിൽക്കുന്നതെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. ചന്ദ്രൻ: സർ, ജില്ലാ ബാങ്കുകൾക്ക് ഇത് ബാധകമാക്കുമ്പോൾ രാജ്യത്തെ പൊതുമേഖലാ ബാങ്കുകളെ ഈ അനുപാതത്തിലെത്തിക്കാൻവേണ്ടി നൂറുകണക്കിന് കോടി രൂപ കേന്ദ്ര സർക്കാർ കൊടുക്കുകയാണ്. എന്നിട്ടാണ് റിസർവ്വ് ബാങ്കിന്റെ നയം പൊതുമേഖലാ ബാങ്കുകളിൽ നടപ്പിലാക്കുന്നത്.

ശ്രീ. പാലോട് രവി: സർ, ഈ നയം കൃഷിക്കാരെ ബാധിക്കുമെന്ന് അങ്ങ് പറഞ്ഞു. സംസ്ഥാന സർക്കാരിന്റെയും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെയുമെല്ലാം ഡെപ്പോസിറ്റ് പൊതുമേഖലാ ബാങ്കുകളിലാണ്. സഹകരണ മേഖലയിലുള്ള ഒരൊറ്റ ബാങ്കിലും ഡെപ്പോസിറ്റില്ല. സ്റ്റേറ്റ് ഗവൺമെന്റും പൊതുമേഖലാ സ്ഥാപനങ്ങളും നമ്മുടെ സഹകരണ മേഖലയെ ചിറ്റമ്മയായി മാറ്റി നിർത്തിയിരിക്കുകയാണ്. മന്ത്രി സംസാരിക്കുമ്പോൾ പറയുമായിരിക്കും, ഒരിക്കലുമിത് കൃഷിക്കാരെ ബാധിക്കുന്നതല്ല.

ശ്രീ. എം. ചന്ദ്രൻ: സർ, രണ്ടുശതമാനം ഷെയർ പിരിക്കണമെന്നതാണ് നിബന്ധന. അത് കൃഷിക്കാരെയല്ലാതെ വേറെയാരെയാണ് ബാധിക്കുന്നത്? സഹകരണ ബാങ്കുകളെ ഗവൺമെന്റുതന്നെ തഴഞ്ഞിരിക്കുകയാണെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. ഞാൻ അതിനൊരു ഉദാഹരണം പറയാം, പാലക്കാട് ജില്ലയിൽ വലിയ സംഖ്യ കൊടുത്താണ് നെല്ല് സംഭരിക്കുന്നത്. ഏറ്റവും കൂടുതൽ നെല്ല് സംഭരിക്കുന്നത് പാലക്കാട് ജില്ലയിൽ നിന്നാണ്. അവിടെ അതിന്റെ ചുമതല ഏൽപ്പിച്ചിരിക്കുന്നത് കാനറാ ബാങ്കിനെയാണ്. അവിടത്തെ ജില്ലാ സഹകരണ ബാങ്ക് നെൽകൃഷിക്കാർക്ക് 50,000 രൂപവരെ പലിശരഹിത വായ്പ കൊടുത്തുകൊണ്ട് കൃഷിക്കാരെ സഹായിച്ചാണ് നെല്ല് ഉൽപ്പാദിപ്പിക്കുന്നത്. എന്നിട്ട് ആ നെല്ല് സംഭരിക്കുന്ന ചുമതല കാനറാ ബാങ്കിന് കൊടുത്തുകൊണ്ട് അതിന്റെ ലാഭം കൃഷിക്കാരൻ അവിടെ അക്കൗണ്ട് തുടങ്ങി അവിടെനിന്നും വാങ്ങേണ്ട സ്ഥിതിവിശേഷം ഉണ്ടാക്കേണ്ട കാര്യമുണ്ടോ? കടം നൽകുന്ന ബാങ്കിലേക്ക് ഇത് കൊടുത്താൽ അവരുടെ കടത്തിലേക്ക് ആ പണം പോകും. നെല്ല് സംഭരിക്കുന്നതിലൂടെ ലഭിക്കുന്ന ലാഭം സഹകരണ സംഘത്തിന് കൊടുത്താൽ ഓവർ ഡ്യൂ ഉണ്ടാവുകയില്ല. കൃഷിക്കാരുടെ കടം തീർന്നുപോകും. പക്ഷെ നിങ്ങൾ നാഷണ

ലൈസ്ഡ് ബാങ്കായ കാനറ ബാങ്കിനെയാണ് അതിനായി ഏൽപ്പിച്ചിരിക്കുന്നത്. കൃഷിക്കാരൻ അവിടെ നിന്നും പണമെടുക്കുമെങ്കിലും സഹകരണ ബാങ്കിൽ അത് അടയ്ക്കണമെന്നില്ല. പലിശരഹിത വായ്പ കൊടുക്കുന്ന ഒരു ബാങ്കിനെപ്പോലും അവഗണിക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നില പാടെടുത്തപ്പോൾ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി, അദ്ദേഹം ഒരു സഹകാരിയായിട്ടുപോലും അതിനെതിരെ പ്രതിഷേധിച്ചില്ല. അതിനെതിരെ പ്രതിഷേധിക്കേണ്ടതല്ലേ. എന്തിനാണ് നിങ്ങൾ നാഷണലൈസ്ഡ് ബാങ്കിനെ സഹായിക്കുന്നത്; നിങ്ങൾക്ക് അതിന്റെ ആവശ്യമെന്താണ്? പൊതുമേഖലാ ബാങ്കുകളെ സഹായിക്കാൻ ഇന്ത്യാ ഗവൺമെന്റുണ്ട്. റിസർവ്വ് ബാങ്കിന്റെ ഈ നയം നടപ്പിലാക്കുന്നതിന് പൊതുമേഖലാ ബാങ്കുകൾക്ക് കേന്ദ്ര സർക്കാർ 500-1000 കോടി രൂപ കൊടുക്കുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളല്ലാത്ത കൊമേഴ്സ്യൽ ബാങ്കുകൾക്ക് ഈ നിബന്ധന ബാധകമാക്കിയിട്ടില്ല. അതിനെ സംബന്ധിച്ച് അങ്ങേയ്ക്കും അറിവുണ്ടാകുമല്ലോ; എന്തുകൊണ്ടാണ് ബാധകമാക്കാത്തത്; എന്തിനാണ് സഹകരണ സ്ഥാപനങ്ങൾക്കു മാത്രം ഇത് ബാധകമാക്കിയത്? അപ്പോൾ, സ്വകാര്യ ബാങ്കിന് കൊടുക്കുന്ന ഒരവകാശംപോലും ഈ സംസ്ഥാനത്തെ ജനങ്ങളെ സേവിക്കുന്ന, സംസ്ഥാനത്തെ ജനങ്ങളുടെ പണംകൊണ്ട് പ്രവർത്തിക്കുന്ന, അതിന്റെ ലാഭവും നഷ്ടവും ജനങ്ങളുടേതായി നിലനിൽക്കുന്ന ഈ സംഘങ്ങൾക്ക് നൽകിയിട്ടില്ല എന്നുള്ളതാണ് ഈ ഭേദഗതിയിലുള്ള പ്രശ്നം. ഇപ്പോൾ കുത്തകകൾക്ക് ബാങ്ക് രൂപീകരിക്കാനുള്ള അവകാശം നൽകുന്ന കേന്ദ്ര ഗവൺമെന്റിന്റെ ബാങ്കിംഗ് റെഗുലേഷൻ ആക്ട് നിലവിൽ വന്നിരിക്കുന്നു. കുത്തക വ്യവസായികൾക്ക് ഇതുവരെ ബാങ്ക് രൂപീകരിക്കാൻ കഴിയില്ലായിരുന്നു. കുത്തക വ്യവസായികൾ ജനങ്ങളുടെ പണം ഷെയറുകളാക്കി മാറ്റി ജന

ങ്ങളെ കൊള്ളയടിച്ച് അവരുടെ വ്യവസായ മൂലധനം വർദ്ധിപ്പിച്ച് അത് ധനമൂലധനമാക്കി അതിന്റെ പേരിൽ ഊഹക്കച്ചവടം നടത്തി കൊള്ളലാഭമുണ്ടാക്കി. അതിന്റെ ഫലമായി ഇപ്പോൾ 85 പണക്കാർ ചേർന്ന് ലോകത്തിലെ 50% സമ്പത്തും കൈകാര്യം ചെയ്യുന്ന നിലയിലേക്ക് എത്തി. ഇത് സംഭവിച്ചത് ഇത്തരത്തിലുള്ള തെറ്റായ നയത്തിന്റെ ഭാഗമായല്ലേ? കുത്തക വ്യവസായികൾ ബാങ്ക് രൂപീകരിച്ചാൽ അവരുടെ ബാങ്കുകൾക്ക് ഈ നിബന്ധന റിസർവ്വ് ബാങ്ക് നടപ്പിലാക്കുന്നില്ല. മാത്രമല്ല, ഇന്ത്യൻ ബാങ്കുകളിൽത്തന്നെ വിദേശ മൂലധനം 49%–മായി വർദ്ധിപ്പിച്ചു. വിദേശ മൂലധനത്തിന് ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകളിൽ നുഴഞ്ഞുകയറ്റം നടത്തി ആ ബാങ്കുകളെത്തന്നെ പിടിച്ചെടുക്കാനുള്ള സൗകര്യം നൽകിയിട്ടുള്ള നിയമമാണ് ബാങ്കിംഗ് റെഗുലേഷൻ ആക്ട്. അതാണ് പാർലമെന്റ് പാസ്സാക്കിയത്. മാത്രമല്ല, 76% വിദേശ മൂലധനം ഇവിടത്തെ കൊമേഴ്സ്യൽ ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്.

ഇന്ത്യാ ഗവൺമെന്റിന്റെ വിദേശ വ്യാപാരത്തിൽ കമ്മി വന്നത് പരിഹരിക്കുന്നതിന് വേണ്ടി വിദേശ മൂലധനം എല്ലായിടത്തും കടന്നുവരാൻ അനുവദിക്കുകയാണ്, ബാങ്കിംഗ് മേഖല വിൽപ്പന നടത്തുകയാണ്. അതുപോലെ തന്നെ ചില്ലറ വ്യാപാര മേഖലയിൽ നൂറ് ശതമാനം വിദേശ മൂലധനം കൊണ്ടുവരുന്നതിനുള്ള തീരുമാനമെടുത്തത് എന്തിന് വേണ്ടിയാണ്? നമ്മുടെ കയറ്റുമതി കുറയുകയും ഇറക്കുമതി കൂടുകയും ചെയ്ത സാഹചര്യത്തിൽ കമ്മി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് സ്വർണ്ണം ആരും ഇറക്കുമതി ചെയ്യാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പി. ചിദംബരം പറഞ്ഞത്. സ്വർണ്ണം ഇറക്കുമതിക്ക് ഡ്യൂട്ടി കൂട്ടി. സ്വർണ്ണം ഇറക്കുമതിക്കും ഓയിൽ ഇറക്കുമതിക്കുമാണ് ഡോളർ ഉപയോഗിക്കുന്നത്.

അതുകൊണ്ട് ഓയിലിന്റെയും സ്വർണ്ണത്തിന്റെയും ഇറക്കുമതി നിയന്ത്രിക്കണ മെന്ന് പറഞ്ഞുകൊണ്ടാണ് സ്വർണ്ണത്തിന് 20 ശതമാനം നികുതി കൂട്ടിയത്. ഫയാസുമാരെല്ലാം ആ നയംകൊണ്ട് ഉണ്ടായതല്ലേ? ഒരുകിലോ സ്വർണ്ണം കേരളത്തിലേക്ക് കടത്തിയാൽ 5 ലക്ഷം രൂപ ലഭിക്കും. വൻകിട കുത്തക സ്വർണ്ണ വ്യാപാരികൾ നിരപരാധികളായ പെൺകുട്ടികളെവരെ ഈ സ്വർണ്ണ ക്കടത്തിന് ഉപയോഗിച്ചു. ഒരു സ്വർണ്ണവ്യാപാരിയെപ്പോലും കേരളത്തിൽ അറസ്റ്റു ചെയ്തിട്ടില്ല. ഈ സ്വർണ്ണം ആരാണ് ഉപയോഗിക്കുന്നത്? ഒരു കിലോ സ്വർണ്ണം കടത്തിയാൽ ഒരു ലക്ഷം രൂപ കൊടുക്കാം എന്ന് പറഞ്ഞ് പാവപ്പെട്ട വരെ മോഹിപ്പിച്ച്, ഒരു എയർഹോസ്റ്റസ് വരെ ആ കേസിൽപ്പെട്ടില്ലേ? ഫയാസും കൂട്ടരും കടത്തിക്കൊണ്ടുവന്ന സ്വർണ്ണം ഉപയോഗിച്ച ഏതെങ്കിലു മൊരു വ്യാപാരിയെ ഇവിടെ അറസ്റ്റ് ചെയ്തിട്ടുണ്ടോ? അതുകൊണ്ട് നയം തന്നെയാണ് പ്രശ്നം. വിദേശ വ്യാപാര കമ്മി നികത്താൻ ഇന്ത്യയിലെ സ്ഥാപനങ്ങൾ ബഹുരാഷ്ട്ര കുത്തകകൾക്ക് അടിയറ വയ്ക്കുക തന്നെയാണ് ചെയ്യുന്നത്. അതിന്റെ ഭാഗമായി സഹകരണ മേഖലയും ചുരുങ്ങി വരിക യാണ്. വളർച്ചയുടെ കാലഘട്ടം കഴിഞ്ഞ് തകർച്ചയുടെ കാലഘട്ടത്തിലേ ക്കാണ് സഹകരണ മേഖല നീങ്ങിക്കൊണ്ടിരിക്കുന്നത്. അത് ഐക്യജനാധി പത്യ മുന്നണിയിലെ ഘടക കക്ഷികളെപ്പോലെ തകർന്നുകൊണ്ടിരിക്കുക യാണ്. ഐക്യജനാധിപത്യ മുന്നണി അധികാരത്തിൽ വരുമ്പോൾ എട്ട് കക്ഷി യുണ്ടായിരുന്നു, ഇപ്പോൾ അതിൽ എത്ര കക്ഷിയുണ്ട്? ശ്രീമതി ഗൗരിയമ്മ യുടെ പാർട്ടി ഇപ്പോൾ ഇതിലില്ല എന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. ശ്രീ. ബാലകൃഷ്ണപിള്ളയുടെ പാർട്ടി ഇപ്പോൾ ഐക്യജനാധിപത്യ മുന്നണിയിലു ണ്ടോ; ഉണ്ടെന്ന് നിങ്ങൾ പറയുന്നു, അദ്ദേഹം പറയുന്നു ഇല്ലെന്ന്. ഇനി മന്ത്രി

സ്ഥാനം തന്നാലും ഞങ്ങൾക്ക് വേണ്ട എന്ന് ദിവസേന ചാനലുകളിൽക്കൂടി അദ്ദേഹം പറഞ്ഞുകൊണ്ടിരിക്കുകയാണ്. സി.എം.പി പിളരുമെന്ന് ഞങ്ങൾ വിചാരിച്ചതല്ല, അത് പിളർന്ന് രണ്ടായി. രണ്ട് കഷണത്തെയും ഐക്യജനാധി പത്യ മുന്നണിയിലേക്ക് എടുക്കില്ലെന്ന് തീരുമാനിച്ചു. ശ്രീ. അനൂപ് ജേക്ക ബിന്റെ പാർട്ടി – അവർക്ക് കാശ് പങ്കുവയ്ക്കുന്നതിലാണ് തർക്കം. അതിന്റെ ഭാഗമായി ഓരോരുത്തരും പ്രസ്താവന കൊടുക്കുന്നു. സ്ഥലം മാറ്റത്തിൽ അഴിമതി നടത്തുന്നതിന്റെ പങ്ക് ഞങ്ങൾക്ക് കിട്ടുന്നില്ലെന്ന് പറഞ്ഞ് ആ പാർട്ടി പിളർപ്പിലേയ്ക്ക് നീങ്ങുകയാണ്. ഇപ്പോൾ ഏത് പാർട്ടിയാണ് ഐക്യജനാധി പത്യ മുന്നണിക്ക് സപ്പോർട്ട് ചെയ്യുന്നത്? മാണി സാറിന്റെ പാർട്ടിയിൽപ്പെട്ട ചീഫ് വിപ്പ് ഞങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്ന ഒരാളായിട്ടാണ് അപ്പുറത്ത് നിൽക്കുന്നത്. കോൺഗ്രസ്സിന്റെ നേതാക്കൻമാരെയും മന്ത്രിമാരെയും പറ്റി എല്ലാവിധ അഴിമതി ആരോപണങ്ങളും പറഞ്ഞു നടക്കുന്ന ആളാണ് ചീഫ് വിപ്പ്. അതിനൊക്കെ സംരക്ഷണം കൊടുക്കുന്നത് മാണി സാറാണ്. ചീഫ് വിപ്പിനെ മാറ്റണമെന്ന് പറഞ്ഞ് കെ.പി.സി.സി. പ്രമേയം പാസാക്കിയതായി പത്രത്തിൽ വാർത്തവന്നു, നിങ്ങൾ നിഷേധിച്ചിട്ടില്ല. ഇതേവരെ നിങ്ങൾക്ക തിന് കഴിഞ്ഞിട്ടുണ്ടോ? അത്രയ്ക്ക് കെട്ടുറപ്പല്ലേ നിങ്ങളുടെ ഐക്യജനാധി പത്യ മുന്നണിയെന്ന് പറയുന്ന മുന്നണിക്ക്; തൊടാൻ പറ്റുമോ നിങ്ങൾക്ക്? അദ്ദേഹമല്ലേ ഞങ്ങൾക്കു വേണ്ടി ചാനലുകളിലൊക്കെ സംസാരിക്കുന്നത്; തൊട്ടടുത്തിരിക്കുന്ന ആഭ്യന്തര മന്ത്രിയുടെ മകനെതിരെ എന്തെല്ലാം ആരോ പണങ്ങളാണ് അദ്ദേഹം നിരത്തിയത്; നിഷേധിക്കാൻ കഴിഞ്ഞിട്ടുണ്ടോ? സരിതക്കേസിൽ പതിനായിരം കോടി രൂപയുടെ വെട്ടിപ്പ് നടന്നിട്ടുണ്ടെന്ന് അദ്ദേഹമാണ് പറഞ്ഞത്. അതിനെ സംബന്ധിച്ച് നിങ്ങളുടെ നിലപാട് എന്താണ്? ഭരണകക്ഷിയിൽപ്പെട്ടവർ തന്നെയല്ലേ ഈ ഗവൺമെന്റിനെതിരായി

അഴിമതി ആരോപണം ഉന്നയിക്കുന്നത്? ഞാൻ പറഞ്ഞുവരുന്നത്, കേന്ദ്ര ഗവൺമെന്റിന് അനുകൂലമായി നിന്നുകൊണ്ട് സഹകരണമേഖലയെ തകർക്കുന്നതിലേക്ക് എത്തിച്ചിരിക്കുകയാണ്. കേരളത്തിൽ 13500–ൽ അധികം സംഘങ്ങൾ സഹകരണ രജിസ്ട്രാറുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ കീഴിൽ 12000 ൽ അധികം സംഘങ്ങളുണ്ട്. ആകെ 25000–ൽ അധികം സഹകരണ ബാങ്കുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സഹകരണ പ്രസ്ഥാനം പൂത്തുലഞ്ഞു നിൽക്കുന്നൊരു സംസ്ഥാനമാണിത്. അതിൽ വായ്പാ സഹകരണ സംഘങ്ങൾക്ക് പുറമേ മാർക്കറ്റിംഗിലും കൺസ്യൂമർ മേഖലയിലും പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലും വനിതാ മേഖലയിലും കൂടാതെ മത്സ്യം, കയർ, കൈത്തറി, പാൽ എന്നീ രംഗത്തും സഹകരണ പ്രസ്ഥാനം ശക്തമായി ഇടപെടുന്നുണ്ട്. അതിന്റെ ഗുണം നാട്ടുകാർക്ക് കിട്ടുന്നുണ്ട്. അതൊക്കെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചതുകൊണ്ടാണ്. ജനങ്ങളുടെ വിശ്വാസമില്ലെങ്കിൽ ഒരു സഹകരണ പ്രസ്ഥാനവും ഇവിടെ നിൽക്കില്ല. ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ച് ജനാധിപത്യ രീതിയിൽ പ്രവർത്തിച്ചതിന്റെ ഫലമായാണ് ഈ സംഘങ്ങൾ വളർന്നത്. ജനങ്ങളുടെ പണം ഉപയോഗിച്ച് അവരുടെ കടത്തിന്റെ പലിശ ഉപയോഗിച്ചാണ് വളർന്ന് പന്തലിച്ചത്, ഓരോ ദിവസവും വളർന്നു കൊണ്ടിരിക്കുന്നത്. എന്നാൽ ഇതിനെ തകർക്കുന്ന ഒരു സമീപനമാണ് അങ്ങയുടെ ഭരണത്തിൻ കീഴിൽ ഇവിടെ നടക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ ജില്ലാ സഹകരണ ബാങ്കുകൾ ഇല്ലാതായി. എന്തിനാണ് ജില്ലാ ബാങ്കുകളെ പിരിച്ചു വിട്ടത്? ഇവിടെ ജില്ലാ ബാങ്കുകളിൽ പ്രൈമറി സഹകരണ സംഘങ്ങൾ മാത്രമേ ഉണ്ടാകാൻ പാടു

ള്ളൂവെന്ന്  സഹകരണ കോൺഗ്രസ്സ് തീരുമാനിച്ചതല്ലേ; അങ്ങ് ആ സഹകരണ കോൺഗ്രസ്സിൽ പ്രതിനിധിയായി ഉണ്ടായിരുന്നതല്ലേ? സഹകരണ കോൺഗ്രസ്സ് അംഗീകരിച്ച നയത്തിന്റെ അടിസ്ഥാനത്തിൽ ഇടതുപക്ഷ  ജനാധിപത്യ മുന്നണി ഗവൺമെന്റ് മറ്റ് അപ്പക്സ് സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള സൊസൈറ്റികളെ ഇതിൽ നിന്ന് ഒഴിവാക്കി, പ്രൈമറി സൊസൈറ്റികളെ മാത്രം അംഗങ്ങളാക്കി. അങ്ങനെ വന്നപ്പോൾ യു.ഡി.എഫിന് ഒരു ബാങ്കേ ഉണ്ടായുള്ളൂ, മലപ്പുറം ജില്ലാ ബാങ്ക്. അതിന് പ്രതികാരം തീർക്കുന്നതിന് വേണ്ടി, അത് പിടിച്ചെടുക്കുന്നതിന് വേണ്ടിയല്ലേ അങ്ങ് ഇതിന്റെ രണ്ടാം ഭേദഗതി കൊണ്ടുവന്നത്. ഇപ്പോൾ കൊണ്ടുവരുന്ന മൂന്നാം ഭേദഗതി ജില്ലാ ബാങ്കിന്റെ അന്തകനായിട്ടാണ് വരുന്നത്. രണ്ടാം ഭേദഗതി ജില്ലാ ബാങ്കിന്റെ ജനാധിപത്യ ധ്വംസനം നടത്തി ജില്ലാ ബാങ്ക് പിടിച്ചെടുക്കുന്നതിന് വേണ്ടിയാണ് കൊണ്ടുവന്നത്. ഞങ്ങൾ ശക്തമായി എതിർത്തെങ്കിലും നിങ്ങൾ ഓർഡിനൻസിന് പകരമുള്ള ഭേദഗതി ബില്ല് കൊണ്ടുവന്ന് ഇവിടെ പാസ്സാക്കി. നിങ്ങൾ 25500 സഹകരണ സംഘങ്ങൾക്കാണ് ഈ സ്റ്റേറ്റിൽ പുതുതായി വോട്ടവകാശം നൽകിയത്, ചെറിയ കാര്യമല്ല. അതിൽ ഒരു പ്രവർത്തനവും നടത്താത്ത കടലാസ് സംഘങ്ങൾ നിരവധിയുണ്ട്. അവർക്കൊക്കെ ജില്ലാ ബാങ്കുകളിൽ അംഗത്വം ലഭിക്കും. കോൺഗ്രസ്സിന്റെയും യുഡിഎഫിന്റെയും ഭരണം കൊണ്ടുവരുന്നതിൽ അവർ കൂടി ഒരു പങ്ക് വഹിച്ചതാണ് എന്നുള്ളതുകൊണ്ട് ആ പ്രവർത്തന രഹിതമായ സംഘങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ജില്ലാ ബാങ്കിൽ നിന്ന് കടം വാങ്ങിച്ച് കടലാസ് സംഘങ്ങൾ ജില്ലാ ബാങ്കിൽ വരെ പൈസ കൊള്ളയടി നടത്തിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ അതിന് സൗകര്യം ചെയ്തു കൊടുക്കുകയാണ് ചെയ്തത്. 2008 മുതൽ 2012

വരെ ഇവിടെ രജിസ്റ്റർ ചെയ്ത നൂറ് കണക്കിന് സംഘങ്ങളെ നിങ്ങൾ അധികാരം ഉപയോഗിച്ച് വോട്ടർപട്ടികയിൽ നിന്ന് ഒഴിവാക്കി. ഇതൊക്കെയല്ലേ ജനാധിപത്യ ധ്വംസനം എന്ന് പറയുന്നത്.

കടലാസ് സംഘങ്ങൾക്കൊക്കെ അഡ്മിനിസ്ട്രേറ്ററെ വച്ച് വോട്ടവകാശമുണ്ടാക്കി. ഇതൊക്കെ എന്ത് ജനാധിപത്യമാണ്? ജനാധിപത്യ ധ്വംസനം നടത്തുന്നുവെന്ന് പറയുമ്പോൾ വേവലാതിപ്പെട്ടിട്ട് കാര്യമില്ല. അതിന്റെ ഭാഗമായി, ഈ കടലാസ് സംഘങ്ങളെ ഉപയോഗിച്ചാണ് 12 ജില്ലാ സഹകരണ ബാങ്കുകൾ പിടിച്ചെടുത്തത്. അതിൽ പാലക്കാട് ജില്ലാ സഹകരണ ബാങ്ക് നിങ്ങൾക്ക് പിടിച്ചെടുക്കാൻ കഴിഞ്ഞില്ല. നിങ്ങൾ പ്രവർത്തിക്കാഞ്ഞിട്ടല്ല, നിങ്ങൾ പിടിച്ചെടുക്കാൻ പരമാവധി പ്രവർത്തിച്ചുവെങ്കിലും നിങ്ങളുടെ ഗ്രൂപ്പുവഴക്കും മറ്റും കാരണം അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് പാലക്കാട് ജില്ലാ സഹകരണ ബാങ്ക് ഞങ്ങളുടെ പക്ഷത്ത് തന്നെ നിന്നു, അതാണുണ്ടായത്. അല്ലെങ്കിൽ നിങ്ങൾ അതും പിടിച്ചെടുക്കുമായിരുന്നു. കേരളത്തിൽ 1598 പ്രാഥമിക സഹകരണ സംഘങ്ങളും 62 അർബർ സഹകരണ ബാങ്കുകളുമുണ്ട്. ആ ബാങ്കുകൾ മാത്രമാണ് ഈ ജില്ലാ സഹകരണ ബാങ്കുകളിൽ അംഗങ്ങളായിട്ടുള്ളതെങ്കിൽ നിങ്ങൾക്ക് ഒരു കാലത്തും ഈ ബാങ്കുകളുടെ ഭരണം പിടിച്ചെടുക്കാൻ കഴിയുമായിരുന്നില്ല. 97-ാം ഭരണഘടനാ ഭേദഗതി നിലവിൽ വന്നു. ഈ ഭേദഗതി നടപ്പിലാക്കണമെന്നത് നിർബന്ധമാണ്. സംസ്ഥാനത്ത് നിലവിലുള്ള സഹകരണ നിയമങ്ങളിൽ ഈ ഭേദഗതിക്കെതിരായി ഏതെങ്കിലും വകുപ്പുകൾ നിലവിലുണ്ടെങ്കിൽ അത് ഒരു വർഷം വരെ മാത്രമേയുണ്ടാകാവൂ. നിങ്ങൾ ഭേദഗതി നടത്തിയിട്ടില്ലെങ്കിൽ ഇവിടെ 97-ാം ഭരണഘടനാ ഭേദഗതി നടപ്പിലാവും. അത് പല രംഗങ്ങളിലും

സഹകരണ മേഖലയെ ബാധിക്കും. അതിനോടൊപ്പം 111–ാം ഭരണഘടനാ ഭേദഗതി വന്നു. അതിൽ സംഘടനയോ യൂണിയനോ രൂപീകരിക്കാനുള്ള മൗലികാവകാശങ്ങളുടെ ഗണത്തിലാണ് സഹകരണ സംഘങ്ങളെയും പെടുത്തിയിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഒരു ട്രേഡ് യൂണിയനോ എൻ.ജി.ഒ.–യോ രൂപീകരിക്കുന്നതുപോലെ ആർക്കു വേണമെങ്കിലും ഭൂപരിധിയോ മറ്റ് സഹകരണ സംഘങ്ങളുടെ അതിർത്തിയോ കണക്കിലെടുക്കാതെ സഹകരണസംഘം രൂപീകരിക്കാം. അങ്ങനെ രൂപീകരിച്ചാൽ നിലവിലുള്ള സഹകരണസംഘങ്ങളുടെ സ്ഥിതിയെന്താകും; അങ്ങ് അത് പരിശോധിച്ചിട്ടുണ്ടോ? ഒരു പഞ്ചായത്തിൽ ഒരു സംഘത്തിനു പകരം നാലു സംഘങ്ങൾ വന്നാൽ പിന്നെ ഒരു സംഘത്തിനും നിലനിൽപ്പുണ്ടാകില്ല. പിന്നെങ്ങനെയാണ് അവർ ലോൺ കൊടുക്കുക? ഇപ്പോൾ തന്നെ കൊച്ചു പഞ്ചായത്തിലുള്ള ഒരു സർവ്വീസ് സഹകരണ ബാങ്കിൽ ഡെപ്പോസിറ്റ് വർദ്ധിച്ചതിന്റെ ഭാഗമായി നഷ്ടത്തിലാണ്. ലോൺ എടുക്കാൻ ആളില്ല, ഡെപ്പോസിറ്റ് ധാരാളമുണ്ട്. അവിടെ വേറൊരു സംഘം കൂടി രൂപീകരിച്ചാൽ ലോൺ വാങ്ങാൻ ആരാണ് ചെല്ലുക? അങ്ങനെ ഈ മേഖലയിൽ മത്സരം വരികയാണ്. ഒരു ബാങ്കിന്റെ ഏരിയ ഓഫ് ഓപ്പറേഷനിൽ/അതിർത്തിയിൽ വേറൊരു സംഘം രൂപീകരിക്കാൻ അനുവദിക്കരുത്. പക്ഷേ 111–ാം ഭരണഘടനാ ഭേദഗതി അനുസരിച്ച് ഗവൺമെന്റിന് അതല്ലേ ചെയ്യാൻ നിർവ്വാഹമുള്ളൂ; ഇതിനെതിരായി പോരാട്ടം നടത്തേണ്ടേ? ഒരു സംഘത്തിൽ നിന്ന് പത്താളുകൾ തെറ്റിപ്പിരിഞ്ഞു പോയാൽ അവർക്കും ഒരു സംഘം രൂപീകരിക്കുന്നതിനുള്ള സൗകര്യമുണ്ട്. ഇത് ഈ ക്ഷീരസംഘങ്ങളെ ഇല്ലാതാക്കും. ക്ഷീരസംഘങ്ങൾ ഇപ്പോൾത്തന്നെ തകർച്ചയെ അഭിമുഖീകരിക്കുകയാണ്. ക്ഷീര കൃഷി

ക്കാർക്ക് പാലില്ല, കുളമ്പ് രോഗം വന്ന് കന്നുകാലികളൊക്കെ ചത്തുപോയി. അതിന്റെയടിസ്ഥാനത്തിൽ അവർക്ക് പാലളക്കാൻ കഴിയുന്നില്ല. അങ്ങനെയുള്ള സംഘങ്ങളുള്ളപ്പോൾ കൂടുതൽ സംഘങ്ങൾ രൂപീകരിച്ചാൽ ഈ ക്ഷീരസംഘങ്ങളും ക്രെഡിറ്റ് സംഘങ്ങളുമെല്ലാം നിലനിർത്താൻ കഴി യുമോ? ഓഡിറ്റിന്റെ കാര്യം വലിയൊരു പുരോഗമനമായി ശ്രീ. പാലോട് രവി പറഞ്ഞു. ഇവിടെ എല്ലാ സംഘങ്ങളിലും ഓഡിറ്റ് നടക്കുന്നുണ്ട്. ഇവിടെ ഒരു ഓഡിറ്റ് ഡിപ്പാർട്ട്മെന്റുണ്ട്, അവരെ വച്ച് ഓഡിറ്റ് നടത്തി ജനറൽ ബോഡികളിൽ ഓഡിറ്റ് റിപ്പോർട്ടും വയ്ക്കുന്നുണ്ട്. ശ്രീ. പാലോട് രവിയുടെ സംഘങ്ങളിൽ ഏതിലെങ്കിലും ഓഡിറ്റ് നടന്നിട്ടില്ലെങ്കിൽ രാജ്യത്ത് മുഴുവനും അങ്ങനെയാണെന്ന് ധരിക്കരുത്. ഓഡിറ്റ് ന്യൂനത പോലും വാർഷിക ജനറൽ ബോഡിയിൽ വച്ച് അംഗീകാരം വാങ്ങുകയാണ്. ഞങ്ങ ളുടെ നാട്ടിലെ സംഘങ്ങളിലൊക്കെ അങ്ങനെയാണ്. ഓഡിറ്റർമാരെ നിശ്ചയി ക്കാൻ ജനറൽ ബോഡി വേണമെന്നതാണ് പുതിയ നിബന്ധന, അതാണ് പ്രശ്നം. ഓഡിറ്റർമാരെ നിശ്ചയിക്കണമെങ്കിൽ ഒരു സംഘത്തിന് ജനറൽ ബോഡി വിളിച്ചു കൂട്ടണം. അപ്പോൾ ഇടയ്ക്കിടയ്ക്ക് ജനറൽ ബോഡി വിളിച്ചു കൂട്ടേണ്ടിവരും. നേരത്തെ സംഘത്തിന്റെ ഭരണസമിതി തീരുമാനി ച്ചാൽ മതിയായിരുന്നു. മറ്റൊരു പ്രശ്നം വന്നത്, 1956-ലെ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്കു മാത്രമെ ബാങ്കിംഗ് ബിസി നസ്സ് നടത്താൻ സാധിക്കൂ എന്നതാണ്. 1956-ലെ ആക്ട് നിലവിലുള്ളപ്പോഴ ണല്ലോ, 1975 മുതൽ ഇവിടെ ഡെപ്പോസിറ്റ് സമാഹരണം നടക്കുന്നത്. ഇപ്പോഴും ഗവൺമെന്റ് ഡെപ്പോസിറ്റ് സമാഹരണം നടത്തുന്നുണ്ട്. കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് മാത്രമേ ബാങ്കിംഗ്

ബിസിനസ്സ് നടത്താൻ പാടുള്ളൂ എന്നുള്ള നിയമം നിലവിലിരിക്കെയാണല്ലോ ഇതെല്ലാം നടക്കുന്നത്. അതെല്ലാം നടപ്പിലാക്കിയാൽ ഡെപ്പോസിറ്റ് സമാഹ രണം ഇവിടെ നടത്താൻ സാധിക്കുമോ? ഇപ്പോൾ സഹകരണ മേഖല 95,000 കോടി രൂപ ഡെപ്പോസിറ്റ് സമാഹരണം നടത്തിയതിൽ നമ്മളെല്ലാം ആവേശം കൊള്ളുകയാണ്. പക്ഷേ, അത് പാടില്ല എന്നാണ് കേന്ദ്ര നിയമം. അതിന്റെ കാര്യമെന്താണ്? ഈ ഡെപ്പോസിറ്റുകളൊക്കെ സഹകരണസംഘ ങ്ങളിൽ കിടക്കാൻ പാടില്ല, അത് വൻകിട ബിസിനസ്സ് ലോബിക്ക് കിട്ടുന്ന രൂപത്തിലേയ്ക്ക് കൊമേഴ്സ്യൽ ബാങ്കുകളിലേയ്ക്ക് മാറ്റി വരണം, അല്ലെ ങ്കിൽ കുത്തകകൾ രൂപീകരിക്കുന്ന ബാങ്കുകളിലേയ്ക്ക് മാറ്റണം അതാണ് അവരുടെ ഉദ്ദേശ്യം. പ്രൈമറി സഹകരണ ബാങ്കുകൾ പല സേവനങ്ങളിലും ഇടപെടുന്നുണ്ട്. നാളികേര സംഭരണം സഹകരണമേഖയിൽ കൂടി നടത്തി യിരുന്നപ്പോൾ അത് നന്നായി നടന്നിരുന്നു. പിന്നെ ബഹുമാനപ്പെട്ട മന്ത്രി അത് കൃഷി വകുപ്പിന്റെ കീഴിലാക്കി. കൃഷി ഭവനിലൂടെ സംഭരണം നടത്തു മെന്ന് പറഞ്ഞുവെങ്കിലും അധികമൊന്നും നടത്താൻ കഴിഞ്ഞിട്ടില്ല. പക്ഷേ സഹകരണ സംഘങ്ങൾ അത് നല്ലനിലയിൽ നടത്തുകയും കൃഷിക്കാർക്ക് പണം കൊടുക്കുകയും ചെയ്തിരുന്നതാണ്. കൃഷിക്കാർക്ക് അത് ആശ്വാസ മായിരുന്നു. ഇപ്പോഴത് നടക്കുന്നില്ല. അത് നടത്താൻ പാടില്ല എന്നതാണ് ഇപ്പോഴത്തെ നിയമം. സഹകരണ സംഘങ്ങൾ റബ്ബർ സംഭരണം നടത്താൻ പാടില്ല, നീതി സ്റ്റോർ നടത്താൻ പാടില്ല, രാസവള വില്പന നടത്താൻ പാടില്ല, കൺസ്യൂമർ സ്റ്റോർ നടത്താൻ പാടില്ല, ബക്രീദ്-ഓണം ചന്തകൾ നടത്താൻ പാടില്ല എന്ന രൂപത്തിലുള്ള സമീപനം ഇവിടെ വരികയാണ്. എന്നിട്ടും ഇത് ഗംഭീരമാണെന്നാണ് ശ്രീ. പാലോട് രവി പറയുന്നത്. അതാണ് എനിക്ക് മന

സ്സിലാകാത്തത്. ആർ.ബി.ഐ. ലൈസൻസുള്ള ബാങ്കുകൾക്ക് മാത്രമേ ഇനി ബാങ്കിംഗ് ബിസിനസ്സ് നടത്താൻ സാധിക്കൂ, ചെക്ക് എഴുതാൻ സാധിക്കൂ. ചെക്ക് എഴുതാൻ സാധിച്ചില്ലെങ്കിൽ പിന്നെ ഡെപ്പോസിറ്റുമുണ്ടാകില്ല, അതാണ് പ്രശ്നം. വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ് നമ്മൾ അഭിമുഖീകരിക്കാൻ പോകുന്നത്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും പറയാനുള്ളത്, ഈ ഭേദഗതി നിരാകരി ക്കണം. ആർ.ബി.ഐ.-യുടെ ഈ നിർദ്ദേശം നമ്മുടെ 14 ജില്ലാ സഹകരണ ബാങ്കുകളെയും തകർക്കുന്നതാണ്. മാത്രമല്ല ഈ 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാനത്ത് നിലനിർത്താൻ സംസ്ഥാന സർക്കാർ നൂറുക ണക്കിന് കോടി രൂപ ചെലവഴിക്കേണ്ടിവരും. അത് സംസ്ഥാന ഗവൺമെന്റിനും ബാധ്യതയുണ്ടാക്കുന്നതാണ്. അതുകൊണ്ട് ഈ ഭേദഗതി പാസ്സാക്കരുത്, ഇത് ജനങ്ങളുടെ അഭിപ്രായമറിയാൻ വിടണം എന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. ഇക്കാര്യം നിർദ്ദേശിച്ചു കൊണ്ട് ഞാൻ അവ സാനിപ്പിക്കുന്നു.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ഇവിടെ കോലിയക്കോട് എൻ. കൃഷ്ണൻ നായർ, ശ്രീ. ജെയിംസ് മാത്യു, ശ്രീ. പാലോട് രവി, ശ്രീ. എം. ചന്ദ്രൻ തുട ങ്ങിയ അംഗങ്ങളും മറ്റ് പല അംഗങ്ങളും ബില്ലിനെ പിന്താങ്ങി സംസാരിച്ചു. അതിൽ ഉൾക്കൊള്ളാൻ പറ്റുന്ന കാര്യങ്ങളും പറ്റാത്ത കാര്യങ്ങളും ഇവിടെ സംസാരിച്ചിട്ടുണ്ട്. ഞാൻ ബില്ലിൽ ഒതുങ്ങി നിന്നുകൊണ്ട് സംസാരിക്കാനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിലെ 14 ജില്ലകളിലും മുഖാമുഖം പരിപാടിയിലൂടെ സഹകാരികൾക്ക് പറയാവുന്നതെല്ലാം കേട്ടു. കേരളത്തിലെ സഹകരണ മേഖ

ലയിൽ പ്രവർത്തിക്കുന്ന ജില്ലാ ബാങ്കിലെയും സംസ്ഥാന സഹകരണ ബാങ്കിലെയും മൂലധന നിക്ഷേപ പര്യാപ്തത കൈവരിക്കുന്നതിന് എന്തുവേണമെന്നുള്ള കാര്യം സംബന്ധിച്ച് ബന്ധപ്പെട്ട പ്രവർത്തകന്മാരുമായി ചർച്ച ചെയ്തു. പ്രാഥമിക സഹകരണ സംഘത്തിന് ഇപ്പോഴും 'സി' ക്ലാസ് 'ഡി' ക്ലാസ് മെമ്പർഷിപ്പുണ്ട്. അവർക്കാർക്കും ഒരു ബുദ്ധിമുട്ടും വരുന്നില്ല. എന്നാൽ ജില്ലാ സഹകരണ ബാങ്കിൽ മെമ്പർഷിപ്പ് കൊടുക്കാൻ ഇന്ന് വ്യവസ്ഥയില്ല. 4 ശതമാനം 7 ശതമാനം വരുന്ന മൂലധന പര്യാപ്തതയ്ക്ക് സഹായകരമായ നിലപാട് എടുക്കാൻ വേണ്ടിയാണ് ഇങ്ങനെയൊരു നിയമഭേദഗതി കൊണ്ടുവരുന്നത്. അതിൽ നിന്ന് പ്രതീക്ഷിക്കുന്ന ഷെയറുകൾ, അല്ലെങ്കിൽ മൂലധന നിക്ഷേപത്തിനാവശ്യമായി വരുന്ന സംഖ്യകൾ, തികയാതെ വരുന്ന സംഖ്യയുണ്ടെങ്കിൽ ഗവൺമെന്റിന്റെ സഹായം ആവശ്യപ്പെടാൻ സാധിക്കും. ഏതായാലും കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കുകളുടെയും മൂലധന പര്യാപ്തത നിലനിർത്തേണ്ടത് സഹകരണ മേഖലയ്ക്ക് അത്യാവശ്യമാണ്. 1604 പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്ന് ഷെയർ പിരിക്കാനുള്ള വ്യവസ്ഥയുണ്ട്. ഇപ്പോൾ പുതുതായി കൊണ്ടുവരുന്ന നിയമ ഭേദഗതി അനുസരിച്ച് കുറേ കാര്യങ്ങളെല്ലാം ചെയ്ത് മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കും. ഞാൻ ആദ്യം പറഞ്ഞതുപോലെ എല്ലാവരുടെയും അഭിപ്രായം അറിഞ്ഞതിനുശേഷമാണ് ഭേദഗതി കൊണ്ടുവന്നത്. ഇവിടെ നമ്മൾ സംസാരിച്ച പല കാര്യങ്ങളും ഇതിനുമുമ്പ് വളരെയധികം തവണ ഓരോ ബില്ലിന്റെ ചർച്ചയിലും സംസാരിച്ചിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകൾ പിടിച്ചെടുത്ത കാര്യങ്ങളെല്ലാം സംസാരിച്ചിട്ടുണ്ട്. പുതുതായി പറഞ്ഞത്, അത് ആർ.ബി.ഐ.യുടെ ബാങ്കിംഗ് റെഗുലേഷൻസ് ആക്റ്റ്

അനുസരിച്ചുള്ള പ്രശ്നങ്ങളാണ്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനടക്കമുള്ള മന്ത്രിമാരെല്ലാം എല്ലാ ലെവലിലും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയും കേരളത്തിന്റെ സഹകരണ മേഖലയ്ക്ക് ദോഷംവരുന്ന കാര്യങ്ങൾ ചെയ്യരുതെന്ന് പറയുകയും ചെയ്തിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തുള്ള എം.പി.മാരുമായി ബന്ധപ്പെട്ടുകൊണ്ട് ഇക്കാര്യത്തിൽ മുന്നോട്ട് പോകാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു കാര്യം എനിക്ക് അപേക്ഷിക്കാനുള്ളത്, സഹകരണ മേഖലയിൽ വളരെയധികം നമ്മൾ വളർന്നിരിക്കുകയാണ്, തളർന്നിട്ടൊന്നുമില്ല. ഡെപ്പോസിറ്റിന്റെ കാര്യം നിങ്ങൾ പറഞ്ഞതുപോലെയൊന്നുമല്ല. ഒരു ലക്ഷത്തി പന്ത്രണ്ടായിരം കോടി രൂപയുടെ നിക്ഷേപമാണ് വന്നിരിക്കുന്നത്. ഈ പ്രശ്നങ്ങളൊക്കെ ഉണ്ടായപ്പോൾ നമ്മൾ ഡെപ്പോസിറ്റ് ഡെമോൺസ്ട്രേഷൻ നടത്തി. 5000 കോടി രൂപയുടെ നിക്ഷേപമായിരുന്നു നമ്മൾ ലക്ഷ്യമിട്ടിരുന്നതെങ്കിലും 6600–6700 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമെത്തി. ജനങ്ങളുടെ വിശ്വാസം ഈ മേഖല തളർന്നിട്ടൊന്നുമില്ല മുന്നോട്ടു പോവുകയാണ് ചെയ്യുന്നതെന്നാണ്. വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് സഹകരണ മേഖല മുന്നോട്ടുപോകുന്നത്. ഏതൊക്കെ നിയമങ്ങൾ വന്നാലും താഴെത്തട്ടിൽ ഉണ്ടാക്കിയ സഹകരണ മേഖലയിൽ ഒരുമിച്ച് നിന്നുകൊണ്ട് പല കാര്യങ്ങളും നേടിയെടുക്കാൻ നമ്മൾ ശ്രമിച്ചിട്ടുണ്ട്. ഇപ്പോഴും നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതൊക്കെ നോക്കി ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിലുള്ള സംസാരങ്ങൾ ഇവിടെയുണ്ടായി അതുകൊണ്ട് വളരെ ശ്രദ്ധിച്ച് സംസാരിക്കണമെന്നാണ് എനിക്കുള്ള അപേക്ഷ. എന്നെ സംബന്ധിച്ച് പറഞ്ഞു, ഞാൻ വളരെ നല്ലവനാണെന്നും സഹകാരിയാ

ണെന്നും പറഞ്ഞതിന്റെ കൂടെ വേറൊരു കാര്യം കൂടി പറഞ്ഞു. അവിടെ വന്ന് ഇരിക്കേണ്ട ആളാണെന്ന് പറഞ്ഞു. അവിടെ വന്നിരിക്കാൻ കഴിയാത്തതുകൊണ്ടാണ് ഇവിടെ ഇരിക്കുന്നത്. നമുക്ക് എല്ലാവർക്കുംകൂടി ഒരുമിച്ചിരിക്കാനുള്ള സൗകര്യം വരും. ഇന്ത്യൻ രാഷ്ട്രീയത്തിൽ നിങ്ങൾക്ക് മുന്നോട്ട് പോകാൻ കഴിയാത്ത സാഹചര്യം വരുമ്പോൾ കോൺഗ്രസ്സിന്റെ സഹായം ആവശ്യപ്പെടണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒറ്റയ്ക്ക് പൊളിറ്റിക്സിൽ നിൽക്കാൻ നിങ്ങൾക്ക് സാധിക്കില്ല. അക്കാര്യത്തിൽ സംശയിക്കണ്ട. ഒരു കാര്യം തീർച്ചയാണ്, ഞാൻ എന്റെ ഇതുവരെയുള്ള പ്രവർത്തനത്തിൽ സഹകരണ മേഖലയ്ക്ക് ദോഷം വരുന്നതൊന്നും ചെയ്തിട്ടില്ല. ഏതെങ്കിലും സഹകാരികൾ എന്തെങ്കിലും ആവശ്യപ്പെട്ടാൽ രാഷ്ട്രീയം നോക്കാതെ ഏതുതരത്തിലുള്ള കാര്യങ്ങളാണെങ്കിലും, ഈ നിമിഷം വരെയും ഞാൻ ചെയ്ത് കൊടുത്തിട്ടുണ്ട്. അതുകൊണ്ട് എനിക്ക് നിങ്ങളോട് അപേക്ഷിക്കാനുള്ളത്,......... ഈ ഭേദഗതിയിൽ ഇത്രയുമധികം ചർച്ച വരുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല. ജില്ലാ ബാങ്കുകളെ രക്ഷിക്കണമെങ്കിൽ മൂലധന പര്യാപ്തത കൈവരിക്കണം. ആർ.ബി.ഐ.യെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല, അത് നിയമമായി വന്നുകഴിഞ്ഞു. അത് ഇംപ്ലിമെന്റ് ചെയ്യുമ്പോൾ വരുന്ന ദോഷങ്ങൾ അകറ്റാൻവേണ്ടിയുള്ള ചെറിയ ശ്രമമെന്നുള്ള നിലയിലാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇതിൽ എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ നമുക്ക് ഒരുമിച്ചുനിന്ന് ഗവൺമെന്റിനെ സമീപിക്കാം. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടുകയാണ്. ഇനി എന്തെങ്കിലും പറയാനുണ്ടെങ്കിൽ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് പരിഹാരം ഉണ്ടാക്കാം.

ശ്രീ. എം. ചന്ദ്രൻ: സർ, ഇത് ആർ.ബി.ഐ.യുടെ നിർദ്ദേശമായതുകൊണ്ട് ഇക്കാര്യത്തിൽ അങ്ങേയ്ക്ക് വേറെയൊന്നും ചെയ്യാൻ കഴിയില്ലെന്ന്

ഞങ്ങൾക്കറിയാം. പക്ഷേ അങ്ങ് ഇറക്കിയ സർക്കുലറിന്റെ ഭാഗമായി സഹകരണ ബാങ്കിലെ ജീവനക്കാർക്ക് ശമ്പളം കിട്ടാൻ കഴിയാത്ത സ്ഥിതി വിശേഷം വന്നിട്ടുണ്ട്. പലിശയിൽ നിന്നും ഡിപ്പോസിറ്റിൽ നിന്നും കടത്തിൽ നിന്നും ശമ്പളം എടുക്കാൻ പാടില്ലായെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, ഞാൻ അവരുമായി ചർച്ച ചെയ്തിട്ടുണ്ട്. ന്യായമായ കാര്യമാണത്. നമ്മുടെ ഡെപ്പോസിറ്റിൽ നിന്നെടുത്ത് ശമ്പളം കൊടുക്കാൻ പാടില്ലായെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിൽ ഭേദഗതി വരുത്തി അവർക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ സംസാരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

മി. ചെയർമാൻ: കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ശ്രീ. പാലോട് രവി അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പാലോട് രവി: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. പാലോട് രവി അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ......

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

2. 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സംസ്ഥാനത്തെ സർവ്വകലാശാലയിലെ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനം സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ ഏകീകൃതമല്ല. ആയതിനാൽ സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾ വ്യത്യസ്ഥ സംവരണ തത്വങ്ങളും സാമുദായിക ക്രമവുമാണ് പിന്തുടർന്ന് വരുന്നത്. സംവരണത്തിനായി കാറ്റഗറി തിരിച്ചുള്ള തസ്തികകൾ എങ്ങനെ പരിഗണിക്ക

ണം അതായത്, ഓരോ പഠന വകുപ്പുകളായിട്ടാണോ അതോ എല്ലാ പഠന വകുപ്പുകളും മൊത്തത്തിലുള്ളതായാണോ പരിഗണിക്കുന്നത് എന്നത് സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥയില്ല. മറ്റ് സർവ്വകലാശാല ആക്ടുകളിലുള്ളതു പോലെ 1986–ലെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ ആക്റ്റിന്റെ (1986–ലെ 31) 7–ാം വകുപ്പിലും 2013–ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിന്റെ (2013–ലെ 24) 40–ാം വകുപ്പിലും അദ്ധ്യാപക/അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനത്തിനായുള്ള സംവരണ തത്വങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ അവ്യക്തവും വ്യത്യസ്ഥ വ്യാഖ്യാനങ്ങൾക്ക് ഇടവരുത്തുന്നതുമാണ്. എന്നാൽ സംവരണവും സാമുദായികക്രമവും സംബന്ധിച്ച് 1996–ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിലെ (1996–ലെ 22) 6–ാം വകുപ്പിലെ വ്യവസ്ഥകൾ കൂടുതൽ വ്യക്തമാണെന്ന് സർക്കാർ കരുതുന്നു. ആയതിനാൽ സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിൽ സംവരണവും സാമുദായിക ക്രമവും സംബന്ധിച്ച് ഒരു ഏകീകൃത വ്യവസ്ഥ കൊണ്ടുവരേണ്ടത് ആവശ്യമാണെന്നും എല്ലാ വകുപ്പുകളും ഒരു യൂണിറ്റായി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായികക്രമം തുടരേണ്ടതാണെന്നും സർക്കാർ കരുതുന്നു. ഇതിനായി 1996–ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിലെ 6–ാം വകുപ്പിന്റെ (2) ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി പ്രസ്തുത സർവ്വകലാശാല ആക്റ്റുകൾ ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചിരുന്നു. സംസ്ഥാന നിയമസഭ സമ്മേളിക്കാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2013–ലെ

സർവ്വകലാശാല നിയമങ്ങൾ 2–ാം ഭേദഗതി ഓർഡിനൻസ് 2013 സെപ്റ്റംബർ 19–ാം തീയതി ബഹുമാനപ്പെട്ട ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2013 സെപ്റ്റംബർ 19–ാം തീയതിയിലെ 2733 നമ്പർ അസാധാരണ ഗസറ്റിൽ 2013–ലെ 50–ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്യുകയുണ്ടായി. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുള്ള ഈ ബിൽ പരിഗണനയ്ക്കായി സഭയുടെ മുമ്പാകെ വയ്ക്കുകയാണ്. ഈ ബിൽ സഭ പരിഗണിച്ച് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാനുള്ള പ്രമേയം പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ആർ. രാജേഷ്:</u> സർ, 2013–ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ നിരാകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്. സർവ്വകലാശാലയുടെ നിയമനങ്ങളിൽ അദ്ധ്യാപക അനദ്ധ്യാപക നിയമനങ്ങളിൽ സംവരണം പാലിക്കപ്പെടണമെന്നത് പൊതുവിൽ നമുക്ക് അംഗീകരിക്കപ്പെടാവുന്നതാണ്. എന്നാലും എല്ലാ യൂണിവേഴ്സിറ്റികളിലും അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ നടക്കുമ്പോൾ സംവരണ തത്വങ്ങൾ പാലിക്കപ്പെടണമെന്നുള്ളത് ഈ ഗവൺമെന്റിന് പാലിക്കാൻ കഴിയുന്നില്ലായെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. ഈ രണ്ട് സർവ്വകലാശാലകളിൽ മാത്രം സംവരണ തത്വം പാലിച്ചാൻ പോര. കേരള സർവ്വകലാശാലയിലും കാലിക്കട്ട് സർവ്വകലാശാലയിലും എം.ജി സർവ്വകലാശാലയിലും കണ്ണൂർ സർവ്വകലാശാലയിലും സംസ്കൃത സർവ്വകലാശാലയിലും കാർഷിക സർവ്വകലാശാലയിലുമടക്കമുള്ള സർവ്വകലാശാലകളിൽ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും നിയമനങ്ങൾ നടക്കുമ്പോൾ ഈ സംവരണ തത്വം പാലിക്കാൻ നമുക്ക്

കഴിയുന്നില്ലായെങ്കിൽ സമൂഹത്തിലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് സർവ്വകലാശാലകളിലേയ്ക്ക് നിയമനം ലഭിക്കുന്നതിനുവേണ്ടി യുള്ള സാദ്ധ്യതകളുടെ വാതിലുകൾ കൊട്ടിയടയ്ക്കപ്പെടുകയാണ്. അതുകൊണ്ട് ഈ നിയമത്തെ നമുക്ക് പൊതുവിൽ അംഗീകരിക്കപ്പെടാ മെങ്കിലും മറ്റ് സർവ്വകലാശാലകൾക്കുകൂടി ഇത് നിർബന്ധമാക്കുന്നതിനു വേണ്ടിയുള്ള ഒരു നിയമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നമുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. സർവ്വകലാശാലകളെ ശക്തിപ്പെടുത്താനും സംര ക്ഷിക്കാനും അതിന്റെ ജനാധിപത്യ സ്വഭാവം നിലനിർത്താനും ഈ സർക്കാരിന് കഴിയുന്നില്ല എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. വിദ്യാഭ്യാസ മേഖലയിലെ വളർച്ചയുടെ അടിസ്ഥാന കേന്ദ്രമാണ് സർവ്വകലാ ശാലകൾ. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർവ്വകലാശാലകളെത്തന്നെ ഇല്ലാതാക്കുന്നതിനു വേണ്ടിയുള്ള ബോധ പൂർവ്വമായ ശ്രമങ്ങളാണ് നടക്കുന്നത്. ജനാധിപത്യ സ്വഭാവം തകർക്കുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ ഇടപെടൽ നടത്തുന്നു. സർവ്വകലാശാലകൾ കേവല ബിരുദദാന കേന്ദ്രങ്ങൾ മാത്രമല്ല, ഒരു ഭാഷയെയും നാടിനെയും സംസ്കാരത്തെയുമൊക്കെ പരിചയപ്പെടുത്തു ന്നതും ശക്തിപ്പെടുത്തുന്നതുമായ കേന്ദ്രങ്ങളാണ്. സാമൂഹ്യ മാറ്റത്തിന്റെ കേന്ദ്രങ്ങൾകൂടിയാണ് സർവ്വകലാശാലകൾ. ചരിത്രമെടുത്ത് പരിശോധി ച്ചാൽ ഇസ്രായേലിന്റെ പ്രതിലോമകരവും മനുഷ്യത്വവിരുദ്ധവുമായ രാഷ്ട്രീയ നിലപാടുകളെ നാം അപലപിക്കുമ്പോഴും അതിനുമുമ്പ് ജനതയുടെ ആത്മാഭിമാനത്തെയും നാടിന്റെ സമഗ്രമായ വികസനത്തെയും ഭാഷാ ആസൂത്രണത്തിലൂടെയും പുരോഗതിയിലൂടെയും മുന്നോട്ടുകൊണ്ടു വന്നത് ഹീബ്രു സർവ്വകലാശാലയാണ്. ഹീബ്രു സർവ്വകലാശാലയുടെ പങ്ക്

ആ നാടിന്റെ വളർച്ചയിലുണ്ടായതാണെന്ന് നമുക്ക് കാണാൻ കഴിയും. അത് ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. 1925–ൽ ജറുസലേമിൽ രൂപീകരിക്കപ്പെട്ട ആ സർവ്വകലാശാല കേവലം ബിരുദ ഉല്പാദന കേന്ദ്രങ്ങൾ എന്നതിലപ്പുറത്ത് അന്ന് ആ നാടിന്റെ സാമൂഹ്യ മാറ്റത്തിനുവേണ്ടിയുള്ള ഒരു കേന്ദ്രമായിട്ടാണ് അത് പ്രവർത്തിച്ചിരുന്നത്. പട്ടിണിക്കും വിശപ്പിനും എതിരെയുള്ള പോരാട്ടമായിരുന്നു ആ സർവ്വകലാശാലയിൽ നിന്ന് ഉണ്ടായിട്ടുള്ളത്. ഈ സർവ്വകലാശാലയുടെ സ്ഥാപനത്തിനുശേഷമാണ് മൃതഭാഷയായിരുന്ന ഹീബ്രു ഉയർത്തെഴുന്നേൽക്കുന്ന ഒരു സാഹചര്യമുണ്ടായത്. അതിന്റെ അക്കാഡമിക് കൗൺസിലിലേയ്ക്ക് വന്നിരുന്ന ആളുകൾ ഇന്ന് നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന സംവിധാനത്തെപ്പോലെ ആയിരുന്നില്ല. ഇന്ന് ചില ആളുകളെ നോമിനേറ്റ് ചെയ്ത് സർവ്വകലാശാലകൾ പിടിച്ചെടുക്കാൻ ഈ ഗവൺമെന്റ് തീരുമാനിക്കുമ്പോൾ അന്ന് അങ്ങനെയായിരുന്നില്ലായെന്ന് ഹീബ്രു സർവ്വകലാശാലയുടെ ചരിത്രം പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും. പ്രശസ്തനായ സിഗ്മണ്ട് ഫ്രോയ്ഡിനെപ്പോലെയുള്ള ആളുകളായിരുന്നു ഹീബ്രു സർവ്വകലാശാലയുടെ ആദ്യത്തെ ഭരണസമിതിയിലുണ്ടായിരുന്നത്. ഏറ്റവും പ്രശസ്തനായ ശാസ്ത്രജ്ഞൻ ആൽബർട്ട് ഐൻസ്റ്റീൻ ആ സർവ്വകലാശാലയുടെ ഭരണസമിതിയിൽ ഉണ്ടായിരുന്ന ആളായിരുന്നു. ഇന്ന് നമ്മുടെ സർവ്വകലാശാലകളിൽ അങ്ങനെയാണോ നടക്കുന്നത്. സിഗ്മണ്ട് ഫ്രോയിഡിനെപ്പോലെയും ആൽബർട്ട് ഐൻസ്റ്റീനെപ്പോലെയുമുള്ള മഹത്തായ പ്രതിഭാശാലികൾ ഒരു സർവ്വകാലാശാലയുടെ ഭരണസമിതിയിലുണ്ടായിരിക്കുന്നത് നല്ലതാണ്. ആ കാലഘട്ടത്തിൽ പല സാമൂഹിക മാറ്റവും പുരോഗതികളും

നടന്നു. ശാസ്ത്രീയമായ മുന്നേറ്റം നടന്നുവെന്ന് അവകാശപ്പെടുന്ന ഈ കാലഘട്ടത്തിലും ഇന്ന് സർവ്വകലാശാലകളെ പുറകോട്ടടിക്കുന്ന രൂപത്തിൽ ഒരു ഗവൺമെന്റ് നമ്മുടെ സമൂഹത്തിനകത്ത് ഇടപെട്ടുകൊണ്ടിരിക്കുകയാണ്. വൈവിദ്ധ്യമാർന്ന കോഴ്സുകൾ, പരമ്പരാഗത മേഖല, പരിസ്ഥിതിയെ സംബന്ധിച്ച കോഴ്സുകൾ എന്നിവ ആ കാലഘട്ടത്തുള്ള സർവ്വകലാ ശാലയിൽ ഉള്ളതായി നമുക്ക് ചരിത്രത്തിൽ കാണാൻ കഴിയും. സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക മാറ്റങ്ങൾക്ക് പ്രേരണയേകിയ സർവ്വകലാശാല കൾ ചരിത്രത്തിൽ ഒരുപാടുണ്ട്. ലോകപ്രശസ്തമായ നളന്ദ സർവ്വകലാശാല യുടെ 400 വർഷക്കാലത്തെ പ്രവർത്തനത്തിനിടയിൽ ഏതാണ്ട് 12-ാം നൂറ്റാണ്ടിൽ തുർക്കികളുടെ വിനാശകരമായ ആക്രമണത്തിന്റെ ഭാഗമായി അതിന്റെ ഗ്രന്ഥപ്പുരകൾ തകർക്കപ്പെടുന്നതുവരെ നളന്ദ സർവ്വകലാശാല നമുക്ക് സമ്മാനിച്ച നേട്ടങ്ങൾ വിസ്മയാവഹവും അതുല്യവുമാണ്. ഈജിപ്ഷ്യൻ സംസ്കാരത്തിന്റെ ഒരു പ്രധാനപ്പെട്ട കേന്ദ്രമായിരുന്നു അത്. ഈ ലോകത്ത് ആദ്യം രൂപീകരിച്ച സർവ്വകലാശാല ഒരു മുസ്ലീം ദേവാലയമാണ്. ആ മുസ്ലീം ദേവാലയമാണ് അൽ-അസ്സർ സർവ്വകലാശാല യായി മാറിയത്. ലോക സംസ്കാരത്തിന്റെ പ്രധാനപ്പെട്ട കേന്ദ്രമായ ഈജിപ്ഷ്യൻ സംസ്കാരത്തിന്റെ ഒരു കേന്ദ്രമായി ഒരു കാലഘട്ടത്തിൽ മാറിയത് മഹത്തായ മുസ്ലീം ദേവാലയമായ അൽ-അസ്സർ സർവ്വകലാശാല യാണ്. നമ്മുടെ നാടിന്റെ ചരിത്രം പരിശോധിച്ചാൽ, ഒരു സർവ്വകലാശാല നാട്ടിൽ നടത്തിയ പ്രവർത്തനങ്ങളും അതിന്റെ പങ്കും ഓരോ കാലഘട്ട ങ്ങളിലും ഓരോ നാട്ടിലും അനിതരസാധാരണമായ സംഭാവനകൾ നൽകിയി ട്ടുണ്ട്. കേവലമായ ബിരുദോല്പാദന കേന്ദ്രങ്ങൾ മാത്രമല്ല സർവ്വകലാശാല

കൾ എന്ന് ഓർമ്മിപ്പിക്കുന്നതിനുവേണ്ടി മാത്രമാണ് ഞാനിത് സൂചിപ്പിച്ചത്. സമൂഹ പുനർനിർമ്മിതിയുടെ ഊർജ്ജ സ്രോതസ്സുകളാണ് സർവ്വകലാശാലകൾ. ഭക്രാനംഗൽ അണക്കെട്ട് ഉത്ഘാടനം ചെയ്തുകൊണ്ട് എന്റെ ജാതി, എന്റെ മതം, എന്റെ രാഷ്ട്രീയം, എന്റെ വർണ്ണം എല്ലാം ഈ അണക്കെട്ടാണെന്ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞുവെന്ന് ശ്രീ. പാലോട് രവി ഇവിടെ സൂചിപ്പിച്ചതുപോലെ, നെഹ്റു സർവ്വകലാശാലയെ സംബന്ധിച്ചും സൂചിപ്പിച്ചിട്ടുണ്ട്. ഒരു നാടിന്റെ പരമമായ മുന്നേറ്റത്തിനുവേണ്ടി നാം ശക്തിപ്പെടുത്തേണ്ടത് സർവ്വകലാശാലകളെയാണ്. സർവ്വകലാശാലകളുടെ ശാക്തീകരണത്തിലൂടെയാണ് ഒരു രാജ്യത്തിന്റെയും ജനതയുടെയും സമഗ്രമായ പുരോഗതിയുണ്ടാകുകയെന്ന് ഈ നാടിനോട് സൂചിപ്പിച്ചത് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവാണ്. അങ്ങനെ ശക്തിപ്പെടുത്തേണ്ട നമ്മുടെ നാട്ടിലെ സർവ്വകലാശാലകളിൽ ഇന്ന് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്? ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഭരണകൂടങ്ങളുടെ താളത്തിനൊത്ത് തുള്ളുന്ന ബിരുദോല്പാദന കേന്ദ്രങ്ങളും അധികാര കേന്ദ്രങ്ങളും മാത്രമായി ഈ സർവ്വകലാശാലകൾ മാറുമ്പോൾ നമുക്ക് എങ്ങനെയാണ് കയ്യും കെട്ടിയിരിക്കാൻ കഴിയുക. ആ അധികാര കേന്ദ്രങ്ങളായി മാറുന്നിടത്തുനിന്നെടുക്കുന്ന ജനദ്രോഹപരവും വിദ്യാർത്ഥിദ്രോഹപരവുമായ നിലപാടുകൾക്കെതിരെയാണ് വിദ്യാർത്ഥികൾ പ്രതിഷേധിക്കുന്നത്. ആ വിദ്യാർത്ഥികളെയാണ് 'കാപ്പ' നിയമം ചുമത്തി കേസ്സെടുക്കുന്നത്. ഫീസ് വർദ്ധിപ്പിച്ചാലും സിലബസ് അപരിഷ്കൃതമായ സിലബസിലേയ്ക്കുമാറ്റാൻ തീരുമാനിച്ചാലും പ്രതിഷേധമുണ്ടാകും. വിദ്യാർത്ഥിദ്രോഹമായ നിലപാടുകൾ സ്വീകരിക്കുന്ന സർവ്വകലാശാലയുടെ വിദ്യാഭ്യാസ

സ്ഥാപനങ്ങളുടെ നടപടികൾക്കെതിരെയാണ് വിദ്യാർത്ഥികൾ പ്രതിഷേധിക്കുന്നത്. ആ വിദ്യാർത്ഥികളുടെ പ്രതിഷേധത്തെ ശരിയായ രൂപത്തിൽ കണ്ടില്ലായെന്ന് നടിച്ചുകൊണ്ട് അവർക്കെതിരെ 'കാപ്പ' നിയമം ചുമത്തി നാടുകടത്താൻ ഈ ഗവൺമെന്റ് തീരുമാനിക്കുകയാണ്. അക്കാദമിക മികവിനെയും പാണ്ഡിത്യത്തെയും അവഗണിച്ച് ഇഷ്ടക്കാരെ തെരഞ്ഞുപിടിച്ച് പരമപ്രധാനമായ വൈസ് ചാൻസലർ സ്ഥാനത്തേയ്ക്ക് പ്രതിഷ്ഠിക്കുന്നതുൾപ്പെടെ അദ്ധ്യാപക നിയമനത്തിലും സ്ഥാനക്കയറ്റത്തിലും കടുത്ത അധികാര ദുർവിനിയോഗം നടക്കുന്ന ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സർവ്വകലാശാലകളും വിദ്യാഭ്യാസ മേഖലകളും മാറിയിരിക്കുന്നു.

ഈ ഗവൺമെന്റ് വിദ്യാഭ്യാസ നിലവാരം തകർക്കുന്ന നിലയിലേയ്ക്ക് സർവ്വകലാശാലകളെ മാറ്റിത്തീർക്കുന്നത് ഈ ഗവൺമെന്റ് തന്നെയാണ്. ഇതു സംബന്ധിച്ച് പ്രതിപക്ഷം മാത്രമല്ല പറയുന്നത്. സർവ്വകലാശാലകൾ കുത്തഴിഞ്ഞുവെന്നും തകർക്കപ്പെടുന്നുവെന്നും വി.സി.മാർ അനർഹരായ ആളുകളാണെന്നും മുസ്ലീം ലീഗ് സർവ്വകലാശാലകളെ വിൽപ്പനയ്ക്ക് വച്ചിരിക്കുകയാണെന്നും കോൺഗ്രസ്സിന്റെ മുഖപത്രത്തിലാണ് പറഞ്ഞിരിക്കുന്നത്. സർവ്വകലാശാലകളെ ഈ രീതിയിൽ കൊണ്ടുപോകുന്നതിനെ പരസ്യമായ എതിർക്കേണ്ടൊരു നിലപാട് ഭരണകക്ഷിയിൽപ്പെട്ടവർക്കുപോലും സ്വീകരിക്കേണ്ടിവരുന്നൊരു സാഹചര്യത്തിലേയ്ക്കാണ് പോകുന്നത്. അക്കാര്യം നിയമസഭയിൽ ഒരുപക്ഷേ, പറഞ്ഞില്ലെങ്കിൽപ്പോലും രഹസ്യമായോ പരസ്യമായോ അത്തരം നിലപാടുകൾ സ്വീകരിക്കുന്ന സാഹചര്യത്തിലേയ്ക്ക് മാറ്റ

പ്പെടുമ്പോൾ എങ്ങനെയാണ് നോക്കിയിരിക്കാൻ കഴിയുന്നത്. സംസ്ഥാനത്ത് സർവ്വകലാശാലകളിൽ വൈസ്ചാൻസലർമാർ അടക്കം യോഗ്യതയില്ലാത്തവരും കഴിവുകെട്ടവരുമാണെന്നും, ആദരവല്ല, അപമാനമാണ് സർവ്വകലാശാലകൾ സമ്മാനിക്കുന്നതെന്നുമൊക്കെ പറയുന്നത് പ്രതിപക്ഷാംഗങ്ങളല്ല. ലീഗ് നേതൃത്വത്തിൽ സർവ്വകലാശാലകളിൽ കടുത്ത അഴിമതിയാണ് നടക്കുന്നത്. ഭൂമി ഇടപാടും കള്ള രേഖകളുമായി ആൾമാറാട്ടം നടത്തി വിദേശയാത്രയും ഇല്ലാത്ത യോഗ്യതയുമായി രജിസ്ട്രാറും വി. സി.–യും പ്രതികൂട്ടിലേറിയതുമടക്കം യൂണിവേഴ്സിറ്റികൾ വിവാദത്തിന്റെ ചെളിക്കുണ്ടിലേയ്ക്ക് പോയിരിക്കുന്നു. കേരളത്തിന്റെ വിദ്യാഭ്യാസ മേഖല മലീമസമായിരിക്കുന്നുവെന്ന് ഭരണകക്ഷിയംഗങ്ങൾ തന്നെയാണ് ആവർത്തിച്ച് വ്യക്തമാക്കിയിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വി.സി.മാരും സിൻഡിക്കേറ്റുമെല്ലാം രാഷ്ട്രീയ നാമനിർദ്ദേശങ്ങളുടെ ഭാഗമായി ഉന്നത വിദ്യാഭ്യാസ മേഖലയുടെ മെറിറ്റ് നഷ്ടപ്പെടുത്തുന്ന രൂപത്തിലേയ്ക്ക് മാറിയിരിക്കുന്നു. അങ്ങേയറ്റം ആദരണീയരും ബഹുമാനിതരുമായിരുന്ന സർവ്വകലാശാല അധിപന്മാരുടെ ഇന്നത്തെ സ്ഥിതിയെന്താണ്? തങ്ങൾക്കിഷ്ടമുള്ള ആളുകളെ സിൻഡിക്കേറ്റിലേയ്ക്ക് തിരുകിക്കയറ്റുകയാണ്. ഇന്നിപ്പോൾ കേരള സർവ്വകലാശാലയിൽ സിൻഡിക്കേറ്റംഗങ്ങളുടെ അഞ്ച് ഒഴിവുകളാണുള്ളത്. അത് നികത്താൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. മാതൃസർവ്വകലാശാലയായ കേരളാ സർവ്വകലാശാലയിൽ വൈസ് ചാൻസലർ ഇല്ല. മുസ്ലീം ലീഗിന് ഇഷ്ടപ്പെട്ട ആളുകളെ സിൻഡിക്കേറ്റിൽ നിയമിച്ച് സർവ്വകലാശാലയുടെ നിയന്ത്രണം അവർക്ക് നൽകുന്ന രൂപത്തിലേയ്ക്ക്, ഭരണകൂടത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന നിലയിലേയ്ക്ക് മാറ്റുന്ന വളരെ മോശപ്പെട്ടൊരു സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കു

ന്നത്. കുസാറ്റിലും ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലും ഇതിന്റെ ബഹിർസ്ഫുരണമാണ് കാണുന്നത്. സിൻഡിക്കേറ്റംഗങ്ങൾ അവിടെ അഴിമ തിക്ക് ഒത്താശ ചെയ്യുകയാണ്. അവിടെ ഐ.പി.ആർ. ചെയറിന്റെ പ്രൊഫസറായ പ്രമുഖ ഭൗതിക ആസൂത്രണ നിയമ വിദഗ്ദ്ധനായ പ്രൊഫ. എൻ.എസ്. ഗോപാലകൃഷ്ണനെ ഈ ഗവൺമെന്റ് കുസാറ്റിൽ നിന്നും ഒഴി വാക്കാൻ തീരുമാനിച്ചതെന്തിനാണ്? കുസാറ്റിലെ അഴിമതിക്ക് കൂട്ടുനിൽക്കാ ത്തതിന്റെ പേരിലാണ് എൻ.എസ്. ഗോപാലകൃഷ്ണനെ ആ സ്ഥാനത്തുനിന്ന് ഒഴിവാക്കാൻ തീരുമാനിച്ചത്. അപ്പോൾ ആരാണ് ഇവിടെ അഴിമതി നടത്തുന്ന ത്. നിങ്ങൾ നോമിനേറ്റ് ചെയ്ത കുസാറ്റിലെ സിൻഡിക്കേറ്റംഗങ്ങൾ അഴിമ തിക്ക് ഒത്താശ ചെയ്തുകൊടുക്കുമ്പോൾ ആ അഴിമതിക്ക് കൂട്ടുനിൽക്കി ല്ലെന്ന് പറയുന്ന ഉദ്യോഗസ്ഥനെ ആ സ്ഥാനത്തുനിന്ന് മാറ്റാൻ ഈ ഗവൺമെന്റ് തീരുമാനിക്കുന്നു. പ്രധാനപ്പെട്ട മറ്റ് മൂന്ന് കാര്യങ്ങൾ പറ യുന്നതെന്താണ്? സംസ്ഥാന സർക്കാരിന്റെ സർവ്വകലാശാല കേന്ദ്രങ്ങളിലെ ചില നിയമനങ്ങളിൽ സ്വാധീനം ചെലുത്താൻ സിൻഡിക്കേറ്റിലെ ചിലർ ശ്രമി ച്ചുവെന്നും അതു പ്രൊഫ. എൻ.എസ്. ഗോപാലകൃഷ്ണൻ അനുവദിച്ചി ല്ലെന്നുമാണ് 11.09.2013-ലെ മലയാള മനോരമ പത്രത്തിൽ പറയുന്നത്. മെറിറ്റ് അട്ടിമറിക്കുന്ന സിൻഡിക്കേറ്റിന്റെ തീരുമാനത്തിനെതിരെ മെറിറ്റ് പാലിക്കണ മെന്ന് ഒരദ്ധ്യാപകൻ പറയുമ്പോൾ അയാളെ ആ സ്ഥാനത്തുനിന്നും മാറ്റുക യാണ് ഈ ഗവൺമെന്റ് ചെയ്തിരിക്കുന്നത്. പി.എച്ച്.ഡി.ക്കും മറ്റു പ്രവേശന ങ്ങൾക്കും വ്യവസ്ഥകൾക്ക് വിരുദ്ധമായ നടപടികൾ വേണമെന്ന് സിൻഡി ക്കേറ്റ് ലക്ചറർ ആവശ്യപ്പെട്ടെങ്കിലും അത് അംഗീകരിക്കാത്തതിനാലാണ് അദ്ദേഹത്തെ അവിടെ നിന്നും മാറ്റുന്നത്. അഴിമതി നടത്താൻ പ്രേരിപ്പിക്കു

മ്പോൾ അഴിമതി നടത്താൻ സാധിക്കില്ലെന്ന് പറയുന്ന ഒരദ്ധ്യാപകനെ മാറ്റുന്നത് ഉചിതമാണോ. കുസാറ്റിലടക്കം വിദ്യാഭ്യാസ കൊള്ളയ്ക്ക് ഈ ഗവൺമെന്റ് കൂട്ടുനിൽക്കുകയല്ലേ. അതിന്റെ ഭാഗമായി കേന്ദ്രം കുസാറ്റിലേയ്ക്ക് അനുവദിച്ച നൂറുകോടിയോളം രൂപ പ്രൊഫ. എൻ.എസ്. ഗോപാലകൃഷ്ണനെ മാറ്റിയതിനെത്തുടർന്ന് ലഭിക്കാത്തൊരു സാഹചര്യത്തിലേയ്ക്ക് മാറുന്നു. ഇങ്ങനെ പരിശോധിക്കുമ്പോൾ വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാനുള്ള നിലപാടാണോ ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇപ്പോൾ ഇവിടെയില്ല. കഴിഞ്ഞ കുറേ നാളുകളായി കുസാറ്റിലടക്കമുള്ള സർവ്വകലാശാലകളിൽ അദ്ധ്യാപക നിയമനം നടക്കുന്നില്ല. സംവരണതത്വത്തിന്റെ ഭാഗമായി അദ്ധ്യാപകരേയും അനദ്ധ്യാപകരേയും നിയമിക്കണമെന്നാണ് ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത്. അത് അംഗീകരിക്കുന്നു. പക്ഷേ, അവിടെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും നിയമനം നടക്കുന്നേയില്ല. കഴിഞ്ഞ പതിനഞ്ച് വർഷക്കാലമായി നിയമനം നടക്കാത്തൊരു സ്ഥലത്ത് ഒരു നിയമമുണ്ടാക്കി സംവരണം പാലിക്കപ്പെടണമെന്ന് പറയുന്നതിൽ എന്ത് യാഥാർത്ഥ്യമാണുള്ളത്. അവിടെ അദ്ധ്യാപകരേയും അനദ്ധ്യാപകരേയും അടക്കമുള്ളവരെ നിയമിക്കാൻ കഴിയണം. യഥാസമയം പരീക്ഷ നടത്താനോ, മാർക്ക് ലിസ്റ്റ് തയ്യാറാക്കാനോ, സർട്ടിഫിക്കറ്റ് വിതരണം ചെയ്യാനോ സാധിക്കുന്നില്ല. ഇത്തരത്തിലുള്ള വലിയ പ്രശ്നങ്ങൾ അവിടെ നിലനിൽക്കുകയാണ്. ഡിപ്പാർട്ടുമെന്റ് ഓഫ് സയൻസ് ആന്റ് ടെക്നോളജി നടത്തുന്ന പ്രസ് പ്രോഗ്രാമിനായി കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഒൻപത് കോടി രൂപയാണ് ചെലവഴിച്ചത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ആ പ്രസ് പ്രോഗ്രാം ശക്തിപ്പെടുത്താൻ ഒരു രൂപ പോലും നൽകുന്നില്ല. അവിടെ മതിയായ ഇൻഫ്രാസ്ട്രക്ച്ചർ സൗകര്യമുണ്ടാക്കാൻ

ഈ ഗവൺമെന്റ് ഒരു രൂപ പോലും ചെലവഴിക്കുന്നില്ല. പിന്നെ എങ്ങനെയാണ് കുസാറ്റിനെയും ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെയും ശക്തിപ്പെടുത്താൻ സാധിക്കുന്നത്. കുസാറ്റിനു മാത്രമല്ല, സർവ്വകലാശാലകളെ ആകെത്തന്നെ ഈ ഗവൺമെന്റ് തകർക്കുകയാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ബില്ലിനുള്ളിൽ നിന്നുമാത്രം ഒതുങ്ങിനിന്നുകൊണ്ട് സർവ്വകലാശാലകളുടെ പ്രശ്നങ്ങൾ മാത്രം സൂചിപ്പിക്കാനാണ് ആഗ്രഹിക്കുന്നത്. കാലിക്കറ്റ് യൂണിവേഴ്സിറ്റി, ഒരു മഹത്തായ സർവ്വകലാശാലയെ ഇങ്ങനെ അധ:പതിപ്പിക്കാൻ കഴിയുമോ; ഈ സർക്കാരിന്റെ കാലഘട്ടത്തിൽ കാലിക്കട്ട് സർവ്വകലാശാല പോലെ വിദ്യാഭ്യാസത്തെ വിൽപ്പന ചരക്കാക്കിമാറ്റിയ മറ്റൊരു കേന്ദ്രമില്ല. ഈ അപകടകരമായ എല്ലാ അരാജകത്വ പ്രവണതകൾക്കും കൂട്ടുനിൽക്കുന്നത് മുസ്ലീം ലീഗാണ്, മന്ത്രിയുടെ പാർട്ടിയാണെന്ന കാര്യം നിഷേധിക്കാൻ കഴിയുമോ; ലീഗ് നേതാക്കന്മാർ നേരിട്ട് ഇടപെടുന്ന ദുർഗന്ധം വമിക്കുന്ന അഴിമതിയുടെ കഥകളാണ് ദിവസം കഴിയുംതോറും കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് പുറത്തേയ്ക്ക് വരുന്നത്. കാലിക്കറ്റ് സർവ്വകലാശാലയുടെ ഭൂമി, നേതാക്കന്മാർ തങ്ങൾക്കിഷ്ടപ്പെട്ടവർക്ക് തീറെഴുതി കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഭൂമി തങ്ങൾക്ക് ഇഷ്ടപ്പെട്ടവർക്ക് കൊടുക്കാൻ തീരുമാനിക്കുന്നുവെന്ന് പറയുന്നതുപോലെ അപകടകരമായൊരു സ്ഥിതിവിശേഷം നമ്മുടെ നാട്ടിലുണ്ടോ. സർവ്വകലാശാലയുടെ എല്ലാ നേട്ടങ്ങളേയും നഷ്ടപ്പെടുത്തുന്ന നിലയിലല്ലേ മതിയായ യോഗ്യതയില്ലാത്ത വി.സി.യേയും പി.വി.സി.യേയും നിയമിക്കാൻ ഈ സർക്കാർ തീരുമാനിച്ചത്. സിൻഡിക്കേറ്റിലേയ്ക്ക് ലീഗ് നേതാക്കന്മാരെ തിരുകിക്കയറ്റുന്നു. അഴിമതിക്ക് നേതൃത്വം കൊടുക്കുന്നവരായി സിൻഡിക്കേറ്റ് മാറുന്നു. ആ സിൻഡിക്കേറ്റാണ് ഈ അഴിമതിക്കെല്ലാം

കുട പിടിക്കുന്നത്. ഒരു ഭരണ സംവിധാനത്തെയാകെ തങ്ങൾക്കിഷ്ടപ്പെട്ട നിലയിലേയ്ക്ക് മാറ്റാൻ ഈ ഗവൺമെന്റ് തീരുമാനിക്കുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേറ്റിലേയ്ക്കുള്ള തെരഞ്ഞെടുപ്പാണ് ഇപ്പോൾ നടന്നത്. തെരഞ്ഞെടുക്കപ്പെട്ട ഒരു സിൻഡിക്കേറ്റാണ് കോഴിക്കോട് സർവ്വകലാശാലയിലുള്ളതെന്നിരിക്കെ അതിലേയ്ക്ക് ലീഗ് നേതാക്കന്മാരെ തിരുകി കയറ്റുന്നുവെന്ന പരാമർശം ഓർഡറിന് വിരുദ്ധമാണ്. അത് രേഖയിലുണ്ടാവരുത്. അങ്ങനെ തിരുകികയറ്റാൻ കഴിയില്ല.

ശ്രീ. ആർ. രാജേഷ്: ഇത്തരത്തിലുള്ള അഴിമതികളെല്ലാം നടക്കുമ്പോൾ നോമിനേറ്റഡ് സിൻഡിക്കേറ്റാണ് കാലിക്കറ്റിലുണ്ടായിരുന്നത്. ആർക്കാണ് ഭൂമി കൊടുത്തതെന്ന് ഞാൻ ഇവിടെ പറഞ്ഞില്ല. ആർക്കാണ് ഭൂമികൊടുത്തതെന്ന പരാമർശത്തിലേയ്ക്ക് ഞാൻ വന്നില്ല. ആ ഭൂമി കൊടുത്ത സാഹചര്യമെന്താണെന്നതിനെപ്പറ്റി എന്നെക്കൊണ്ട് പറയിപ്പിക്കാനുള്ള ശ്രമമാണെങ്കിൽ ഞാനത് പറയുന്നില്ല. ആർക്കാണ് ഭൂമി കൊടുത്തത് എന്നതിനെ സംബന്ധിച്ച് ഞാൻ സൂചിപ്പിക്കുന്നില്ല. പക്ഷേ, ആ സർവ്വകലാശാലയുടെ ഭൂമി കൊടുക്കാൻ തീരുമാനിക്കുമ്പോൾ ഒരു നോമിനേറ്റഡ് സിൻഡിക്കേറ്റായിരുന്നില്ലേ അവിടെ. അവിടെയിപ്പോൾ സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് നടക്കുന്ന അഴിമതികൾക്കെതിരെ ഒരന്വേഷണം നടത്താൻ ഈ ഗവൺമെന്റ് തയ്യാറാകുന്നുണ്ടോ; വിദ്യാഭ്യാസ വകുപ്പുമന്ത്രി പത്രസമ്മേളനം നടത്തി പറഞ്ഞത് എനിക്ക് അതിനെപ്പറ്റി അറിവ് കിട്ടിയില്ല, അതിനെതിരെ പരാതി കിട്ടിയില്ല. ഏറ്റവും പ്രധാനപ്പെട്ട സർവ്വകലാശാലയായ കോഴിക്കോട് സർവ്വകലാശാലയിലെ വി.സി.യും പി.വി.സി.യും അടക്കമുള്ള ആളുകൾ വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ അഴിമതി, പണ

ത്തിന്റെ ഭാഗമായി ഗൾഫിലേയ്ക്ക് പോയി ആ സ്ഥാപനങ്ങളെ സഹായിക്കുന്ന നിലപാട് സ്വീകരിക്കുമ്പോൾ അതിനെപ്പറ്റി പരാതി കിട്ടിയില്ലെന്ന് പറയുന്ന ഒരു നാണംകെട്ട നിലയിലേയ്ക്ക് പോകാൻ കഴിയുമോ? ആ വിവരം പുറത്തുവരുമ്പോൾ അത് അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ ബാദ്ധ്യസ്ഥമായൊരു മന്ത്രിയാണ് അതിനെപ്പറ്റി എനിക്ക് പരാതി കിട്ടിയില്ലെന്ന് പത്രസമ്മേളനത്തിലൂടെ പറയുന്നത്. ഇടതുപക്ഷ ഗവൺമെന്റ് ഭരിക്കുമ്പോൾ നാല് വിദൂര വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാത്രമാണ് ഗൾഫിൽ ഉണ്ടായിരുന്നതെങ്കിൽ ഈ ഗവൺമെന്റ് വന്ന രണ്ടര വർഷക്കാലംകൊണ്ട് ആ സ്ഥാപനങ്ങളുടെ എണ്ണം 24 ആയി മാറി. 20 സ്ഥാപനങ്ങൾ പുതുതായി വന്നു. ആ സ്ഥാപനങ്ങളിലൂടെ കൂടുതൽ ആളുകൾക്ക് ബിരുദം കൊടുക്കുന്ന നിലയിലേയ്ക്ക്, ആ ബിരുദം കൊടുക്കുന്നതിന്റെ മെറിറ്റടക്കം പരിശോധിക്കാൻ ബാദ്ധ്യസ്ഥനായൊരു മന്ത്രിയാണ് ഇത്തരത്തിൽ പറയുന്നത്. പ്രൊഫസർ എന്ന പേരുപോലും ചേർക്കാൻ യോഗ്യതയില്ലാത്ത വി.സി.യും പി.വി.സി.യുമാണ് വിദേശയാത്രയ്ക്ക് പോയത്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: വിദേശത്തേയ്ക്ക് പോയ പി.വി.സി.യും വി.സി.യും സ്വന്തം മേൽവിലാസവും സ്ഥാനമാനങ്ങളുമൊക്കെ മറച്ചുവച്ചാണ് പോയതതെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ;

ശ്രീ. ആർ. രാജേഷ്: തീർച്ചയായും, ഈ സെന്ററുകളുടെ ചെലവിലാണ് പി.വി.സി.യും വി.സി.യുമടക്കമുള്ളവർ വിദേശയാത്ര നടത്തിയത്. ആ യാത്രയെപ്പറ്റി അന്വേഷണം നടത്താൻ ഈ ഗവൺമെന്റ് തയ്യാറാകണം. വിദൂര വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഗവൺമെന്റ് സ്പോൺസേർഡ് അഴിമതി നടക്കുകയാണ്. സാധാരണക്കാരായ രണ്ടായിരത്തോളം വരുന്ന വിദ്യാർത്ഥി

കൾ പഠിക്കുന്ന ബി.എഡ്. സെന്ററുകൾ പൂട്ടാൻ തീരുമാനിക്കുന്നത് ശരിയായ നയമാണോ; എന്റെ നിയോജക മണ്ഡലത്തിലേതടക്കമുള്ള സർവ്വകലാശാല നേരിട്ട് നിയന്ത്രിക്കുന്ന പത്ത് ബി.എഡ് കോളേജുകൾ പൂട്ടാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഇൻഫ്രാസ്ട്രക്ച്ചർ ഇല്ലെന്ന കാരണം പറഞ്ഞ് ഇത്തരം ബി.എഡ് കോളേജുകൾ പൂട്ടുന്നുവെന്ന് പറഞ്ഞാൽ അവിടെ ഇൻഫ്രാസ്ട്രക്ച്ചർ ഉണ്ടാക്കി രണ്ടായിരം വിദ്യാർത്ഥികളെ പഠിപ്പിക്കാനാശ്യമായ നടപടിയാണ് ഗവൺമെന്റ് ആവിഷ്ക്കരിക്കേണ്ടത്. അതിനുപകരം ഇൻഫ്രാസ്ട്രക്ച്ചർ ഇല്ലാത്തതിന്റെ ഭാഗമായി ഒരു വ്യക്തി പരാതി കൊടുക്കുമ്പോൾ അതിന്റെ മറ പിടിച്ചുകൊണ്ട് ബി.എഡ് സെന്ററുകളേ വേണ്ടെന്ന് പറയുന്നത് ആരെ സഹായിക്കാൻ വേണ്ടിയാണ്.

മി. സ്പീക്കർ: അവിടെ ആവശ്യമുള്ള വിദ്യാർത്ഥീ-വിദ്യാർത്ഥിനികളുണ്ടോ?

ശ്രീ. ആർ. രാജേഷ്: വിദ്യാർത്ഥികളുള്ള സ്ഥാപനങ്ങളാണ് പൂട്ടുന്നത്. സ്പീക്കർ കൂടി ഇടപെട്ട് ഇക്കാര്യത്തിൽ ഒരു പരിശോധന നടത്തണം. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി ഇൻഫ്രാസ്ട്രക്ച്ചർ ഇല്ല എന്നതിന്റെ ഭാഗമായി ഒരു വ്യക്തി കോടതിയിലേയ്ക്ക് പോകുന്നു. ആ കോടതിയിലേയ്ക്ക് പോകുന്നതിന്റെ മറ പിടിച്ചുകൊണ്ട് ആ സ്ഥാപനങ്ങളാകെത്തന്നെ പൂട്ടുക എന്നുപറയുന്നത് ശരിയായ സമീപനമല്ല. ഇവിടെയാണ് സർക്കാർ ഇരട്ടത്താപ്പ് കാണിക്കേണ്ടത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സ്വകാര്യസ്വാശ്രയ സ്ഥാപനങ്ങളുമായി സർവ്വകലാശാല കേസ് നടത്തി. സർക്കാർ സ്വകാര്യ സ്ഥാപനങ്ങൾക്കെതിരെ കേസ് നടത്തുമ്പോൾ സ്വകാര്യ സ്ഥാപനങ്ങൾക്കുവേണ്ടി കോടതിയിൽ ഹാജരായ ഒരു മനുഷ്യനുണ്ട്. അദ്ദേഹത്തിന്റെ പേരാണ് ശ്രീ. ജോർജ്ജ്

പൂന്തോട്ടം. ഇപ്പോൾ ആരാണ് ജോർജ്ജ് പൂന്തോട്ടം? സ്വകാര്യ സ്വാശ്രയ സർവ്വകലാശാലകൾക്കുവേണ്ടി ഹൈക്കോടതിയിൽ ഹാജരായ ജോർജ്ജ് പൂന്തോട്ടം ഇന്ന് സർവ്വകലാശാലയുടെ സ്റ്റാന്റിംഗ് കൗൺസിൽ അംഗമാണ്. ആ സ്റ്റാന്റിംഗ് കൗൺസിൽ അംഗമായി എങ്ങനെ ജോർജ്ജ് പൂന്തോട്ടം മാറി; മറുപടി പറയണ്ടേ? ആ ജോർജ്ജ് പൂന്തോട്ടമാണ് ഈ ബി.എഡ്. സെന്ററിനു വേണ്ടി, സർവ്വകലാശാലയ്ക്കുവേണ്ടി കോടതിയിൽ ഹാജരാകേണ്ടത്. എന്തുകൊണ്ട് ഈ കേസ് വരുമ്പോൾ അദ്ദേഹം ഹാജരായില്ല; അന്വേഷിച്ചോ ഈ ഗവൺമെന്റ്? ബി.എഡ് സെന്ററുകൾക്കെതിരെ ഒരു വ്യക്തി അന്യായം കൊടുക്കുമ്പോൾ കോടതിയിൽ ഹാജരാകേണ്ട സ്റ്റാന്റിംഗ് കൗൺസിൽ എന്തുകൊണ്ട് കോടതിയിൽ ഹാജരായില്ല? സ്വകാര്യ സ്വാശ്രയ സ്ഥാപന ങ്ങളെ മുമ്പ് വഴിവിട്ട നിലയിൽ സഹായിച്ചിരുന്ന ഒരു മനുഷ്യനെ അനാവശ്യ മായി, അകാരണമായി മെറിറ്റില്ലാതെ ഈ പദവിയിലേക്ക് എടുത്തുവച്ചു കൊണ്ട് ദുരുപയോഗം ചെയ്ത ഒരു സർക്കാരിന്റെ നടപടിയുടെ ഭാഗമായി ട്ടാണ് ഈ ബി.എഡ്. സെന്ററുകൾ ഇന്ന് കാണുന്ന ഈ നിലയിലേയ്ക്ക് മാറിയത്. അതിനെ സംബന്ധിച്ച് ഗവൺമെന്റ് കാര്യക്ഷമമായി പരിശോധി ക്കണം. കേരളത്തിന്റെ മാതൃസർവ്വകലാശാലയാണ് കേരള സർവ്വകലാശാല. 75 വർഷം പാരമ്പര്യമുള്ള, പഴക്കമുള്ള കേരള സർവ്വകലാശാലയിൽ ഒരു വി.സി.യെ നിയമിക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. വി.സി.യെ നിയമി ക്കുമ്പോഴുള്ള ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, ഡി.സി.സി സെക്രട്ടറിമാ രെയോ കെ.പി.സി.സി ഭാരവാഹികളെയോ കേരളസർവകലാശാലയുടെ വി.സി.യായി കൊണ്ടുവന്നാൽ ഞങ്ങൾ സമരം ചെയ്യും. സമരം ചെയ്താൽ യൂണിവേഴ്സിറ്റി കോളേജിലടക്കം ചിലപ്പോൾ ഗ്രനേഡ് പ്രയോഗിക്കേണ്ടി

വരും. നിങ്ങൾ എത്ര മർദ്ദനം അഴിച്ചുവിട്ടാലും നിങ്ങൾ സ്വീകരിക്കുന്ന ആ തെറ്റായ നിലപാടിനെതിരെ ശക്തമായ സമരം ഞങ്ങൾ സംഘടിപ്പിക്കും. ഇവിടെ അനുഭവമുണ്ട്. ഞങ്ങളുടെ കാലത്ത് അങ്ങനെയായിരുന്നു. കേരള സർവ്വകലാശാലയുടെ വൈസ്ചാൻസലറായി ഇടതുപക്ഷ ഗവൺമെന്റു കൊണ്ടുവന്നത്, ഇ.എം.എസ് ഗവൺമെന്റ് ക്യാബിനറ്റ്കൂടി ക്ഷണിച്ചത്, പ്രഗത്ഭനായ ജോൺ മത്തായിയെയാണ്. ഈ രാജ്യത്ത് ആദ്യമായി ഒരു വാചാ ബഡ്ജറ്റ് അവതരിപ്പിച്ച മഹാനായ ജോൺ മത്തായിയെയാണ് ഞങ്ങൾ ക്ഷണിച്ച് ഈ സർവ്വകലാശാലയുടെ വി.സി. പദവിയിലേയ്ക്ക് കൊണ്ടുവന്നത്. ഈ കാലഘട്ടത്തിൽ അങ്ങനെയാണോ? കേന്ദ്രസാഹിത്യ അക്കാദമിയുടെ ചെയർമാനായിരുന്ന ശ്രീ. യു. ആർ. അനന്തമൂർത്തി സർവക ലാശാലയുടെ വി.സി. ആയിട്ടുണ്ട്. രാജ്യത്തെ തലയെടുപ്പുള്ള ചരിത്രകാ രിലൊരാളായ ഡോ. കെ. എൻ. പണിക്കർ വി.സി. ആയിട്ടുണ്ട്. ഡോ. ഇക്ബാൽ, അങ്ങനെയുള്ള ആളുകൾ വി.സി.യായിരുന്ന സ്ഥാനത്തേ യ്ക്കാണ് ഇന്ന് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഖാദർ മങ്ങാട് കണ്ണൂർ സർവ്വകലാശാലയുടെ വൈസ്ചാൻസലറായി വരുന്നത്. ഈ ഖാദർ മങ്ങാട് ആരാണ്? ഡി.സി.സി. സെക്രട്ടറി. ഖാദർ മങ്ങാടിന് കണ്ണൂർ സർവ്വകലാശാല യുടെ വി.സി.യാകാൻ ആവശ്യമായ യോഗ്യത എന്താണ് ഈ ഗവൺമെന്റ് കല്പിച്ചിരിക്കുന്നത്; മതിയായ യോഗ്യത ഖാദർ മങ്ങാടിനുണ്ടോ.? സംസ്കൃത സർവകലാശാലയുടെ വി.സി.-യായിരിക്കുന്നത് ഒരു കൊമേഴ്സ് ബിരുദധാരിയാണ്. പിന്നെ എങ്ങനെയാണ് ഈ സംസ്കൃത സർവ്വകലാശാ ലയെ രക്ഷിക്കാൻ കഴിയുക; അവിടത്തെ അക്കാദമിക്കായ കാര്യങ്ങൾ എങ്ങനെയാണ് ആ വി.സിക്ക് നോക്കാൻ കഴിയുക? ഒരു പ്രാദേശിക കോൺഗ്രസ് നേതാവാണ് എന്ന ഒറ്റ ന്യായത്തിന്റെ ഭാഗമായി സംസ്കൃത

സർവ്വകലാശാലയുടെ വി.സി.യായി ഒരു കൊമേഴ്സ് അദ്ധ്യാപകനെ ഈ ഗവ ൺമെന്റ് നിശ്ചയിക്കുന്നു. മന്ത്രിയാകാം, എം.പിയാകാം, എം.എൽ.എ.യാകാം, കെ.പി.സി.സി.പ്രസിഡന്റാകാം, സെക്രട്ടറിയാകാം, ഡി.സി.സി. ഭാരവാഹി യാകാം, കോർപ്പറേഷൻ ചെയർമാനാകാം എന്തുമായിക്കൊള്ളട്ടെ, പക്ഷെ ഇതൊന്നുമാകാൻ കഴിയില്ലെന്നുവരുന്ന ഒരാളെ നിയമിക്കാൻ കഴിയുന്ന സ്ഥലമാണോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ചരിത്രം പറയുമ്പോൾ പാർട്ടിയിൽ അംഗത്വമുള്ള വ്യക്തികളെ ആദ്യം വൈസ്ചാൻസലറാക്കിയത് അങ്ങയുടെ പാർട്ടിയാണ്. ഡോ.ഇക്ബാൽ, ശ്രീ. പി. കെ. രാജൻ. അത് അങ്ങ് വിസ്മരിക്കരുത്

ശ്രീ. ആർ. രാജേഷ്: സർ, ഞങ്ങളുടെ പാർട്ടി എന്നു പറഞ്ഞാൽ അങ്ങ നെയാണ്. യോഗ്യതയുള്ള ആളുകളുടെ പാർട്ടിയാണ്. യോഗ്യതയുള്ള ആളു കളുടെ പാർട്ടിയാണ് സി.പി.ഐ.(എം.) ഞങ്ങളുടെ പാർട്ടിയുടെ മെമ്പർഷി പ്പെടുത്ത് പരിശോധിച്ചാൽ അവിടെയൊക്കെ യോഗ്യതയുള്ള ആളുകളാണ്. സി.പി.ഐ.(എം.)-ന്റെ പാർട്ടി മെമ്പർഷിപ്പുണ്ടെന്നുകരുതി ഒരാൾ അയോഗ്യ നാകുമോ; ലീഗിന്റെ മെമ്പർഷിപ്പുണ്ടെന്നുകരുതി ഒരാൾ അയോഗ്യനാകുമോ; കോൺഗ്രസ് മെമ്പർഷിപ്പെടുത്താൽ ഒരാൾ അയോഗ്യനാകുമോ? ഞങ്ങൾ പറഞ്ഞത്, ഇയാൾക്ക് അക്കാദമിക് യോഗ്യതയുണ്ടോ? ഡി.സി.സി. സെക്രട്ടറി യായിരിക്കുന്ന ഖാദർ മങ്ങാടിനെ വി.സി. – യായി നിങ്ങൾക്ക് നിയമിക്കാം. അയാൾക്ക് യോഗ്യതയുണ്ടാകണം. അയാൾക്ക് യോഗ്യതയുണ്ടോ? പകരം നിങ്ങളുടെ യോഗ്യതയെന്താണ്? ഡി.സി.സി. സെക്രട്ടറിയായിരിക്കുന്നു. അതാണ് ഞങ്ങൾ പറഞ്ഞത്. അദ്ദേഹം ഡി.സി.സി. സെക്രട്ടറിയായതു

കൊണ്ട് വി.സി.യാകാൻ പാടില്ലെന്ന അഭിപ്രായം ഇടതുപക്ഷത്തിനില്ല. ശ്രീ. എൻ. ഷംസുദ്ദീൻ ലീഗിന്റെ സ്റ്റേറ്റ് കമ്മിറ്റിയിലായതുകൊണ്ട് വി.സി.യാകാൻ പാടില്ലെന്ന അഭിപ്രായം പ്രതിപക്ഷത്തിനില്ല. ഷംസുദ്ദീനും ഖാദർ മങ്ങാടിനും യോഗ്യതയുണ്ടെങ്കിൽ വി. സി. – യാകാം. സി.പി.ഐ. (എം.) –ന്റെ അംഗമായി മാറി...........

ശ്രീ. എൻ. ഷംസുദ്ദീൻ: ഇവിടെ ഞങ്ങൾ പറയുന്ന വാദമാണ് ശ്രീ. രാജേഷ് ഇപ്പോൾ അംഗീകരിച്ചിരിക്കുന്നത്. ഡി.സി.സി. ഭാരവാഹിയായതുകൊണ്ടോ കോൺഗ്രസിൽ അംഗത്വമുള്ളതുകൊണ്ടോ ഒരാൾ വി.സി. ആകുന്നതിനോ ഒരു അക്കാദമിക് കേന്ദ്രത്തിന്റെ തലപ്പത്തിരിക്കുന്നതിനോ അയോഗ്യനാകുന്നില്ല. അതാണ് ഞങ്ങൾ പറഞ്ഞിട്ടുള്ളത്. അതുതന്നെയാണ് രാജേഷും ഇപ്പോൾ അംഗീകരിച്ചിട്ടുള്ളതെന്ന് രാജേഷ് മനസ്സിലാക്കിയോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: കോൺഗ്രസ്സിന്റെ ഡി.സി.സി. സെക്രട്ടറിയായതുകൊണ്ടോ മുസ്ലീം ലീഗിന്റെ നേതാവായതുകൊണ്ടോ ഒരാൾ അയോഗ്യനാകുന്നില്ല എന്ന അദ്ദേഹത്തിന്റെ വാദം ശരിയാണ്. പക്ഷേ മുസ്ലീം ലീഗിന്റെ ഒരു പഞ്ചായത്ത് പ്രസിഡന്റ് ആയാൽ വൈസ്ചാൻസലറാകാമെന്നു കരുതുന്നത് ശരിയാണെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ? പഞ്ചായത്ത് പ്രസിഡന്റാകലാണ് സർവകലാശാലയിലെ വൈസ്ചാൻസലറാകാനുള്ള അർഹതയെന്നുള്ള വാദം അങ്ങ് അംഗീകരിക്കുന്നുണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, കാലിക്കട്ട് സർവകലാശാലയുടെ വൈസ്ചാൻസലർ പദവിയിലേക്ക് ആദ്യം തീരുമാനിച്ച ആൾ, ശ്രീ. ഷംസുദ്ദീൻ .............

ശ്രീ. എം. ഉമ്മർ: മുസ്ലീം ലീഗിന്റെ പഞ്ചായത്തുപ്രസിഡന്റ് ഒരു വൈസ്ചാൻസലറായി എവിടെയും വന്നിട്ടില്ല. വൈസ് ചാൻസലറാകാൻ

യോഗ്യതയുള്ള ആളുകളാണ് ലീഗിന്റെ പഞ്ചായത്ത് പ്രസിഡന്റുമാർ എന്നുള്ള കാര്യം ഓർത്താൽ മതി. നിങ്ങൾ പറയപ്പെട്ട ആൾ, വൈസ്ചാൻസ ലറാകാൻ യോഗ്യതയുള്ള ആളുകൾ, ഡോക്ടർമാരും മറ്റുമൊക്കെയാണ് ലീഗിന്റെ പഞ്ചായത്ത് പ്രസിഡന്റുമാരെന്നുള്ളത് അംഗീകരിച്ചാൽ മതി.

മി. സ്പീക്കർ: രാജേഷ് പറഞ്ഞത് തിരിച്ചുവച്ചതാണ്. അത്രയുമേയു ള്ളൂ. അങ്ങനെ എടുത്താൽ മതി.

ശ്രീ. ആർ. രാജേഷ്: ലീഗിന്റെ പഞ്ചായത്ത് പ്രസിഡന്റിനെ കാലിക്കട്ട് സർവ്വകലാശാലയുടെ വൈസ് ചാൻസലറായി തീരുമാനിക്കുന്നു. പക്ഷേ ആ ആൾക്ക് അക്കാദമിക് യോഗ്യതയില്ല എന്നുകണ്ട് അവർതന്നെയാണ് പുറത്താ ക്കിയത്. ഏകയോഗ്യത ലീഗിന്റെ പഞ്ചായത്ത് പ്രസിഡന്റായിരുന്നു എന്നത് മാത്രമാണ്. അതിനപ്പുറത്ത് ഒന്നുമില്ല. വി.സി.–യാകാൻ ആവശ്യമായ യോഗ്യതയില്ലെന്നുകണ്ട് നിങ്ങൾതന്നെയല്ലേ ആ ഉത്തരവ് പിൻവലിച്ചത്? അദ്ദേഹം ഇന്ന് വൈസ് ചാൻസലറാണ്. എന്തുകൊണ്ട് അത് നടപ്പിലാക്കി യില്ല? അപ്പോൾ നിങ്ങൾക്കുതന്നെ ബോധ്യമുണ്ട്, അദ്ദേഹത്തിനുള്ള ഏക യോഗ്യത ലീഗ് പഞ്ചായത്ത് പ്രസിഡന്റാണ് എന്നത് മാത്രമാണ്. വി.സി.യാ കാനുള്ള യോഗ്യതയില്ല. ഖാദർ മങ്ങാട് ഡി.സി.സി. സെക്രട്ടറിയാണ്. അംഗീ കരിക്കുന്നു. പക്ഷെ ഖാദർ മങ്ങാട് ഡി.സി.സി. സെക്രട്ടറിയായതുകൊണ്ട് വരാൻ പാടില്ലെന്ന അഭിപ്രായം ഞങ്ങൾക്കില്ല. അയാൾക്ക് വി.സി. – യാ കാൻ ആവശ്യമായ യോഗ്യത വേണം. ആ വി.സി. – യാകാൻ ആവശ്യമായ യോഗ്യത ഇവിടെ പറഞ്ഞ ഖാദർ മങ്ങാടിനുമില്ല, സംസ്കൃത സർവ്വകലാ ശാലയുടെ വൈസ് ചാൻസലർക്കുമില്ല, നിങ്ങൾ മുമ്പ് തീരുമാനിച്ച പഞ്ചായത്ത് പ്രസിഡന്റിനുമില്ല. യോഗ്യതയില്ലാത്ത ആളുകളെയാണ് നിങ്ങൾ

സിൻഡിക്കേറ്റിലേയ്ക്ക്, വി.സി.യിലേക്ക് കൊണ്ടുവരുന്നതെന്ന ആപത്ക്കരമായ സംഗതിയാണ് ഞങ്ങളിവിടെ ചൂണ്ടിക്കാണിച്ചത്.

ശ്രീ. എൻ. ഷംസുദ്ദീൻ: .........(മൈക്ക് ഓഫ്).........

ശ്രീ. ആർ. രാജേഷ്: ശ്രീ. ഷംസുദ്ദീൻ പറഞ്ഞുപറഞ്ഞ് കുളമാക്കേണ്ട. ഇവിടെ രാവിലെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചുകൊണ്ട് ശ്രീ. റ്റി. വി. രാജേഷ് കോളേജുകൾക്ക് സ്വയംഭരണം കൊടുക്കുന്നത് സംബന്ധിച്ച് സൂചിപ്പിച്ചു. അതിന് മന്ത്രി പറഞ്ഞ മറുപടി ഞങ്ങളെ ഞെട്ടിച്ചു. സ്വയംഭരണം കൊടുക്കുന്നതിനെ സംബന്ധിച്ച് ഇവിടെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുമ്പോൾ ഒരു സാമാന്യമായ മറുപടി ഞങ്ങൾ പ്രതീക്ഷിച്ചത്, ഇതിനെ സംബന്ധിച്ച് അക്കാദമിക് സമൂഹവുമായി അദ്ധ്യാപകരുമായി വിദ്യാർത്ഥികളുമായി ചർച്ച ചെയ്യാം എന്ന മറുപടിയാണ്. പക്ഷേ മന്ത്രിയുടെ മറുപടി ഏറ്റവും അപകടകരമാണ്. 'ഇത് പരാജയപ്പെട്ടോട്ടെ' എന്നാണ് മന്ത്രി മറുപടി പറഞ്ഞത്. പരാജയപ്പെട്ടാലും ഞങ്ങൾ നടപ്പിലാക്കും എന്ന ഒരു ദൃഢനിശ്ചയമാണ് ഇവിടെ കാണാൻ കഴിയുന്നത്. പരാജയപ്പെടും എന്ന് മന്ത്രിക്കുതന്നെ ബോദ്ധ്യമുണ്ട്. പരാജയപ്പെടുന്ന നിലയിലേയ്ക്കാണ് നമ്മുടെ കോളേജുകളെ, സർവ്വകലാശാലകളെ, വിദ്യാഭ്യാസത്തെ ഇല്ലാതാക്കുന്ന നിലയിലേയ്ക്കാണ് ഈ സ്വയംഭരണസ്ഥാനങ്ങൾ ആരംഭിച്ചാൽ പോകുക എന്ന് മന്ത്രിക്കുതന്നെ അറിയാം. ആഗോളവത്ക്കരണത്തിന്റെ നവലിബറൽ സാമ്പത്തികനയങ്ങളുടെ ദുരന്തം നമ്മുടെ നാട് ഏറ്റുവാങ്ങിയതാണ്. ആഗോളവത്ക്കരണത്തെപ്പോലെ മനുഷ്യമനസ്സിനെ കീഴ്പ്പെടുത്താനുള്ള ഒരു നാമം മാത്രമാണ് ഈ ആട്ടോണമി, ഒരു പേര്. അതിന്റെ മറപിടിച്ചുകൊണ്ട് ഒരു മാനേജീരിയൽ ആട്ടോണമി കേരളത്തിൽ നടപ്പിലാക്കാനാണ് ഈ

ഗവൺമെന്റ് ശ്രമിക്കുക. എന്താണ് ഈ ആട്ടോണമിയുമായി ബന്ധപ്പെട്ടു കൊണ്ട് നമ്മുടെ വിദ്യാഭ്യാസമേഖലയ്ക്കുള്ള നേട്ടം? വിദ്യാഭ്യാസമേഖല യിൽ പ്രത്യേകിച്ച് ഒരു നേട്ടവും ഇതിന്റെ ഭാഗമായി ഉണ്ടാക്കാൻ നമുക്ക് കഴിയില്ല. സിലബസ് തീരുമാനിക്കാൻ, ഫീസ് തീരുമാനിക്കാൻ, പ്രവേശന ത്തിന്റെ മാനദണ്ഡം മാനേജുമെന്റുകൾ സ്വയം തീരുമാനിക്കാൻ കഴിയുന്ന നിലയിലേയ്ക്കാണ് ഇതിന്റെ ആട്ടോണമി പോകുന്നത്. ചോദ്യപ്പേപ്പറുണ്ടാ ക്കാൻ, പരീക്ഷ നടത്താൻ, ഉത്തരക്കടലാസിന്റെ മൂല്യനിർണ്ണയം നടത്താൻ, സർട്ടിഫിക്കറ്റ് സമ്മാനിക്കാൻ, എല്ലാ അധികാരവും മാനേജുമെന്റ് കൊടുക്കു കയാണ്. സംവരണം ഇവിടെ അട്ടിമറിക്കപ്പെടുകയാണ്. സംവരണം അട്ടിമ റിച്ച് ഫീസ് തീരുമാനിക്കാൻ, പരീക്ഷ നടത്താൻ, ചോദ്യപ്പേപ്പർ കൊടുക്കാൻ ആവശ്യമായ എല്ലാ അധികാരവും മാനേജ്മെന്റിന് കൊടുക്കുന്ന ആ രീതി ഇവിടെ തെറ്റാണ്. ഇവിടെ സംവരണം അട്ടിമറിക്കപ്പെട്ടാൽ ഇന്നലെ ഇവിടെ പ്രസംഗിച്ചുകൊണ്ട് ശ്രീ. കെ. ടി. ജലീൽ സൂചിപ്പിച്ചു 12.97% ആണ് ഈ കേര ളത്തിൽ മുസ്ലീംവിഭാഗം ജോലിയിലേക്ക് പ്രവേശിച്ചത്. 12% എന്നത് സംവരണമാണ്. ആ സംവരണത്തിനപ്പുറത്തായി 0.97 % മാത്രമേ മുസ്ലീം വിഭാഗത്തിൽനിന്ന് മെറിറ്റിലേയ്ക്ക് വന്നിട്ടുള്ളൂ. എസ്.സി. വിഭാഗത്തിൽ 11.04 ആണ് ഇവിടെ ജോലിയിലേക്ക് പ്രവേശിക്കുന്ന ആളുകൾ. 10% സംവരണം കഴിഞ്ഞാൽ 1.04% മാത്രമേ സംവരണത്തിനപ്പുറത്തായി മെറിറ്റിലേക്ക് നമ്മുടെ നാട്ടിൽ പ്രവേശിക്കപ്പെടുന്നുള്ളൂ. അവിടെ ഈ സംവരണംകൂടി അട്ടിമറിക്കപ്പെടുന്ന സാഹചര്യമുണ്ടായാൽ എങ്ങനെയാണ് പിന്നോക്കവിഭാഗത്തിൽപ്പെട്ട മുസ്ലീം, എസ്.സി. അടക്കമുള്ള വിഭാഗ ത്തിൽപ്പെട്ട ആളുകൾക്ക് ഈ സ്ഥാനങ്ങളിൽ ജോലികിട്ടുക? പ്രവേശനം

കിട്ടുക. അപ്പോൾ ആട്ടോണമിയുടെ ഭാഗമായി സംവരണം അട്ടിമറിക്കാൻ നമ്മുടെ നാട് ആർജ്ജിച്ചെടുത്ത സാമൂഹ്യനീതിയെ ഇല്ലാതാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമ്പോൾ അതിനെതിരെ ഈ കേരളത്തിൽ ഞങ്ങൾ അതിശക്തമായ സമരത്തിലേയ്ക്ക് പോകും. ആ സമരത്തെയാണ് നിങ്ങളുടെ ഗവൺമെന്റ് തകർക്കാൻ ശ്രമിക്കുന്നത്. നിങ്ങളുടെ ഗവൺമെന്റ് പോലീസിനെ ഉപയോഗിച്ച് ആ സമരങ്ങളെ ദുർബലപ്പെടുത്താൻ ശ്രമിക്കുകയാണ്. ഞങ്ങൾ ഒരു കാര്യംകൂടി സൂചിപ്പിക്കുന്നു. ഈ ആട്ടോണമി കൊടുത്തുകൊണ്ട് അക്കാദമിക് ആട്ടോണമി എന്നപേരിൽ മാനേജീരിയൽ ഓട്ടോണമി നടപ്പാക്കാൻ വേണ്ടിയുള്ള ഈ ഗവൺമെന്റിന്റെ ശ്രമത്തെ എല്ലാ നിലയിലും പരാജയപ്പെടുത്തുന്നതിനുള്ള പോരാട്ടങ്ങൾ ഞങ്ങൾ നടത്തിക്കൊണ്ടേയിരിക്കും എന്നുമാത്രമാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. സ്വയംഭരണസ്ഥാപനങ്ങൾ ഇങ്ങനെ ആരംഭിക്കാൻ തീരുമാനിച്ചാൽ അതിന്റെ ദുരന്തഫലം നന്നായി അനുഭവിച്ച ഒരു സമൂഹമല്ലേ നമ്മുടേത്. ബ്ലേഡ് നടത്തുന്നവർ, വട്ടിപ്പലിശക്കാർ, അബ്ക്കാരിമാർ ഇവരൊക്കെയായിരുന്നില്ലേ നമ്മുടെ സമൂഹത്തിനകത്ത് സ്വാശ്രയ വിദ്യാഭ്യാസമേഖലയിലേയ്ക്ക് വന്നത്. ഇപ്പോൾ എഞ്ചിനീയറിംഗ് മേഖലയെ സംബന്ധിച്ച് കോടതി ചൂണ്ടിക്കാണിച്ചില്ലേ? ഒരു കുട്ടി പോലും ജയിക്കാത്ത സ്വാശ്രയസ്ഥാപനങ്ങൾ നമ്മുടെ സമൂഹത്തിനകത്തുണ്ട്. അങ്ങനെയുള്ള സ്ഥാപനങ്ങളായി ഈ സ്വയംഭരണ സ്ഥാപനങ്ങളെ മാറ്റുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം, ഒരു ഗവൺമെന്റ് സ്പോൺസേഡ് പരിപാടി ഇവിടെ നടക്കുകയാണ്. ഇതിനെ അംഗീകരിച്ചുകൊണ്ടുപോകാൻ നമുക്കാവില്ല. സിലബസ് തീരുമാനിക്കാനടക്കമുള്ള സൗകര്യങ്ങൾ ഗവൺമെന്റ് കൊടുക്കുന്നത് നമുക്ക് അംഗീകരിക്കാൻ കഴിയില്ല.

സർ, ഞാൻ ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. അത് സർവ്വകലാശാലയുമായി ബന്ധപ്പെട്ടതല്ലെങ്കിൽക്കൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. സ്കൂൾ യൂണിഫോമിനായി 116 കോടി രൂപ ഈ ഗവൺമെന്റ് അദ്ധ്യയന വർഷക്കാലത്തിന്റെ ആദ്യം വകയിരുത്തിയെന്നാണ് ഇവിടെയൊരു ഘട്ടത്തിൽ അങ്ങ് ഞങ്ങളുടെ ചോദ്യത്തിന് നൽകിയ മറുപടിയിൽ പറഞ്ഞത്. എവിടെയാണ് ആ 116 കോടി രൂപ; ആ 116 കോടി രൂപ എന്തുകൊണ്ടാണ് ചെലവഴിക്കാത്തത്? സ്കൂൾ യൂണിഫോം ഇല്ലായെന്ന് പറയുന്നത് ഒരു ചെറിയ വിഷയമല്ല. നിങ്ങളുടെ ഗവൺമെന്റ് 2001 മുതൽ 2006 വരെ ഭരിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ തുമ്പോളി കടപ്പുറത്ത് ഒരു കൊച്ചുപെൺകുട്ടി ആത്മഹത്യ ചെയ്തു. ആലപ്പുഴ ജില്ലയിൽ തന്റെ സഹപാഠികൾ ഫ്രില്ലുവെച്ച പാവാടയും ഉടുത്തുകൊണ്ടുപോകുമ്പോൾ, മാറിയുടുക്കാൻ ഒരു പാവാട ചോദിച്ചപ്പോൾ മത്സ്യമേഖലയിൽ പണിയെടുക്കുന്ന പാവാട വാങ്ങിക്കൊടുക്കാൻ പണമില്ലാത്ത അച്ഛന്റെ മകളായി ജനിച്ചതുകൊണ്ടാണ് ഫാസില എന്നുപറയുന്ന കൊച്ചുപെൺകുട്ടി ആത്മഹത്യ ചെയ്തത്. ആ നാട്ടിലാണ് തുടർന്നുവന്ന ഗവൺമെന്റ് എല്ലാ കുട്ടികൾക്കും സൗജന്യമായി യൂണിഫോം കൊടുക്കാനാവശ്യമായ നടപടി സ്വീകരിച്ചത്. സ്കൂളിലേയ്ക്ക് പോകുന്ന കുട്ടികൾക്ക് യൂണിഫോം കൊടുക്കാനാവശ്യമായ ആ പദ്ധതിക്ക് 116 കോടി രൂപ വകയിരുത്തിയെന്ന് പറയുമ്പോഴും...... എന്തുകൊണ്ട് ഒൻപത് മാസക്കാലമായി നടപ്പിലാക്കിയില്ല. മന്ത്രിയുടെ ഓഫീസിൽ എല്ലാ നിയമങ്ങളും കാറ്റിൽപ്പറത്തി അത് മഫത്‌ലാലിന് കൊടുക്കാൻ ഏർപ്പാട് ചെയ്തു. മഫത്‌ലാലുമായി എഗ്രിമെന്റു

ണ്ടാക്കി. ദേശീയ ടെക്സ്റ്റൈൽ കോർപ്പറേഷൻ അടക്കം ഒഴിവാക്കുന്നതിനു വേണ്ടിയുള്ള ബോധപൂർവ്വമായ നടപടികൾ മന്ത്രിയുടെ ഓഫീസ് സ്വീകരിച്ചു. ശരിയല്ലേ; മൂന്നാം ടെൻഡറിൽനിന്ന് എന്തിനാണ് ടെക്സ്റ്റൈൽ കോർപ്പറേഷനെ ഒഴിവാക്കിയത്? മഫത്‌ലാലിന് കൊടുക്കുന്നതിനുവേണ്ടി ഒൻപത് മാസക്കാലം സ്കൂൾ യൂണിഫോമിന് വകയിരുത്തിയ തുക ചെലവഴിക്കാത്ത ഈ ഗവൺമെന്റ് വിദ്യാഭ്യാസ മേഖലയിൽ ഒരു നേട്ടവുമുണ്ടാക്കിയിട്ടില്ല. ഈ ബില്ലിന്റെ ഭാഗമായിട്ടുള്ള നിരാകരണ പ്രമേയം അവതരിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ബഹുമാന്യനായ മെമ്പർ ആർ. രാജേഷ് ഇവിടെ അവതരിപ്പിച്ച നിരാകരണ പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. മാനവികത, സഹിഷ്ണുത, യുക്തി, പുരോഗമന ആശയങ്ങൾ തുടങ്ങിയവയാണ് സർവ്വകലാശാലയിലൂടെ നിലനിൽക്കേണ്ടതെന്ന് പ്രശസ്തനായ വിദ്യാഭ്യാസ വിചക്ഷണനനും നമ്മുടെ പ്രഥമ പ്രസിഡന്റുമായ ഡോ. എസ്. രാധാകൃഷ്ണൻ 1948–ൽ തയ്യാറാക്കിയ ഒരു റിപ്പോർട്ടിൽ ബഹുമാന്യനായ ജവഹർലാൽ നെഹ്രുവിന്റെ വീക്ഷണത്തെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. ബഹുമാന്യനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ വാക്കുകളാൽ സൂചിപ്പിക്കുകയാണെങ്കിൽ, A University stands for Humanism, for tolerance, for progress, for adventure of ideas and search of truth. It stands for the onward march of human rights towards ever higher objectives. The universities discharge their duty adequately, then it is well with the nation and the people. ഇതിന് അനുരോധമായ ഒരു

പാരമ്പര്യം നമുക്ക് ഉണ്ടായിരുന്നു. നളന്ദയെക്കുറിച്ച് ശ്രീ. ആർ. രാജേഷ് ഇവിടെ അത് സൂചിപ്പിച്ചു. തക്ഷശിലയും നമുക്കുണ്ടായിരുന്നു. ഈ അഭിമാനിക്കാവുന്ന സ്ഥാപനം പന്ത്രണ്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ തുർക്കി ആക്രമണത്തിന്റെ ഭാഗമായി തീയിട്ട് നശിപ്പിച്ചു. 400 വർഷത്തെ സാംസ്കാരിക പൈതൃകവും വിദ്യാഭ്യാസ പൈതൃകവുമാണ് നമുക്ക് അന്നവിടെ കത്തിച്ചാമ്പലായത്. ആ 400 വർഷത്തെ ചരിത്രം വേദനിക്കുന്ന ഓർമ്മകളായി. അവിടുത്തെ പുസ്തകപ്പുര കത്താൻതന്നെ മാസങ്ങളോളം എടുത്തുവെന്നാണ് നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ലോകത്തിന്റെ പല ഭാഗത്തുനിന്നായി പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ അവിടെ താമസിച്ച് വൈദ്യം, രാഷ്ട്രമീംമാസ, തത്വചിന്ത, നിയമം, വാസ്തു ശിൽപ്പകല തുടങ്ങിയ എത്രയോ മേഖലകളെക്കുറിച്ചാണ് അവിടെ പഠിക്കാൻ എത്തിയിരുന്നത്. ഹീബ്രു സർവ്വകലാശാലയെക്കുറിച്ച് ശ്രീ. ആർ. രാജേഷ് ഇവിടെ സൂചിപ്പിച്ചു. ഞാൻ അത് ആവർത്തിക്കുന്നില്ല. അവിടെ ഈ വൈവിധ്യത്തിന്റെ ഭാഗമായി മീൻപിടിത്തക്കാർക്ക് അതിന്റെ തൊഴിൽ സംസ്ക്കാരവും വൈദഗ്ദ്ധ്യവും വർദ്ധിപ്പിക്കാൻ പ്രത്യേക ഡിഗ്രി, സാമൂഹ്യപ്രവർത്തനത്തിന് ബി.എ.-യും എം.എ.-യും. ലിപിയില്ലാത്ത ഹീബ്രുവിനെ ഒരു ഭാഷയാക്കിയതിനുശേഷം അവിടെ യൂണിവേഴ്സിറ്റി ഉയർത്തിക്കൊണ്ടുവന്ന് ആ രാജ്യത്തിന്റെ വളർച്ചയ്ക്കുവേണ്ടി പഠിക്കാൻ സൗകര്യപ്രദമാകുന്ന രീതിയിൽ ശാസ്ത്ര സാങ്കേതിക തൊഴിൽ മേഖലയെ ഉപയോഗപ്പെടുത്തിക്കൊണ്ട് വളർന്നുവന്നത്. മലയാള സർവ്വകലാശാല രൂപീകരിച്ച ഈ സംസ്ഥാനത്തിന് അതിന് അനുരോദമായ ഒരു സമീപനത്തിലേയ്ക്ക് നീങ്ങാൻ നമ്മൾ വൈകിക്കൂടായെന്ന് തെളിയിക്കുന്നതാണ് ഈ ഉദാഹരണം. സർവ്വകലാശാല കേവലമാ

യൊരു അഫിലിയേഷനുള്ള ഒരു സ്ഥാപനം മാത്രമല്ല, സർവ്വകലാശാല എന്ന വാക്കിൽത്തന്നെ അതിന്റെ അർത്ഥം ബഹുമാന്യനായ പണ്ഡിറ്റ്ജിയുടെ വാക്കുകളിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞതാണ്. കേരളമല്ലേ ഈ കാര്യത്തിൽ മറ്റ് ഇതര യൂണിവേഴ്സിറ്റികൾക്ക് മുന്നിൽ ഉയർന്ന് പ്രവർത്തി ക്കേണ്ടത്. പക്ഷേ കേരളത്തിൽ പ്രത്യേകിച്ച് ഈ യു.ഡി.എഫ്.-ന്റെ ഭരണ കാലത്ത് കേവലം കച്ചവട രാഷ്ട്രീയ സ്ഥാപനമായി ചുരുങ്ങുകയല്ലേ. സർവ്വകലാശാലകളുടെ സ്വയംഭരണത്തിനുമേൽ കൈവയ്ക്കുന്ന സമീപനം വളർന്ന് വരികയാണ്. ഇത് നമുക്ക് ഭൂഷണമാണോ; ഭരണകൂടങ്ങളുടെ താളത്തിനൊത്ത് തുള്ളുന്ന അധികാര കേന്ദ്രങ്ങളാക്കി സർവ്വകലാശാലകളെ മാറ്റാമോ? അക്കാഡമിക് മികവിന്റേയും പാണ്ഡിത്യത്തിന്റേയും കേന്ദ്ര മാകണം. എന്നാൽ ഇഷ്ടക്കാരെ പിടിച്ച് വി.സി.-മാരാക്കുന്നതും അദ്ധ്യാപക നിയമനം നടത്തുന്നതും മറ്റ് നിയമനങ്ങൾ നടത്തുന്നതും സ്ഥാനക്കയറ്റം നൽകുന്നതും നിർത്തി അദ്ധ്യാപക-വിദ്യാർത്ഥി സൗഹൃദവേദിയുണ്ടാക്കുന്ന മേഖലകളാക്കി നമ്മുടെ സർവ്വകലാശാലകളെ മാറ്റുവാൻ കഴിയേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് രണ്ട് തരത്തിലുള്ള സ്ഥാപനങ്ങളെപ്പറ്റിയുള്ള കാഴ്ചപ്പാടുണ്ടാകണം. യൂണിവേഴ്സിറ്റി ഏതെന്നും അക്കാഡമികൾ ഏതെന്നുമുള്ളതിനെക്കുറിച്ചുള്ള വേർതിരിവുണ്ടാകണം. കേവലം ഭാഷ മാത്രം പഠിക്കുന്ന തരത്തിലേയ്ക്ക് യൂണിവേഴ്സിറ്റികൾ മാറിയാൽ അത് അംഗീകരിക്കാൻ കഴിയില്ല. അതാണ് ഹീബ്രു സർവകലാശാല നമ്മുടെ മുന്നിൽ തെളിയിക്കുന്നത്. മലയാള സർവ്വകലാശാലയും ആ ദിശയിലേയ്ക്ക് നീങ്ങിയില്ലെങ്കിൽ ഒരു അക്കാഡമിയായി മാറുമെന്ന കാര്യം നമ്മൾ ഓർമ്മി ക്കേണ്ടതുണ്ട്. സ്വയംഭരണ കോളേജിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. സർവ്വ കലാശാലയുടെ ഓട്ടോണമിയെ ചോദ്യം ചെയ്യുന്നതാണ് ഈ പ്രവർത്തനം.

യഥാർത്ഥത്തിൽ കേരളത്തിൽ വേൾഡ് യൂണിവേഴ്സിറ്റി അംഗീകാരമുള്ള എത്ര യൂണിവേഴ്സിറ്റികളുണ്ട്? ആ നിലയിലേയ്ക്ക് നമ്മുടെ യൂണിവേഴ്സിറ്റി കളുടെ സ്റ്റാൻഡേർഡ് സംരക്ഷിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഈ കോളേജുകളെ സ്വയംഭരണ കോളേജുകളാക്കി മാറ്റിയാൽ ഇന്നത്തെ ലോക തൊഴിൽ മേഖലയിൽനിന്ന് പഠിച്ച് വളരുന്ന മക്കളുടെ അംഗീകാരം എന്തായിരിക്കും? നമ്മുടെ യൂണിവേഴ്സിറ്റികളെത്തന്നെ അംഗീകരിക്കാൻ തയ്യാറാകാത്ത സാഹചര്യം വളർന്നുവരുമ്പോൾ ഇത്തരം കോളേജു കളിൽനിന്ന് ഡിഗ്രി കരസ്ഥമാക്കി മുന്നോട്ടുപോകുന്ന വിദ്യാർത്ഥികളുടെ ഭാവി എന്തായിരിക്കും?

മാത്രവുമല്ല ഇപ്പോൾതന്നെ ഒട്ടേറെ പ്രൊഫഷണൽ കോളേജുകളിൽ അദ്ധ്യാപക വിദ്യാർത്ഥി ബന്ധത്തിലെ പ്രശ്നങ്ങൾ നിമിത്തം ഇന്റേണൽ മാർക്കുമായി ബന്ധപ്പെട്ടുകൊണ്ട് വിദ്യാർത്ഥികൾക്ക് പാസ്മാർക്ക് കൊടു ക്കാൻ അല്ലെങ്കിൽ അവരെ പ്രൊമോട്ട് ചെയ്യാൻ കഴിയാത്ത അവസ്ഥ നമ്മുടെയിടയിലുണ്ട്. വിദ്യാർത്ഥി സംഘടനകൾ ശക്തമായ കേരളത്തിൽ അവയുടെ പ്രവർത്തനം തടയുക എന്ന ലക്ഷ്യം വച്ചുകൊണ്ട് ഇത്തരം സമീപ നങ്ങൾ സ്വീകരിക്കുമ്പോൾ വളരെ മിടുക്കന്മാരും മിടുക്കികളുമായ വിദ്യാർത്ഥികളെ പരാജയപ്പെടുത്താൻ അവസരം ഉണ്ടാകുമെന്ന കാര്യത്തിൽ തർക്കമില്ല. ഇന്ത്യയിൽ ഇപ്പോൾ ഡീംഡ് യൂണിവേഴ്സിറ്റികൾ വന്നതിനെക്കു റിച്ച് ഒട്ടേറെ തർക്കങ്ങളുണ്ട്. പ്രഖ്യാപിച്ച കുറേ യൂണിവേഴ്സിറ്റികളെ തരം താഴ്ത്തിയ സാഹചര്യങ്ങളുമുണ്ട്. ഡീംഡ് യൂണിവേഴ്സിറ്റികളെ പോലും ലോക തൊഴിൽ മേഖലയിൽ അംഗീകരിക്കാത്ത ഈ സാഹചര്യത്തിൽ ഇത്തരം ഓട്ടോണമസ് കോളേജുകളുടെ ഭാവി, അവിടെ നിന്നും പഠിച്ചുവ രുന്ന കുട്ടികളുടെ ഭാവി എന്തായിരിക്കും എന്ന കാര്യത്തെക്കുറിച്ച് ഗൗരവ

പൂർവ്വം ആലോചിക്കണം. നമ്മുടെ യൂണിവേഴ്സിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടാത്ത സാഹചര്യത്തിൽ ഇത്തരം കോളേജുകൾക്ക് ഒട്ടോണമസ് പദവി കൊടുത്തതുകൊണ്ട് വിദ്യാഭ്യാസ നിലവാരത്തിന്റെ, അക്കാദമിക് നിലവാരത്തിന്റെ ഉയർച്ച വർദ്ധിപ്പിക്കാതെ മുന്നോട്ടുപോകാൻ കഴിയുകയില്ല. തീർച്ചയായും ആ സമീപനത്തിൽ നിന്നും ഗവൺമെന്റ് പിന്തിരിയണമെ ന്നാണ് എനിക്ക് ഈ സമയത്ത് സൂചിപ്പിക്കാനുള്ളത്. ക്വാളിഫിക്കേഷനും നിലവാരവും പാരമ്പര്യവുമില്ലാത്ത വൈസ് ചാൻസിലർമാരുണ്ട്. ഇവിടെ അതിനെപ്പറ്റി സൂചിപ്പിച്ചു. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. യു.ഡി.എഫ്. രാഷ്ട്രീയം വളർത്തുവാൻ പറ്റുന്ന തരത്തി ലേയ്ക്ക് നമ്മുടെ സിൻഡിക്കേറ്റുകളെയും സെനറ്റുകളെയും മാറ്റുന്ന സമീപനം പാടില്ല. രാഷ്ട്രീയപരമായ ചിന്തകളിലേയ്ക്ക് സിൻഡിക്കേറ്റുക ളെയും സെനറ്റുകളെയും കൊണ്ടുപോകുന്ന സമീപനങ്ങളിൽ നിന്നും നമുക്ക് മാറാൻ കഴിയേണ്ടതുണ്ട്. നോക്കുകുത്തികളായി സെനറ്റുകൾ ഇവിടെ രൂപാന്തരപ്പെടുന്നു. സർവ്വകലാശാലകളുടെ ദുരവസ്ഥയുടെ ലക്ഷണങ്ങളാണ് ഇവിടെ കാണുന്നത്. ഇത്തരം ഒട്ടോണമസ് കോളേജുകളോടൊപ്പം വലിയ തോതിലുള്ള ഫീസ് വർദ്ധനവും വരികയാണ്. നേരത്തെ പറഞ്ഞതുപോലെ പുത്തൻ സാമ്പത്തിക വ്യവസ്ഥ നടപ്പിലാക്കുന്നതിന്റെ ഭാഗമായി നമ്മുടെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാൻ കഴിയാത്ത സാഹചര്യം വരുന്നുണ്ട്. ഡൽഹിയിൽ ഒരു ഭരണമാറ്റം വരുന്നു. അവർ ഉയർത്തിയ മുദ്രാവാക്യം അവിടത്തെ പാവപ്പെട്ട മക്കൾക്ക്, ഡൽഹിയിലെ റിക്ഷ വലിക്കുന്ന, ചുമടെടു ക്കുന്ന, പാവപ്പെട്ട വീടുകളിലെ മക്കൾക്ക് പഠിക്കാൻ കഴിയാത്ത സാഹചര്യ മാണ് ഡൽഹിയിലെ വിദ്യാഭ്യാസ മേഖലയിലുള്ളതെന്നാണ്. എൽ.കെ.ജി. യിൽ പഠിക്കണമെങ്കിൽ, യു.കെ.ജി.യിൽ പഠിക്കണമെങ്കിൽ, ഒന്നാം ക്ലാസിൽ

പഠിക്കണമെങ്കിൽ ആയിരവും പതിനായിരവും ഇരുപതിനായിരവും അമ്പതി നായിരവും രൂപ വരെ കോഴ കൊടുക്കേണ്ട സാഹചര്യത്തിൽ അവിടത്തെ പാവപ്പെട്ട മക്കൾക്ക് പഠിക്കാൻ കഴിയുമായിരുന്നില്ല. അതിന്റെ അടിസ്ഥാന ത്തിലാണ് അവിടെ പുതിയ മുദ്രാവാക്യവുമായി 600 സർക്കാർ സ്കൂളുകൾ എന്നുപറഞ്ഞപ്പോൾ അത് സ്വീകരിക്കുവാൻ അവിടെത്തെ ജനങ്ങൾ തയ്യാറായത്. ഇവിടെയും ഈ ഫീസിന്റെ വർദ്ധനവ് ഗണ്യമായ തോതിൽ വരുമ്പോൾ പാവപ്പെട്ട മക്കൾക്ക് മിടുക്കന്മാരായാലും മിടുക്കികളായാലും മുന്നോട്ടുവരാൻ കഴിയാത്ത സാഹചര്യമുണ്ട്. ഈ നവലിബറൽ സമീപന ത്തിൽ നിന്നും നമുക്ക് പിൻതിരിയേണ്ടതുണ്ട്. അതിന് മുഖ്യമായ പരിഗണന നൽകുവാൻ ഗവൺമെന്റ് മുന്നോട്ടുവരണം. ഈ ഫീസ് വർദ്ധനവിൽ നിന്നും പിൻതിരിയുന്ന ഒരു കാഴ്ച്ചപ്പാടിലേയ്ക്ക് നമുക്ക് നീങ്ങേണ്ടതുണ്ട്. സംവരണ വുമായി ബന്ധപ്പെട്ട് ശ്രീ. രാജേഷ് സൂചിപ്പിച്ചതുപോലെ നമുക്ക് കേവലം രണ്ട് യൂണിവേഴ്സിറ്റികളുടെ പ്രശ്നം മാത്രമല്ല ഉളളത്. സംവരണതത്വം പാലിക്കേണ്ടതുണ്ട്. അത് സാമൂഹ്യനീതിയുടെ പ്രശ്നമാണ്. അത് കേരള ത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലും നടപ്പാക്കുന്നതിനുള്ള സംവിധാനമു ണ്ടാകണം. അത് പരിഹരിക്കണമെങ്കിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി ക്കൊണ്ട് ഈ യൂണിവേഴ്സിറ്റികളിലെ സംവരണത്തെ നിലനിറുത്താനുള്ള പദ്ധതിയാണ് ആവിഷ്കരിക്കേണ്ടത്. കേവലം രണ്ട് യൂണിവേഴ്സിറ്റി എന്ന നിലയ്ക്ക് എടുക്കാതെ കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലും അത് നടപ്പിലാക്കാനുള്ള സമീപനം കൈക്കൊള്ളണം. തീർച്ചയായും നിയമനവു മായി ബന്ധപ്പെട്ട അഴിമതിയുടെ കഥകൾ കഴിഞ്ഞ കുറേ വർഷങ്ങളായി നമ്മുടെ സമൂഹത്തിൽ കേൾക്കുന്നുണ്ട്. അത് മാറ്റണമെങ്കിൽ തീർച്ചയായും

ഈ നിയമനങ്ങൾ പി.എസ്.സി.ക്ക് അല്ലെങ്കിൽ തത്തുല്യമായ ഒരു റിക്രൂട്ട്മെന്റ് സംവിധാനത്തിന് വിടണം. എങ്കിൽ മാത്രമേ ഇതിന് പരിഹാരമുണ്ടാക്കാൻ സാധിക്കുകയുള്ളു എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ നിരാകരണ പ്രമേയത്തെ എല്ലാ അർത്ഥത്തിലും ഞാൻ പിന്താങ്ങുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-7-2014 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാനത്തെ സർവ്വകലാശാലാ ആക്ടുകളിലെ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഏകീകൃതമല്ലാത്ത സാഹചര്യത്തിൽ വിവിധ സർവ്വകലാശാലകൾ വ്യത്യസ്ത സംവരണതത്വങ്ങളും സാമുദായികക്രമങ്ങളുമെല്ലാം പിൻതുടരുന്നു. ഇത്തരം സാഹചര്യത്തിൽ സംവരണത്തിനുവേണ്ടി കാറ്റഗറി തിരിച്ചുള്ള തസ്തികകൾ ഓരോ പഠന വകുപ്പുകളായാണോ അതോ പഠനവകുപ്പുകൾ മൊത്തത്തിലായാണോ പരിഗണിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥയില്ലാത്ത സാഹചര്യത്തിൽ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെയും 2013-ലെ എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ആക്ടിന്റെ 40-ാം വകുപ്പിലുമുള്ള അവ്യക്തതകൾ പരിഹരിക്കുന്നതിനുവേണ്ടി 1996-ലെ കണ്ണൂർ സർവ്വകലാശാലാ ആക്ടിലെ 6-ാം വകുപ്പിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്ന ഒരു അമെൻമെന്റ് ബിൽ ഈ സഭയിൽ വരുന്നത്. തീർച്ചയായും വളരെ സാധാരണക്കാരായ പ്രത്യേകിച്ച്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന ചെറുപ്പക്കാരുടെ അവസരങ്ങൾ ഇത്തരം അവ്യക്തതകൾ കാരണം നിഷേധിക്കപ്പെടരുത് എന്നുള്ള നിശ്ചയദർഢ്യമാണ് ബഹുമാനപ്പെട്ട മന്ത്രിയെയും വകുപ്പിനെയും ഇങ്ങനെ ഒരു അമെൻമെന്റ് ബിൽ കൊണ്ടുവരാൻ പ്രേരിപ്പിച്ചത്. അതിന് ഞാൻ അങ്ങയെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. സർവ്വകലാശാലകൾ തന്നെ, പ്രത്യേകിച്ച് എടുത്തുപറയുകയാണെങ്കിൽ എഴുത്തച്ഛൻ മലയാള സർവ്വകലാശാല............ മലയാളത്തിൽ മാത്രമേ സംസാരിക്കൂ എന്ന് ശാഠ്യം പിടിച്ചിരുന്നവർ ഇവിടെ മന്ത്രിമാരായിരുന്നിട്ടുണ്ടായിരുന്നു. എനിക്കവരോട് ബഹുമാനമുണ്ട്. അവർക്കൊന്നും മലയാള സർവ്വകലാശാല എന്ന ആശയം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞില്ല. ഈ ഗവൺമെന്റ് മലയാളത്തിനുവേണ്ടി ചെയ്ത ഒരുപാട് നല്ല പ്രവർത്തനങ്ങളുണ്ട്. മലയാളത്തെ ശ്രേഷ്ഠഭാഷയാക്കാൻ വേണ്ടിയിട്ടുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു തന്നെ ആരംഭിച്ചതാണ്. ഞാൻ അത് അംഗീകരിക്കുന്നു. ഒരുപാട് നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പക്ഷേ അത് യാഥാർത്ഥ്യമാക്കാൻ ഈ ഗവൺമെന്റിന്റെ നിശ്ചയദാർഢ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ നിമിത്തം സാധിച്ചു. പ്രധാനമന്ത്രിയെയും യു.പി.എ. അദ്ധ്യക്ഷ ശ്രീമതി സോണിയാ ഗാന്ധിയെയുമെല്ലാം ഇടപെടുവിച്ചുകൊണ്ട് മലയാളത്തെ ശ്രേഷ്ഠഭാഷയാക്കുവാനും ഒന്നാം ഭാഷയാക്കുവാനും കഴിഞ്ഞു. തിരൂരിൽ എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആരംഭിക്കുവാൻ കഴിഞ്ഞു. ആ സർവ്വകലാശാലയുടെ 2013-ലെ ആക്ടിന്റെ 40-ാം വകുപ്പിലുള്ള ഒരു അവ്യക്തതയാണ് ഈ അമെൻമെന്റ് ബില്ലിൽ കൂടി പരിഹരിക്കപ്പെടുന്നത്. പട്ടികജാതി പിന്നോക്കവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് സാമൂഹ്യനീതി ഉണ്ടാകുക എന്നുള്ളത് നമ്മളെല്ലാം

ആഗ്രഹിക്കുന്ന കാര്യമാണ്. വൈസ് ചാൻസിലർമാരെക്കുറിച്ചൊക്കെ വളരെ അപഹസിച്ച് സംസാരിച്ചു. എന്റെ സമുദായത്തിൽ നിന്നും 10 ബി.എ.ക്കാരുണ്ടാകുന്നതാണ് എന്റെ ഏറ്റവും വലിയ സ്വപ്നമെന്ന് മഹാനായ അയ്യങ്കാളി പറഞ്ഞിട്ടുണ്ട്. മഹാനായ അയ്യങ്കാളി സ്വപ്നം കണ്ടത് 10 ബി.എ. ക്കാരെയാണെങ്കിൽ ഇപ്പോഴത്തെ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റാണ് ആ സമുദായത്തിൽ നിന്നും ആദ്യമായി ഒരു പ്രോ–വൈസ്ചാൻസിലറെ നിയമിച്ചതെന്ന കാര്യം ഞാൻ അഭിമാനത്തോടുകൂടി പറയുകയാണ്. കേരള സർവ്വകലാശാലയിൽ ശ്രീ. വീരമണികണ്ഠനെ പ്രോ–വൈസ്ചാൻസിലറായി നിയമിക്കുമ്പോൾ മഹാനായ അയ്യങ്കാളി സ്വപ്നം കണ്ടതിൽ നിന്നും ഒരുപാട് മുന്നോട്ടുപോകാൻ സാധിച്ചു. ബി.എ.ക്കാർക്കും എം.എ.ക്കാർക്കുമെല്ലാം ബിരുദം കൊടുക്കുന്ന സർവ്വകലാശാലയുടെ പ്രോ–വൈസ്ചാൻസിലറായി ആ സമൂഹത്തിൽ നിന്നും ഒരു കഴിവുറ്റ വിദ്യാഭ്യാസ പണ്ഡിതനെ കൊണ്ടുവരാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച സ്നേഹിതൻ ഈ ബില്ലിന് പുറത്തേയ്ക്ക് പോയി ഒരുപാട് കാര്യങ്ങൾ പറഞ്ഞതുകൊണ്ടുമാത്രമാണ് ഞാൻ ഇത് പറഞ്ഞത്. ഉള്ളിൽ പല ആളുകൾക്കും ആശ്വാസവും സന്തോഷവമുള്ള ദിവസമാണിന്ന്. വിദ്യാഭ്യാസം ഒരു സ്വതന്ത്ര സാംസ്കാരിക പ്രവർത്തനമാണെന്ന് പൗലോ ഫ്രേയർ നിരീക്ഷിക്കുകയുണ്ടായി. സംസ്കാര സമ്പന്നമായ കേരളത്തെ സംബന്ധിച്ചിടത്തോളം ഞെട്ടിച്ച ഒരു സംഭവമായിരുന്നു ഒരു രാഷ്ട്രീയ നേതാവിനെ 51 വെട്ടുവെട്ടി കൊലപ്പെടുത്തിയത്. ആ കേസിലെ പ്രതികളെ കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ ആദ്യമായി പാർട്ടി പ്രതികളെ കൊടുക്കുന്നതിനുപകരം നിയമ സംവിധാനം, പോലീസ് സംവിധാനം അന്വേഷിച്ച് മുടക്കോഴി മലയിൽ വരെ

പോയി പിടിച്ച് അതിന്റെ ഗൂഢാലോചകരെ ഉൾപ്പെടെ പിടിച്ച് നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരികയും അവർക്ക് നീതിന്യായ കോടതി ശിക്ഷ വിധിക്കുകയും ചെയ്ത ഒരു ദിവസമാണ് ഈ ബില്ലും ചർച്ചയ്ക്കെടുക്കുന്നത് എന്നുള്ളത് ഞാൻ സന്തോഷപൂർവ്വം ഓർക്കുകയാണ്. വിദ്യാഭ്യാസം ഒരു സ്വതന്ത്ര സാംസ്കാരിക പ്രവർത്തനമാണെന്ന് ഞാൻ സൂചിപ്പിക്കുകയുണ്ടായി പൗലോ ഫ്രേയർ അത് പറഞ്ഞു. സാംസ്കാരിക കേരളത്തിന്, വിദ്യാഭ്യാസത്തിന്റെ ഉന്നതമായ മൂല്യങ്ങളെ ഉൾക്കൊള്ളുന്ന ഒരു സംസ്ഥാനത്തിന് ചേരുന്ന പ്രവർത്തനമായിരുന്നോ നടന്നത്. ഈ ഗവൺമെന്റ് ഒരുപാട് നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ അതിന് ജനങ്ങളുടെ പിന്തുണയുണ്ടെന്ന് മറ്റൊരു അർത്ഥത്തിൽ വെളിവായ ഒരു ദിവസമാണ് ഇത്.

സി.എൻ.എൻ./ഐ.ബി.എൻ.–ന്റെ സർവ്വേഫലം പുറത്തുവന്നു. വരുന്ന ലോകസഭാ തെരഞ്ഞെടുപ്പിൽ 12 മുതൽ 18 സീറ്റുകൾ വരെ ഐക്യ ജനാധിപത്യ മുന്നണിക്ക് കിട്ടുമെന്ന് വന്നിരിക്കുകയാണ്. ഞാൻ ഈ സർവ്വേകളെയൊന്നും അന്ധമായി വിശ്വസിക്കുന്ന ആളല്ലായിരുന്നു. ഡൽഹിയിലെ സർവ്വേഫലം വന്നപ്പോൾ ഞാൻ അതിനെതിരെ ചാനലിൽ സംസാരിച്ചു. ഷീലാ ദീക്ഷിത് പരാജയപ്പെടും, മൂന്നാം സ്ഥാനത്തേയ്ക്ക് പോകുമെന്ന സി.എൻ.എൻ./ഐ.ബി.എൻ.–ന്റെ സർവ്വേഫലം പുറത്തുവന്ന ദിവസം ചാനലിൽ പോയി അതിനെതിരെ സംസാരിച്ച ആളാണ് ഞാൻ. ഇതൊന്നും സംഭവിക്കില്ല, ഇതെന്ത് സർവ്വേയാണ് എന്ന് ഞാൻ ചോദിച്ചതാണ്. പക്ഷേ, ഷീലാ ദീക്ഷിത് മൂന്നാം സ്ഥാനത്തേയ്ക്ക് പോയത് അംഗീകരിക്കേണ്ടി വന്നു. അതുകൊണ്ട് സി.എൻ.എൻ./ഐ.ബി.എൻ. പറയുന്നു, നിങ്ങൾക്ക് 2 മുതൽ 8

വരെ സീറ്റുകൾ കിട്ടും. നിങ്ങളെ സംബന്ധിച്ചിടത്തോളം 4 എന്നുള്ളത് 8 വരെയാകാമെന്ന് പറയുമ്പോൾ ആശ്വാസമുണ്ടാകുമെങ്കിൽപ്പോലും ഞങ്ങൾക്കും ആശ്വസിക്കാം. കാരണം 16 ആയിരുന്നത് 18 വരെയാകു മെന്നാണ് പറയുന്നത്. ഈ സർവ്വേകൾക്കപ്പുറത്ത് നിങ്ങളുടെ സമരങ്ങൾ ദയനീയമായി പരാജയപ്പെടുമ്പോൾത്തന്നെ ജനവികാരം അതിനകത്തുണ്ട്. അതുകൊണ്ട് നല്ല സന്തോഷമുള്ള ഒരു ദിവസമാണ് ഈ കാര്യങ്ങൾ നടക്കുന്നത്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഇപ്പോൾ തെരഞ്ഞെടുപ്പ് നടന്ന നാലഞ്ചു സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിന്റെ സ്ഥിതിയെന്താണ്?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ അത് സൂചിപ്പിച്ചല്ലോ. ആ നാലു സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പുഫലത്തെക്കുറിച്ച് ഞങ്ങൾ പറഞ്ഞ താണ്. ആ സംസ്ഥാനങ്ങളിൽ ഞങ്ങൾ പരാജയപ്പെടുമെന്ന് പറഞ്ഞ സർവ്വേ റിപ്പോർട്ടുകളെ ആദ്യം ഞങ്ങൾ അംഗീകരിച്ചിരുന്നില്ല, അവസാനം അതുൾക്കൊണ്ടു. അതുപോലെ നിങ്ങളും ഈ ഇലക്ഷനുശേഷം ഇതുൾക്കൊ ണ്ടാൽ മതി, ഇപ്പോൾ ഉൾക്കൊള്ളണമെന്ന് ഞാൻ നിർബന്ധിക്കുന്നില്ല. സർവ്വകലാശാലകളുടെ വൈസ് ചാൻസിലർമാരെക്കുറിച്ച് പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. സർവ്വകലാശാലകളിലെ വൈസ് ചാൻസിലർമാരെ തീരുമാനിക്കുമ്പോൾ ഞാനാദ്യം പറയാനാഗ്രഹിക്കുന്നത്, ഒരു വി.സി.യെ അന്വേഷിച്ച സർ സി. പി. രാമസ്വാമി അയ്യർ, ആൽബെർട്ട് ഐൻസ്റ്റീനോട് കേരള സർവ്വകലാശാലയുടെ വൈസ് ചാൻസിലറാകാൻ അഭ്യർത്ഥിക്കുകയു ണ്ടായി. ആൽബെർട്ട് ഐൻസ്റ്റീൻ കേരള സർവ്വകലാശാലയിൽ വി.സി.യാ കുമെന്ന് ഒരുപക്ഷേ സർ സി. പി. രാമസ്വാമി അയ്യർ കരുതിക്കാണില്ല.

എങ്കിലും ആൽബെർട്ട് ഐൻസ്റ്റീന്റെ നിലവാരമുള്ള ഒരാൾ കേരള സർവ്വകലാശാലയിൽ വി.സി.യാകണമെന്ന് സർ സി. പി. രാമസ്വാമി അയ്യർ അന്ന് ആഗ്രഹിച്ചിരുന്നുവെന്ന് അതിൽ നിന്നും അനുമാനിക്കാം. ഇവിടെ വി.സി. മാരായി വന്ന ആളുകളെക്കുറിച്ച് അപഹസിച്ച് സംസാരിക്കുകയുണ്ടായി. ശ്രീ.ഖാദർ മങ്ങാടിനെയാണ് വല്ലാതെ അപഹസിച്ചത്. അദ്ദേഹത്തിന് യോഗ്യതയില്ലെന്നാണ് ശ്രീ. ആർ. രാജേഷ് പറഞ്ഞത്. ഇംഗ്ലീഷിൽ പി.എച്ച്.ഡി.യുള്ള, ഇരുപത്തിയഞ്ച് വർഷത്തിനുമുകളിൽ അദ്ധ്യാപക പരിചയമുള്ള, കോളേജിന്റെ പ്രിൻസിപ്പലായി നിരവധി വർഷം പ്രവർത്തിച്ച യോഗ്യതയുള്ള ആളുതന്നെയാണ് ശ്രീ. ഖാദർ മങ്ങാട്. പി.എച്ച്.ഡി.യും 25 വർഷത്തെ ടീച്ചിംഗ് എക്സ്പീരിയൻസും പ്രിൻസിപ്പലായി പ്രവർത്തിച്ച പരിചയവുമെല്ലാമുണ്ടെങ്കിലും അദ്ദേഹം ഡി.സി.സി. സെക്രട്ടറിയായതുകൊണ്ട് അതെല്ലാം കുറഞ്ഞുപോകുമെന്ന് പറയുന്നതിനോട് എനിക്ക് യോജിക്കാൻ കഴിയില്ല. വീരമണികണ്ഠന്റെ കാര്യവുമറിയാം, അദ്ദേഹവും യോഗ്യതയുള്ളയാൾ തന്നെയാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യോഗ്യതയുള്ള ഒരാളെ കണ്ടെത്തി പ്രോ–വൈസ് ചാൻസിലറാക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു. നിങ്ങൾ കാര്യങ്ങൾ തീരെ വിസ്മരിക്കരുത്. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്താണ് കേരളത്തിന്റെ ചരിത്രത്തിലാദ്യമായി വിദ്യാഭ്യാസമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലുള്ള ഒരാളെ വൈസ് ചാൻസിലറാക്കുന്നത്. ഒരു ഗവൺമെന്റും അതിനു മുമ്പ് അങ്ങനെ ചെയ്തിട്ടില്ല. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ഒരാളെ വൈസ് ചാൻസിലറാക്കിയത് സംബന്ധിച്ച് ഞാൻ ചോദിച്ചപ്പോൾ വൈസ് ചാൻസിലറാകാൻ പാകത്തിലുള്ള ആൾ പേഴ്സണൽ സ്റ്റാഫിൽ വന്നത് എന്റെ കുഴപ്പമാണോ എന്നാണ് അന്നത്തെ വിദ്യാഭ്യാസ

വകുപ്പുമന്ത്രി മറുപടി നൽകിയത്. അവിടെ നിന്നും അദ്ദേഹം നേരെ പോയത് കേരളത്തിലെ ഒരു സർവ്വകലാശാലയിലെ വൈസ് ചാൻസിലറായിട്ടാണ്. പഞ്ചായത്ത് പ്രസിഡന്റ് ആയിട്ടില്ല, എന്നാൽ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടയാൾ ഇവിടെ വൈസ് ചാൻസിലറായ ചരിത്രത്തിന് ഒരുപാട് ചികഞ്ഞു പുറകിലേയ്ക്ക് പോകേണ്ടതില്ല. തൊട്ടു മുമ്പിലുള്ള ഗവൺമെന്റ് അങ്ങനെ ചെയ്തിരുന്നു. ഏത് ഗവൺമെന്റ് ചെയ്താലും അങ്ങനെ ഉണ്ടാകാൻ പാടില്ലെന്ന അഭിപ്രായം ആരെങ്കിലും പ്രകടിപ്പിച്ചാൽ ആ അഭിപ്രായത്തോട് യോജിക്കാനാണ് ഞാനും ആഗ്രഹിക്കുന്നത്.

ശ്രീ. എം. ഉമ്മർ: സർ, പഞ്ചായത്ത് പ്രസിഡന്റായിരുന്ന ആളാണ് ഞാൻ. അതിൽ വലിയ അഭിമാനം തോന്നുകയാണ്. പഞ്ചായത്ത് പ്രസിഡന്റായ ആൾക്ക് മറ്റു ക്വാളിഫിക്കേഷനുണ്ടെങ്കിലും പഞ്ചായത്ത് പ്രസിഡന്റായിപ്പോയി എന്നുള്ളതുകൊണ്ട് വി.സി. ആകാൻ പാടില്ല എന്ന് എവിടെയെങ്കിലുമുണ്ടോ; അതൊരു ഡിസ്ക്വാളിഫിക്കേഷനാണോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ അങ്ങനെ മനസ്സിലാക്കിയിട്ടില്ല. ഹയർ എഡ്യൂക്കേഷനെ സംബന്ധിച്ച് വലിയ തോതിലുള്ള മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. മെറ്റാ യൂണിവേഴ്സിറ്റി എന്ന സങ്കല്പംപോലും സങ്കല്പത്തിൽ നിന്ന് യാഥാർത്ഥ്യത്തിലേയ്ക്ക് വന്നിരിക്കുകയാണ്. നാഷണൽ നോളേജ് കമ്മീഷൻ, നമുക്ക് ഇപ്പോഴുള്ളത് 7 ശതമാനം എൻറോൾമെന്റാണ്, അത് 15 ശതമാനത്തിലേയ്ക്ക് ഉയർത്തുന്നതിന് വേണ്ടി, രാജ്യത്ത് ആവശ്യമുള്ള സർവ്വകലാശാലകളുടെ എണ്ണത്തെ സംബന്ധിച്ച്, ക്വാളിറ്റി എഡ്യൂക്കേഷനെ സംബന്ധിച്ച്, സർവ്വകലാശാലകളുടെ അഫിലിയേഷൻ സംവിധാനങ്ങളെക്കുറിച്ച്, അവയിലുണ്ടാകേണ്ട ഗൗരവമാർന്ന മാറ്റങ്ങ

ളെക്കുറിച്ചുമൊക്കെയുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിരിക്കുകയാണ്. University should be required to revise or restructure curriculum at least once in a three years എന്നാണ് പറഞ്ഞിരിക്കുന്നത്. നമ്മുടെ സർവ്വകലാശാലകളിൽ അത് നടക്കുന്നുണ്ടോ; ഞാൻ കേരള സർവ്വകലാശാലയിൽ 2000–ത്തിലും 2001–ലും സെനറ്റ് മെമ്പറായിരുന്നു. സാമാജികനായപ്പോൾ ബഹുമാനപ്പെട്ട സഭയെ പ്രതിനിധാനം ചെയ്തുകൊണ്ട് കേരള സർവ്വകലാശാലയിൽ പോകാൻ അവസരമുണ്ടായി. ഡോ. ഇക്ബാൽസാറിനോട് എനിക്ക് ബഹുമാനമുണ്ട്. സർവ്വകലാശാല വൈസ് ചാൻസിലറാകാൻ യോഗ്യതയുള്ള ഒരാളായിട്ടുതന്നെയാണ് അദ്ദേഹത്തെ ഞാൻ പരിഗണിക്കുന്നത്. അദ്ദേഹം വി.സി.യായിരുന്നപ്പോൾ ഒരിക്കൽ പറഞ്ഞു, ഈ വിശുദ്ധ പശുക്കളെ അവസാനിപ്പിക്കേണ്ട സമയം കഴിഞ്ഞിരിക്കുന്നു എന്ന്. ഞാൻ വേദനയോടുകൂടി പറയുന്നു, ഗൗരവമാർന്ന ഒരു വിദ്യാഭ്യാസ ചർച്ചയും അവിടെ നടക്കുന്നില്ല. വളരെ ചെറിയ കാര്യങ്ങൾക്കുമേൽ, അവരുടെ സേവന–വേതന വ്യവസ്ഥകൾക്കപ്പുറത്തേയ്ക്ക്, വിദ്യാഭ്യാസത്തെ സംബന്ധിച്ച ഉന്നതമായ ഒരു ചർച്ചയും അവിടെ നടക്കുന്നില്ല.. ഞാനും ശ്രീ. ബി. സത്യനും എനിക്കു ശേഷം പ്രസംഗിക്കുന്ന ശ്രീ. എ. എം. ആരിഫുമെല്ലാം ആ സെനറ്റിൽ അംഗങ്ങളായി പലപ്പോഴും അവിടെ പോയിട്ടുണ്ട്. നമുക്ക് ഈ സഭയോട് ബഹുമാനം തോന്നുകയാണ്. കാരണം ഇവിടെ ഓരോ വിഷയത്തെയും സംബന്ധിച്ച അഞ്ചു മിനിട്ട് പ്രസംഗിക്കേണ്ടതാണെങ്കിൽപ്പോലും അതിനെ മനസ്സിലാക്കുവാൻ, ഇന്നലെ ശ്മശാനത്തെക്കുറിച്ചുള്ള ചർച്ച നടന്നപ്പോൾ ആധുനിക ശ്മശാനങ്ങൾ എവിടെയൊക്കെയുണ്ടെന്നും അതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചും അന്വേഷിച്ച് മനസ്സിലാക്കി ഈ സഭയിൽ വിശദീകരി

ക്കാൻ ഒരു സാമാജികൻ കാണിക്കുന്ന താല്പര്യത്തോട് എനിക്ക് ബഹുമാന മാണുള്ളത്. അല്ലാതെ പുറത്ത് ആം ആദ്മിക്കാരൻ പറയുന്നതുപോലെ രാജ്യത്തെ രാഷ്ട്രീയക്കാരെല്ലാം വിവരദോഷികളാണ്, ഐ.ഐ.ടി.യിൽ പഠിച്ചവരും ഐ.എ.എസ്. ഉള്ളവരും മാത്രമാണ് രാഷ്ട്രീയത്തിൽ യോഗ്യൻമാരെന്ന പുതിയ കാഴ്ചപ്പാടിനോട് എനിക്ക് വിയോജിപ്പാണുള്ളത്. വൈഢൂര്യസമാനമായ വ്യക്തിത്വങ്ങളെ ജനാധിപത്യത്തിന്റെ ഈ ശ്രീകോവി ലിൽ കഴിഞ്ഞ ഏഴു വർഷമായി കാണാൻ കഴിഞ്ഞ ഒരു എളിയ പൊതു പ്രവർത്തകൻ എന്ന നിലയിൽ എനിക്ക് അത് പറയാൻ കഴിയും. സിലബസിനെ സംബന്ധിച്ചും കരിക്കുലത്തെ സംബന്ധിച്ചും ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റങ്ങൾക്കനുസരിച്ച് സർവ്വശാലകൾക്ക് ഘട നാപരമായുണ്ടാകേണ്ട മാറ്റങ്ങളെ സംബന്ധിച്ചും നമ്മുടെ സർവ്വകലാശാല കൾക്കകത്ത് ഗൗരവമാർന്ന ചർച്ചകളുണ്ടാകുന്നുണ്ടോ എന്നുള്ളത് സംശയ മാണ്. ഡോ. ഇക്ബാൽസാർ തന്നെ വളരെ വേദനയോടുകൂടി പറഞ്ഞത് ഈ വിശുദ്ധപശുക്കളെക്കുറിച്ച് ഒരു പുനർവിചിന്തനം നടത്തേണ്ട സമയം അതി ക്രമിച്ചിരിക്കുന്നു എന്നാണ്. പണ്ട് കേരള സർവ്വകലാശാല രൂപീകരിക്കു മ്പോൾ അവിടെ അഫിലിയേറ്റ് ചെയ്ത കോളേജുകളുടെ എണ്ണവും ഇപ്പോ ഴുള്ള കോളേജുകളുടെ എണ്ണവും തമ്മിൽ പരിശോധിച്ചാൽ ഈ സർവ്വകലാ ശാലയ്ക്ക് പരീക്ഷാ നടത്തിപ്പും സർട്ടിഫിക്കറ്റ് കൊടുക്കലുമല്ലാതെ വേറെ ന്താണ് ചെയ്യാൻ കഴിയുക; എന്റെ സ്നേഹിതൻമാർ ആധികാരികമായി എന്നെ തിരുത്തിക്കോട്ടെ, പരിശോധിച്ചു പറയട്ടെ, കേരള സർവ്വകാലാശാല തുടങ്ങിയതിനുശേഷം ഇന്നുവരെ എത്ര പേറ്റന്റുകൾ കിട്ടിയിട്ടുണ്ട്? ഡോ. ടി. എം. തോമസ് ഐസക് ഇവിടെയുണ്ടല്ലോ, വിദ്യാഭ്യാസത്തിലും സാമ്പത്തിക ത്തിലും വൈദഗ്ദ്ധ്യമുള്ള ഒരു പൊതുപ്രവർത്തകനും രാഷ്ട്രീയനേതാവുമാ

ണല്ലോ അദ്ദേഹം. നമ്മുടെ സർവ്വകലാശാലകളുടെ റിസർച്ച് & ഡെവലപ്മെന്റ് ഏത് രൂപത്തിലാണ് പ്രവർത്തിക്കുന്നതെന്ന് നിങ്ങൾ പരിശോധിക്കൂ. ഇവിടെ മാധ്യമ സുഹൃത്തുക്കളുണ്ടല്ലോ, അവർ പുറത്തുകൊണ്ടുവന്ന എത്രയോ കഥ കളുണ്ട്. ഗവേഷണ പ്രബന്ധങ്ങൾ തയ്യാറാക്കുന്നത് സംബന്ധിച്ചും ഡോക്ട റേറ്റുകൾ ഉണ്ടാക്കുന്നതിനെ സംബന്ധിച്ചും അവിടെ നടക്കുന്ന ഹീനമായ പ്രവർത്തനങ്ങളെക്കുറിച്ചും മാധ്യമങ്ങൾ പുറത്തുകൊണ്ടു വന്ന വാർത്തകൾ നമ്മുടെ മുമ്പിലുണ്ട്. കേരള സർവ്വകലാശാലയ്ക്ക് എത്ര പേറ്റന്റുണ്ട്; ലോക നിലവാരത്തിലുള്ള എത്ര സർവ്വകലാശാലകൾ നമുക്ക് ഈ കാലഘട്ടത്തിനിട യിൽ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞു.. ഡോ. തോമസ് ഐസക്കിന്റെ ഡോക്ടറേറ്റ് നല്ല ഡോക്ടറേറ്റ് തന്നെയാണ്. എനിക്ക് ബഹുമാനമുള്ള ആളാണ്. ഇങ്ങനെയുള്ള ആളുകളെ നമ്മൾ ബഹുമാനിക്കണം. നമ്മളങ്ങോട്ടു മിങ്ങോട്ടും നിന്ന് നിങ്ങൾ വൃത്തികെട്ടവനാണ്, നിങ്ങൾ അതിനേക്കാൾ വൃത്തികെട്ടവനാണ്, മോശപ്പെട്ടവനാണ് എന്നു പറഞ്ഞ് ഈ പൊതു രാഷ്ട്രീയ മണ്ഡലത്തിന്റെ വിലയെ പരസ്പരം ഇല്ലാതാക്കരുത്. ഈ നിയമ സഭയിൽ ഏഴു വർഷമായി ഞാൻ കാണുന്നതാണ്, അപ്പുറത്തും ഇപ്പുറത്തും പണ്ഡിതരായ, കമ്മിറ്റഡായിട്ടുള്ള, സമൂഹത്തോട് പ്രതിബദ്ധതയുള്ള പൊതു പ്രവർത്തകരായ രാഷ്ട്രീയക്കാരായ എത്രയോ സാമാജികൻമാരെ കാണാൻ കഴിയും. എനിക്ക് നരേന്ദ്ര മോഡിയോട് വിയോജിപ്പുണ്ട്. പക്ഷേ, ആം ആദ്മി ക്കാർ പറയുന്നത് പരീഖറിനെ പ്രധാനമന്ത്രിയാക്കണമെന്നാണ്. എന്താണ് പരീഖറിന്റെ പ്രത്യേകത. അദ്ദേഹം ഐ.ഐ.ടി. ബിരുദധാരിയാണ്. ഐ.ആർ. എസ്.കാരും ഐ.ഐ.ടി.ക്കാരും, ഇപ്പോൾ അവർ കണ്ടുകൊണ്ടിരിക്കുകയാ ണല്ലോ. മലയാളിനഴ്സുമാരെക്കുറിച്ച് കുമാർ ബിശ്വാസ് പറഞ്ഞത് എന്താണ്? കാലി പീലി നഴ്സുകളെ കാണുമ്പോൾ എനിക്ക് സിസ്റ്റർ എന്നു

വിളിക്കാൻ തോന്നുമെന്നാണ് പറഞ്ഞത്. എന്നാൽ ഉത്തരേന്ത്യയിലെ വെളുത്ത തുടുത്ത നഴ്സുമാരെ കാണുമ്പോൾ എനിക്കാ വികാരമുണ്ടാകുന്നില്ല എന്ന് പറഞ്ഞയാളുടെ സ്ത്രീകളോടുള്ള സങ്കല്പം, മലയാളി സഹോദരിമാരെക്കുറിച്ച് അവരുടെ കാഴ്ചപ്പാട് വ്യക്തമാവുകയാണ്. കിർക്കി ലേഔട്ടിലെ സ്ത്രീകളെ ഡൽഹിയിലെ നിയമവകുപ്പുമന്ത്രി അധിക്ഷേപിച്ചു. അവർ പോലീസിന് പരാതി കൊടുത്തിട്ടുണ്ട്. കിർക്കി ലേഔട്ടിൽ ഒരുപാട് രാജ്യക്കാർ താമസിക്കുന്നുണ്ട്. രാത്രി ഒരു മണിക്ക് കറുത്തവരെ തെരഞ്ഞുവരികയായിരുന്നു, കറുത്തവരെ തെരഞ്ഞുവന്നു, എന്നിട്ട് അവരെ പിടിച്ചുകൊണ്ടുപോയി. അവരുടെ യൂറിൻ സാമ്പിളെടുക്കണമെന്നു നിയമമന്ത്രി ശ്രീ. സോമനാഥ് ഭാരതിയുടെ കൂടെ വന്നയാൾ പറഞ്ഞു. ആ സഹോദരി പറയുകയാണ്, ഓടി പോകും, അതുകൊണ്ട് യൂറിൻ സാമ്പിളെടുക്കാൻ വാഷ്റൂമിലേയ്ക്ക് പോകാൻ സമ്മതിച്ചില്ല കാറിന് പുറകിൽ മൂന്ന് ചെറുപ്പക്കാരെ കാവൽ നിർത്തി. പരസ്യമായി യൂറിൻ സാമ്പിളെടുത്തുകൊണ്ട് ആൾ ഇൻഡ്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്ക് കൊണ്ടുപോയി. കറുത്തവരോട്, വനിതകളോട് ഈ പുതിയ രാഷ്ട്രീയത്തിന്റെ വക്താക്കളുടെ സമീപനം പതിനഞ്ച് ദിവസംകൊണ്ട് രാജ്യത്തിന് വ്യക്തമായി. നമ്മുടെ നിയമസഭകൾക്കകത്തു നടക്കുന്ന ചർച്ചകൾ, അവിടെയുള്ള സാമാജികൻമാർ അവരെല്ലാം മോശപ്പെട്ടവരാണ്, കുഴപ്പക്കാരാണ്, യോഗ്യതയില്ലാത്തവരാണ് എന്ന് വലിയ പ്രചാരണത്തോടൊപ്പം അറിഞ്ഞോ അറിയാതെയോ പോകരുതെന്ന് സാന്ദർഭികമായി സൂചിപ്പിക്കാൻ വേണ്ടിയാണ് അതിലേയ്ക്ക് കടന്നുപോയത്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : സർ, ഇപ്പോഴത്തെ കോൺഗ്രസ്സാണ് ആം ആദ്മി എന്ന് ശ്രീ. വി. റ്റി. ബൽറാമിന് അഭിപ്രായമുണ്ട്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. വി. റ്റി. ബൽറാം : സർ, ഞാൻ തന്നെ അതിനെക്കുറിച്ച് ഒരു എക്സ്പ്ലെനേഷൻ പറയണമെന്ന് കരുതിയതാണ്. കോൺഗ്രസ്സിന്റെ ആശയങ്ങൾക്ക് ഇൻഡ്യയിലെ ജനങ്ങളുടെയിടയിൽ മനസ്സിൽ പ്രത്യേകമായ സ്ഥാനമുണ്ട്. അതുകൊണ്ടുതന്നെ കോൺഗ്രസ്സിന്റെ ആശയങ്ങളെ കടമെടുക്കാനും കോപ്പിയടിക്കാനും കോൺഗ്രസ്സാണ് ഞങ്ങളെന്ന് സ്ഥാപിച്ചെടുക്കാനും ചില ആളുകൾ കപടവേഷധാരികളായി കടന്നുവരുന്നുണ്ട് എന്നാണ് ഞാൻ സൂചിപ്പിച്ചത് അതുകൊണ്ടാണ് മഹാത്മാഗാന്ധി തൊപ്പിയും അതുപോലെ ഗാന്ധിയൻ ലാളിത്യങ്ങളും അതുപോലെ കോൺഗ്രസ്സ് എല്ലാ കാലത്തും ഉയർത്തികാട്ടിയ ആശയങ്ങൾ അതിനെക്കാൾ നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകും എന്നു പറയുന്ന കപട നാട്യവുമായി ചില ആളുകൾ കടന്നുവരുന്നുണ്ട്. പ്രത്യേകിച്ചു ചെറുപ്പക്കാർ അവരെ സൂക്ഷിക്കണമെന്നാണ് ഞാൻ അതുകൊണ്ട് ഉദ്ദേശിച്ചതെന്ന കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, അദ്ദേഹം കൃത്യമായി ഈ വിഷയത്തെക്കുറിച്ച് പറഞ്ഞതുകൊണ്ട് ഞാൻ എക്സ്പ്ലെയിൻ ചെയ്യുന്നില്ല. നമ്മുടെ സർവ്വകലാശാലകളുടെ ആർ.& ഡി. (റിസർച്ച് ആന്റ് ഡെവലപ്മെന്റ്) വളരെ പുവറാണ്. അതുകൊണ്ട് നമ്മുടെ സർവ്വകലാശാലകൾക്ക് അതിനുള്ള സമയം കൊടുക്കണം. നമ്മുടെ സർവ്വകലാശാലകളുടെ ജോലി പരീക്ഷ നടത്തിപ്പും സർട്ടിഫിക്കറ്റ് കൊടുക്കലും മാത്രമല്ല. നമ്മുടെ സർവ്വകലാശാലകളിൽ സമൂഹത്തിനു വേണ്ടിയിട്ട്, ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. ആർ. രാജേഷും ശ്രീ. ഇ. കെ. വിജയനും സൂചിപ്പിച്ചതുപോലെ നമ്മുടെ സർവ്വകലാശാലകൾക്ക് ഈ സമൂഹത്തോട് പ്രതിബദ്ധത ഉണ്ടാകണം. ഈ സമൂഹത്തിന്റെ പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾക്ക് ആ സർവ്വകലാശാലകളിൽ നിന്നും പുറത്തേക്ക് വരണം. അതുണ്ടാകുന്നുണ്ടോ എന്നാണ് ഞാൻ ചോദി

ക്കുന്നത്? അതിനുവേണ്ടിയിട്ടാണ് ഇവിടെ സൂചിപ്പിച്ചതുപോലെ നാഷണൽ നോളെഡ്ജ് കമ്മീഷൻ കോളേജുകളുടെ റീ-സ്ട്രക്ച്ചറിനെക്കുറിച്ച് പറഞ്ഞി ട്ടുള്ളത്. The most obvious solution is to provide autonomy to colleges either as individual colleges or as cluster of colleges തിരുവനന്തപുരത്തെ കോളേജ് ഓഫ് എഞ്ചിനീയറിംഗിന് സി.ഇ. കിട്ടി, എക്വുപ്മെന്റിന്റെ സഹായം കിട്ടി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് കിട്ടിയത്. ആ എക്വു പ്മെന്റിന്റെ സഹായത്തിന്റെ രണ്ടാം ഘട്ടം കിട്ടണം. രണ്ടാം ഘട്ടം കിട്ടിയില്ല. സി.ഇ. കിട്ടി ആട്ടോണമസാണെങ്കിൽ എക്വുപ്മെന്റിന്റെ രണ്ടാംഘട്ടം കിട്ടും. സി.ഇ. കിട്ടിയപ്പോൾ ഒരു കാമ്പസ് ആട്ടോണമസ് കോളേജ് ആകേണ്ട സമയം എന്നേകഴിഞ്ഞു. ഇപ്പോൾ 30 കോളേജിന് അപേക്ഷിച്ചിട്ടുണ്ട്. രാവിലെ ശ്രീ.റ്റി. വി. രാജേഷിന്റെ ശ്രദ്ധക്ഷണിക്കലിന് വളരെ കൃത്യമായി ബഹുമാന പ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി നൽകിയിട്ടുണ്ട്. എല്ലാവർക്കും ആട്ടോണമസ് പദവി കൊടുക്കാൻ കഴിഞ്ഞിട്ടില്ല. കാരണം ആട്ടോണമസ് പദവി നൽകുന്നതിനുവേണ്ടി ഒരു കമ്മിറ്റി ഉണ്ടാക്കി, അതിന്റെ അടി സ്ഥാനത്തിൽ കമ്മിറ്റിക്ക് ഉൾക്കൊള്ളുന്ന മാനദണ്ഡങ്ങൾക്കകത്ത് വരുന്ന കോളേജുകൾക്കുമാത്രമേ ആട്ടോണമസ് പദവി കൊടുക്കാൻ കഴിഞ്ഞിട്ടുള്ളൂ. സി.ഇ.റ്റി.-യെ പോലുള്ള കോളേജുകൾ.......... മഹാരാജാസ് കോളേജിന് കൂടു തൽ സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അക്കാദമിക് ആട്ടോണമി കൊടുക്കേ ണ്ടിവരും. നിങ്ങൾ പേടിക്കുന്നതുപോലെ ഒന്നും ചെയ്യേണ്ട കാര്യമില്ല. 441 കോളേജുകൾക്ക് ഇൻഡ്യയിലെ 19 സംസ്ഥാനങ്ങളിലായി 79 സർവ്വകലാശാ ലകൾക്ക് ആട്ടോണമസ് പദവി കൊടുത്തിട്ടുണ്ട്. ഇൻഡ്യയിൽ എല്ലായി ടത്തും ഉണ്ടാകുന്ന ഒരു മാറ്റത്തിനൊപ്പം നമ്മൾ നിൽക്കേണ്ടതാണ്.

നവോദയ സ്കൂളുകൾ വന്നപ്പോൾ നിങ്ങൾ എതിർത്തവരാണ്. കമ്പ്യൂട്ടർ വിദ്യാഭ്യാസത്തെയും കമ്പ്യൂട്ടറിനേയും നിങ്ങൾ എതിർത്തവരാണ്. വിദ്യാഭ്യാസത്തിന് സ്വകാര്യവത്ക്കരണം ആഗോളവത്ക്കരണത്തിന്റെ അജണ്ടയാണെന്ന് പറഞ്ഞുകൊണ്ട് പരിയാരം കോളേജിനെ നിങ്ങൾ എതിർത്തവരാണ്. ഇന്ന് പരിയാരം കോളേജിലെ ചെയർമാനായി ശ്രീ. എം. വി. ജയരാജൻ ഇരിക്കുകയാണ്. ഒരു ഡി.വൈ.എഫ്.ഐ. സ്നേഹിതൻ 50 ലക്ഷം രൂപ കൊടുത്ത് പരിയാരം മെഡിക്കൽകോളേജിൽ മകൾക്ക് അഡ്മിഷൻ വാങ്ങി. എന്നിട്ടും നിങ്ങൾ പറയുന്നത് ഞങ്ങൾ സ്വകാര്യത്തിന്റെ ആളുകളാണെന്നാണ്. ഈ സംസ്ഥാനത്ത് കോന്നിയിലും പാലക്കാടും കാസർഗോടും ഇടുക്കിയിലും പത്തനംത്തിട്ടയിലും വയനാടും മഞ്ചേരിയിലുമെല്ലാം സർക്കാർ മേഖലയിൽ മെഡിക്കൽ കോളേജുകൾ കൊണ്ടുവന്ന ഞങ്ങളാണോ സ്വകാര്യമേഖലയുടെ ആളുകൾ? അതോ സർക്കാർ മേഖലയിൽ ഒറ്റ മെഡിക്കൽ കോളേജുപോലും അഞ്ചു വർഷക്കാലം ഉണ്ടായിട്ട് കൊടുക്കാതിരുന്ന നിങ്ങളാണോ സ്വകാര്യത്തിന്റെ ആളുകൾ? തൃത്താലയിൽ സർക്കാർ കോളേജ് വന്നു. ആരാണ് സർക്കാർ മേഖലയെ പ്രോത്സാഹിപ്പിക്കുന്നത്? കൊണ്ടോട്ടിയിലും തലശ്ശേരിയിലും മങ്ങാർക്കാട്ടും സർക്കാർ കോളേജുകൾ വന്നു. ഞങ്ങളാണോ സ്വകാര്യ മേഖലയുടെ ആളുകൾ? നിങ്ങൾ വാ തുറന്നു കഴിഞ്ഞാൽ ആഗോളവത്ക്കരണത്തെക്കുറിച്ചും ഉദാരവത്ക്കരണത്തെക്കുറിച്ചും സർക്കാർ എല്ലാ മേഖലകളിൽനിന്നും പിൻമാറുന്നു എന്നുമൊക്കെയാണ് സംസാരിക്കുന്നത്.

ശ്രീ. പാലോട് രവി : സർ, ഈ 21–ാം നൂറ്റാണ്ടിലെ ഇന്റർനാഷണൽവൈസായി ന്യൂ ഫോം ഓഫ് എഡ്യൂക്കേഷനെക്കുറിച്ച് പറയുന്നത്, ഒന്ന്

ഇൻഫ്രാസ്ട്രക്ച്ചർ, രണ്ട് ടെക്നോളജി, മൂന്ന് ഫാക്കൾട്ടി ട്രെയിനിംഗ്, നാല് ആർ.&ഡി., അഞ്ച് ആട്ടോണമി, ആറ് ഇന്റർനാഷണലൈസേഷൻ. ലോക വ്യാപകമായി അംഗീകരിക്കുന്നതാണ് ഈ ആറു കാര്യങ്ങൾ. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ആ നിലവാരത്തിലേക്ക് സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളം ഇനിയെങ്കിലും മുന്നോട്ട് പോകണ്ടേ?

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, കേരളം ഒരുപാട് മുന്നോട്ട് പോയിട്ടുണ്ട്.. അത് ഈ ഗവൺമെന്റ് മാത്രം മുന്നോട്ടു കൊണ്ടുപോയതാണെന്ന് പറയുന്ന അഭിപ്രായത്തോട് എനിക്ക് യോജിപ്പില്ല. കഴിഞ്ഞ ഗവൺമെന്റും അക്കാര്യത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്. കേരളം വളരെ മുന്നിലാണ്. കേരളം ഇൻഡ്യയിലെ മെച്ചപ്പെട്ട ഒരു സംസ്ഥാനമാണ്. എല്ലാ പാർട്ടികളും............ ഡോ. അമർത്യാസെൻ ഡിസംബർ 18-ന് ഹിന്ദുവിൽ എഴുതിയ ലേഖനത്തിൽ ഗുജറാത്തിലേയ്ക്കല്ല നിങ്ങൾ പോകേണ്ടത്, നിങ്ങൾ കേരളത്തിലേക്ക് പോകൂ, കേരളത്തെ പഠിക്കൂ, കേരളത്തെ മനസ്സിലാക്കൂ എന്നാണ് അതിൽ പറഞ്ഞിട്ടുള്ളത് ശ്രീ. പാലോട് രവി ഇവിടെ സൂചിപ്പിച്ചതുപോലെ ലോകത്തുണ്ടാകുന്ന ന്യൂ ഫോം ഓഫ് എഡ്യൂക്കേഷന് വരുത്തേണ്ട മാറ്റങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ഒരു സ്ഥലം കേരളമാണ്. ഇനിയും തമ്മിലടിച്ച് തമ്മിൽത്തല്ലി യു.ഡി.എഫ്. ഗവൺമെന്റ് ഒരു കാര്യം കൊണ്ടുവരികയാണെങ്കിൽ ഇപ്പോൾ എതിർക്കുക നമ്മൾ വരുമ്പോൾ നടപ്പിലാക്കാമെന്നുള്ള രീതിയാണ് നിങ്ങൾക്കുള്ളത്. പ്രീഡിഗ്രി ബോർഡും സ്വാശ്രയ കോളേജും കമ്പ്യൂട്ടറും നവോദയ വിദ്യാഭ്യാസവും പോലെ, ഒരു സംശയവും വേണ്ട നിങ്ങൾ ആട്ടോണമസ് കോളേജുകൾ കൂടുതൽ തുടങ്ങും എന്ന കാര്യം.............നിങ്ങൾ പി.പി.പി. അംഗീകരിച്ചവരല്ലേ? ഇതു

പോലുള്ള എല്ലാ കാര്യങ്ങളും ചെയ്യാൻ നിങ്ങൾ തയ്യാറാകും. അപ്പോഴേക്ക് നഷ്ടപ്പെടുന്ന വർഷങ്ങളും നഷ്ടപ്പെടുന്ന സമയവും ലോകത്തിനു മുന്നിൽ നമ്മൾ പിന്നോട്ട് അടിച്ചതിന് സമാധാനമുണ്ടാകുമോ?

ഡോ. കെ. ടി. ജലീൽ : സർ, ഗവൺമെന്റ് കോളേജുകൾ നമ്മുടെ സംസ്ഥാനത്ത് കൊണ്ടവന്നത് നല്ല കാര്യംതന്നെയാണ്. എന്തിനും ഒരു പരിധി വേണ്ടേ? നമ്മുടെ നാട്ടിൽ ഇപ്പോൾ സെൽഫ് ഫിനാൻസിംഗ് കോളേജുകൾ വളരെ കൂടുതലായി വരികയാണ്. നിലവിലുള്ള സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജുകളിൽ ആയിരക്കണക്കിന് സീറ്റുകളാണ് വേക്കന്റായി കിടക്കുന്നത്. ഈ ഒരു സാഹചര്യത്തിൽ അധികമായാൽ അമൃതും വിഷമാണ്. എല്ലാറ്റിനും ഒരു പരിധി വേണം. കോൺഗ്രസ്സിന്റെ തന്നെ ദേശീയമായിട്ടുള്ള നയം യഥേഷ്ടം സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ കൊണ്ടുവരിക എന്നുള്ളതല്ല. പ്രത്യേകിച്ച് സ്കൂളുകൾക്ക് വളരെ അത്യാവശ്യത്തിന് കൊടുക്കേണ്ട സ്ഥലങ്ങളിൽ കൊടുക്കണം. അഞ്ഞൂറിലധികം സി.ബി.എസ്.ഇ. സ്കൂളുകൾക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംഗീകാരം കൊടുത്തത്. ആയിരത്തിലധികം സി.ബി.എസ്.ഇ. സ്കൂളുകൾക്ക് ഇനി അംഗീകാരം കൊടുക്കാൻ വേണ്ടി പോകുന്നു. ഈ സ്വാശ്രയ മേഖലയിൽ ഇത്രയധികം സ്ഥാപനങ്ങൾ വന്നാൽ അതുകൊണ്ടുള്ള ബുദ്ധിമുട്ട് ഉണ്ടാകുന്നത് ഉന്നത വിദ്യാഭ്യാസമേഖലയിലല്ല, സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ പൊതു വിദ്യാലയങ്ങളിലാണ്. ആ പൊതു വിദ്യാലയങ്ങൾ തകർക്കപ്പെടുന്ന ഒരുസ്ഥിതി ഉണ്ടാകും എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാത്രമല്ല ഗവൺമെന്റ് കോളേജുകളും മെഡിക്കൽ കോളേജുകളുമെല്ലാം തുടങ്ങിയെങ്കിലും യാതൊരു തുടർ നടപടിയും ഉണ്ടായിട്ടില്ല. ആവശ്യത്തിന് ഡോക്ടർമാരില്ലാത്തതുകൊണ്ട് മഞ്ചേരി

മെഡിക്കൽ കോളേജിൽ എം.എൽ.എ. ശ്രീ. എം. ഉമ്മർ സാഹിബ്ബിനുതന്നെ സത്യാഗ്രഹം നടത്തേണ്ടിവന്നു. ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തിട്ടില്ല, അവിടെ ജോലി ചെയ്തിരുന്ന ആളുകൾക്ക് ഇതുവരെ ശമ്പളം കൊടുത്തിട്ടില്ല എന്നുള്ള ആക്ഷേപവും ഉയർന്നുവന്നിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഏതൊരു പരിഷ്കാരവും പെട്ടെന്ന് നടപ്പിലാക്കാൻ കഴിയില്ല.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ മഞ്ചേരിയിൽ നടത്തിയ സത്യാഗ്രഹത്തെക്കുറിച്ച് അദ്ദേഹം പരാമർശിച്ചതുകൊണ്ട് പറയാം. ചില ഡിമാന്റുകൾ മാത്രം ഉന്നയിച്ചുകൊണ്ട് മഞ്ചേരിയിൽ ഡോക്ടർമാർ സമരം നടത്തിയിരുന്നു. ആ ഡിമാന്റുകളിൽ ഒന്ന്, മലപ്പുറം ജില്ലയിൽ ഗുണമേന്മയുള്ള മരുന്ന് കൊടുക്കുക, (ബാക്കിയുള്ള സ്ഥലങ്ങളിലൊന്നും പ്രശ്നമില്ല). മലപ്പുറത്ത് കാഷ്വാലിറ്റി ഡോക്ടറെ നിയമിക്കുക തുടങ്ങിയ ബാലിശമായ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് ഡോക്ടർമാർ ഒ.പി. ബഹിഷ്കരിച്ച് സമരം നടത്തിയപ്പോൾ, ഡോക്ടർമാരുടെ അനാവശ്യ സമരത്തിനെതിരായി ഞാനും ഒരു സമരം നടത്തി. ഞാൻ സമരം നടത്തിയതിന്റെ അന്നുതന്നെ ഡോക്ടർമാർ സമരം അവസാനിപ്പിക്കുകയും ചെയ്തു. ശ്രീ. പി. സി. വിഷ്ണുനാഥ് ഗവൺമെന്റ് കോളേജുകൾ തുടങ്ങിയതിനെക്കുറിച്ച് കുറെ കാര്യങ്ങൾ പറയുകയുണ്ടായി. ബഹുമാനപ്പെട്ട കെ. ടി. ജലീലിന്റെ മണ്ഡലത്തിലും ഒരു ഗവൺമെന്റ് കോളേജ് അനുവദിച്ചിട്ടുണ്ട്. താനൂർ, കൊണ്ടോട്ടി തുടങ്ങിയ ബാക്കിയെല്ലാ സ്ഥലങ്ങളിലും കോളേജ് ആരംഭിച്ചു. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ കോളേജുകൾ അധികമായതുകൊണ്ടാണോ എന്നറിയില്ല, ആ മണ്ഡലത്തിലെ

കോളേജുമാത്രം ഇതുവരെ തുടങ്ങിയിട്ടില്ല എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. റ്റി. ബൽറാം: സർ, ഗവൺമെന്റ് കോളേജ് തുടങ്ങുന്നത് നല്ല കാര്യമായി ഡോ. കെ. ടി. ജലീൽ സൂചിപ്പിച്ചു. പക്ഷെ താങ്കൾതന്നെ പറയുന്നു അവയുടെ എണ്ണം കൂടിപ്പോകുന്നു, അതുകൊണ്ട് ഒരു നിയന്ത്രണം വേണമെന്നാണോ പറയുന്നത്; താങ്കളുടെ നിയോജക മണ്ഡല മായ തവനൂരിലേതടക്കം ഇനി തുടങ്ങാനിരിക്കുന്ന കോളേജുകൾ വേണ്ടാ എന്നാണോ താങ്കളുടെ അഭിപ്രായം?

ഡോ. കെ. ടി. ജലീൽ: ഗവൺമെന്റ് കോളേജുകൾ ആരംഭിക്കണ്ട എന്നല്ല ഞാൻ പറഞ്ഞത്. സെൽഫ് ഫിനാൻസിംഗ് മേഖലയിൽ എന്തിനാണ് ഇത്രയധികം കോളേജുകൾ; ആവശ്യത്തിനും അനാവശ്യത്തിനും വേണ്ടി ടത്തും വേണ്ടാത്തിടത്തും കോളേജുകൾ അനുവദിച്ചതിനാൽ പതിനായിരക്ക ണക്കിന് സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഇത്തരം ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്ത് സൃഷ്ടിക്കുന്നതെന്തിനാണ് എന്നാണ് ഞാൻ ചോദിച്ചത്. പിന്നെ ഒരു കാര്യം, ശ്രീ. എം. ഉമ്മർ ഇവിടെ ഒരു കാര്യം പറഞ്ഞു, തവനൂരിൽ ഗവൺമെന്റ് കോളേജ് അനുവദിച്ചിട്ട് അവിടെ തുടങ്ങി യില്ല എന്ന്. അവിടെ 160 ഏക്കർ സ്ഥലം സർക്കാരിന്റെ ഉടമസ്ഥതയിൽ ഉണ്ട്. സർക്കാരുടമസ്ഥതയിലുള്ള ഒരിഞ്ച് സ്ഥലംപോലും വിട്ടുതരാൻ രണ്ട് ഡിപ്പാർട്ടുമെന്റുകൾ (അഗ്രികൾച്ചറൾ ഡിപ്പാർട്ടുമെന്റും ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റും) ഇന്നുവരെ തയ്യാറായിട്ടില്ല. പക്ഷെ അഞ്ച് പൈസപോലും സർക്കാരിന് ഭാരം വരാത്ത രീതിയിൽ അഞ്ചേക്കർ സ്ഥലം എം.എൽ.എ. എന്നുള്ള നിലയിൽ ഞാൻ ലഭ്യമാക്കിക്കൊടുക്കും. മലപ്പുറത്തൊക്കെ കോളേ

ജുകൾ തുടങ്ങിയ കാര്യം പറഞ്ഞു. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണിയുടെ മണ്ഡലത്തിൽ കോളേജ് തുടങ്ങിയത് ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ, വിദ്യാഭ്യാസ വകുപ്പിന്റെ സ്ഥലം ഉപയോഗിച്ചുകൊണ്ടാണ്. കൊണ്ടോട്ടി യിലും മങ്കടയിലും ഗവൺമെന്റ് കോളേജ് തുടങ്ങിയത് അവിടത്തെ ഗ്രാമ പഞ്ചായത്തടക്കമുള്ള സ്ഥാപനങ്ങളുടെ സഹായത്തോടുകൂടിയാണ്. 160 ഏക്കർ സ്ഥലം സർക്കാരിന്റെ ഉടമസ്ഥതയിലുണ്ടായിരിക്കെ അതിൽനിന്ന് ഒരിഞ്ചുപോലും അനുവദിക്കാത്ത സാഹചര്യത്തിൽ അഞ്ചേക്കർ സ്ഥലം ഉദാരമതികളിൽനിന്ന് ലഭ്യമാക്കിയിട്ടുണ്ട്. അതിന്റെ കൈശാവകാശ സർട്ടിഫിക്കറ്റ് സർക്കാരിന് കൈമാറുന്ന ചടങ്ങുൾപ്പെടെ ഒരു ഗംഭീര പരിപാടി തന്നെ അവിടെ നടത്തും.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഡോ. കെ. ടി. ജലീൽ ചോദിച്ച ചോദ്യത്തിന് തൃപ്തികരമായ മറുപടി നൽകാൻ കഴിയുമെന്ന് ഞാൻ ആഗ്ര ഹിക്കുകയാണ്. അങ്ങ് ചോദിച്ചത് സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ഇങ്ങനെ തുടങ്ങുന്നത് ശരിയാണോ; അധികമായാൽ അമൃതും വിഷമാണ്. അങ്ങയുടെ ഉദ്ദേശ്യശുദ്ധിയെ ഞാൻ അംഗീകരിക്കുന്നു. നമുക്ക് ഇതുസംബ ന്ധിച്ച് ഒരു പരിശോധന നടത്താം. കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റും ഇതിന് മുമ്പത്തെ യു.ഡി.എഫ് ഗവൺമെന്റും അതിനുമുമ്പത്തെ എൽ.ഡി. എഫ് ഗവൺമെന്റുംകൂടി കൊടുത്ത സെൽഫ് ഫിനാൻസിംഗ് കോളേജു കളും കഴിഞ്ഞ അഞ്ചുവർഷക്കാലം നിങ്ങൾ എം.എൽ.എ. ആയിരുന്നപ്പോൾ നിങ്ങളുടെ ഗവൺമെന്റ് കൊടുത്ത അത്രയും കോളേജുകൾ കഴിഞ്ഞ അഞ്ചു വർഷക്കാലംകൊണ്ട് അതിനുമുമ്പുള്ള മൂന്ന് ഗവൺമെന്റും കൊടുത്തിട്ടില്ല. വെറുതെ പറയുന്നതല്ല. കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റും അതിന്

മുമ്പത്തെ എൽ.ഡി.എഫ് ഗവൺമെന്റും കൂടികൊടുത്ത കോളേജുകളുടെ എണ്ണവും കഴിഞ്ഞ അഞ്ചുവർഷക്കാലംകൊണ്ട് നിങ്ങളുടെ ഗവൺമെന്റ് കൊടുത്ത സെൽഫ് ഫിനാൻസിംഗ് കോളേജുകളെ സംബന്ധിച്ചുമുള്ള കണക്ക്, നിയമസഭാ സമ്മേളനം 12–ാം തീയതി വരെയുണ്ടല്ലോ, ഏതെങ്കിലും പ്രസംഗത്തനിടയിൽ സമയം ലഭിക്കുകയാണെങ്കിൽ ആ നമ്പർ ഞാൻ പറയാം. അപ്പോൾ നമ്മളൊരു വിമർശനം ഉന്നയിക്കുമ്പോൾ, അങ്ങയെ ഞാൻ കുറ്റപ്പെടുത്തുന്നില്ല, നിങ്ങൾക്ക് ഒരു നയമുണ്ടെങ്കിൽ, നിങ്ങളുടെ നയത്തിന്റെ ഭാഗമായിട്ടാണ് ചോദ്യം ചോദിച്ചതെങ്കിൽ, സെൽഫ് ഫിനാൻസിംഗ് കോളേജുകൾക്ക് എതിരാണ് ആ നയമെങ്കിൽ പിന്നെ എങ്ങനെയാണ് അഞ്ചു വർഷക്കാലം ഇത്രയധികം സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ആരംഭിക്കാൻ കഴിഞ്ഞത്;. അങ്ങയുടെ ആശങ്ക നല്ലതല്ലാത്തതെല്ലാം പൂട്ടിപ്പോകുമെന്നാണ്. ഒരുപാട് കോളേജുകൾ വന്നു എന്നുവിചാരിച്ച് എല്ലാ കോളേജിലും കുട്ടികൾ പോകില്ല, കുട്ടികൾ അവിടത്തെ റിസൾട്ടും കോളേജിന്റെ ഇൻഫ്രാസ്ട്രക്ച്ചറും നോക്കിയതിനുശേഷമേ പോകൂ. തട്ടിക്കൂട്ട് ഏർപ്പാടിനൊന്നും ഇനി കുട്ടികളെ കിട്ടില്ല. സ്ഥാപനം പൂട്ടേണ്ടിവരുമോ അല്ലെങ്കിൽ നടത്തിക്കൊണ്ടുപോകാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച്, ശരിയായ പഠനം നടത്താതെ കാശ് മുടക്കി സ്ഥാപനം തുടങ്ങിയവൻ ആശങ്കപ്പെട്ടാൽ മതി. അതിനെക്കുറിച്ച് നമ്മൾ ആശങ്കപ്പെടേണ്ട ആവശ്യമില്ല.

ശ്രീ. കെ. എം. ഷാജി: സർ, ശ്രി. പി. സി. വിഷ്ണുനാഥ് വളരെ നന്നായിത്തന്നെ ഈ വിഷയം പറഞ്ഞുകൊണ്ടിരിക്കുകയാണ്. കോളേജുകൾക്ക് ആട്ടോണമസ് പദവി കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഒരു സംശയമുള്ളത്, ഏത് സമുദായ മാനേജുമെന്റുകൾക്ക് എയിഡഡ് സ്ഥാപനങ്ങൾ കൊടു

ത്താലും അതത് കമ്മ്യൂണിറ്റികളുടെ പുരോഗതിക്കുവേണ്ടി എയിഡഡ് മാനേജുമെന്റുകളെ ഡിപ്പെന്റ് ചെയ്യുന്ന തരത്തിലാണ്. അതിൽ ഇൻവെസ്റ്റ് നടത്താനോ അല്ലെങ്കിൽ ഗവൺമെന്റിന് കൂടുതൽ സപ്പോർട്ടിംഗ് ലഭിക്കുന്നതിനോ വേണ്ടിയാണ് ഗവൺമെന്റ് ഇത്തരം ഏജൻസികളെ കൊണ്ടുവന്നത്. പക്ഷെ പക്കാകച്ചവടം നടത്തുന്ന ഒരുപാട് എയിഡഡ് മാനേജുമെന്റുകളുണ്ട്. ഒരു സമുദായ താൽപര്യവുമില്ലാതെ പണം മാത്രം ലക്ഷ്യമിട്ടുനടത്തുന്ന നിരവധി സ്ഥാപനങ്ങൾ, അത് മുസ്ലീം കമ്മ്യൂണിറ്റിക്കകത്തും പേരെടുത്ത് പറയാൻ കഴിയുന്ന നിരവധി സ്ഥാപനങ്ങളുണ്ട്. പലപ്പോഴും നമ്മൾ പറഞ്ഞിട്ടുണ്ട്. ഇവിടെ പറയുന്നില്ല. അത്തരം കച്ചവടം നടത്തുന്ന സ്ഥാപനങ്ങളെക്കുറിച്ച് പരിശോധന നടത്താതെ ഒരു തരത്തിലുള്ള ഫേവറും ഗവൺമെന്റ് ഇവർക്ക് ചെയ്തുകൊടുക്കാൻ പാടില്ല എന്നതിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായം എന്താണ്?

ശ്രീ. പാലോട് രവി: സർ, ശ്രീ. പി.സി. വിഷ്ണുനാഥ് സംസാരിച്ച് നിർത്തിയത് ഗവേഷണത്തെക്കുറിച്ചാണ്. അത് വളരെ കുറവാണ്. സഖാവ് സി. അച്ച്യുത മേനോന്റെ കാലത്ത് ഇവിടെ കുറെ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങി. അങ്ങനെയുള്ള ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടുകളെ ഒരു കുടക്കീഴിൽകൊണ്ടുവന്ന് ഒരു റിസർച്ച് യൂണിവേഴ്സിറ്റി ആരംഭിക്കണം. 21–ാം നൂറ്റാണ്ടിൽ കേരളത്തിനാവശ്യം ഒരു ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടാണ്. അതിനെക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായം എന്താണ്;

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സമയം അതിക്രമിച്ചതുകൊണ്ട് ഞാൻ ചുരുക്കുകയാണ്, ശ്രീ. കെ. എം. ഷാജി ഇവിടെ സൂചിപ്പിച്ച കാര്യം വളരെ പ്രസക്തമാണ്. ചില എഞ്ചിനീയറിംഗ് കോളേജുകളിൽ മാനേജുമെന്റ്

ക്വാട്ടയിൽ ഒരു എഞ്ചിനീയറിംഗ് കോഴ്സിന് വാങ്ങുന്നതിനേക്കാൾ ക്യാപിറ്റേഷൻ ഫീസ് ബി.കോം. കോഴ്സിന് വാങ്ങുന്ന എയിഡഡ് കോളേജ് തിരുവനന്തപുരം നഗരത്തിലുണ്ട്. ഒരു സാമൂഹ്യപ്രതിബദ്ധതയും അക്കാര്യത്തിൽ അവർ കാണിക്കാറില്ല. NAC -പോലെ ഹയർ എഡ്യൂക്കേഷൻ കൗൺസിൽ SAC കൊണ്ടുവരികയാണ്. SAC വരുമ്പോൾ തീർച്ചയായും അതിനനുസരിച്ചുള്ള പരിശോധനയും കാര്യങ്ങളുമുണ്ടാകും. ഇതുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ശ്രീ. പാലോട് രവി പറഞ്ഞ ആശയം തീർച്ചയായും വളരെ നല്ലതാണ്. രാജീവ് ഗാന്ധി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഉൾപ്പെടെ ഇവിടെ കുറെ റിസർച്ച് സ്ഥാപനങ്ങളുണ്ട്. അതിനെക്കുറിച്ച് പറയാൻ ഞാൻ ആളല്ല., ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ അത്തരമൊരു പ്രൊപ്പോസൽ ഗവൺമെന്റ് അംഗീകരിക്കാൻ പോകുകയാണെന്നും കേരളത്തിൽ റിസർച്ച് സ്ഥാപനങ്ങളെയെല്ലാം –കൂട്ടിച്ചേർത്ത് ഒരു റിസർച്ച് യൂണിവേഴ്സിറ്റി വരാൻ പോകുന്നുവെന്നുമാണ് പ്രാഥമികമായി ഞാൻ മനസ്സിലാക്കിയത്. അത് നമ്മുടെയെല്ലാം ഒരു ആഗ്രഹമാണ്. ഞാൻ സാമാജികരുടെ വിലപ്പെട്ട സമയം എടുക്കുന്നില്ല. ഈ അർത്ഥത്തിൽ.............

ഡോ. കെ. ടി. ജലീൽ: സർ, ബഹുമാനപ്പെട്ട അംഗം കെ. എം. ഷാജി ഇവിടെ പറഞ്ഞ അഭിപ്രായം വളരെ പ്രസക്തമാണ്. കാരണം നമ്മുടെ നാട്ടിലെ എയിഡഡ് കോളേജുകൾ തനി കച്ചവടമായി മാറിയിരിക്കുകയാണ്. യഥാർത്ഥത്തിൽ സർക്കാരിന്റെ ചെലവിലാണ് കച്ചവടം നടത്തുന്നത്. ഇപ്പോൾ ആട്ടോണമസ് പദവി കൊടുക്കുന്നു എന്നുപറഞ്ഞു, രണ്ട് ഗവൺമെന്റ് കോളേജുകളാണ് അതിലുള്ളത്. ആദ്യത്തെ ഘട്ടമെന്നുള്ള നിലയിൽ മൂന്ന് മേഖലയിൽ നിന്ന് (തിരുവിതാംകൂർ, കൊച്ചി, മലബാർ) മൂന്ന്

ഗവൺമെന്റ് കോളേജുകളെ ആട്ടോണമസ് പദവി നൽകുന്നതിന് തെരഞ്ഞെടുക്കുകയും രണ്ടാംഘട്ടമെന്നുള്ള നിലയിൽ ഈ മൂന്ന് മേഖലകളിൽനിന്നും ഏറ്റവും പ്രശസ്തമായിട്ടുള്ള എയ്ഡഡ് കോളേജുകൾ ഓരോന്നുവീതം തെരഞ്ഞെടുക്കുകയും അങ്ങനെ പടിപടിയായി ഈയൊരു സമ്പ്രദായം നടപ്പിലാക്കുകയുമല്ലേ സത്യത്തിൽ വിദ്യാഭ്യാസത്തിന്റെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്ഥാപനങ്ങളുടെ ക്രെഡിബിലിറ്റി നിലനിർത്തുന്നതിനും നല്ലത്. അങ്ങ് അതിനോട് യോജിക്കുമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇക്കാര്യം സൂചിപ്പിച്ചത്.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ നിരാകരണ പ്രമേയത്തെ പിന്താങ്ങി സംസാരിച്ചപ്പോൾ കേരളത്തിൽ ഇത് വേണമോ എന്നു ചോദിച്ചു. ശ്രീ.പാലോട് രവി ഇവിടെ ആർ & ഡി.-യെക്കുറിച്ച് സൂചിപ്പിച്ചു. യഥാർത്ഥത്തിൽ ഇന്ത്യക്കു കീഴെ പാകിസ്ഥാൻ മാത്രമേയുള്ളൂ. അതേപോലെ Gross Enrolment Ratio in Higher Education-ൽ നമുക്ക് താഴെ പാകിസ്ഥാനും കെനിയയുമേ ഉള്ളൂ. ആ നിലയിലേയ്ക്ക് നമ്മൾ പോകരുത് എന്നതിന്റെ അടിസ്ഥാനത്തിലാണ് ഞാനത് സൂചിപ്പച്ചത്. അതിലേയ്ക്കൊന്നും നീങ്ങേണ്ടതില്ല എന്ന ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഞാനത് ചുരുക്കി പറഞ്ഞത്. യുണെസ്കോ 2007–2008–ൽ തയ്യാറാക്കിയ കണക്കിന്റെ അടിസ്ഥാനത്തിലാണ് സൂചിപ്പിക്കുന്നത്. അത്രയേറെ മുന്നോട്ടുപോയ കേരളം ഇന്ത്യയുടെ ശരാശരിയിലേയ്ക്ക് നീക്കുന്ന സാഹചര്യത്തിലേയ്ക്കാണ് പോകുന്നത്. അതിന്റെ ഒരു ഉദാഹരണം മാത്രമായാണ് ഞാൻ ഡൽഹിയെ സൂചിപ്പിച്ചത്. അവിടത്തെ ആളുകൾക്ക് പഠിക്കാൻ കഴിയാത്ത ഒരു സാഹചര്യമുണ്ട്. അത്തരമൊരു സാഹചര്യത്തിലേയ്ക്ക് പോകുന്ന അവസ്ഥയായിരിക്കും

നമ്മുടെ കോളേജുകളെ ആട്ടോണമസ് നിലവാരത്തിലേയ്ക്ക് കൊണ്ടുപോകുമ്പോൾ ഉണ്ടാകാൻ പോകുന്നത് എന്ന ആശങ്കയാണ് ഞാനിവിടെ പ്രകടിപ്പിച്ചത്. അതാണ് യാഥാർത്ഥ്യമെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. വി. റ്റി. ബൽറാം: സർ, ശ്രീ. എ. കെ. വിജയൻ പറഞ്ഞ കണക്ക് 2007–ലേതാണ്. ആ സമയത്ത് Higher Education-ൽ Enrolment Ratio വളരെ കുറവായിരുന്നു എന്നുള്ള കാര്യം ശരിയാണെങ്കിലും ഇപ്പോൾ ഏതാണ്ട് 19 ശതമാനമായി വർദ്ധിച്ചിട്ടുണ്ടെന്നും ആഗോള ശരാശരിയായ 20 ശതമാനത്തോടൊപ്പമുള്ള Enrolment Ratio കൈവരിക്കാൻ കഴിഞ്ഞ കുറച്ചു വർഷത്തെ പ്രവർത്തനംകൊണ്ട് സാധിച്ചിട്ടുണ്ട് എന്നുള്ള വിവരം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ഇക്കാര്യം മനസ്സിലാക്കിയിട്ടുണ്ട്. ഇപ്പോഴും Higher Education-ലെ Enrolment Ratio –ൽ ഏറ്റവും മുമ്പിൽ നിൽക്കുന്നത് ആസ്ട്രേലിയയാണ്. അതിനുശേഷം സ്വീഡൻ അതുകഴിഞ്ഞാൽ യു.എസ്.എ.-യുമാണ്. ഈ റേഷ്യോ അനുസരിച്ച് നോക്കുമ്പോൾ നമുക്കുതാഴെ പാകിസ്ഥാൻ മാത്രമേയുള്ളൂ.

ശ്രീ. പി. സി. വിഷ്ണുനാഥ്: അതുകൊണ്ടുതന്നെയാണ് നമ്മൾ ഒരു പത്ത് വർഷത്തിനിടയിൽ 50 നാഷണൽ യൂണിവേഴ്സിറ്റികൾ തുടങ്ങാൻ ആഗ്രഹിക്കുന്നത്. ശ്രീ. വി. റ്റി. ബൽറാം പറഞ്ഞ പുതിയ റേഷ്യോയ്ക്കുമുകളിൽ പോകാൻ നമുക്ക് കഴിയണം. നമ്മുടെ രാജ്യത്തിന്റെ വലുപ്പം ജനസംഖ്യ, ഹയർ എഡ്യൂക്കേഷന്റെ കാര്യത്തിൽ ഏറ്റവും പിറകിൽ പോയതിൽനിന്നും ഏറ്റവും മുന്നിലേയ്ക്ക് വരാൻ കഴിയുന്ന സാഹചര്യം എല്ലാം കണക്കിലെടുക്കണം. ഡോ. കെ. ടി. ജലീൽ ഇവിടെ സൂചിപ്പിച്ചതുപോലെ

തീർച്ചയായും ആട്ടോണമസ് പദവിക്കുവേണ്ടി അപേക്ഷിക്കേണ്ട മാനദണ്ഡ ങ്ങൾ പരിശോധിക്കുമ്പോൾ എയിഡഡ് കോളേജുകൾക്ക് കൂടുതൽ സാധ്യത വരും.. നമ്മുടെ സർക്കാർ കോളേജുകൾ പിറകിൽ പോകും. ഇപ്പോൾ രണ്ട് കോളേജുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. വീണ്ടും എയിഡഡ് കോളേജുകൾ തന്നെയായിരിക്കും വരുന്നത്. നടക്കാവ് സ്കൂൾ നന്നായപ്പോൾ ധാരാളം കുട്ടികൾ വരുന്നുണ്ട്. അതുപോലെ നമ്മുടെ സ്ഥാപനങ്ങളെ മെച്ചപ്പെട്ട സ്ഥാപനങ്ങളാക്കി മാറ്റാൻ നമുക്ക് കഴിയും. സർക്കാർ കോളേജുകളുടെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ് ചെയ്യുന്നതിനുവേണ്ടി ഗവൺമെന്റ് 15 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. അങ്ങനെ നമ്മുടെ സർക്കാർ കോളേജുകളെ ഈ നില വാരത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിയണം എയ്ഡഡ് കോളേജുകളെ എതിർക്കുമ്പോഴും അവരോട് ശത്രുത കാണിക്കേണ്ടതില്ല. ആ കോളേജു കളേയും ഇതേ രൂപത്തിൽ കൊണ്ടുവരണം. അങ്ങനെ കൂടുതൽ കോളേജു കളുടെ അക്കാദമിക് നിലവാരവും ഇൻഫ്രാസ്ട്രക്ച്ചറിന്റെ നിലവാരവും ഉയർത്താൻ കഴിയും. എന്തായാലും ഒരു സംവരണത്തിന്റെ, ഒരു വലിയ നിയമത്തിന്റെ അഭാവം പരിഹരിക്കുന്നതിനുവേണ്ടി മലയാളം സർവ്വകലാശാ ലയുടേയും കുസാറ്റിന്റേയും നിയമത്തിൽ കണ്ണൂർ സർവ്വകലാശാലയുടെ 1996-ലെ നിയമത്തിന്റെ ഒരു ഭാഗം ചേർക്കുന്ന ഈ അമെന്റ്മെന്റ് ബില്ലിൽ എന്റെ ദേഭഗതി ഞാൻ മൂവ് ചെയ്യുകയാണ്.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നമ്മൾ ഇപ്പോൾ

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല ആക്റ്റും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും ആണ് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നത്. 1996-ലെ ഉദ്ദേശ്യകാരണങ്ങൾ വിശദീകരിക്കുന്ന വകുപ്പിൽ കണ്ണൂർ സർവ്വകാലശാല കൂടുതൽ വ്യക്തമാണ്. ആ വ്യക്തതയ്ക്കനുസരിച്ചുള്ള ഭേദഗതിയാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. നമ്മുടെ നിയമനിർമ്മാണ സന്ദർഭങ്ങളിൽ അതിന്റെ ബോഡി സ്ട്രക്ച്ചർ ചെയ്യുന്ന സമയത്ത് 1996-ലെ ആക്റ്റിലെ വ്യവസ്ഥകളാണ് കുറേകൂടി വ്യക്തതയുള്ളതെന്നും 2013-ലെ മലയാള സർവ്വകലാശാല ആക്റ്റ് അവ്യക്തത നിറഞ്ഞതാണെന്നുമാണ് ഉദ്ദേശ്യകാരണങ്ങളുടെ സൂചനയിൽ നിന്നും വായിച്ചെടുക്കാൻ കഴിയുന്നത്. നമ്മുടെ നിയമ വകുപ്പ് നിയമ നിർമ്മാണ ഘട്ടങ്ങളിൽ വളരെ ശ്രദ്ധിക്കേണ്ട ഒരു കാര്യം, 17 വർഷങ്ങൾക്ക് മുമ്പുണ്ടാക്കിയ നിയമത്തിലെ വ്യവസ്ഥകൾ വ്യക്തതയുള്ളതും 17 വർഷങ്ങൾ കഴിഞ്ഞതിനുശേഷമുണ്ടാക്കിയിട്ടുള്ള വകുപ്പ് അവ്യക്തത നിറഞ്ഞതുമാണ്. അതുകൊണ്ട് അവ്യക്തത നിറഞ്ഞ 2013-ലെ നിയമത്തിൽ നിന്നും പരിഹാരം കാണാൻ കുറേക്കൂടി വ്യക്തതയുള്ള 1996-ലെ നിയമത്തെയാണ് ആശ്രയിക്കുന്നത്, അല്ലെങ്കിൽ അതുപോലെയാണ് ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് പറയുന്നത്. ഇതുതന്നെ നമ്മുടെ നിയമ നിർമ്മാണ ഘട്ടത്തിൽ വളരെയധികം ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. കാരണം പഴയ നിയമത്തിലെ വ്യവസ്ഥകൾ വ്യക്തതയുള്ളതും പുതിയ നിയമത്തിലുള്ളത് അവ്യക്തതയുള്ളതുമാണെന്ന് നമ്മൾ സമ്മതിക്കേണ്ടി വരുന്നതുതന്നെ, നമ്മുടെ കാലം കുറേക്കൂടി മെച്ചപ്പെട്ട നിലയിലേയ്ക്കുള്ള

നിയമനിർമ്മാണത്തിലേയ്ക്കാണ് പോകേണ്ടത്. പക്ഷെ ദൗർഭാഗ്യവശാൽ മറിച്ചാണ് സംഭവിച്ചതെന്നാണ് ഇതിലെ ഉദ്ദേശ്യകാരണങ്ങൾ വിശദീകരിച്ചു കൊണ്ടുള്ള സ്റ്റേറ്റ്മെന്റിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യങ്ങളിൽ രാഷ്ട്രീയം പറയണമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നതേയല്ല. ഇതുമായി ബന്ധപ്പെട്ട് എന്റെ ശ്രദ്ധയിൽവന്നിട്ടുള്ള ചില വിവരങ്ങൾ മാത്രം പറയാനാണ് ഞാൻ ആഗ്രഹിച്ചത്. എന്നാൽ എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. പി. സി. വിഷ്ണു നാഥ് പറഞ്ഞത്, ഈ ഗവൺമെന്റിന്റെ നിശ്ചയദാർഢ്യം കൊണ്ടാണ് ഇപ്പോൾ സംവരണ തത്വങ്ങളിലെ അപാകതകൾ പരിഹരിക്കാനും പിന്നോക്ക പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നിയമനങ്ങൾ യഥാസമയം ലഭിക്കുന്നതി നുംവേണ്ടിയാണ് ഇപ്പോൾ ഈ ഭേദഗതി കൊണ്ടുവരുന്നതെന്നാണ്. ആ കാര്യമാണ് ഞാൻ പറഞ്ഞുവരുന്നത്. അങ്ങനെയൊരു നിശ്ചയ ദാർഢ്യമുണ്ടായിരുന്നൂവെങ്കിൽ 1996-ലെ നിയമം കൈവശമിരിക്കുമ്പോൾ ഒരു സർവ്വകലാശാലാ നിയമം കൊണ്ടുവരുമ്പോൾ 17 വർഷം മുമ്പ് ഉണ്ടാ ക്കിയ നിയമത്തിൽ വ്യക്തതയെന്തുകൊണ്ട് ഉണ്ടാക്കിയില്ല? നിശ്ചയ ദാർഢ്യമുണ്ടായിരുന്നൂവെങ്കിൽ ഇപ്പോൾ ഈ ഭേദഗതിയുടെ ആവശ്യമില്ലായി രുന്നു. നിയമനിർമ്മാണ വേളയിൽത്തന്നെ ഭേദഗതിക്ക് ഇടയാക്കാത്ത വിധ ത്തിൽ അത് ഉണ്ടാക്കാമായിരുന്നു. അപ്പോൾ നിശ്ചയദാർഢ്യ കുറവാണ് അത് പ്രകടമാക്കുന്നത്. നിശ്ചയദാർഢ്യ കുറവിന്റെ കാര്യം പറയുന്നതിനുപകരം നിശ്ചയദാർഢ്യം കൂടുതലാണ് എന്ന നിലയിൽ സമർത്ഥിക്കാൻ ശ്രമിക്കുന്നത് ഭംഗിയല്ല, അത് വസ്തുതാപരമല്ല, ശരിയല്ല എന്നാണ് അതിനെ സംബന്ധിച്ച് പറയാനുള്ളത്. കേരള സർവ്വകലാശാലയിൽ ആദ്യമായി പട്ടികജാതിക്കാ

രനായ ശ്രീ. വീരമണികണ്ഠനെ നിയമിച്ചത് ഗവൺമെന്റിന്റെ പ്രതിബദ്ധത യാണ് എന്നാണ് അദ്ദേഹം പറഞ്ഞുതുടങ്ങിയത്. കേരള കൗമുദി ദിനപത്രത്തിൽ വന്ന ഒരു വാർത്ത ഞാൻ വായിക്കാം. 'കേരള സർവ്വകലാ ശാല ഗാർഡ് നിയമന വിവാദത്തിൽ ചില ഭരണപക്ഷ സിൻഡിക്കേറ്റ് അംഗങ്ങൾക്കെതിരെ ശക്തമായ നിലപാടെടുത്ത പി.വി.സി. ഡോ. എൻ. വീരമണികണ്ഠനെ വൈസ് ചാൻസലർ ചുമതലയിൽനിന്ന് മാറ്റാനുള്ള ഗൂഢനീക്കം പൊളിഞ്ഞു.' വീരമണികണ്ഠനെ പി.വി.സി. ആക്കിയെന്ന് അവകാശപ്പെടുന്ന ആളുകളെ തന്നെ നീക്കം ചെയ്യാൻ ഭരണകക്ഷി സിൻഡിക്കേറ്റ് മെമ്പർമാരുടെ നാൽവർ സംഘം ഗാർഡ് നിയമനവുമായി ബന്ധപ്പെട്ട് അവിടെ നടത്താൻ ശ്രമിച്ച അഴിമതിയെ പുറത്തുകൊണ്ടുവരാൻ ഈ പി.വി.സി. ശ്രമിച്ചു. ആ പി.വി.സി.-യെയാണ് പുറത്താക്കാൻ വേണ്ടിയുള്ള ഗൂഢനീക്കം ഭരണകക്ഷിയായ കോൺഗ്രസ്സിന്റെ നേതാക്കന്മാരായ നാല് സിൻഡിക്കേറ്റ് മെമ്പർമാർ നടത്തിയത്. ഇത് കേരള കൗമുദി പത്രത്തിൽ വന്ന വാർത്തയാണ്. ഇതിന്റെ പേരിൽ അദ്ദേഹം തന്നെ ഊറ്റം കൊണ്ട നിയമനത്തെ അദ്ദേഹത്തിന്റെ പാർട്ടിക്കാർ തന്നെ തകർക്കാൻ ശ്രമിച്ചതിന്റെ വിവരങ്ങളും കേരള സർവ്വകലാശാല നടത്തിയ ഗാർഡ് നിയമനത്തിലെ അഴിമതി വിവരങ്ങളുമാണ് പുറത്തുവന്നിരിക്കുന്നത്. ഇതിൽ ഊറ്റം കൊള്ളാൻ അദ്ദേഹത്തിന് യാതൊരു അവകാശവുമില്ല. എന്നുമാത്രമല്ല, ഇത്തരത്തിലുള്ള വിധ്വംസക പ്രവർത്തനങ്ങൾ നടക്കുന്ന കേന്ദ്രങ്ങളായി സർവ്വകലാശാലയെ മാറ്റുന്നത് ഭരണപക്ഷത്തുനിന്ന് തന്നെയാണ് എന്നാണ് ഈ പത്രവാർത്തകൾ സൂചിപ്പിക്കുന്നത്. ഇന്നിപ്പോൾ ബില്ലിന്റെ ചർച്ചയിൽ പറയേണ്ട വല്ല കാര്യവുമുണ്ടോയെന്ന് എനിക്കറില്ല. ടി.പി. ചന്ദ്രശേഖരൻ

വധകേസിന്റെ വിധിയുമായി കൂട്ടിയിണക്കിയൊക്കെ പറയേണ്ട കാര്യമുണ്ടോ? ഇതാണ് നമ്മുടെ കുഴപ്പം. സർവ്വകലാശാല ബില്ലിന്റെ ചർച്ചയ്ക്കിടയിൽ പോലും ഇതിനെ കുത്തിത്തിരുകികയറ്റി സായൂജ്യമടയാൻ ശ്രമിക്കുന്ന രീതി. അടുത്ത് ഏതെങ്കിലും തൃശ്ശൂരിലെ മധുവിനെ, അദ്ദേഹത്തിന്റെ ഭാര്യയുടെ മുന്നിൽ വച്ച്, ക്ഷേത്രാംഗണത്തിൽ വച്ച് 49 വെട്ടുകൾ വെട്ടിയ കോൺഗ്രസ്സ് നേതാക്കന്മാർ പ്രതികളാണെന്ന് ബഹുമാനപ്പെട്ട അന്നത്തെ ആഭ്യന്തരവകുപ്പുമന്ത്രി ഇവിടെ രേഖാമൂലം പറഞ്ഞ കേസിന്റെ വിധി വരുമ്പോൾ ഇതുപോലെ വേറെയേതെങ്കിലും ബില്ലിന്റെ ചർച്ച വരുമ്പോൾ ഇപ്പുറത്തുനിന്നും പറയുകയാണ്. ഇങ്ങനെയുള്ള കാര്യങ്ങളാണോ സർവ്വകലാശാല ബില്ലിന്റെ ഇടയിൽ ചർച്ച ചെയ്യേണ്ടത്? രണ്ട് കോൺഗ്രസ്സ് നേതാക്കന്മാരെ കൊന്നു. അപ്പോൾ ബില്ലിന്റെ ചർച്ച നടക്കുമ്പോൾ ഞങ്ങളും പറയുകയാണ്, ഇപ്പോൾ വിധി വന്നതിന്റെ പശ്ചാത്തലത്തിലാണ് ചർച്ച ചെയ്തത് എന്ന് ഞങ്ങളും പറഞ്ഞാൽ ശരിയാകുമോ? ബില്ലിന്റെ ചർച്ചയുടെ ഇടയിൽ ഇങ്ങനെ കുത്തിത്തിരികാതിരിക്കാൻ നോക്കണം. 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന് കൗതുകം' എന്ന നിലയിലാണ് അദ്ദേഹം ഇത് കുത്തിത്തിരുകാൻ ശ്രമിച്ചത്. ഇത്തരം ചർച്ചയും ഇത്തരം വീക്ഷണഗതികളും നിമിത്തമാണ് നമ്മുടെ വിദ്യാഭ്യാസ മേഖല ഗുണം പിടിക്കാത്തത്. ഇത്തരമാളുകളാണ് യഥാർത്ഥത്തിൽ അത്തരത്തിലേയ്ക്ക് ആളുകളെ കൊണ്ടുപോകുന്നതെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ലാത്തതുകൊണ്ട് ഞാൻ പറയുകയാണ്. ഒരുകാര്യവുമില്ലാതെയാണ് ബില്ലിന്റെ ചർച്ചയ്ക്ക് ഇടയിൽ സി.എൻ.എൻ.–ഐ.ബി.എൻ. ചാനലിൽ വന്ന വിവരങ്ങൾ കൊണ്ട്

ഊറ്റം കൊള്ളുകയാണ്. അവരുടെ സർവ്വേയാണത്. 2004-ലെ സർവ്വേ റിപ്പോർട്ടിൽ എത്രയായിരുന്നൂവെന്ന് അറിയാമോ? ശ്രീ. പി. സി. വിഷ്ണു നാഥ് ഇതെല്ലാം ഒന്ന് വായിച്ചുനോക്കണം. 2004-ൽ ഇതേ സർവ്വേ റിപ്പോർട്ട് പറഞ്ഞത് 10 സീറ്റിൽ കുറയാതെ യു.ഡി.എഫ്.-ന് ലഭിക്കുമെന്നാണ്. 18 സീറ്റുകളിൽ എൽ.ഡി.എഫ്. ജയിച്ചു. ഒരൊറ്റ സീറ്റിലും കൈപ്പത്തി ചിഹ്നത്തിൽ ആരും ജയിച്ചില്ല. ഇപ്പോൾ സി.എൻ.എൻ.-ഐ.ബി.എൻ. ചാനലിനെക്കുറിച്ച് ചർച്ചയിൽ പറയുമ്പോൾ കേരള ഗവൺമെന്റിന്റെ മെച്ചത്തെ കുറിച്ചാണല്ലോ ശ്രീ. പി. സി. വിഷ്ണുനാഥ് ഊറ്റം കൊള്ളുകയും ആവേശം കൊള്ളുകയും ചെയ്തത്. പുറത്തുവന്ന റിപ്പോർട്ട് ഞാൻ വായിച്ച് കേൾപ്പിക്കാം. ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതും കൂടി കേൾക്കുക. '...എന്നാൽ യു.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തനത്തിൽ ജനങ്ങൾ തൃപ്തരല്ല എന്നാണ് സർവ്വേ ഫലം കാണിക്കുന്നത്. സംസ്ഥാനത്തെ 50 ശത മാനം പേരും സർക്കാരിൽ അസംതൃപ്തരാണ്. 44 ശതമാനം പേർ തൃപ്തി രേഖപ്പെടുത്തി. മറ്റുള്ളവർ കൃത്യമായ അഭിപ്രായം പറഞ്ഞില്ല. സർക്കാരിന് രണ്ടാമൂഴം നൽകണമെന്ന അഭിപ്രായപ്പെട്ടവർ 23 ശതമാനം പേർ മാത്രമാണ്'. ഇത് ശ്രീ. പി. സി. വിഷ്ണുനാഥ് മറച്ചുപിടിച്ചു.

ഡോ. ടി. എം. തോമസ് ഐസക്: സർ, എല്ലാവരും അറിയാൻ വേണ്ടിയാണ് ഞാൻ ഇക്കാര്യം പറയുന്നത്. സാമ്പിൾ സർവ്വേ നടത്തുന്നതിന് 12 മണ്ഡലങ്ങളാണ് എടുക്കുന്നത്. അക്കാര്യം അതിന്റെ വെബ്സൈറ്റ് നോക്കിയാൽ കാണാവുന്നതാണ്. അതിൽ ഏതാനും വാർഡുകൾ സെലക്ട്

ചെയ്യും. ഒരു വാർഡിൽ 20 വീട് വച്ച് മൊത്തം 831 റെസ്പോൺഡൻസാണ് ഉള്ളത്. ഇത് വളരെ ചെറിയ സാമ്പിളാണ്, too small sample to come to any conclusion.

ശ്രീ. എ. എം. ആരിഫ്: സർ, ഇതാണ് ഞാൻ പറഞ്ഞുവന്നത്. സർവ്വേ ഫലത്തെ സംബന്ധിച്ച് ആവേശം കൊള്ളേണ്ട ഒരു കാര്യവുമില്ല. ആവേശം കൊളളണമെങ്കിൽ ഞങ്ങളാണ് കൊള്ളേണ്ടത്. കാരണം ഈ ഗവൺമെന്റിന് വീണ്ടും രണ്ടാം ഊഴം കൊടുക്കണമെന്ന് 23 ശതമാനം പേരേ പറഞ്ഞിട്ടുള്ളു. ബാക്കി മഹാഭൂരിപക്ഷം പേരും പറഞ്ഞിട്ടില്ല എന്നതാണ് ആ ചാനലിന്റെ സർവ്വേ റിപ്പോർട്ടിൽ നിന്നും പുറത്തുവരുന്നത്.

ഡോ. കെ. ടി. ജലീൽ: സർ, ഇന്നലെ പത്ര മാധ്യമങ്ങളിലും ചാനലുകളിലും ഈ സർവ്വേ റിപ്പോർട്ട് വന്നപ്പോൾ അതിന്റെ ഒരു ഭാഗം വളരെ ബോധപൂർവ്വം അവർ മറച്ചുവച്ചു. എല്ലാ പത്രങ്ങളുടെയും തലക്കെട്ട് ഈ സർവ്വേയിൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന് മേൽകൈ കിട്ടും എന്നുള്ളത് മാത്രമായി. നിയമസഭാ തെരഞ്ഞെടുപ്പിൽ അല്ലെങ്കിൽ കേരളത്തിൽ ഇപ്പോൾ ഭരിച്ചുകൊണ്ടിരിക്കുന്ന സർക്കാരിൽ ജനങ്ങൾ അതൃപ്തി രേഖപ്പെടുത്തിയ അതേ സർവ്വേ റിപ്പോർട്ടിലെ കാര്യങ്ങൾ പല മുഖ്യധാരാ പത്രങ്ങളും മാധ്യമങ്ങളും ചാനലുകളും മറച്ചുവച്ചുകൊണ്ടാണ് റിപ്പോർട്ട് ചെയ്തത് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ?

ശ്രീ. എ. എം. ആരിഫ്: സർ, ഇനിയിപ്പോൾ കാര്യങ്ങൾ കാണാനിരിക്കുന്നതേയുള്ളു. കാരണം ഇതുപോലുള്ള ഒരുപാട് റിപ്പോർട്ടുകളിൽ യു.ഡി. എഫ്. ജയിക്കുമെന്നുപറഞ്ഞ് എഴുതിപ്പിക്കാൻ പോകുകയാണ്. ഒരുപാട് ചാനലുകളെക്കൊണ്ട് എഴുതിപ്പിക്കാൻ പോകുകയാണ്.

ശ്രീ. ഹൈബി ഈഡൻ: സർ, ഇതേ സർവ്വേയിൽത്തന്നെ കേരളത്തിലെ മുഖ്യമന്ത്രിയെയും മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയെയും എത്ര ശതമാനം ആളുകൾ അനുകൂലിക്കുന്നു എന്നത് താങ്കളുടെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. എം. ആരിഫ്: സർ, സർവ്വേ റിപ്പോർട്ടിൽ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയെ അനുകൂലിച്ച് പറഞ്ഞിട്ടുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടി 2005-ലും ഇതേ രീതിയിൽ ജനസമ്പർക്ക പരിപാടി നടത്തിയിരുന്നു. ആ പരിപാടി നടത്തിയതിനുശേഷമാണ് 2006-ൽ 98 സീറ്റ് നേടി ഞങ്ങൾ അധികാരത്തിൽ വന്നത്. ജനസമ്പർക്ക പരിപാടി ജനങ്ങൾ പൊളിച്ചടുക്കി കൈയിൽ തന്നില്ലേ? അതൊന്നും എന്നെക്കൊണ്ട് പറയിപ്പിക്കേണ്ട. 1977-ലെ തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് സീറ്റൊന്നും ലഭിച്ചിരുന്നില്ലെങ്കിലും പിന്നീട് പാർലമെന്റിൽ 18 സീറ്റിലേയ്ക്ക് ഞങ്ങൾ വന്നു എന്ന കാര്യം മറക്കരുത്. ഞാൻ ബില്ലിന്റെ പരിധിയിലേയ്ക്ക് വരാനാണ് ശ്രമിക്കുന്നത്. മറ്റ് രാഷ്ട്രീയ കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഉദ്ദേശിക്കുന്നില്ല. ഇത്രയും പറഞ്ഞ സ്ഥിതിക്ക് പറയാതിരിക്കുന്നത് ശരിയല്ലല്ലോ എന്നുകരുതി പറഞ്ഞതാണ്. സർവ്വകലാശാ ലകൾ വൈറ്റ് ലഗൂൺ കോഴിക്കുഞ്ഞുങ്ങൾ വിരിഞ്ഞിറങ്ങുന്നതുപോലെ, മലവെള്ളപ്പാച്ചിൽപോലെ വന്നുകൊണ്ടിരിക്കുകയാണ്. പുതിയ ഒരു സർവ്വകലാശാല രൂപീകരിക്കാനുള്ള നിർദ്ദേശം ഇന്നും വന്നിരുന്നു.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞ പ്രധാനപ്പെട്ട കാര്യം നൂറുകണക്കിന് കോളേജുകളോ ഡസൻ കണക്കിന് സർവ്വകലാശാലകളോ അനുവദിക്കണമെന്നും അതിൽ മോശമായിട്ടുള്ള

തെല്ലാം ഭാവിയിൽ അടച്ചുപൂട്ടുമെന്നും അങ്ങനെ നല്ലതുണ്ടാകുമെന്നുമാണ്. ആ തത്വത്തെപ്പറ്റി എന്താണ് അഭിപ്രായം.?

ശ്രീ. എ. എം. ആരിഫ്: സർ, അത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയല്ലേ? സർവ്വകലാശാലകൾ കൂടുതലായി രൂപീകരിക്കുന്നതുകൊണ്ടുള്ള ഗുണവശത്തിലേയ്ക്ക് കടക്കാം. ലോക പ്രശസ്തനായ ധനകാര്യ വിദഗ്ദ്ധനും നോബൽ സമ്മാന ജേതാവുമായ ഡോ. അമർത്യാ സെന്നും ഒരു ഫ്രഞ്ച് വിദ്യാഭ്യാസ വിദഗ്ദ്ധനും ചേർന്നെഴുതിയ Uncertain Glory, സന്നിഗ്ദ്ധ മാഹാത്മ്യം എന്ന് മലയാളത്തിൽ പറയാവുന്ന ഗ്രന്ഥത്തിൽ ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് ഒരു സമഗ്രമായ പഠനം നടത്തുകയുണ്ടായി. ലോകത്തിലെ ഉന്നതനിലവാരം പുലർത്തുന്ന 200 സർവ്വകലാശാലകളിൽ ഇന്ത്യയിൽനിന്നുള്ള ഒരു സർവ്വകലാശാലപോലും ഉൾപ്പെടുന്നില്ലെന്ന് ഡോ. അമർത്യാസെൻ ഈ ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിലെ ജെ.എൻ.യു, ഡൽഹി അലിഗഡ്, ബനാറസ് സർവ്വകലാശാലകൾ, ഐ.ഐ.റ്റി.-കൾ തുടങ്ങിയവയൊന്നുംതന്നെ 200 എണ്ണത്തിൽ ഉൾപ്പെടുന്നില്ല എന്നു പറയുന്നത് നമ്മൾ ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണ്. എന്നാൽ ഈ സർവ്വകലാശാലകളിൽ പഠിക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികൾ ഉന്നതനിലവാരത്തിൽ ബിരുദം നേടുന്നുമുണ്ട്. വിദ്യാർത്ഥികളുടേതല്ല പ്രശ്നം, അദ്ധ്യാപകർ അപ്ഡേറ്റ് ചെയ്യപ്പെടേണ്ടതുണ്ട്. അദ്ധ്യാപകർക്കാവശ്യമായ ലോകോത്തരനിലവാരത്തിലുള്ള ട്രെയിനിംഗ് നൽകണം. അദ്ധ്യാപക നിയമനവും അതിന്റെ സംവരണത്തെക്കുറിച്ചും ചർച്ച ചെയ്യുന്നതുകൊണ്ടാണ് ഞാൻ പറയുന്നത്. ഇപ്പോഴത്തെ നിലവാരത്തകർച്ചയ്ക്ക് പരിഹാരം കാണാൻ ഗവൺമെന്റിന്റെ പക്കലുള്ള ഒറ്റമൂലി

സ്വയംഭരണ കോളേജുകൾ അനുവദിക്കുകയെന്നതാണ്. ജെ.എൻ.യു തുടങ്ങിയ സ്വയംഭരണ കോളേജുകൾ വളരെ പ്രശസ്തരായ ആളുകളെ സൃഷ്ടിച്ചിട്ടുള്ള കോളേജുകളാണ്. പക്ഷേ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഇന്നത്തെ അവസ്ഥയുമായി താരതമ്യം ചെയ്താണ് സ്വയംഭരണ കോളേജുകളെ നമ്മൾ വിലയിലുത്തേണ്ടത്. സ്വാശ്രയ കോളേജുകൾ നിലവാരമില്ലാത്തതായി മാറിയിരിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത്. സ്വാശ്രയ കോളേജുകൾ വിജയ ശതമാനത്തിന്റെ കുറവ് പരിഹരിക്കാൻവേണ്ടി പലരൂപത്തിലുള്ള കൂട്ടകോപ്പി യടിക്ക് അവസരം നൽകുന്നുണ്ട്. ഇത് പല വാർത്താമാധ്യമങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള അവസ്ഥ സൃഷ്ടിക്കപ്പെടുമ്പോൾ വിദ്യാഭ്യാസം നിലവാരത്തകർച്ചയിലേയ്ക്കാണ് പോകുന്നത്. അതുപോലെ കാലിക്കട്ട് സർവ്വകലാശാല മോഡറേഷൻ കൊടുക്കാൻ തീരുമാനിച്ചു. ഇത് പത്രത്തിൽ വന്ന വാർത്തയാണ്. വസ്തുതാപരമാണോയെന്ന് അറിയില്ല. ഇത്തരത്തിലുള്ള സംഭവങ്ങളുണ്ടാകുന്നതുമായി താരതമ്യപ്പെടുത്തുമ്പോൾ സ്വയംഭരണ കോളേജുകൾ എവിടേയ്ക്കാണ് എത്തുന്നത്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ സ്വയംഭരണ കോളേജുകൾക്ക് അക്കാദമിക കാര്യങ്ങളിലുള്ള സ്വാതന്ത്ര്യമാണ് നൽകുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി രാവിലെ ശ്രദ്ധക്ഷണിക്കലിന് മറുപടി പറയുകയുണ്ടായി. നമുക്ക് ചില കാര്യങ്ങളിൽ പ്രൊട്ടക്ഷനുണ്ട്. ഭരണഘടനാപരമായി നൽകുന്ന പ്രൊട്ടക്ഷ നുപയോഗപ്പെടുത്തി സ്വയംഭരണ കോളേജുകളെല്ലാം വിദ്യാഭ്യാസ രംഗത്ത് മെച്ചപ്പെട്ട കേന്ദ്രങ്ങളായി മാറാതെ അപകടകരമായ സ്ഥിതിവിശേഷം സൃഷ്ടിക്കുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. സ്വന്തക്കാരെ നിയമിക്കൽ തുടങ്ങി ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന എല്ലാ

കാര്യങ്ങളും കൂടുതലായി നടത്തും. നമ്മുടെ കോഴ്സുകളെല്ലാം മാറുകയാണ്. ഓണേഴ്സ് കോഴ്സുകൾ സ്വയംഭരണ കോളേജുകളുടെ ഭാഗമായി വരികയാണ്. ഇതെല്ലാം ഏതൊക്കെ രീതിയിലുള്ള പ്രത്യാഘാതങ്ങളാണ് സമൂഹത്തിൽ സൃഷ്ടിക്കപ്പെടുന്നത് എന്നത് സംബന്ധിച്ച് ഗൗരവമേറിയ പഠനമാവശ്യമാണ്. ശ്രീ. റ്റി. വി. രാജേഷ് ശ്രദ്ധക്ഷണിക്കലിൽ ഇതിന്റെ ആഘാതങ്ങളെയും പ്രത്യാഘാതങ്ങളെയും സംബന്ധിച്ച് വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുമായി ചർച്ചയ്ക്ക് തയ്യാറാകുമോയെന്ന് ആവർത്തിച്ച് ചോദിച്ചിരുന്നു. ഇതിന്റെ ഗുണഭോക്താക്കളായി മാറേണ്ട വിദ്യാർത്ഥി സമൂഹത്തെ പ്രതിനിധീകരിച്ചല്ലേ ചോദിച്ചത്. ഗവൺമെന്റ് ജനാധിപത്യപരമായി ചിന്തിക്കുകയാണെങ്കിൽ അങ്ങനെ ചെയ്യേണ്ടതല്ലേ. ഇപ്പോൾ ഞങ്ങളുടെ സമരങ്ങളെല്ലാം പരാജയപ്പെട്ടിരിക്കുന്നു എന്ന് ചർച്ച ചെയ്യുകയല്ലേ. ജനാധിപത്യക്രമത്തിൽ ചർച്ച ചെയ്യപ്പെടേണ്ടത് ഗവൺമെന്റുകളല്ലേ. സമൂഹത്തിലെ പ്രശ്നങ്ങൾ ഉന്നയിക്കുമ്പോൾ അത് ചർച്ച ചെയ്യപ്പെടണ്ടേ. മഹാത്മാഗാന്ധി ബ്രിട്ടീഷുകാർക്കെതിരെയുള്ള സമരം ഒരു ദിവസം കൊണ്ട് അവസാനിപ്പിച്ചോ? നിരന്തരമായ സമരത്തിലൂടെയാണ് ബ്രിട്ടീഷുകാർ ഇന്ത്യ വിടാനുള്ള സാഹചര്യം രൂപപ്പെടുത്തിയത്. ഓരോ സമരത്തിനും അതിന്റേതായ ഇംപാക്ടുണ്ട്. ആ ഇംപാക്ട് സ്വാഭാവികമായും രാഷ്ട്രീയ മണ്ഡലത്തിൽ പ്രതിഫലിക്കുകതന്നെ ചെയ്യും. അതുകൊണ്ട് രാഷ്ട്രീയ മുദ്രാവാക്യം വച്ച് ഉന്നയിക്കുന്ന ആവശ്യങ്ങളെല്ലാം അംഗീകരിച്ചിട്ടാണോ സമരങ്ങൾ അവസാനിപ്പിക്കുന്നത്. സമരക്കാരുന്നയിക്കുന്ന ആവശ്യത്തോട് പ്രതികരിക്കാനുള്ള ഗവൺമെന്റിന്റെ സ്വേച്ഛാധിപത്യപരമായ സമീപനമാണ് ഇവിടെ പ്രകടമാകുന്നത്. പുറത്തുനിന്നൊരാൾ നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയെക്കുറിച്ച് പഠിക്കാനായി വന്നാൽ എന്തായിരിക്കും

സ്ഥിതി. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയെക്കുറിച്ച് പഠിക്കാനെത്തുന്നവർ എം.ജി. യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് കഴിഞ്ഞ ഒന്നര മാസമായി പത്രത്തിൽ വന്ന വാർത്തകൾ പരിശോധിച്ചാൽ എന്തായിരിക്കും മനസ്സിലാകുന്നത്. അവിടത്തെ വൈസ് ചാൻസലർ ബിരുദധാരിയല്ല, അദ്ദേഹത്തിന് വേണ്ടത്ര യോഗ്യതയില്ല എന്നുള്ള വിവാദങ്ങളാണ് കാണാൻ കഴിയുന്നത്. വൈസ്ചാൻസലറെ നിയമിച്ച കേരള സർക്കാർതന്നെ ഹൈക്കോടതിയിൽ അഫിഡവിറ്റ് നൽകിയിരിക്കുന്നത് യോഗ്യതകളെല്ലാം മറച്ചുപിടിച്ച് ഇല്ലാത്ത യോഗ്യത കാണിച്ചുകൊണ്ടാണ് വൈസ് ചാൻസലർ നിയമനം നേടിയതെന്നാണ് ബഹുമാന്യനായ പി.സി. ജോർജുൾപ്പെടെയുള്ള ആളുകൾ ഇതിനെതിരെ പ്രതികരിച്ചു. വൈസ് ചാൻസലറെ തൊട്ടുപോകരുത്, തൊട്ടാൽ വിവരമറിയും എന്നീ രീതിയിലുള്ള പ്രതികരണങ്ങളുണ്ടായി.

ശ്രീ. പി. സി. ജോർജ്: സർ, ഇപ്പോൾ സ്ഥിരമായി എന്നെ പരാമർശിക്കുകയാണ്. കോട്ടയം വൈസ് ചാൻസലറെപ്പറ്റി ഞാനൊരു അഭിപ്രായവും പറഞ്ഞിട്ടില്ല. ഗവൺമെന്റ് തീരുമാനിച്ചു വേണമെങ്കിൽ വേണം വേണ്ടെങ്കിൽ വേണ്ട, അതിന് എന്നെ കുറ്റം പറയേണ്ട.

ശ്രീ. എ. എം. ആരിഫ്: സർ, വൈസ് ചാൻസിലറെ മാറ്റാൻ പാടില്ലെന്ന് ടി. വി.-യിൽ അങ്ങ് അഭിമുഖത്തിൽ പറയുന്നത് ഞാൻ കേട്ടതാണ്. അങ്ങതിപ്പോൾ പിൻവലിക്കുന്നെങ്കിൽ ശരി ഞാനതിനോട് യോജിക്കുന്നു. അങ്ങ് പലതും പിൻവലിക്കുന്ന കൂട്ടത്തിൽ ഇതും പിൻവലിച്ചതാണ്. അവിടെ തർക്കം ഏതായാലും കോൺഗ്രസ്സും കേരളാ കോൺഗ്രസ്സും തമ്മിലാണെന്ന കാര്യത്തിൽ തർക്കമില്ലല്ലോ. ഒരു കാരണവശാലും വി.സി.-യെ മാറ്റാൻ പറ്റി

ല്ലെന്ന കേരളാ കോൺഗ്രസ്സ് നിലപാട് ശ്രീ. പി. സി. ജോർജിനും ബാധകമാണല്ലോ. ഈ തർക്കം അവിടെ നിൽക്കുകയാണ്. അതുപോലെതന്നെ അവിടെ രജിസ്ട്രാർ നിയമനം, രജിസ്ട്രാറുടെ മേൽ നടപടിയെടുക്കുന്നു, അത് സുപ്രീം കോടതിവരെ പോകുന്നു, തിരിച്ചുവരുന്നു, അത് വേറൊരു ഭാഗത്ത്. അതുപോലെതന്നെ കാലിക്കറ്റ് സർവ്വകലാശാലയെടുത്താൽ അവിടെ നിയമനത്തെച്ചൊല്ലിയുള്ള തർക്കം ഒരു ഭാഗത്തു നടക്കുന്നു, വിദേശ യാത്രകൾ നടത്തിയതുൾപ്പെടെയുള്ള തർക്കങ്ങൾ വേറൊരു ഭാഗത്തു നടക്കുന്നു, ഇങ്ങനെ തർക്കങ്ങളുടെ തർക്ക സർവ്വകലാശാലകളായി മാറുകയാണ്. കേരളത്തിലെ സർവ്വകലാശാലകളിലെല്ലാമിപ്പോൾ നടക്കുന്നത് വിവാദങ്ങളും തർക്കങ്ങളുമാണ്. തർക്ക സർവ്വകലാശാലകളായി നമ്മുടെ സർവ്വകലാശാലകൾ മാറുന്നുയെന്ന യാഥാർത്ഥ്യം നമ്മൾ കാണാതിരുന്നിട്ട് കാര്യമില്ല. അതാണ് അവസ്ഥ, അതിലേയ്ക്ക് നിങ്ങൾ എത്തിച്ചു, അതാണ് ഞാൻ പറയുന്നത്. ഇങ്ങനെ എത്തിക്കുന്നതിന്റെയെല്ലാം ഒരു ഭാഗത്ത് നിങ്ങളുടെ കക്ഷികളാണ്. ഒരു ഭാഗത്ത് നിങ്ങൾ പക്ഷം പിടിക്കുകയാണ്. ഇവിടെയെല്ലാം മെരിറ്റല്ല നിങ്ങൾ മാനദണ്ഡമാക്കുന്നത്, നമ്മുടെ വിദ്യാർത്ഥി സമൂഹങ്ങളാണ് ഇതിന്റെയെല്ലാം ആഘാതങ്ങളും ദുരന്തഫലവുമനുഭവിക്കേണ്ടിവരുന്നതെന്ന വസ്തുത നാം മറന്നുപോകരുത്. നേരത്തെ നമുക്ക് യു.ജി.സി. ഗ്രാന്റുപോലെ യൂ.ജി.സി.-യിൽ നിന്നുള്ള സഹായം ലഭിച്ചിരുന്നു, അതിപ്പോൾ മാറുകയാണ്. ഇപ്പോൾ പറയുന്നത് Rashtriya Uchchatar Shiksha Abhiyan, RUSA എന്ന് ചുരുക്കിപ്പറയാം. RUSA ആണിപ്പോൾ പണം അനുവദിക്കുന്നത്. അതിന്റെ മാനദണ്ഡമെന്താണ്? RUSA പണം അനുവദിക്കുന്നത് ഇതുപോലുള്ള സ്വയംഭരണ കോളേജുകൾക്കാണ്. അതായത് വിദ്യാഭ്യാസത്തിന്റെ ഉത്തരവാദി

ത്വത്തിൽ നിന്ന് സർക്കാർ ഒഴിഞ്ഞുമാറുകയാണ്. എന്നിട്ട് ഈ സഹായങ്ങളെല്ലാം അവർ പറയുന്ന മാനദണ്ഡങ്ങളനുസരിച്ച് പ്രവർത്തിക്കുന്ന കോളേജുകൾക്കും സർവ്വകലാശാലകൾക്കുമായി നൽകുകയാണ്. സ്വകാര്യ സർവ്വകലാശാല, വിദേശ സർവ്വകലാശാല, വിദേശ കോഴ്സുകൾ, സ്വദേശ കോഴ്സുകൾ എന്നിവ വരുന്നു. ഇതെല്ലാം സൂചിപ്പിക്കുന്നതെങ്ങോട്ടാണ്? ഇതിനെല്ലാം അനുസൃതമായ നിലയിലേയ്ക്ക് നമ്മുടെ രാജ്യത്തിന്റെ ഭരണ സംവിധാനം നിയമങ്ങളുണ്ടാക്കുന്നതിന്റെ ആഘാതം നമ്മുടെ സാധാരണക്കാരന് വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന അവസ്ഥയിലേയ്ക്കാണ് പോകുന്നത്. ഇത് നമ്മൾ കാണാതെ പോകരുത്.

ശ്രീ. ആർ. രാജേഷ്: സർ, RUSA-യും വിദ്യാഭ്യാസ കച്ചവടത്തിന് വഴിമരുന്നിടുന്ന ഒരു പദ്ധതിയാണ് എന്നൊരാക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് കേരളത്തിലേയ്ക്ക് നൽകുന്ന പണത്തിൽ RUSA യുമായി ബന്ധപ്പെട്ട് ചെലവഴിക്കുന്ന തുകയുടെ 35 ശതമാനം വരുന്ന തുക കണ്ടെത്താനാവശ്യമായ അധികാരം ആ സ്വാശ്രയ സ്ഥാപനത്തിനുണ്ട്. 35 ശതമാനം തുക കണ്ടെത്താനാവശ്യമായ എന്തു നടപടിയും സ്വാശ്രയ കോളേജുകൾ സ്വീകരിക്കുമ്പോൾ ആ പണം കണ്ടെത്തുന്നതിനുവേണ്ടി ഫീസിന്റെ കാര്യത്തിലും അവിടത്തെ മറ്റ് കാര്യങ്ങളിലുമൊക്കെ വലിയ അഴിമതി ഇതിന്റെ ഭാഗമായി നടക്കുമെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. എം. ആരിഫ്: സർ, ഉണ്ട്. ഇതേക്കുറിച്ചുള്ള നമ്മുടെ ആശങ്കകൾ പലതരത്തിലുണ്ട്. ആ ആശങ്കകൾക്കകത്ത് ന്യായവും നീതിയുമുണ്ടോ, അത് പറയുന്നതിനകത്ത് വല്ല കാര്യവുമുണ്ടോ എന്നൊക്കെ

ബന്ധപ്പെട്ട വിഭാഗങ്ങളുമായി ഒരു ചർച്ചയ്ക്ക് ഗവൺമെന്റ് തയ്യാറാകേണ്ടേ? ഗവൺമെന്റ്, ഞങ്ങളുടെ ഈ നിലപാട് തെറ്റിദ്ധാരണയാണ്, വസ്തുതാ പരമല്ല, എന്നൊക്കെയുള്ള മറുപടി പറഞ്ഞ് അതവസാനിപ്പിക്കുകയാണ്. കാരണം, ഗവൺമെന്റ് ഞങ്ങളുടെ നിലപാടിൽ നിന്ന് ഞങ്ങൾ മാറില്ല എന്നുള്ള നിലപാടല്ലേ സ്വീകരിക്കുന്നത്, അത് ധാർഷ്ട്യമാണ്. അത് ജനാധിപത്യക്രമമല്ല. അതേക്കുറിച്ച് ഞാൻ ദീർഘമായി പോകുന്നില്ല. മലയാള മനോരമ എന്ന പത്രംതന്നെ ഇതുസംബന്ധിച്ച് പറഞ്ഞ ഒരുകാര്യം ഞാൻ പറയാം. എം.ജി. യൂണിവേഴ്സിറ്റിയിലെ തർക്കവുമായി ബന്ധപ്പെട്ട് 10–10–2013–ൽ മലയാള മനോരമയിൽ വന്ന വാർത്തയിൽ പറയുന്നതാണ്, 'കേരളാ കോൺഗ്രസ്സ് നോമിനിയായ വി.സി.–യുടെ നിയമനം റദ്ദാക്കിയാൽ അദ്ദേഹത്തോടൊപ്പം വി.സി. സ്ഥാനത്തേയ്ക്ക് സെലക്ട് കമ്മിറ്റി ശുപാർശ ചെയ്ത മറ്റു രണ്ടുപേരിൽ ഒരാളെ വി.സി.–യായി നിയമിക്കേണ്ടിവരും. ഇവർ രണ്ടുപേരും കോൺഗ്രസ്സ് നോമിനികളാണ്. ഈ സാഹചര്യത്തിൽ കേരള സർവ്വകലാശാലയിലെ ഒഴിഞ്ഞുകിടക്കുന്ന വി.സി. സ്ഥാനം കേരളാ കോൺഗ്രസ്സ് അവകാശപ്പെട്ടേക്കും' വീതം വയ്പ്പാണ്. ഞങ്ങളിതുവരെ സർവ്വകലാശാല നിയമനങ്ങൾ വീതം വച്ചിട്ടില്ല. സർവ്വകലാശാലകൾ രാഷ്ട്രീയ പാർട്ടികൾക്കായി വീതം വയ്ക്കുകയല്ല ചെയ്തത്, അവർക്ക് ചില പ്പോൾ നിർദ്ദേശങ്ങൾ പറയാനുണ്ടാകും. ആ നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് അതിലേറ്റവും യോഗ്യരായ ആളുകളെ നിയമിക്കാനാണ് പരമാവധി ഞങ്ങൾ ശ്രമിച്ചിട്ടുള്ളത്. അതുസംബന്ധിച്ച് അക്കാലത്തും വലിയതോതിലുള്ള ആക്ഷേപം ഉയർന്നുവരികയുണ്ടായിട്ടില്ല. ഇപ്പോൾ ചിലപ്പോൾ നിങ്ങൾ കണ്ടെത്തി എന്തെങ്കിലും പറയുമായിരിക്കും. ശ്രീ. പി. സി. വിഷ്ണുനാഥ്,

ഏതോ പേഴ്സണൽ സ്റ്റാഫിനെ നിയമിച്ചുവെന്ന് പറഞ്ഞത് എനിക്കിതുവരെ ആരാണെന്ന് ആലോചിച്ചിട്ട് മനസ്സിലായിട്ടില്ല. 13 കോളേജുകൾ കുറ്റമറ്റതായി അവതരിപ്പിച്ചുവെന്ന് പറയുമ്പോൾത്തന്നെ 07–01–2013–ലെ മാതൃഭൂമി പത്രത്തിൽ വന്ന വാർത്തയിൽ പറഞ്ഞിരിക്കുന്നത്, 13 കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകിയത് നിയമവിരുദ്ധം, വെള്ളാപ്പള്ളി. നിങ്ങൾ പറയുന്നു, കുറ്റമറ്റതാണ്, ഒരു കുഴപ്പവുമില്ല, എല്ലാ സുതാര്യമാണെന്ന് പറയുമ്പോൾ '13 കോളേജുകൾക്ക് സ്വയം ഭരണാവകാശം നൽകിയത് നിയമവിരുദ്ധമെന്ന് ശ്രീ. വെള്ളാപ്പള്ളി നടേശൻ', മാതൃഭൂമിയിൽ പറഞ്ഞിരിക്കുന്നു. ഇതൊന്നും കാണാതെ പോകരുത്. നിങ്ങൾ എല്ലാം ഭംഗിയായി നടക്കുന്നുവെന്നുള്ള തെറ്റിദ്ധാരണയുടെ പുകമറയിലാണ് നിൽക്കുന്നത്.

<u>മി. സ്പീക്കർ</u>: ശ്രീ. എ. എം. ആരിഫ്, ഇങ്ങോട്ടു നോക്കി സംസാരിക്കൂ. അവിടെ ഓരോരുത്തർ ഓരോന്ന് പറഞ്ഞുകൊണ്ടിരിക്കും. അതിനാണല്ലോ ശ്രീ. പി. സി. ജോർജ് ഓരോ കുസൃതി ചോദ്യങ്ങൾ ചോദിക്കുന്നത്.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, അദ്ദേഹമിതിനകത്ത് ഇടപെടുമ്പോൾ സ്വാഭാവികമായും പറയാതിരിക്കാൻ കഴിയുമോ? അദ്ദേഹമൊരു ചീഫ് വിപ്പും ഒരു ന്യൂസ് മേക്കറുമല്ലേ? അപ്പോൾ അദ്ദേഹത്തിനോട് നമ്മൾ പ്രതികരിക്കാതിരിക്കുന്നത് ശരിയല്ലല്ലോ. ഇതൊക്കെപറയുമ്പോൾത്തന്നെ കോൺഗ്രസ്സിനെ രക്ഷപ്പെടുത്താൻ നമ്മളാരും വിചാരിച്ചാൽ നന്നാവുകയില്ലെന്ന് ശ്രീ. പി. സി. വിഷ്ണുനാഥിന്റെ ചർച്ചയിൽനിന്നുതന്നെ ഞങ്ങൾ ചോദിച്ചപ്പോൾ അദ്ദേഹം പറയുകയുണ്ടായി. ഞങ്ങൾ സർവ്വെ

റിപ്പോർട്ടിലൂടെ ബോദ്ധ്യപ്പെട്ടു. ഞങ്ങൾ 4 സംസ്ഥാനങ്ങളിൽ നടന്ന തെരെഞ്ഞെടുപ്പിലുണ്ടായ പരാജയത്തെ സംബന്ധിച്ച് വിലയിരുത്തി, ബോദ്ധ്യപ്പെട്ടുവെന്നൊക്കെ പറയുകയുണ്ടായി. അവിടെ നിന്ന് തിരുത്താനാണോ അവർ ഉദ്ദേശിക്കുന്നത്; അങ്ങനെയാണെങ്കിൽ എന്തായിത്തീരണമെന്നതിനെക്കുറിച്ച് ശ്രീ. വി. റ്റി. ബൽറാം ഇവിടെ ചർച്ച യ്ക്കിടയിൽ ഇടപ്പെട്ടുകൊണ്ട് പറയുകയുണ്ടായി. അദ്ദേഹമെന്താണ് പറഞ്ഞത്, ആം ആദ്മി പാർട്ടിയെ സംബന്ധിച്ച് മെച്ചപ്പെട്ട കോൺഗ്രസ്സാണ്. അദ്ദേഹം ചർച്ചയിലിങ്ങനെയൊരു സംശയമുന്നയിച്ചപ്പോൾ പറഞ്ഞതെ ന്താണ്; കുറച്ചുകൂടി ജാഗ്രത പുലർത്തണം, കോൺഗ്രസ്സിനെ അനുകരിക്കാനുള്ള ചില കപട ശ്രമം നടക്കുന്നുണ്ട്, അതുകൊണ്ട് ജാഗ്രത പാലിക്കണമെന്ന നിലയിലാണ് പറഞ്ഞത്. അങ്ങനെയൊരു വാക്കുപോലും അദ്ദേഹം എഴുതി പോസ്റ്റുചെയ്ത ഫെയ്സ്ബുക്കിലെ പോസ്റ്റിംഗിൽ കാണുന്നില്ല. കോൺഗ്രസ്സുകാർ ചിന്തിക്കണം, കോൺഗ്രസ്സിനോടാണ് അദ്ദേഹം പറഞ്ഞത്. ആം ആദ്മി പാർട്ടി സ്വയം അവതരിപ്പിക്കുന്നത് ഒരർത്ഥത്തിൽ കുറച്ചുകൂടി മെച്ചപ്പെട്ട കോൺഗ്രസ്സ് എന്ന തരത്തിലാണ്. അവരുടെ ത്രിവർണ്ണ പതാകയും നെഹ്രു തൊപ്പിയും ഗാന്ധിയൻ ലാളിത്യ ങ്ങളും ജനവികാരം മാനിച്ചുള്ള പ്രവർത്തന ശൈലിയുമൊക്കെ സ്വാഭാവികമായും ആകർഷിക്കുന്നത് കോൺഗ്രസ്സിനകത്തും രാഷ്ട്രീയത്തി നകത്തും നല്ലമാറ്റങ്ങളാഗ്രഹിക്കുന്ന പുതു തലമുറയെയാണ്. രാഷ്ട്രീയരംഗത്ത് ഇന്നു കാണപ്പെടുന്ന ആത്മാർത്ഥതയില്ലാത്ത സമരനാട്യങ്ങളും അതിനുശേഷം നേതൃത്വത്തിൽ സ്വാർത്ഥ താൽപ്പര്യാർത്ഥം നടത്തപ്പെടുന്ന അവിശുദ്ധ ഒത്തുതീർപ്പുകളും ജനകീയ പ്രശ്നങ്ങളിലുള്ള

നിസ്സംഗ മാനോഭാവങ്ങളും ജാതി ശക്തികളുടെ അനഭിലക്ഷണീയമായ ഇടപെടലുകളും പണാധിപത്യവും ഗ്രൂപ്പിസവും നേതാക്കളുടെ അധികാര പ്രബുദ്ധതയും നാടകീയ സ്വാഭാവുമൊക്കെ പുതിയ ഒരു തലമുറയെ സാമ്പ്രദായിക രാഷ്ട്രീയ പാർട്ടികളിൽനിന്ന് അകറ്റികൊണ്ടിരിക്കുകയാണ്. ഈ യാഥാർത്ഥ്യം മനസ്സിലാക്കാൻ ഇനിയും വൈകിയാൽ ഒരുപക്ഷേ കാലിനടിയിലെ മണ്ണ് ഒലിച്ചുപോകുന്നത് നിസ്സഹായകരായി കണ്ടു നിൽക്കേണ്ടി വന്നേക്കാം. കേരളത്തിലെ കോൺഗ്രസ്സിന് ഇന്നാവശ്യം വിശ്വാസ്യതയുള്ള ജനകീയ പ്രതിച്ഛായയുള്ള സുധീരമായ ഒരു നേതൃത്വമാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഫെയ്സ് ബുക്കിലൂടെയുള്ള ശ്രീ. വി. റ്റി. ബൽറാമിന്റെ രോദനം അങ്ങിവിടെ വായിച്ചുകണ്ടു. അടിച്ചമർത്തപ്പെട്ട വികാരങ്ങളെല്ലാം ഫെയ്സ് ബൂക്കിലൂടെ പ്രകടിപ്പിക്കുന്നതിന്റെ മറ്റൊരു ഉദാഹരണം നമ്മുടെ വിദ്യാഭ്യാസ മണ്ഡലത്തിലെ അഴിമതി സഹിക്കാത്തതു കൊണ്ട് ഡി.പി.ഐ. കഴിഞ്ഞ ഏതാനും ദിവസം മുമ്പ് ഒരു കമെന്റ് പാസ്സാക്കിയിട്ടുണ്ട്, അഴിമതികൾ വിവാദങ്ങൾ തുടർച്ചയായി ഉണ്ടാകുന്നു. ഒന്നും മിണ്ടാതിരുന്നാൽ പെൻഷനും ആനുകൂല്യങ്ങളും പറ്റി അടുത്തൂൺപ്പറ്റി പിരിയാം. സർവ്വീസിലിരുന്നാണെങ്കിൽ പ്രതികരിക്കാനും നിർവ്വാഹമില്ല എന്ന് കേരളത്തിന്റെ ഡി.പി.ഐ.-ക്കുതന്നെ ഫെയ്സ് ബുക്കിലൂടെ പ്രതികരി ക്കേണ്ടി വന്ന ഗതികേട് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. ജോർജ്: ഡി.പി.ഐ.ക്ക് സത്യം പറയാൻ പാടില്ലേ?

ശ്രീ. എ. എം. ആരിഫ്: അതുതന്നെയാണ് ഞാനും പറഞ്ഞത്, ഡി.പി. ഐ. പറഞ്ഞത് സത്യമാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: നമ്മുടെ ചീഫ് വിപ്പിന് സത്യങ്ങളൊക്കെ ആപേക്ഷികവും കാലികവുമാണ്. ശ്രീ. പി. സി. ജോർജ് നേരത്തെ കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസിലറെക്കുറിച്ച് പറഞ്ഞ കാര്യത്തെക്കുറിച്ച് ശ്രീ. എ. എം. ആരിഫ് തന്റെ പ്രസംഗത്തിനിടയിൽ ചോദിച്ചതിന് അങ്ങനെ പറഞ്ഞിട്ടില്ലായെന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. അദ്ദേഹം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ വൈസ്ചാൻസിലർക്കെതിരെ പരസ്യ മായി പത്രസമ്മേളനം നടത്തിയാണ് ഭീഷണി മുഴക്കിയത്. പക്ഷേ, അദ്ദേഹം ഒരു മയക്കുവെടി ഏറ്റതുപോലെ കുറച്ചുകാലമായി നിശബ്ദനാണ്. അദ്ദേഹ ത്തിന് ഏറ്റ മയക്കുവെടി എവിടെനിന്നാണെന്നുള്ള വല്ല വിവരവുമുണ്ടോ?

ശ്രീ. എ.എം. ആരിഫ്: സർ, അദ്ദേഹം കുറച്ചുദിവസങ്ങളായി ശബ്ദിക്കു ന്നില്ല എന്നത് നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു സത്യമാണല്ലോ. കുറച്ചുദിവസം കഴിയുമ്പോൾ അദ്ദേഹം ശബ്ദിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ശ്രീ. വി. റ്റി. ബൽറാമിന്റെ ഫേസ് ബുക്ക് പോസ്റ്റിൽ എവിടെയാണ് അദ്ദേഹം ഇവിടെ വിശദീകരിച്ച കാര്യങ്ങൾ പറഞ്ഞിരിക്കുന്നത്? ഇത് കോൺഗ്രസ്സിന് നൽകുന്ന ഏറ്റവും വലിയ സന്ദേശമാണ്. ഞാൻ അദ്ദേഹത്തെ കുറ്റപ്പെടുത്തു ന്നില്ല. ഈ തിരിച്ചടികളിൽനിന്നെല്ലാം കോൺഗ്രസ് പാഠം പഠിക്കണമെന്ന് അദ്ദേഹമടക്കം പറയാൻ നിർബന്ധിതമാകുന്നു. ഡി.പി.ഐ. പറയുന്നു. അങ്ങനെ ഓരോരുത്തരായി പറയുന്നു. സുധീരമായ നേതൃത്വം വേണമെന്ന് അദ്ദേഹം പച്ചയായി പറഞ്ഞിരിക്കുന്നു. ആരെയാണ് ഉദ്ദേശിച്ചതെന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാം. എന്തായാലും ഇങ്ങനെയുള്ള അവസ്ഥ കൾ അഭിമുഖീകരിക്കുന്ന നിലയിലാണ് നിങ്ങൾ. അതിനെ അതിജീവിക്കാൻ നിങ്ങൾക്ക് കഴിയണമെങ്കിൽ നിങ്ങൾ പാഠം പഠിക്കണമെന്ന് മാത്രമാണ്

എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. ഈ ഭേദഗതി മൂവ് ചെയ്തു കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഈ ബില്ലുമായി ബന്ധപ്പെട്ട് സംസാരിച്ച എല്ലാവരും ഈ ബില്ലിലെ ഭേദഗതിയിൽ കൊണ്ടുവന്നിട്ടുള്ള കാര്യങ്ങൾ അനുകൂലിച്ചു എന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇവിടെ സൂചിപ്പിച്ച ഒരു കാര്യം എന്തുകൊണ്ട് എല്ലാ സർവ്വ കലാശാലകളുമായി ബന്ധപ്പെട്ട് ഭേദഗതി വന്നില്ലായെന്നുള്ളതാണ്. ഈ ബില്ലിൽ വന്നിട്ടുള്ളത് രണ്ട് സർവ്വകലാശാലകളാണ്. ബാക്കിയുള്ള കേരള സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, നിയമ സർവ്വകലാശാല, സംസ്കൃത സർവ്വകലാശാല എന്നിവയുടെ ബില്ലുകൾ ഈ സമ്മേളന ത്തിൽത്തന്നെ കൊണ്ടുവരും. അത് ഇംഗ്ലീഷിലായതുകൊണ്ട് വേറൊരു ദിവ സത്തേയ്ക്ക് വച്ചു എന്നേയുള്ളൂ. എല്ലാ സർവ്വകലാശാലകളിലും ഒരേ രീതി യിലുള്ള നിയമനവും സംവരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വേണമെന്നു ള്ളതുകൊണ്ടാണ് ഈ രീതിയിലുള്ള ഒരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. അധികം ആളുകളും സംസാരിച്ചത് ഈ ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങളല്ല, മറിച്ച് വിദ്യാഭ്യാസ വകുപ്പിലും വിദ്യാഭ്യാസ മേഖലയിലും നടന്നുകൊണ്ടി രിക്കുന്ന കാര്യങ്ങളെക്കുറിച്ചാണ്. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കെല്ലാം ശ്രദ്ധക്ഷണിക്കലും സബ്മിഷനുമൊക്കെയായി ഞാൻതന്നെ പലതവണ ഇവിടെ മറുപടി പറഞ്ഞിട്ടുള്ളതാണ്. ശ്രീ. റ്റി. വി. രാജേഷ് ഇവിടെ പറഞ്ഞ ഒരു കാര്യം യൂണിവേഴ്സിറ്റികളുടെ സ്റ്റാന്റിംഗ് കൗൺസിലിനെ സംബന്ധി ച്ചാണ്. സ്റ്റാന്റിംഗ് കൗൺസിലിനെ നിയമിക്കുന്നത് യൂണിവേഴ്സിറ്റി തന്നെ

യാണ്. ഗവൺമെന്റിന് അതിൽ ഇടപെടേണ്ട കാര്യമില്ല. അതുപോലെ ബി.എഡ്. സെന്ററുകൾ പൂട്ടിയതിനെക്കുറിച്ച് പറഞ്ഞു. നിബന്ധനകൾ പാലിക്കാതിരുന്നതുകൊണ്ട് അതിന്റെ അഫിലിയേഷൻ എൻ.സി.ടി.ഇ. പിൻവലിച്ചതുകൊണ്ടാണ് പൂട്ടേണ്ടിവന്നത്. അത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. സർവ്വകലാശാല വൈസ്ചാൻസിലർമാരെ നിയമിക്കുന്നതിനെക്കുറിച്ച് സ്റ്റാറ്റ്യൂട്ടിൽ വ്യക്തമായി ഒന്നും പറയുന്നില്ല. 2010-ൽ യു.ജി.സി. ചില നിബന്ധനകൾ കൊണ്ടുവന്നു. ആ നിബന്ധനകൾ യു.ജി.സി. തന്നെ പിന്നീട് പിൻവലിക്കുകയാണുണ്ടായത്. കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ പ്രോ-വൈസ്ചാൻസിലറുടെയും മറ്റ് ആളുകളുടെയുമൊക്കെ യാത്രകളെക്കുറിച്ച് പരാതി കിട്ടിയില്ലായെന്ന് ഞാൻ പറഞ്ഞത് നിങ്ങൾ വലിയ കാര്യമായെടുത്തു, പരാതി കിട്ടിയാലല്ലേ കിട്ടിയെന്നു പറയാൻ കഴിയൂ. പരാതി കിട്ടാത്ത സമയത്ത് കിട്ടിയില്ല എന്നുപറഞ്ഞു. പരാതി ഇതിനകം ലഭിച്ചു, അതനുസരിച്ച് ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിയോട് അന്വേഷിക്കാൻ ഉത്തരവു കൊടുക്കുകയും ചെയ്തു. സർവ്വകലാശാലകളും അതിനോടനുബന്ധിച്ച ബോഡികളൊന്നും ഈ രണ്ടരക്കൊല്ലത്തിനിടയ്ക്കുണ്ടായതല്ല. ഇതെല്ലാം ഇവിടെ നേരത്തേ ഉള്ളതാണ്. ആ ഒരു സിസ്റ്റം തുടർന്നുപോകുന്നുവെന്നുമാത്രമേയുള്ളൂ. സർവ്വകലാശാലകളും സിൻഡിക്കേറ്റുകളും സെനറ്റുകളുമൊക്കെ ഓരോ യൂണിവേഴ്സിറ്റികളുടേയും ആക്ടും സ്റ്റാറ്റ്യൂട്ടുമനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് നടന്നുവരികയാണ്. അതിന് യാതൊരു മാറ്റവും ഈ ഗവൺമെന്റ് വന്നതിനുശേഷം വന്നിട്ടില്ല. അതുകൊണ്ട് ആ കാര്യത്തിൽ ഇപ്പോൾ വന്നിട്ടുള്ള ആക്ഷേപങ്ങൾക്ക് മറുപടി പറയേണ്ട കാര്യമുണ്ടെന്നു തോന്നുന്നില്ല. അക്കാഡമിക് ഓട്ടോണമിയെ സംബന്ധിച്ച് ഇവിടെ

ചർച്ചകൾ വേണമെന്നാണ് പറഞ്ഞത്. ഇതുപോലുള്ള കാര്യങ്ങളിൽ മുൻകാലങ്ങളിലും വിദ്യാർത്ഥികളുമായി ചർച്ച നടന്നിട്ടില്ലായെന്നാണ് മനസ്സിലാക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഇത് പുതിയ കാര്യമാണെങ്കിലും അക്കാഡമിക് ഓട്ടോണമി കോളേജുകൾ നമ്മുടെ രാജ്യത്ത് ഉണ്ട്. നമ്മുടെ സംസ്ഥാനത്തും അത് കൊണ്ടുവരാൻ വേണ്ടി വിദ്യാഭ്യാസ വിചക്ഷണനായ ശ്രീ. എൻ. ആർ. മാധവമേനോനെ കമ്മീഷനായി നിയമിക്കുകയും അദ്ദേഹത്തിന്റെ റിപ്പോർട്ട് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ പരിശോധിക്കുകയും ചെയ്തതിന്റെയടിസ്ഥാനത്തിൽ ഏറ്റവും സ്ട്രിക്റ്റായി, ഒരു കോളേജിന്റെ ഏതൊക്കെ ഘടകങ്ങൾ നമുക്ക് മാനദണ്ഡമായി എടുക്കാൻ കഴിയുമോ അതുമുഴുവൻ എടുത്തുകൊണ്ടാണ് 400 കോളേജുകളിൽ നിന്ന് 2 ഗവൺമെന്റ് കോളേജുകളേയും 11 എയ്ഡഡ് കോളേജുകളേയും തെരഞ്ഞെടുത്തു. അതുതന്നെയാണ് രാവിലെ സംസാരിച്ചപ്പോഴും ഞാൻ പറഞ്ഞത്. അവർക്ക് കൊടുത്തിരിക്കുന്ന അക്കാഡമിക് ഓട്ടോണമിയിൽ യു.ജി.സി.യുടെയും സർവ്വകലാശാലകളുടെയുമെല്ലാം നിയന്ത്രണങ്ങളുണ്ട്. അതിനൊന്നും അതീതമായി ഓട്ടോണമി കൊടുക്കുന്നില്ല. മാത്രവുമല്ല ഇന്നിപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സെൽഫ് ഫിനാൻസിംഗ് കോളേജുകളേക്കാൾ ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളെന്ന രീതിയിൽ അതിനനുസരിച്ച് പ്രവർത്തിക്കാൻ അവർ ബാധ്യസ്ഥരാണ്. അതിൽ നിന്ന് വിട്ടുപോകാൻ അവർക്ക് കഴിയില്ല. അങ്ങനെയുണ്ടെങ്കിൽ അത് പിൻവലിക്കാനും അതിനെതിരായി നടപടിയെടുക്കാനുമൊക്കെ യൂണിവേഴ്സിറ്റികൾക്ക് അധികാരം കൊടുക്കുന്ന വകുപ്പുകൾകൂടി അതിലുണ്ട്.

ശ്രീ. റ്റി. വി. രാജേഷ്: പുതിയ പരിഷ്ക്കാരങ്ങൾ ചർച്ച ചെയ്യുന്നതിൽ എന്താണ് തെറ്റ്?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ആ കാര്യത്തിൽ ഇവിടെയൊരു ചർച്ചയുടെ ആവശ്യം വരുന്നില്ല. അത് ഞാൻ രാവിലെ പറഞ്ഞുകഴിഞ്ഞ കാര്യമാണ്, വീണ്ടും ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ പറഞ്ഞ മറ്റൊരു കാര്യം, സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം കൊടുത്തതിനെക്കുറിച്ചാണ്. നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാകുകയാണ്. 2009-ൽ കേന്ദ്രം പാസ്സാക്കി, 2010-ൽ ഇടതുപക്ഷ ഗവൺമെന്റ് ഇവിടെ പാസ്സാക്കി. അതിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്ത് അംഗീകാരമില്ലാത്ത ഒരു വിദ്യാഭ്യാസ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ലായെന്നാണ്. അതുകൊണ്ടുതന്നെ സി.ബി.എസ്.ഇ. ആണെങ്കിലും കേരള സിലബസിലുള്ള സ്കൂളുകളാണെങ്കിലും ഗവൺമെന്റിന്റെ അംഗീകാരം ആവശ്യമാണ്. വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് സ്കൂളുകൾക്ക് അംഗീകാരം കൊടുക്കാൻ തീരുമാനിച്ചത്. അതിന്റെ ഭാഗമായി സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം കൊടുത്തിട്ടുണ്ട്. കേരള സിലബസിലുള്ള അംഗീകാരമില്ലാത്ത സ്കൂളുകൾക്കും അംഗീകാരം കൊടുക്കാൻ അപേക്ഷ ക്ഷണിച്ച് അതിന്റെ പ്രോസസിംഗ് നടന്നുകൊണ്ടിരിക്കുകയാണ്. അടുത്ത വർഷമാകുമ്പോൾ അംഗീകാരമില്ലാത്ത സ്കൂളുകൾ ഉണ്ടാകാൻ പാടില്ല എന്നതുകൊണ്ടാണ് അങ്ങനെയൊരു നിലപാടെടുക്കുന്നത്. പത്തും ഇരുപതും വർഷങ്ങളായി നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളൊക്കെ ഒരു സുപ്രഭാതത്തിൽ അടച്ചുപൂട്ടണമെന്ന് പറയാൻ കഴിയുമോ? അതുകൊണ്ട് അവയെല്ലാം അംഗീകാരമുള്ള സ്ഥാപനങ്ങളാക്കി

മാറ്റുവാനും അതോടൊപ്പം അവയുടെ പ്രവർത്തനത്തിൽ എല്ലാരീതി യിലുമുള്ള ഇടപെടൽ നടത്തുവാനും കഴിയുന്ന രീതിയിലുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. പുതിയ കോളേജുകളിലെ പോസ്റ്റ് ക്രിയേഷന്റെ കാര്യമി വിടെ പറഞ്ഞു. ഏതൊരു പുതിയ കാര്യം വരുമ്പോഴും അതിന്റെകൂടെ ത്തന്നെ പോസ്റ്റ് ക്രിയേഷൻ നടത്താൻ കഴിയില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് 174 പ്ലസ് ടൂ ബാച്ചുകൾ കൊടുത്തത്. ഈ ഗവൺമെന്റ് വന്ന തിനുശേഷമാണ് അതിനാവശ്യമായ പോസ്റ്റ് ക്രിയേറ്റ് ചെയ്തത്. പോസ്റ്റ് ക്രിയേഷന്റെ കാര്യത്തിൽ എല്ലാ കാലഘട്ടങ്ങളിലും ഒരു കോളേജ് തുടങ്ങു മ്പോൾത്തന്നെ അല്ലെങ്കിൽ പ്ലസ് ടൂ ബാച്ച് കൊടുക്കുമ്പോൾതന്നെ പോസ്റ്റ് ക്രിയേറ്റ് ചെയ്യുന്ന സമ്പ്രദായമില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ.എം. എ. ബേബി വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോൾ 174 പ്ലസ് ടൂ ബാച്ച് കൊടുത്തു. മൂന്നുവർഷം കഴിഞ്ഞ് ഞങ്ങളുടെ ഗവൺമെന്റ് വന്നതി നുശേഷമാണ് ആ പ്ലസ് ടൂ ബാച്ചുകളിൽ പോസ്റ്റ് ക്രിയേഷൻ നടത്തിയത്. കോളേജുകളുടെ പോസ്റ്റ് ക്രിയേഷന്റെ നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കു കയാണ്, പോസ്റ്റ് ക്രിയേറ്റ് ചെയ്യുമെന്നതിൽ യാതൊരു സംശയവും വേണ്ട. കോളേജുകൾ കൊടുത്താൽ പോസ്റ്റുകളും കൊടുത്തിരിക്കും. 22 നിയോജ കമണ്ഡലങ്ങളിൽ കോളേജുകളില്ലാത്തതുകൊണ്ട് അവിടെയൊക്കെ പുതിയ കോളേജുകൾ തുടങ്ങാൻ തീരുമാനിച്ചു. 11 കോളേജുകൾ തുടങ്ങി, മറ്റ് കോളേജുകൾ ഓരോ ഘട്ടത്തിലായി മുന്നോട്ടുപോകുകയാണ്.

ശ്രീ. സി. ദിവാകരൻ: സർ, ഇവിടെ ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. കെ. എം. ഷാജി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ code of conduct സംബ ന്ധിച്ച വിഷയം ഉന്നയിച്ചു. കോഴ വാങ്ങുന്ന നൊട്ടോറിയസായിട്ടുള്ള

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മുഴുവൻ താങ്കൾ അംഗീകാരം കൊടുത്തു എന്നാണിവിടെ പറഞ്ഞത്, അത് ശരിയാണോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: ശ്രീ. കെ. എം. ഷാജി പറഞ്ഞതും ശ്രീ. സി. ദിവാകരൻ ചോദിക്കുന്നതും വെവ്വേറെ കാര്യങ്ങളാണ്. ശ്രീ. കെ. എം. ഷാജി പറഞ്ഞത് ഇന്ന് നടന്നുകൊണ്ടിരിക്കുന്ന വ്യവസ്ഥിതിയിൽ കോഴകൾ വാങ്ങുന്ന സ്ഥാപനങ്ങൾ ഉണ്ടെന്നാണ്. അതും ഇതും തമ്മിൽ എന്താണ് ബന്ധമെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

ശ്രീ. സി. ദിവാകരൻ: അതിൽപ്പെടുന്ന സ്ഥാപനങ്ങൾക്കാണ് നിങ്ങൾ അംഗീകാരം കൊടുത്തത്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളൊന്നും ഈ ഗവൺമെന്റ് വന്നതിനുശേഷം അംഗീകാരം കൊടുത്തവയല്ല. മാറി മാറിവന്ന എല്ലാ ഗവൺമെന്റുകളും കാലാകാലങ്ങളിൽ അംഗീകാരം കൊടുത്ത സ്ഥാപനങ്ങളാണ്. .....(ബഹളം)..... പിന്നെയിവിടെ റൂസയെ **(Rashtriaya Uchchatar Shiksha Abhiyan)** സംബന്ധിച്ച് പറഞ്ഞു. സെൽഫ് ഫിനാൻസിംഗ് കോളേജുകൾക്ക് റൂസയുടെ സഹായം കിട്ടാൻ പോകുന്നുവെന്നാണ് നിങ്ങൾ മനസ്സിലാക്കി വച്ചിരിക്കുന്നത്. സെൽഫ് ഫിനാൻസിംഗ് കോളേജുകൾക്കല്ല റൂസയുടെ സഹായം കിട്ടാൻപോകുന്നത്. എസ്.എസ്.എ. ഫണ്ടുപോലെ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള പുതിയ പദ്ധതിയാണ് റൂസ. അതിൽ 65 ശതമാനം കേന്ദ്രവും 35 ശതമാനം സംസ്ഥാനവും വഹിക്കുന്നു. നമ്മൾ സമർപ്പിക്കുന്ന നല്ല പ്രൊപ്പോസലുകൾക്ക് റൂസയിൽ നിന്നും പണം ലഭിക്കും. അല്ലാതെ സെൽഫ് ഫിനാൻസിംഗ് കോളേജുകൾ നടത്താനല്ല പണം കൊടു

ക്കുന്നത്. ഏതായാലും ഈ കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ വന്നിട്ടുള്ള അപാകതയുടെ ഭാഗമായിട്ടാണ് ഇത്തരം പരാമർശങ്ങൾ ഉണ്ടായിട്ടുള്ളതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

വൈസ്ചാൻസിലർമാരുടെ നിയമന കാര്യത്തിലും ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു മാറ്റവും വരുത്തിയിട്ടില്ല. ഇതുവരെയുണ്ടായിരുന്ന നിയമങ്ങളാണ് അക്കാര്യത്തിൽ പാലിക്കുന്നത്. സെർച്ച് കമ്മിറ്റി രൂപീകരിക്കുന്നു, ക്വാളിഫിക്കേഷനുള്ള ആളുകളുടെ ലിസ്റ്റ് ഗവർണർക്ക് സമർപ്പിക്കുന്നു, ഗവർണർ അതിൽ നിന്നും ആളിനെ തെരഞ്ഞെടുക്കുന്നു. പഴയകാലത്ത് നടന്നിരുന്നതുപോലെതന്നെ അത് ഇപ്പോഴും നടക്കുന്നുണ്ട്, അതിൽ യാതൊരു മാറ്റവും വന്നിട്ടില്ല. ക്വാളിഫൈഡായിട്ടുള്ള ആളുകളെ തെരഞ്ഞെടുക്കുന്നത് സെർച്ച് കമ്മിറ്റിയാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ......(മൈക്ക് ഓഫ്)...... ഒരു കാര്യവും ചോദിക്കാൻ വഴങ്ങില്ലെങ്കിൽ എന്തുചെയ്യും? ......(ബഹളം)......

മി. സ്പീക്കർ: പ്ലീസ്...... പ്ലീസ്....... ബില്ലിന്റെ ചർച്ചയിൽ സമയപരിധിയില്ലാത്തതിനാൽ സംസാരിച്ച ആളുകൾ ആവശ്യത്തിലധികം സമയമെടുത്ത് സംസാരിച്ചുകഴിഞ്ഞു. ഇടയ്ക്കിടയ്ക്ക് വീണ്ടും സംസാരിക്കാൻ സാധിക്കില്ല. മന്ത്രി മറുപടി പറയട്ടെ. ഇനി സബ്ജക്ട് കമ്മിറ്റിക്ക് വിട്ടതിനുശേഷം ക്ലോസ് ബൈ ക്ലോസ് ചർച്ചയുണ്ട്, അപ്പോൾ സംസാരിക്കാം.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, വഴങ്ങുകയില്ലെന്ന് ഞാൻ പറഞ്ഞില്ല. ശ്രീ. സി. ദിവാകരന് ഞാൻ വഴങ്ങിയല്ലോ. മൂന്നുനാലുപേർ ഒന്നിച്ചുചോദിച്ചാൽ ഞാൻ ആർക്കാണ് വഴങ്ങുന്നത്? ആരെങ്കിലും ഒരാൾ ചോദിച്ചാൽ വഴങ്ങാം.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, നേരത്തേ ഇവിടെ ശ്രീ. കെ. എം. ഷാജി, എയ്ഡഡ് കോളേജുകൾക്ക് സ്വയംഭരണ പദവി കൊടുക്കുമ്പോൾ കോഴ വാങ്ങുന്ന കോളേജുകളെ മാറ്റിനിർത്താൻ കഴിയുമോയെന്നൊരു ചോദ്യം ചോദിച്ചിരുന്നു. സ്വയംഭരണ പദവി കൊടുക്കുന്ന എയ്ഡഡ് കോളേജുകൾക്ക് ഇത്തരം മാനദണ്ഡം ബാധകമാണോ; ഇക്കാര്യത്തിൽ എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, കോളേജുകൾ സെലക്ട് ചെയ്തത് വ്യക്തമായ മാനദണ്ഡങ്ങൾ വച്ചിട്ടാണ്. ആ കോളേജുകളിൽ കോഴ വാങ്ങുന്നുണ്ടോ എന്നുള്ള കാര്യം എനിക്കറിഞ്ഞുകൂടാ. അങ്ങനെയുണ്ടെങ്കിൽ വ്യക്തമായ രീതിയിൽ പരാതി നൽകിയാൽ അതിനെതിരെ നടപടി സ്വീകരിക്കാം. രണ്ട് ഗവൺമെന്റ് കോളേജുകളും 11 എയ്ഡഡ് കോളേജുകളുമാണ് ഗവൺമെന്റ് അതാത് സർവ്വകലാശാലകൾക്ക് തെരഞ്ഞെടുത്ത് കൊടുത്തിട്ടുള്ളത്. അവർ അത് യു.ജി.സി.-ക്ക് റെക്കമെന്റ് ചെയ്യും. യു.ജി.സി.-യാണ് ആ കോളേജുകൾക്ക് സ്വയംഭരണാവകാശം കൊടുക്കേണ്ടത്. അതിൽ ഏത് കോളേജിലാണ് ശ്രീ. കെ. എം. ഷാജി പറഞ്ഞതുപോലെയുള്ള സംഭവങ്ങൾ നടക്കുന്നതെന്ന് സൂചിപ്പിച്ചാൽ തീർച്ചയായും അതിനെതിരായി നടപടിയെടുക്കാം. സ്കൂൾ യൂണിഫോമിന്റെ കാര്യമാണ് അവസാനമായി ഉന്നയിച്ചത്. കഴിഞ്ഞ വർഷം എയ്ഡഡ് സ്കൂളിലെ കുട്ടികൾക്കാണ് യൂണിഫോം കൊടുത്തത്. എസ്.എസ്.എ. മുഖാന്തിരമാണ് പദ്ധതി നടപ്പിലാക്കിയത്. യൂണിഫോം വിതരണത്തിൽ ഒരുപാട് ക്രമക്കേടുകൾ നടന്നു. പല സ്ഥലത്തും യൂണിഫോം കിട്ടിയില്ല, യൂണിഫോം താമസിച്ചാണ് കിട്ടിയത്, പണം കൊടുത്തു യൂണിഫോം കൊടുത്തില്ല തുടങ്ങിയ പരാതികൾ വന്നതിനെത്തുടർന്ന് നമ്മുടെ അയൽ സംസ്ഥാനങ്ങളായ കർണ്ണാടകയിലും

ആസ്ഥ്രേയിലുമെല്ലാം ചെയ്തുകൊണ്ടിരുന്നതുപോലെ ഇപ്രാവശ്യം യൂണിഫോം വിതരണം ചെയ്യുന്നതിന് നല്ല കമ്പനികളെ എംപാനൽ ചെയ്തുകൊണ്ട് തീരുമാനമെടുത്തു. അതോടൊപ്പംതന്നെ എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കും യൂണിഫോം കൊടുക്കാൻ തീരുമാനിച്ചു. നാഷണൽ ടെക്സ്റ്റയിൽസ് കോർപ്പറേഷൻ അടക്കമുള്ള ഒൻപത് കമ്പനികളെ എംപാനൽ ചെയ്തിട്ടുണ്ട്. മഫത്‌ലാലിനെന്നല്ല ഒരു കമ്പനിക്കും കുത്തകയായി കൊടുത്തിട്ടില്ല. വളരെ സുതാര്യമായി ഇ-ടെണ്ടറിലൂടെ ടെണ്ടർ ക്ഷണിച്ച് എംപാനൽ ചെയ്താണ് ഈ കാര്യങ്ങൾ ചെയ്തത്. അതിനനുസരിച്ച് അവർക്ക് ഡേറ്റ് കൊടുത്തു. ഓരോ സ്കൂളിലും ആവശ്യമുള്ള തുണിയുടെ അളവ് എ.ഇ.ഒ.-മാർക്ക് സമർപ്പിക്കാൻ ഹെഡ്മാസ്റ്റർമാരോട് പറഞ്ഞു. ഈ ഒൻപത് കമ്പനികൾക്കും ജില്ലകൾ വിഭജിച്ചുകൊടുത്തു. എ.ഇ.ഒ.-മാരിൽ നിന്നും ഓർഡർ എടുത്ത് സപ്ലൈ ചെയ്യാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. അതിനുള്ള നടപടി ക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, ജനുവരി മാസം അവസാനിക്കാറായി. ഇനി രണ്ടുമാസംകൂടിയേ അധ്യയനമുള്ളൂ. അങ്ങ് പറയുന്നതുപോലെ നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെങ്കിൽ ഈ അധ്യയനവർഷം അവസാനിക്കുന്നതിന് മുമ്പെങ്കിലും യൂണിഫോം കൊടുക്കാൻ കഴിയുമാ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, കഴിഞ്ഞ 17-ാം തീയതിയോടുകൂടി ഓരോ ജില്ലയുടെയും ചുമതല കൊടുത്തിട്ടുള്ള കമ്പനികൾക്ക് സ്കൂളുകളുടെ റിക്വയർമെന്റ് സമർപ്പിക്കണമെന്ന് എല്ലാ എ.ഇ.ഒ.-മാരോടും പറഞ്ഞിരുന്നു. സ്കൂൾ അടയ്ക്കുന്നതിന് മുമ്പുതന്നെ യൂണിഫോമുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇവിടെ സൂചിപ്പിച്ച എല്ലാ കാര്യ

ങ്ങൾക്കും ഞാൻ മറുപടി പറഞ്ഞു. ഈ ഭേദഗതി ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ആർ. രാജേഷ്, 2013-ലെ 50-ാം നമ്പർ ഓർഡിനൻസായ 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച നിരാകരണ പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. എം. ആരിഫ്, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. എം. ആരിഫ്: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. എം. ആരിഫ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജനുവരി മാസം 23–ാം തീയതി വ്യാഴാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.18–ന് പിരിഞ്ഞു.)

* * * * * * * * * * * *